നളചരിതം ആട്ടക്കഥ

(ഒന്നാം ദിവസം)

ഉണ്ണായിവാര്യർ.

വ്യാഖ്യാതാ

വട്ടപ്പറമ്പിൽ ഗോപിനാഥപിള്ള

പ്രസാധകർ:-

എസ്സ്. എച്ച്. ബുക്ക്ഡിപ്പോ

ചങ്ങനാശേരി.

നളചരിതം ആട്ടക്കഥ

(ഒന്നാം ദിവസം)

ഉണ്ണായിവാര്യർ.

വ്യാഖ്യാതാ

വട്ടപ്പറമ്പിൽ ഗോപിനാഥപിള്ള

പ്രസാധകർ:-

എസ്സ്. എച്ച്. ബുക്ക് ഡിപ്പോ

ചങ്ങനാശേരി.

(MALAYALAM)

NALA CHARITHAM ATTAKKATHA

(FIRST DAY)

Edited by
Vattapparampil
GOPINATHA PILLAI, M. A., B. Ed.
Bishop Moor College, Mavelikkara

First Published 1974 July

Copies: 1000

Printed at S. V. PRESS
Changanacherry.

Price Rs. 3 · 50

Publishers
S. H. BOOK DEPOT
CHANGANACHERRY.

ആമുഖം.

പൗരസ്ത്യർ കലാസാമാന്യത്തെ ദൃശ്യം, ശ്രാവ്യം, എന്ന രണ്ടായി തിരിച്ചിട്ടുണ്ട്. കണ്ണുകൊണ്ടു കണ്ടാനന്ദം നല്കുന്നവ ദൃശ്യകലകളും ശ്രോത്രേന്ദ്രിയത്തിലൂടെ രസിക്കേണ്ടവ ശ്രാവ്യകലകളുമാകുന്നു.

ദൃശ്യകലാപ്രധാനങ്ങളെ നാട്യം, നൃത്തം, നൃത്യം എന്നു മൂന്നായി വിഭജിച്ചിരിക്കുന്നു. വാക്യാർത്ഥാഭിനയവും തന്മൂലം രസാശ്രയവുമായിട്ടുള്ളതു് നാട്യം; നാടകാദി രൂപകങ്ങളും, ചാക്യാർകൂത്തു്, പാഠകം, മുതലായവയും നാട്യത്തിൽ പെടും. പദാർത്ഥാഭിനയപ്രധാനവും അതുകൊണ്ടു് ഭാവാശ്രയവുമാണു് നൃത്യം; നടന്മാർ അംഗങ്ങൾ ചലിപ്പിച്ചു വന്ന് പാട്ടിന്റെ അർത്ഥം വ്യക്തമാക്കുന്നതോടൊപ്പം പദപ്രകൃതി അനുസരിച്ചു കാട്ടുകയും സന്ദർഭോചിതം വികാരങ്ങൾ സന്ദർഭാനുസാരമായി ഭാവങ്ങളെ സ്ഫുരിപ്പിക്കുകയും പരിശ്രമിക്കുന്ന താളം ചവിട്ടുകയും എല്ലാം കലാശത്തിൽ ചെയ്യുന്നതാണു് നൃത്യത്തിന്റെ വ്യവസ്ഥ. കഥകളി നൃത്യവിഭാഗത്തിൽപെട്ട ഒരു കലയാണു്. കരചരണവിക്ഷേപങ്ങൾ വഴിയായി നിർവ്വഹിക്കുന്ന താളലയാശ്രയമായ നർത്തനമാണു് നൃത്തം; ശുദ്ധനൃത്തം, വ്യായാമനൃത്തം മുതലായ നൃത്തവിശേഷങ്ങളും ഇതിൽ പെടും.

ചില ആട്ടക്കഥാകർത്താക്കൾ കഥകളിയെ, 'നാടകം' നാട്യപ്രബന്ധം', എന്നിങ്ങനെയാണു് വ്യവഹരിക്കുന്നതു്. ''ദക്ഷയാഗനാട്യപ്രബന്ധം,'' 'ധ്രുവചരിതേ യുക്ത്യ നാടകം' 'പ്രലംബവധമെന്നൊരു പ്രബന്ധം,' 'കൃഷ്ണാർജ്ജുനവിജയം എന്ന പ്രബന്ധം' 'രാജസൂയമെന്നൊരു നാടകം' മുതലായവ നോക്കുക. നാട്യനൃത്യങ്ങളോടു് അഭിന്നത്വം കല്പിച്ചുകൊണ്ടുള്ള പ്രസ്താവങ്ങളാണിവയെന്നു കരുതിയാൽ മതി.

അഭിനയത്തിനു് ആംഗികം, വാചികം, സാത്വികം, ആ

ഹാര്യം എന്ന നാലു വിഭാഗങ്ങളുണ്ട്. അംഗപ്രത്യംഗങ്ങളുടെ സഹായത്തോടെ ചെയ്തു കാണിക്കുന്ന അഭിനയമാണ് ആംഗികം; വാക്കുകൾകൊണ്ട് ആശയപ്രകാശനം നിർവ്വഹിച്ചുകൊണ്ടു ചെയ്യുന്ന അഭിനയം 'വാചികം'; സ്വേദബാഷ്പരോമാഞ്ചാദികളോടും, സഞ്ചാരിഭാവങ്ങളോടും ആശയത്തെ സ്ഫുരിപ്പിച്ചുകൊണ്ടഭിനയിക്കുന്നതു് 'സാത്വികം'; വേഷഭൂഷാദികൾ നല്ലവണ്ണമണിഞ്ഞു് സ്വരൂപം മറച്ചുകൊണ്ടുള്ള അഭിനയം 'ആഹാര്യം'.

കഥകളിയുടെ ഉത്പത്തിയോടുകൂടി വാചികാഭിനയ പ്രധാനമായിരുന്ന ആംഗിക സാത്വികാഭിനയങ്ങൾക്കു് കിടപ്പും നീക്കവും വർദ്ധമാനമായപ്പോൾ കഥാഗ്രന്ഥം, വാചികം പിന്നണിയിലേക്കു മാറ്റപ്പെട്ടു. അങ്ങനെ ആംഗ്യരൂപേണ ആശയവിനിമയത്തിനും വിഭാവാദികളുടെ പരിഷ്കാരങ്ങൾക്കും വഴി തെളിച്ചു.

അതിപ്രാചീന കാലം മുതൽ തന്നെ കേരളത്തിൽ പല കലകളും അഭിനയരൂപത്തിൽ ആവിർഭവിച്ചിട്ടുണ്ട്. ശാസ്താംപാട്ട്, തമ്പുരാൻ പാട്ട്, ഗന്ധർവൻ പാട്ടുകൾ, പാവക്കൂത്ത്, കുറവർ കളി, തിരുവാതിരക്കളി, മാർഗ്ഗം കളി, കോലം തുള്ളൽ, ചെറുവർ നാടകം, തിറയാട്ടം, പടയണി, മുടിയേറ്റ്; കോലം തുള്ളൽ, മോഹിനിയാട്ടം, മുതലായവ ഒരു കാലത്തു് കേരളത്തിൽ പ്രചുരപ്രചാരത്തിലിരുന്ന ദൃശ്യകലകളാണ്.

കേരളത്തിൽ നിലവിലിരുന്ന പല പ്രാചീന ദൃശ്യകലകളും കഥകളിയുടെ ഉത്പത്തി വികാസങ്ങളെ സഹായിച്ചിട്ടുണ്ട്. ചാക്യാർകൂത്ത്, കൂടിയാട്ടം, അഷ്ടപദി എന്നീ കലകളോടു് കഥകളിക്കുള്ള ആധമർണ്യം വളരെയാണ്. അഭിനയം, നൃത്തം, ഗീതം, വേഷം മുതലായവയിലെല്ലാം കൂടിയാട്ടത്തിനോടാണധമർണ്യം..........കഥകളിയിലെ വേഷങ്ങളുടെ മട്ടും അഭിനയരീതിയും കൈമുദ്രകളും മറ്റു സകല ചടങ്ങുകളും കൂടിയാട്ടം എന്ന നാടകാഭിനയത്തിന്റെ ഒരു തെരുപ്പകർപ്പാണെന്നു പറയാം'', കഥകളിയോടു് അത്യന്തം സാദൃശ്യമുള്ള ഒരു നൃത്യകലയാണു് കർണ്ണാടകത്തിലുള്ള നടപ്പുള്ള യക്ഷഗാനം. യക്ഷഗാനം. പൂതനിയുള്ള്.

നാന്ത്യുണ്ണികളുടെ തുള്ളൽ നിലവിലുണ്ടായിരുന്നതായി ലക്ഷ്യങ്ങളുണ്ട്. വേഷവിധാനത്തിലും അഭിനയ സമ്പ്രദായത്തിലും ഇതും കഥകളിയും ഒന്നു തന്നെയാണെന്നു വേണം പറയുവാൻ(a)

''ഇന്നു നാം കഥകളിയിൽ കാണുന്ന കലാവിശേഷങ്ങളൊക്കെയും അക്കാലത്തു നാട്ടിൽ പ്രചാരമായിരുന്ന ഓരോ ശാഖകളിൽനിന്നു പോന്നു വന്നതാണ്. നൃത്തം, നാടൻ നൃത്തങ്ങളിൽനിന്ന്; വാദ്യവും അവിടെ നിന്നുതന്നെ; വേഷം നാടോടി നാടകങ്ങളായ മുടിയേറ്റ്, തിറയാട്ടം, കോലം തുള്ളൽ തുടങ്ങിയവയിൽനിന്നും; നൃത്യവും നാട്യവും കേരളത്തിലെ സംസ്കൃത നാടകാഭിനയമായ കൂടിയാട്ടത്തിൽനിന്നും. ഗീതം; അഷ്ടപദി സമ്പ്രദായത്തെ അനുകരിച്ച്; സാഹിത്യം അതുവരെയുണ്ടായിരുന്ന മണിപ്രവാള കാവ്യങ്ങളെയും പാട്ടുസമ്പ്രദായത്തെയും കൂട്ടിക്കലർത്തിക്കൊണ്ട്; ഇങ്ങനെ എല്ലാംകൊണ്ടും കഥകളി ഒരു മിശ്രജാതി കലയാണ്, എങ്കിലും ഒന്നൊന്നിനോട്, കലർപ്പറ്റാതെ നില്ക്കുന്നു'' (b)

രാമനാട്ടം

മണിപ്രവാളങ്ങളുടെയും പ്രസ്ഥാനങ്ങളുടെയും ഇത് പതിക്കൽ പിന്നീട് പ്രകൃതികൃത്യത്തിന്റെ ഒരു പരിണാമം സൃഷ്ടിച്ചു കഴിഞ്ഞു. കൂത്തുകളും ഒരു പ്രചരണ ലോകസമ്പാദനമാണ്. കേരളീയരിൽ ഈ പ്രചരണ കല കൂത്തിൽ കാണാം. കഥകളിയുടെ പിന്നിലും ഐതിഹ്യം സ്ഥാനം പിടിച്ചിട്ടുണ്ട്.

കോഴിക്കോട്ട് സാമൂതിരി കൊട്ടാരക്കര രാജാവിന്റെ ആവശ്യപ്രകാരം കൃഷ്ണനാട്ടം അയച്ചുകൊടുത്തില്ല. അതിനാൽ കൃഷ്ണനാട്ടത്തിനു പകരമായി കൊട്ടാരക്കര രാമനാട്ടം നിർമ്മിച്ചതാണെ

(a) കേരളത്തിലെ നടനകല

പി. കെ. കുട്ടികൃഷ്ണമേനോൻ (പേജ് 7)

(b) സാഹിത്യചരിത്രം പ്രസ്ഥാനങ്ങളിലൂടെ (ഒന്നാം പതിപ്പ്)

ഡോ. ജോർജ്. കെ. എം. (പേജ് 555)

ണത്രേ രാമനാട്ടം. രാമനാട്ടത്തിന്റെ വികസിതരൂപമാണ് കഥകളിയെന്നത്രേ പലരുടെയും അഭിപ്രായം.

കഥകളിയുടെ ഉത്പത്തിയെക്കുറിച്ച് ശ്രീ. വി. എം. കുട്ടിക്കൃഷ്ണമേനോൻ പുറപ്പെടുവിച്ചിട്ടുള്ള അഭിപ്രായം ഇങ്ങനെയാണ്:— 'രാമനാട്ടം' കൃഷ്ണനാട്ടത്തിന്റെ പിമ്പുണ്ടായതാണെന്നതിന് വിശ്വാസയോഗ്യമായ തെളിവ് ഇതേവരെയും ആരും ഹാജരാക്കിയിട്ടില്ല........അഷ്ടപദിയാട്ടത്തിൽ നിന്ന് കൃഷ്ണനാട്ടമുണ്ടായെന്നു പറയുന്നതുപോലെ തന്നെ അസംബന്ധമായ അഭ്യൂഹമാണ് കൃഷ്ണനാട്ടത്തിൽ നിന്നു കഥകളിയുണ്ടായി എന്നതു്. അതിനാൽ 'ആട്ട'മെന്നു പറഞ്ഞു വന്നിരുന്ന താണ്ഡവനൃത്യം കേരളത്തിൽ പ്രാചീനകാലം മുതല്ക്കു ഉണ്ടായിരുന്നുവെന്നും, അർവാചീന സാഹിത്യഗ്രന്ഥങ്ങളുടെ ആവിർഭാവത്തോടുകൂടി പണ്ടു കാലത്ത് അതിനായി ഉപയോഗിച്ചിരുന്ന നാട്യസാഹിത്യം നശിച്ചു നഷ്ടമായിപ്പോയെന്നും മാത്രമേ ഊഹിക്കുവാൻ വഴിയുള്ളൂ. മുമ്പുണ്ടായിരുന്ന ആട്ടത്തിൽ കൃഷ്ണകഥ കൂട്ടിച്ചേർത്തപ്പോൾ കൃഷ്ണനാട്ടവും, രാമകഥ ചേർത്തപ്പോൾ രാമനാട്ടവും; അഷ്ടപദിയേയപ്പോൾ അഷ്ടപദിയാട്ടവും ഉണ്ടായി എന്നു മാത്രം............ ഒരു പ്രത്യേക ഗ്രന്ഥ സമ്പ്രദായത്തെ സംബന്ധിപ്പിക്കാതെ പലരും പല കഥകളും കൂട്ടിച്ചേർത്തപ്പോൾ 'ആട്ടക്കഥ' അല്ലെങ്കിൽ 'കഥകളി' എന്ന സാമാന്യനാമവുമായി" (a)

കൊല്ലവർഷം 840-നും 845-നും ഇടയ്ക്കാകണം രാമായണം ആട്ടക്കഥ അഥവാ രാമനാട്ടത്തിന്റെ സാഹിത്യസ്വരൂപം ഉടലെടുത്തതു്. കൊ. വ. 829-ാമാണ്ട് 7-ാം തീയതി കോഴിക്കോട്ട് മാനവേദരാജാവ് 'കൃഷ്ണഗീതി' (കൃഷ്ണനാട്ടത്തിന്റെ സാഹിത്യരൂപം) പൂർത്തിയാക്കിയതായി ഗ്രന്ഥാവസാനത്തിൽ കാണുന്ന 'ഗ്രാഹ്യസ്തുതിർഗായകൈഃ' എന്ന കലിദിന സൂചനകൊണ്ടു മനസ്സിലാക്കാം. സംസ്കൃതഭാഷയിൽ രചിച്ച 'കൃഷ്ണഗീതി' അവതാരം, കാളിയമർദ്ദനം, രാസക്രീഡ, കംസവധം, സ്വയംവരം, ബാണയുദ്ധം, വിവിദവധം, സ്വർഗ്ഗാരോഹണം എന്നിങ്ങനെ എട്ടു കഥകളാക്കി വിഭജിച്ചിരിക്കുന്നു. കഥയുടെ വിഷയാനുക്രമത്തിൽ

(a) കേരളത്തിലെ നാടകകല - 72, 73, 74

ഈ രീതിയാണ് രാമായണം ആട്ടക്കഥയിലും കാണുന്നത്. (പുത്രകാമേഷ്ടി, സീതാസ്വയംവരം, വിച്ഛിന്നാഭിഷേകം, ഖര വധം, ബാലിവധം, തോരണയുദ്ധം, സേതുബന്ധനം, യുദ്ധം) കൃഷ്ണനാട്ടത്തിലെ ഭാഷ സംസ്കൃതവും, രാമായണം ആട്ടക്കഥയിലേതു് മണിപ്രവാളവുമാണ്.

രാമായണം ആട്ടക്കഥയുടെ കർത്താവ്.

വഞ്ചിരാജാവായ ഒരു വീര കേരളവർമ്മയുടെ അനന്തരവനായ ഒരു ബാലവീര കേരളവർമ്മയാണ് രാമനാട്ടത്തിന്റെ കർത്താവെന്നു പുത്രകാമേഷ്ടിയിലെ ഒരു ശ്ലോകത്തിൽ നിന്നു മനസ്സിലാക്കാം.

''പ്രാപ്താനന്ദമനന്തഭൂതിയാ പ്രീത്യാ
ശ്രീരോഹിണീജന്മനോ
വഞ്ചിക്ഷ്മാവര വീരകേരളനൃപസ്യ
രാജ്ഞാസ്വസ്രീയം നനാ
ശിഷ്യേണ പ്രവരേണ ശങ്കരകവേഃ
രാമായണം വർണ്ണ്യതേ
കർണ്ണാന്യ കഥാമൃതേന കവയഃ
കുർവ്വന്തു തൽ കൃത്യയോ?

ഇതിൽനിന്ന് ആട്ടക്കഥാകർത്താവ് 'പ്രാപ്താനന്ദമനന്ത ശ്രീയോടുകൂടി, രോഹിണീജന്മാവായ വഞ്ചിക്ഷ്മാവര വീര കേരളവർമ്മയുടെ സഹോദരീപുത്രനും ശങ്കരകവിയുടെ ശിഷ്യനുമാണെന്നു മനസ്സിലാക്കാം. കൊ. വ. 852-ൽ ഉമയമ്മറാണിയോടു പട വെട്ടിയ ഒരു വീരകേരളവർമ്മ ഇളയിടത്തു സ്വരൂപത്തിലുണ്ടായിരുന്നു. ''വഞ്ചിരാജവംശത്തിന്റെ ഒരു ശാഖയാണ് ഇളയിടത്തു സ്വരൂപം'' ആ സ്വരൂപം താമസിച്ചിരുന്നതിൽ ഒന്നാണ് കൊട്ടാരക്കര; മറ്റേത് പേരകത്താവഴിയും. രാമനാട്ടത്തിൽ സൂചിക്കുന്ന രോഹിണി തിരുനാൾ വീര കേരളവർമ്മ പേരകത്താവഴിയിലെ രാജാവാണ്, അദ്ദേഹത്തിന്റെ ഭാഗിനേയനാണ്

രാമനാട്ടകർത്താവെന്ന് കീർത്തിയെക്കാളും ലക്ഷ്യങ്ങളും വച്ചു തീർത്തു പറയാവുന്നതാണ്." (8)

കഥകളിയുടെ ഉപജ്ഞാതാവ് കോട്ടയത്തുതമ്പുരാൻ?

രാമനാട്ടകർത്താവായ കേരളവർമ്മയെക്കുറിച്ചും കഥകളിയുടെ ഉപജ്ഞാതാവിനെക്കുറിച്ചും ശ്രീ ആറ്റൂർ കൃഷ്ണപ്പിഷാരടി പുറപ്പെടുവിച്ചിട്ടുള്ള നൂതനാഭിപ്രായവും ഇത്തരുണത്തിൽ ശ്രദ്ധേയമാണ്. അദ്ദേഹത്തിന്റെ അഭിപ്രായം ഇങ്ങനെ സംഗ്രഹിക്കാം.

ഉദയമാർത്താണ്ഡനെ സഹായിക്കാൻ വേണാട്ടിലെത്തിയ പടകൾ കോട്ടയത്തെ കേരളവർമ്മരാജാവിന്റെ ഉപദേശപ്രകാരം കോലത്തിരി രാജവംശത്തിന്റെ ആസ്ഥാനമായ ചിറയ്ക്കൽ രാജകുടുംബത്തിൽനിന്ന് രണ്ടു രാജകുമാരന്മാരെയും രണ്ടു രാജകുമാരിമാരെയും വേണാട്ടുരാജകുടുംബത്തിലേക്കു ദത്തെടുത്തു. ഇങ്ങനെ ദത്തെടുത്ത റാണിയുടെ പുത്രനാണ് കൊട്ടാരക്കര പ്രദേശത്തെ ഭരണാധിപതിയായിത്തീർന്നത്. ഇദ്ദേഹമായിരിക്കണം രാമനാട്ടകർത്താവായ കൊട്ടാരക്കര രാജാവ്. പ്രബന്ധത്തിൽ പ്രഥമ ആളാണ് ''വീരകേരളവിട്ട'' എന്നും, ''പ്രാപ്യനന്ദ്യഭിവസന്ത്രിയ:'' എന്ന ശ്ലോകത്തിൽ പ്രസ്താവനായ ഉണ്ണിക്കേരളവർമ്മ. ആ രാജാവിന്റെ രാജ്യഭാരം കൊ. വ. 891 മുതൽ 899 വരെ ആയിരിക്കണം. അതുകൊണ്ട് രാമനാട്ടത്തിന്റെ നിർമ്മാണകാലം കൊ. വ. 894-നും 899-നും ഇടയ്ക്കായിരിക്കണം എന്നാണ് ആറ്റൂരിന്റെ മതം.

''എന്തെങ്കിലും ഒരു പ്രസ്ഥാനവിശേഷത്തെ മറ്റുള്ളവർ അനുകരിക്കണമെങ്കിൽ ആ പ്രസ്ഥാനം ആദ്യമായി ഏർപ്പെടുത്തിയ ആളുടെ കൃതികൾക്ക് തന്നിമിത്തം വർദ്ധിച്ചുണ്ടാകുന്ന കൃതികളെ അതിശയിക്കത്തക്കതായിരിക്കണമെന്നില്ലെന്നാണ് സർവ്വസാമാന്യ സ്വാഭാവികമായിട്ടുള്ളത്".....കഥകളിയുടെ കാര്യത്തിലും അങ്ങനെ

(8) സാ. പ്ര. പ്രസ്ഥാനങ്ങളിലൂടെ
ഡോ. എസ്. കെ. നായർ (പേജ് 569)

ഇല്ലാതെ വ്യത്യസ്തമായിട്ടാണ് പ്രചരിച്ചുവന്നതെന്നു തെളിവു കളില്ല ...,കോട്ടയത്തുതമ്പുരാന്റെ നാലു കൃതികളെ കൂടാതെ [illegible] ആണെന്നതല്ല. [illegible] കഥകളിയുടെ പൂർവ്വരൂപം [illegible] ... ഇതെല്ലാംകൂടി ആലോചിച്ചുനോക്കുമ്പോൾ കഥകളി എന്ന വിശിഷ്ട കലയുടെ ഉപജ്ഞാതാവ് ആ കോട്ടയത്തുതമ്പുരാൻ തന്നെയാണെന്ന് തീർച്ചപ്പെടുത്താവുന്നതാണ്'' (a)

ശ്രീ ആറ്റൂരിന്റെ ഈ യുക്തി [illegible] വരുമുണ്ട്. 'കഥകളിയുടെ ഉപജ്ഞാതാവ് [illegible] യുക്തി [illegible] കിൽ [illegible] കഥകളിയുടെ ഉപജ്ഞാതാവ് [illegible] എന്നാകണം [illegible]. എന്നാൽ [illegible] ചരിതം ആട്ടക്കഥ [illegible] കൃതികളെക്കാൾ [illegible] കഥകളി എന്ന [illegible] നളചരിതത്തിനാണ്. (ശ്രീ [illegible] നമ്പൂതിരിയുടെ 'പൂന്തോട്ടം' എന്ന പുസ്തകത്തിലെ, 'നളചരിതം അരങ്ങത്ത്'' എന്ന ലേഖനം നോക്കുക.)

ശങ്കരകവി

''പ്രഹ്ലാദചരിതം'' എന്ന ശ്ലോകത്തിലെ ശങ്കരകവി ആരാണെന്ന നോക്കാം. കൊ. വ. ഏഴാം ശതകത്തിന് ഒടുവിലുള്ളിൽ ജീവിച്ചിരുന്ന പുനത്തിന്റെ സമകാലികനായ ശങ്കരനാമവിയാണ് ''ഈ ശങ്കരകവി''എന്നാണ് ശിരോമണി പി. കൃഷ്ണൻനായരുടെ അഭിപ്രായം. ആ ശങ്കരകവിയുടെ കാലം [illegible] ആട്ടക്കഥയുടെ [illegible] പതിനൊന്നാം വർഷം [illegible]. അതുകൊണ്ട് ശ്രീ കൃഷ്ണൻനായരുടെ വാദം അംഗീകരിക്കാൻ വിഷമമുണ്ട്.

എളയിടത്തു സ്വരൂപത്തിലെ [illegible] വെങ്ങ [illegible] ഒരു [illegible] ഈ ശങ്കരകവിയെന്ന് ആ [illegible] ശ്രീ. പത്മനാഭപിള്ളയിൽനിന്ന് കിട്ടിയ തെളിവുവെച്ചുകൊണ്ട് ശ്രീ മാവേലിക്കര ജി. കൃഷ്ണപിള്ള തന്റെ കഥകളി എന്ന ഗ്രന്ഥത്തിൽ

കോട്ടയം കഥകൾ [illegible] (ആറ്റൂർ) (പേജ് 19)

ചൂണ്ടിക്കാട്ടുന്നു. വെട്ടത്തുരാജാക്കന്മാർ പരമ്പരയാ സംസ്കൃത പണ്ഡിതന്മാരും കഥാവിദഗ്ദ്ധന്മാരുമായിരുന്നു. ശ്രീ കൃഷ്ണപിള്ളയുടെ അഭിപ്രായം ഏതാണ്ടൊക്കെ യുക്തി ഭദ്രമായിത്തോന്നുന്നു. (a)

കഥകളിയുടെ വളർച്ച–

കേരളത്തിൽ അക്കാലത്തു നടപ്പിലിരുന്ന ദൃശ്യകലകളിൽ നിന്ന് ആവശ്യമുള്ളതൊക്കെ കൊട്ടാരക്കരത്തമ്പുരാൻ സ്വീകരിച്ചു. രാമനാട്ടത്തിന്റെ ഉത്ഭവാവസരത്തിൽ അതു് വാചികാഭിനയ പ്രധാനമായിരുന്നു. ഇന്നത്തെപ്പോലെ ആംഗികാഭിനയത്തിന ചിട്ടപ്പെടുത്തിയ ഹസ്തമുദ്രകളും അന്നില്ലായിരുന്നു.

രാമനാട്ടത്തെ പരിഷ്കരിച്ച് ഇന്നത്തെ കഥകളിയുടെ ഏകദേശരൂപത്തിലാക്കിയതു് വെട്ടത്തുനാട്ടു രാജാവാണ്. മുഖത്തു് മനയോല തേയ്ക്കുക, കിരീടം കുപ്പായം എന്നിവ ആഹാര്യശോഭാ സംവർദ്ധകമായ രീതിയിൽ മാറ്റുക, മേളത്തിന് ചെണ്ട ഉപയോഗിക്കുക, കൂടിയാട്ടത്തിലെ വാക്യാർത്ഥമായ മുദ്രകൾ പദാർത്ഥാഭിനയത്തിന് സന്ദർഭോചിതമായി ഉപയോഗിക്കുക, പിന്നണിയിൽനിന്ന് പാടാൻ ഭാഗവതരെ ഏർപ്പെടുത്തുക, ഇങ്ങനെ നിരവധി പരിഷ്കാരങ്ങളും വെട്ടത്തുനാട്ടു രാജാവു വരുത്തി. [illegible], വെട്ടത്തു സമ്പ്രദായമെന്നും ഈ പരിഷ്കാരങ്ങളറിയപ്പെടുന്നു.

വെട്ടത്തുസമ്പ്രദായത്തെ കോട്ടയംതമ്പുരാനും പരിഷ്കരിച്ച് കഥകളിയെ നൃത്തകലയോടടുപ്പിച്ചതു് കപ്ലിങ്ങാട്ടു നമ്പൂതിരിയാണ്. അദ്ദേഹത്തിന്റെ പ്രധാനപരിഷ്കാരങ്ങളെ ഇങ്ങനെ സംഗ്രഹിക്കാം:– "വേഷത്തിനനുസരിച്ച് കുപ്പായങ്ങളും നടപ്പിലാക്കി, തോടയം, പുറപ്പാട്, മഞ്ജുതര എന്നീ ചടങ്ങുകൾ കൂടിയാട്ടം കൃഷ്ണനാട്ടം എന്നിവയെ അനുകരിച്ചു നടപ്പാക്കി. കത്തിവേഷത്തെ കുറുകത്തി, നെടും കത്തി എന്ന രണ്ടായിത്തിരിച്ചു; കലാശം പരിഷ്കരിച്ച് കൂടിയാട്ടത്തിലെ മുദ്രകൾ സ്വീകരിച്ച് കഥകളി പദാർത്ഥാഭിനയമാക്കി മാറ്റി."

(a) കഥകളിപ്രവേശിക ജി. കൃഷ്ണപിള്ള (പേജ് 69-73)

കല്ലടിക്കോടൻ രീതിയെന്നറിയപ്പെടുന്ന പരിഷ്ക്കാരമാണു് നടത്തു്. ഇതുവരെ എല്ലാവരും ധരിച്ചിരുന്നതുപോലെ കല്ലടിക്കോടനെന്നു് ഇല്ലമോ കല്ലടിക്കോട്ടു നമ്പൂതിരിയെന്നു് ഒരാളോ ഇല്ലായിരുന്നുവെന്നു് ഗവേഷണഫലമായി തെളിഞ്ഞിട്ടുണ്ടെന്നു് ശ്രീ കെ. പി. എസ്സ്. മേനോൻ 'കഥകളിരംഗം' എന്ന തന്റെ ഗ്രന്ഥത്തിൽ അസന്ദിഗ്ദ്ധമായി പ്രതിപാദിച്ചിരിക്കുന്നു. കല്ലടിക്കോടൻ രീതിയെപ്പററി ശ്രീ കെ. പി. എസ്സ്. മേനോന്റെ അഭിപ്രായം ശ്രീ കെ. ആർ. പിഷാരടി 'നമ്മുടെ ദൃശ്യകല' എന്ന ഗ്രന്ഥത്തിലുദ്ധരിച്ചിരിക്കുന്നതു് താഴെ ചേർക്കുന്നു.

''കോട്ടയം കഥകളികളുടെ കർത്താവായ തമ്പുരാന്റെ കാലത്തു് ഏററവും പ്രസിദ്ധനായ നടൻ പൊന്നാനപ്പുറപ്പിലെ തലമുറ്റും കളിയോഗത്തിലെ ആദ്യവസാന വേഷക്കാരനും ആശാനുമായിരുന്ന വെള്ളാട്ടു പാലുണ്ണിപ്പണിക്കരായിരുന്നു. കോട്ടയം തമ്പുരാൻ ആവശ്യപ്പെട്ടപ്രകാരം പണിക്കര് അഭ്യാസമുറ ചിട്ടപ്പെടുത്തി. കവിശിരോമണിയായ തമ്പുരാനും നടനകോവിദനായ പണിക്കരും ചേർന്നതിന്റെ പരിണതഫലമാണു് ഇന്നു നിലവിലിരിക്കുന്നതും കല്ലടിക്കോടനെന്നു് അറിയപ്പെടുന്നതുമായ കഥകളി രീതി.

കോട്ടയം തമ്പുരാന്റെ കാലശേഷം പണിക്കർ കതിരൂർ വല്ലുണ്ണിനായരെ ആശ്രിതനായി കല്ലടിക്കോട്ടു താമസിച്ചിരുന്നപ്പോഴാണു്, ശിഷ്യന്മാരെ പുതുതായാവിഷ്ക്കരിച്ച രീതിയിൽ അഭ്യസിപ്പിച്ചതു്. ആ ശിഷ്യരും അവരുടെ പരമ്പരയുമാണു് പ്രസ്തുത രീതിക്കു് പ്രചാരവും പ്രസിദ്ധിയും വരുത്തി കല്ലടിക്കോടൻ രീതിയെന്ന പേരുണ്ടാക്കിയതു്.

തമ്പുരാനും പണിക്കരുംകൂടി, നിലവിലുണ്ടായിരുന്ന വെട്ടത്തുരീതിയിൽ വരുത്തിയ മാററങ്ങൾ, വേഷവിധാനത്തെയും പ്രയോഗത്തെയും സ്പർശിച്ചിട്ടുണ്ടു്. കിരീടത്തെ അധികമാകർഷകമാക്കിത്തീർക്കുക, കൃഷ്ണന്റെ കിരീടം കൃഷ്ണനാട്ടത്തിലെപ്പോലെയാക്കുക, അതുതന്നെ ബലഭദ്രന്മാർക്കും കുശലവന്മാർക്കും മതിയെന്നു നിശ്ചയിക്കുക, വെളുത്ത ഉത്തരീയത്തിനു പുറമേ ചുവന്ന ഉത്തരീയംകൂടി വേണമെന്നേർപ്പെടുത്തുക മേലിക്കു്—ഇതായി

ന്നെ പണിക്കരുടെ മനോധർമ്മപ്രധാനമായി വേണമെന്ന തീരുമാനിക്കുക എന്നിവയായിരുന്ന വേഷത്തെ സംബന്ധിച്ചിടത്തോളമുള്ള മാറ്റങ്ങൾ. പ്രയോഗപരമായി കൊട്ടിന്റെ സമ്പ്രദായത്തെ പുഷ്ടിപ്പെടുത്തി; താളമേളസഹിതമുള്ള നൃത്തനൃത്യങ്ങളെ അഭിനയത്തിന് സഹകാരികളാക്കി ഭാവാഭിനയത്തിന് വൈശദ്യവും ആകർഷകത്വവും വർദ്ധിപ്പിച്ചു. അപ്രധാനങ്ങളായ ഭാഗങ്ങളെയാകട്ടെ ശാസ്ത്രീയമായി സംക്ഷേപിക്കുകയും ചെയ്തു. ഇതിന്റെയെല്ലാം ഫലമായി രാമനാട്ടമിന്നു കഥകളിയായി പരിണമിക്കുകയും ചെയ്തു.

കൊല്ലവർഷം പത്തും പതിനൊന്നും ശതകങ്ങൾ കഥകളിയുടെ സുവർണ്ണദശയായിരുന്നു. അക്കാലത്തെ മഹാരാജാക്കന്മാർ കളിഭ്രാന്തന്മാരായി, കഥകളിയുടെ വളർച്ചയ്ക്ക് പലതരത്തിൽ താങ്ങും തണലുമായി വർത്തിച്ചു. ഇടക്കാലത്ത് കഥകളിക്കേറ്റ തളർച്ച തീർത്തുമാറ്റാൻ ബദ്ധകങ്കണനായി മുമ്പോട്ടു വന്നത് മഹാകവി വള്ളത്തോളായിരുന്നു. മഹാകവിയും കലാമണ്ഡലവും കൂടി കഥകളിക്ക് ലോകത്തെങ്ങും പ്രശസ്തി നേടിക്കൊടുത്തു. ശ്രീ എം. കെ. കെ. നായർ കഥകളിക്ക് രാഷ്ട്രാന്തര പ്രശസ്തി നേടിക്കൊടുക്കുന്നതിലനുഷ്ഠിച്ച സേവനവും ഇത്തരുണത്തിൽ സ്മരണീയമാണ്. കേരളസംസ്കാരപരിപോഷണത്തിന് മുതൽക്കൂട്ടാകാൻ വേണ്ടി സംസ്ഥാപിതമായ കേരളസർവ്വകലാശാല കഥകളിയോടു കാണിക്കുന്ന 'അലംഭാവാവിലംബിതം' കേരളീയർക്കാകമാനം അപമാനകരമാണ്.

സാഹിത്യസ്വരൂപം

കഥകളി എന്ന ദൃശ്യകലയ്ക്കവലംബമായി രൂപംകൊണ്ട സാഹിത്യരൂപമാണ് ആട്ടക്കഥ. എണ്ണത്തിൽ കൂടുതലുണ്ടെങ്കിലും ഗുണം തികഞ്ഞവ തന്നെ കുറവാണ്. ശ്ലോകങ്ങളും, പദങ്ങളും, ദണ്ഡകങ്ങളും എന്നിവ ഇടകലർന്നതാണ് ആട്ടക്കഥയുടെ സ്വരൂപം. ശ്ലോകങ്ങൾ കഥകളെ ബന്ധിപ്പിക്കുന്നതിനും, രംഗനിർദ്ദേശം ചെയ്യുന്നതി

(a) നമ്മുടെ ദൃശ്യകല — കെ. ആർ. പിഷാരടി (പേജ് 98)

ന്നും, കഥാപാത്രങ്ങളെ അവതരിപ്പിക്കുന്നതിനും കഥകളിയിൽ ശ്ലോകങ്ങളുപയോഗിക്കുന്നു. ചില ശ്ലോകങ്ങൾ അഭിനയിക്കാറുണ്ടാവും, മിക്കവാറും ശ്ലോകങ്ങൾ കവിവാക്യങ്ങളായിരിക്കും, പ്രായേണ, മണിപ്രവാളമോ സംസ്കൃതമോ ആയിരിക്കും ''ശ്ലോകങ്ങൾ'

പദങ്ങളെല്ലാം കഥാപാത്രങ്ങളുടെ സംഭാഷണങ്ങളായിരിക്കും. വളരെ അപൂർവ്വമായി ചില പദങ്ങൾ കവി വാക്യമായും നളചരിതം (മൂന്നാം ദിവസം) നരകാസുരവധം, പാഞ്ചാലീ സ്വയംവരം എന്നീ ആട്ടക്കഥകളിൽ കണ്ടിട്ടുണ്ട്. ഓരോ പദത്തിനും പല്ലവി, അനുപല്ലവി, ചരണം എന്നിങ്ങനെ മൂന്ന് വിഭാഗങ്ങളുണ്ട്. പദം ഭാഗവതർ പാടുമ്പോൾ നടന്മാർ ഹസ്തമുദ്ര കാട്ടി അഭിനയിക്കുന്നു.

ഉഭയ ഭാഷാസൗന്ദര്യവും സംഗീതാത്മകവുമായ ഒന്നാന്തരം നീണ്ട പദ്യങ്ങളാണ് ദണ്ഡകങ്ങൾ. അനേകവിധ സംഭവങ്ങളിൽ നടക്കുന്ന കഥയുടെ സംക്ഷേപ കഥനം, വർണ്ണന, ചില സംഭവങ്ങളുടെ വിവരണം മുതലായവ ദണ്ഡകരൂപത്തിലാണ് അവതരിപ്പിക്കുന്നത്. ചില ദണ്ഡകങ്ങൾ അഭിനയപ്രധാനങ്ങളാണ്.

നളചരിതം, രുക്മിണീസ്വയംവരം മുതലായ ചില കഥകളികളിൽ ചൂർണ്ണികാരീതിയിലുള്ള സംസ്കൃതവാക്യങ്ങളും കാണാം. സംസ്കൃത നാടകങ്ങളിൽ മധ്യമ നീച കഥാപാത്രങ്ങൾ പ്രാകൃത ഭാഷ ഉപയോഗിക്കുന്ന രീതി ചില ആട്ടക്കഥാകൃത്തുക്കളും സ്വീകരിച്ചിട്ടുണ്ട്. അംബരീഷചരിതം, ദുര്യോധനവധം, കാലകേയവധം മുതലായവയിൽ ഉദാഹരണങ്ങൾ കാണാം.

കഥകളിച്ചടങ്ങുകൾ

കേളി

കഥകളി നടക്കുമെന്ന് മുന്നറിയിച്ചു നടത്തുന്ന കൊട്ടാണ് കേളി:

അരങ്ങുകേളി

അരങ്ങത്തു വിളക്കു വച്ചതിനുശേഷം ചെണ്ടയൊഴിച്ചുള്ള വാദ്യോപകരണങ്ങൾകൊണ്ടുള്ള കേളിയാണ് അരങ്ങുകേളി. കേളിക്കൈ, ശുദ്ധമദ്ദളം, ഗണപതിക്കൊട്ട്, മേളക്കേളി എന്നീ പേരുകളും ഇതിനുണ്ട്.

തോടയം

അരങ്ങുകേളിക്കുശേഷം, തിരശ്ശീല പിടിച്ച് കളിയുടെ നിർവിഘ്നപരിസമാപ്തിക്കുള്ള ഈശ്വരപ്രാർത്ഥനയാണ് ഈ ചടങ്ങ്. കോട്ടയത്തുതമ്പുരാനും കാർത്തികതിരുനാളും രചിച്ച ഗാനങ്ങളാണ് തോടയത്തിനുപയോഗിക്കുന്നത്. വേഷം ധരിച്ചു തണ്ടു കെട്ടിത്തീർന്ന വേഷക്കാർ ഗാനത്തിനൊത്ത് തിരശ്ശീലയ്ക്കുള്ളിൽ നൃത്തം ചെയ്ത് ഇഷ്ടദേവതാ വന്ദനം നടത്തുന്നു. ഈ ചടങ്ങ് ഇപ്പോൾ അപൂർവ്വം ചില കഥകളിയരങ്ങുകളിലേ കാണുന്നുള്ളൂ.

വന്ദനശ്ലോകം

തോടയം കഴിഞ്ഞാലുടൻ പാട്ടുകാർ വന്ദനശ്ലോകം ചൊല്ലി സ്തുതിക്കുന്നു.

പുറപ്പാട്

വന്ദനശ്ലോകം കഴിഞ്ഞ് കഥയിലെ പ്രാരംഭപദ്യം ഭാഗവതർ ആലപിക്കുന്നതോടെ പ്രധാന കഥാപാത്രത്തിന്റെ പുറപ്പാടായി. മിക്കവാറും കഥകളിൽ നായികാനായകന്മാരാണ് പുറപ്പാട് നിർവ്വഹിക്കുന്നത്. പുറപ്പാടിന്റെ സമയം മുതൽ ചെണ്ട ഉപയോഗിച്ചുതുടങ്ങും. പുറപ്പാടിന്റെ രണ്ടാംഘട്ടത്തിൽ കഥാനായക ഗുണപ്രകീർത്തനങ്ങൾ ഉൾക്കൊള്ളുന്ന നിലപ്പദം ഭാഗവതർ ആലപിക്കുന്നു.

മഞ്ജുതര

മഞ്ജുതര എന്ന അഷ്ടപദി ഗീതം ഭാഗവതർ ആലപിക്കാനാരംഭിക്കുന്നതോടെ പുറപ്പാട് നിർവ്വഹിക്കുന്ന വേഷം രംഗത്തുനി

ന്നു പറയുന്നു. അനന്തരം മഞ്ജുതര വിവിധ രാഗങ്ങളിൽ ഭാഗവതർ ആലപിക്കുന്നു. ഈ സമയം ചെണ്ടക്കാരുടെ വൈദഗ്ദ്ധ്യപ്രകടനത്തിനുള്ളതാകയാൽ 'മേളപ്പദ'മെന്നും ഈ ചടങ്ങിനു പേരുണ്ട്.

കഥാരംഭം

മഞ്ജുതരയ്ക്കുശേഷം കഥയനുസരിച്ച് കഥാപാത്രങ്ങൾ പ്രവേശിക്കുന്നു. കഥാപാത്രങ്ങളുടെ തിരനോട്ടത്തിന് മേലാപ്പ്, ആലവട്ടം, ശംഖനാദം എന്നിവയുണ്ടായിരിക്കും.

വേഷവിധാനം:-

സ്വഭാവങ്ങളുടെ ഗുണങ്ങളെ അടിസ്ഥാനമാക്കിയാണ് കഥകളിയിലെ വേഷ വിധാനം. വേഷങ്ങളെ പച്ച, കത്തി, കരി, താടി, മിനുക്ക് എന്നിങ്ങനെ തരം തിരിച്ചിരിക്കുന്നു.

ഒന്ന്. പച്ചയെന്നും കത്തിയെന്നും രണ്ടു തരത്തിലുണ്ട്. സത്വഗുണപ്രധാനികളായ വേഷങ്ങളാണ് പച്ച. ശ്രീരാമൻ, ശ്രീകൃഷ്ണൻ, അർജ്ജുനൻ, നളൻ, മുതലായവരുടെ വേഷം പച്ചയാണ്.

രജോഗുണ പ്രധാനികളും അഹങ്കാരികളുമായ കഥാപാത്രങ്ങൾക്ക് കത്തിവേഷമാണ്. കത്തിവേഷങ്ങളുടെ നാസികാഗ്രത്തും നെറ്റിയിലും ഓരോ ചുട്ടിപ്പൂവ് പിടിപ്പിച്ചിരിക്കും.

കത്തിവേഷങ്ങളിൽ ശൃംഗാരപ്രധാനമായവ കുറും കത്തിയെന്നും, അത്യുഗ്രന്മാരായവ നെടുംകത്തിയെന്നും പറയും. ദുര്യോധനൻ രാവണൻ, മുതലായവർ കുറും കത്തിയും ദുശ്ശാസനൻ, ഘടോത്കചൻ, കീചകൻ, കാലകേയൻ, ഹിരണ്യൻ മുതലായവർ നെടുംകത്തിയുമാണ്. ഇപ്പോൾ വടക്കൻ രീതിയനുസരിച്ച് ദുശ്ശാസനന് ചുവന്ന താടിയാണ പതിവ്.

കവിളിലും മീശയിലുമുള്ള കൃത്രിമത്താടി വച്ചുകെട്ടുന്ന വേഷങ്ങൾക്കാണ് താടിയെന്നു പറയുന്നത്. സ്വഭാവത്തിന്റെ ഗുണ പ്രകൃതികളനുസരിച്ച് വെള്ളത്താടി, ചുവന്ന താടി, കറുത്ത

താടി എന്ന മൂന്നു വിഭാഗങ്ങളും ഇതിനുണ്ട്. ഹനൂമാൻ; നരസിംഹം മുതലായവ വെള്ളത്താടിയും, ദുശ്ശാസനൻ, ത്രിഗർത്തൻ, ബാലി, വീരഭദ്രൻ, മുതലായവർ ചുവന്ന താടിയും, കലി കറുത്ത താടിയുമാണ്. ഹനൂമാൻ നന്ദികേശ്വരൻ മുതലായവർ കുറവിച്ചുമരത്തിനു പകരം (കഥകളിയിലെ ഏറ്റവും വലിയ കിരീടം) വട്ടമുടിയാണ ധരിക്കുന്നതു്.

അതുപോലെ പ്രധാനികളുടെ വേഷമാണ കരി. നക്രതുണ്ഡി ശൂർപ്പണഖ, പൂതന, സിംഹിക മുതലായ സ്ത്രീകളുടെയും കാട്ടാളന്റെയും വേഷം കരിയാണ്.

മുനിമാർ, സ്ത്രീവേഷക്കാർ, ബ്രാഹ്മണർ, ദൂതന്മാർ മുതലായവർ മിനുക്കുവേഷങ്ങളാണ്.

ഭീരു, ഹംസം, ഗരുഡൻ, കൃത്യ, ഭദ്രകാളി മുതലായ വേഷങ്ങളും ഈ വിഭജനക്രമത്തിൽ പെടാത്ത പ്രത്യേകതരം വേഷങ്ങളാണ്. കഥകളിയിലെ വിനോദ കഥാപാത്രമാണ ഭീരു. കൂടിയാട്ടത്തിലെ വിദൂഷകന്റെ സ്ഥാനമാണ ഭീരുവിന് കഥകളിയിലുള്ളതു്.

ചെണ്ട, ശുദ്ധമദ്ദളം, ചേങ്കില, ഇലത്താളം എന്നീ വാദ്യങ്ങളാണ് കഥകളിക്കുപയോഗിക്കുന്നതു്. താപസികളുൾപ്പെടെയുള്ള സ്ത്രീ കഥാപാത്രങ്ങൾക്ക് ചെണ്ട ഉപയോഗിക്കാറില്ല. ചമ്പ, ചെമ്പട, ത്രിപുട, പഞ്ചാരി, അടന്ത, മുറിയടന്ത, എന്നീ താളങ്ങളാണ് കഥകളിയിൽ സാധാരണയായുപയോഗിക്കുന്നതു്.

അഭിനയം:-

ഇളകിയാട്ടമെന്നും, ചൊല്ലിയാട്ടമെന്നും രണ്ടു രീതിയിലുണ്ട് അഭിനയം; ഭാഗവതരുടെ പാട്ടിനനുസരിച്ച് മുദ്രകൾ കാണിച്ച് നടന്മാർ അഭിനയിക്കുന്നതു് ചൊല്ലിയാട്ടം. വിളംബകാലത്തിലുള്ള ചൊല്ലിയാട്ടത്തിന് പതിഞ്ഞാട്ടമെന്നും, മദ്ധ്യകാലത്തിലുള്ളതിന് ഇടത്താട്ടമെന്നും ദ്രുതകാലത്തിലുള്ളതിന് മുറുകിയാട്ടമെന്നും പറയാം. ശൃംഗാരപ്പദങ്ങളും പതിഞ്ഞാട്ടത്തിനും സംഭാഷണാദികൾ ഇടത്താട്ടത്തിനും, യുദ്ധവും മുറുകിയാട്ടത്തി

ന്നും ഉൾച്ചേർന്നിരുന്നു. കൂടിയാട്ടത്തിന് ഇന്നും മുമ്പും പിൻപും മനോധർമ്മ കാര്യത്തിനാണ് ഇളകിയാട്ടം. ഗജം, വനവർണ്ണന, പർവ്വതാരോഹണം, വനവാസം, സമുദ്രം ഇങ്ങനെ നിരവധി വിഷയങ്ങളാണ് ഇളകിയാട്ടത്തിനു ഉപയോഗിക്കുന്നത്. പ്രസിദ്ധങ്ങളായ ചില ശ്ലോകങ്ങളും കവിവചനങ്ങളും ഇളകിയാട്ടത്തിനു ഭംഗിയായി അഭിനയിച്ചു പ്രത്യക്ഷപ്പെടുത്തി വരുന്നു.

കലശം, കേകി, ഇരട്ടിക്കൽ, തിരനോട്ടം, ശൃംഗാരപദം, തോടയങ്ങൾ, പുറപ്പാട്, ഏകലോചനം, സാരിനൃത്തം, അങ്ങേറിയ കലാശങ്ങൾ, മുതലായവ കഥകളിയിലെ അത്യന്ത സുന്ദരങ്ങളായ പ്രകടന വൈചിത്ര്യങ്ങളാണ്.

കഥകളി സംഗീതം

സോപാനരീതിയിൽ ആലപിക്കുന്നതാണ് കഥകളി സംഗീതം. നൃത്ത ഗീത വാദ്യങ്ങൾ ചേർന്ന തൗര്യത്രികത്തിന് സഹായകമായി ഇതു വർത്തിക്കുന്നു. "പദങ്ങളുടെ സാഹിത്യഭംഗിയും ഭാവോന്മേഷവും പൂർണ്ണമായി ആവിഷ്കരിക്കാൻ സോപാനരീതിയിൽ സാദ്ധ്യം കൂടുതലുണ്ട്. അതിനാൽ ശ്രുതിയും ലയവും ഒത്തു ചേരുന്ന"……..കഥകളിപ്പദങ്ങളെല്ലാം ആട്ടക്കാരനു് അനുഗുണമായ രീതിയിൽ രാഗം, താളം, ശ്രുതി, പാഠം, മുതലായവ സമഞ്ജസമായി സംയോജിപ്പിച്ചു രചിക്കപ്പെട്ടിട്ടുള്ള മനോഹരങ്ങളായ അഭിനയഗാനങ്ങളാണ്." സോപാനത്തിൽ ആലപിച്ചെങ്കിലേ ഇവയുടെ ഭാവപ്രകാശനം പൂർണ്ണമായി സാധിക്കൂ. നൃത്ത നൃത്യ നാട്യങ്ങൾക്കും, താളമേളങ്ങൾക്കും പോഷകമായി വർത്തിക്കുന്ന ഒരു രീതിയാണ് സോപാനം. (a)

ആട്ടക്കഥയും നാടകവും

കഥകളിയും നാടകവും ദൃശ്യകലയാണെന്ന കാര്യത്തിൽ മാത്രമേ ഇവ തമ്മിൽ സാമ്യമുള്ളൂ. നാടകം വാക്യാർത്ഥാഭിന

(a) കഥകളിനിരൂപണം-അമ്പലപ്പുഴ രാമവർമ്മ (പേജ് 54, 55, 56)

യുള്ള നാട്യം. കഥകളി പദാർത്ഥാഭിനയപ്രധാനമായ നൃത്യമാണ്. കഥകളിയിൽ ഭാവാഭിനയത്തിനും നാടകത്തിൽ രസാഭിനയത്തിനുമാണ പ്രസക്തി. കഥകളി ബാഹ്യകർമ്മങ്ങളെ പ്രത്യക്ഷമാക്കുന്നു; നാടകം അങ്ങനെയല്ല.

നാടകങ്ങളിൽ കഥ പ്രസിദ്ധമായിരിക്കണമെന്നും മുഖാദി പഞ്ചസന്ധികളും ഘടിപ്പിച്ചിരിക്കണമെന്നും നിർബന്ധമുണ്ട്. കഥകളിയിലെ ഇതിവൃത്തം പുരാണേതിഹാസ പ്രസിദ്ധങ്ങളായിരിക്കും. നാടകങ്ങളിൽ അംഗിയായ രസം ശൃംഗാര വീര കരുണാദികളിൽ ഒന്നായിരിക്കണം. നിർവഹണ സന്ധിയിൽ അത്ഭുതം വേണം. അഞ്ചു മുതൽ പത്തുവരെ അങ്കങ്ങളുണ്ടായിരിക്കണം. 'നായകൻ' ധീരോദാത്തനും അതിപ്രതാപഗുണവാനും, വിഖ്യാതവംശനും, ധർമ്മാത്മാവുമായിരിക്കണം. ഈ വക കാര്യങ്ങളൊന്നും കഥകളിയിൽ നിർബന്ധമില്ല.

"ദൂരാഹ്വാനം, വധം, യുദ്ധം,
രാജ്യദേശാദി വിപ്ലവം
വിവാഹം, ഭോജനം, ശാപം,
മൃത്യുവുൽസർഗ്ഗവും രതം
ദന്തച്ഛേദം, നഖച്ഛേദ്യം
ലജ്ജാകരമന്യവും
ശയനാധര പാനാദ്യം
നഗരാദ്യവരോധനം
ഇങ്ങനെ വർജ്ജ്യമാം ഇവ
കാണിക്കുക പാടില്ലേ."

(സാഹിത്യദർപ്പണം VI-ാം പരിച്ഛേദം.)

ഇങ്ങനെ നാടകത്തിൽ നിഷിദ്ധമായി കല്പിച്ചിട്ടുള്ള കാര്യങ്ങൾ കഥകളിയിൽ വർജ്ജ്യമല്ല.

കഥകളി പരിഷ്ക്കരണം

കഥകളി പരിഷ്ക്കരണത്തെ സംബന്ധിച്ച് വളരെയധികം നിർദ്ദേശങ്ങൾ ഇതിനകം പുറത്തു വന്നിട്ടുണ്ട്. കഥകളി

യുടെ ഇന്നോളമുള്ള ചരിത്രം പരിശോധിച്ചാൽ കാലാനുകൂലമായ നിരവധി പരിഷ്കാരങ്ങൾക്ക് അതു വിധേയമായിട്ടുണ്ടെന്നു കാണാം. കഥകളി ഇന്നു കാണുന്ന പരിഷ്കാരത്തി[illegible] കഥകളിയെന്ന കലാരൂപത്തിനു് [illegible] തരത്തിലായിരുന്നു. കഥകളിയുടെ [illegible] യിലുള്ള [illegible] പരിഷ്കാരവും [illegible] സ്വീകാര്യമാണ്.

എല്ലാ [illegible] കലകൾക്കും ഒരു പ്രത്യേകതയുണ്ട്. ഒരു പരിധി കഴിഞ്ഞാൽ ഒരു തരത്തിലുള്ള പരിഷ്കാരത്തിനും അതു വഴങ്ങുകയില്ല. കഥകളി എത്തിനിൽക്കുന്നതു് ആ ദിശയിലാണ്. [illegible] കഥകളിയുടെ സ്വത്വം [illegible] പ്രസ്ഥാനം [illegible] കഥകളിയെ പോലെ യാതൊരു [illegible] കഥകളിയും പോലെ [illegible] വീണ്ടും [illegible] സാകല്യപൂർണ്ണം [illegible]

[illegible] സ്ത്രീകളെ തന്നെ സ്ത്രീവേഷം കെട്ടുക, [illegible] വൈദ്യുതദീപം ഉപയോഗിക്കുക, കഥാപാത്രത്തിനു യോജിച്ചതായ വിധത്തിൽ വേഷഭൂഷാദികളിൽ പല ചില്ലറ വ്യത്യാസങ്ങൾ വരുത്തുക, കഥാസന്ദർഭത്തിനു [illegible] വിതാനം ചെയ്തു് [illegible] രംഗങ്ങൾ [illegible] കഥകൾ [illegible] പുതിയപുതിയ കഥകൾ അവതരിപ്പിക്കുക, [illegible] സംഗീതമായ [illegible] കഥകളിയിലെ അത്യാധുനിക പരിഷ്കാരങ്ങൾ. തിരനോട്ടത്തിനും മറ്റും വൈദ്യുതദീപങ്ങൾ പല [illegible] സൃഷ്ടിക്കുമെന്നാണ് പ്രമാണികരായ നടന്മാരുടെ അഭിപ്രായം. [illegible] കളിവിളക്കിന്റെ ദീപത്തിന്റെ ക

ഭീഷണിപ്പെടുത്തിയും പറഞ്ഞും തങ്ങളുടെ സ്വാധീനങ്ങളെക്കുറിച്ച് ശാസ്ത്രീയ വിജ്ഞാനം നേടിയിട്ടുള്ളവർ ശ്രദ്ധാപൂർവ്വം ശ്രമിച്ചാൽ ഇതെല്ലാം പരിഹരിക്കാം.

സാമുദായിക പ്രശ്നങ്ങളെക്കുറിച്ചുള്ള കഥകളാണിന്ന് കഥകളിയിൽ പ്രസക്തമാകേണ്ടത് എന്ന് ചിലർ വാദിച്ചു കേൾക്കാറുണ്ട്. കഥകളിയിലെ വേഷം, ആഹാര്യവിധാനം, സാങ്കേതികത്വം, മുതലായവ അത്തരം കഥകൾ കഥകളിരൂപത്തിലവതരിപ്പിക്കാൻ സഹായകമല്ല. കഥകളി പരിഷ്കാരത്തെക്കുറിച്ച് സജീവമായ ചർച്ച ഇപ്പോഴും നടന്നുകൊണ്ടിരിക്കുന്നു.

കാലിന്റെ തല മാറ്റുന്നു.
ഭംഗിയായിനി പരിഷ്കൃതി (൧)

എന്നൊക്കെ മഹാന്മാർ വിലപിച്ചിട്ടുണ്ടെങ്കിലും, പരിഷ്കാരം എന്നും സ്വാഗതാർഹം തന്നെയാകിലും അതു മൂലം കഥകളിയുടെ തനിമ നഷ്ടപ്പെടാതിരുന്നാൽ മതി.

നളചരിതം ആട്ടക്കഥ.

ഉണ്ണായിവാര്യർ.

നളചരിതം ആട്ടക്കഥയുടെ കർത്താവായ ഉണ്ണായിവാര്യരുടെ ജീവിതകാലം, പേര്, കൃതികൾ എന്നിവയെക്കുറിച്ച് സംശയാതീതമായ തെളിവുകളൊന്നും ഇതേവരെ കിട്ടിയിട്ടില്ല. ഉണ്ണായിവാര്യരുടെ ജീവിതകാലത്തെയും മറ്റും കുറിച്ച് ആദ്യമായൊരഭിപ്രായം പുറപ്പെടുവിച്ചത് ഭാഷാചരിത്രകർത്താവായ പി. ഗോവിന്ദപ്പിള്ളയാണ്. അദ്ദേഹത്തിന്റെ അഭിപ്രായം താഴെച്ചേർക്കുന്നു.

---

(൧) മള്ളൂർ കുഞ്ചുപിള്ളപ്പണിക്കർ, കഥകളി പ്രകാശിക

"ഉണ്ണായി വാര്യർ ഉദ്ദേശം കൊല്ലം 916-ാമാണ്ടിടയ്ക്ക് കൊച്ചി സംസ്ഥാനത്തുള്ള മുകുന്ദപുരം കോവിലകത്തുംവാതുക്കൽ ഇരിങ്ങാലക്കുട അംശത്തിൽ ഇരിങ്ങാലക്കുട ക്ഷേത്രത്തിന്റെ സമീപമുള്ള വാര്യത്തിൽ ജനിച്ചു. ബാല്യകാലത്തിലെ താമസവും വിദ്യാഭ്യാസവും ഇരിങ്ങാലക്കുടയിലായിരുന്നു. ഏകദേശം പ്രാപ്തിയായ സമയം തൃശ്ശിവപേരൂർ പോയി വിദ്യ അഭ്യസിച്ചു. 25 വയസ്സു പ്രായമായപ്പോൾ സംസ്കൃതത്തിൽ കാവ്യനാടകാലങ്കാരാദികളിൽ നല്ല പണ്ഡിതനായിത്തീർന്നു. അവിടെനിന്നും 940-ാമാണ്ട് തിരുവനന്തപുരത്തു വന്നു മഹാരാജാവിനെക്കണ്ട് താമസിച്ചിരുന്നു. ആ സമയം കുഞ്ചൻനമ്പ്യാരും തിരുവനന്തപുരത്തുണ്ടായിരുന്നു"

എ. ആർ. രാജരാജവർമ്മയും ആർ. നാരായണപ്പണിക്കരും ഭാഷാചരിത്രകാരന്റെ അഭിപ്രായത്തെ ഏറെക്കുറെ അംഗീകരിക്കുന്നവരാണ്.

മഹാകവി ഉള്ളൂരിന്റെ അഭിപ്രായം ഇങ്ങനെ സംഗ്രഹിക്കാം.

കൊച്ചി രാജ്യത്തിലെ ഇരിങ്ങാലക്കുട കൂടൽമാണിക്യക്ഷേത്രത്തിനടുത്തു സ്ഥിതിചെയ്യുന്ന അകത്തൂട്ടുവാരിയത്തായിരുന്നു ഉണ്ണായിവാര്യരുടെ ജനനം എന്നാണ് അറിവ്. അവിടെ അക്കാലത്ത് തെക്കേവാരിയമെന്നപേരിൽ മറ്റൊരു വാരിയം കൂടി ഉണ്ടായിരുന്നുവെന്നും ആ വാരിയത്തെ ശാഖയായിട്ടാണ് നമ്മുടെ മഹാകവി ജനിച്ചതെന്നും അദ്ദേഹത്തിന്റെ മരണത്തോടെ ആ കുടുംബം അന്യം നിന്നു പോകയാൽ അതിലെ വകകൾ അകത്തൂട്ടു വാരിയത്തിൽ അന്തർഭവിച്ചെന്നും ഒരു പക്ഷമുണ്ട്. ഇതിനെപ്പറ്റി ഖണ്ഡിതമായി ഒന്നും പറയാൻ നിവൃത്തിയില്ല. എന്നാൽ കൂടൽമാണിക്യക്ഷേത്രത്തിൽ മാലകെട്ട് പ്രവൃത്തിയുള്ള വാരിയന്മാരുടെ കുടുംബം ഒന്നു മാത്രമേ ഉണ്ടായിരുന്നുള്ളുവെന്നും ആ കുടുംബത്തിലെ രണ്ടു ഗൃഹങ്ങളാണ് തെക്കേ വാര്യവും അകത്തൂട്ടുവാരിയവും എന്നും പറയാൻ കഴിയും. കൂടല്ലൂർ പടിഞ്ഞാറേപ്പാട്ടു വാര്യത്താണ് ഉണ്ണായി ജനിച്ചതെന്നും അദ്ദേഹത്തിന് ഇമ്പാരു എന്നു കൂടി പേരുള്ള ഉണ്ണിവാ സ്യാർ എന്ന ഒരു വന്ധ്യയായ ഭഗിനിയുണ്ടായിരുന്നുവെ

ന്നും ആ ഭാഗിനേയിയെ വിവാഹം ചെയ്തു് ഇരിങ്ങാലക്കുട വാര്യത്തെ ഒരു വാരിയരായിത്തീർന്നുവെന്നും പടിഞ്ഞാറെപ്പാട്ട കുടുംബം അന്യംനിന്നതിന്മേൽ കരുനാട്ടിലെ കഴകപ്രവൃത്തി ഇരിങ്ങാലക്കുട വാര്യത്തേയ്ക്കു കിട്ടിയെന്നും ഒരു ഐതിഹ്യം ഇദ്ദേഹത്തെക്കുറിച്ചുള്ള ചില ഗ്രന്ഥകർത്താക്കൾ പറയുന്നു. ഇരിങ്ങാലക്കുടക്കാർ ഈ ഐതിഹ്യത്തെ നിഷേധിക്കുന്നതുകൊണ്ടും മറ്റും ഇതൊരു കെട്ടുകഥയായേ ഉള്ളൂർ കരുതുന്നുള്ളു.

ഉണ്ണായിവാര്യർ രചിച്ച 'രാമപഞ്ചശതി' എന്ന സംസ്കൃതകാവ്യത്തിലെ നാല്പത്തഞ്ചാം ശതകത്തിലെ ഒരു ശ്ലോകത്തിന്റെ പൂർവാർദ്ധത്തിലെ ''പരിണമൽ പ്രസവൈത്യ'' എന്ന വാക്യം കലിദിന സൂചകമാണെങ്കിൽ ആ ഗ്രന്ഥം 798 ഇടവം 11-ാം തീയതി നിർമ്മിച്ചതായിരിക്കണം. അങ്ങനെ വരുമ്പോൾ കോട്ടയത്തുതമ്പുരാനും ഉണ്ണായിയും സമകാലികരെന്നു വരും; അതിനു വഴിയില്ല. അതുകൊണ്ടു് ''പരിണമൽ പ്രസവൈത്യ'' എന്നിടത്തു് കലിദിനസൂചനയില്ല. അങ്ങനെ ഉണ്ണായി വാര്യരുടെ ജനനം 8-ാം ശതകത്തിലാവാൻ നിവൃത്തിയില്ല.

വാരിയർക്കു് ഹരിഹരഭാഗവതർ എന്നൊരു ശിഷ്യനുണ്ടായിരുന്നു. ആ ഭാഗവതരുടെ ശിഷ്യനായിരുന്നു 1024-ാമാണ്ടു നാടുനീങ്ങിയ സംഗീതകുശലനായ സ്വാതിതിരുനാളിന്റെ സമകാലികനായ മൂവാറ്റുപുഴ രാമമംഗലത്തു ഷഡ്കാലഗോവിന്ദമാരാർ. വാര്യരുടെ ഭാഗിനേയിയായ ഉണ്ണൂലി വാരസ്യാർ 1026-ൽ തൃശ്ശൂർവച്ചു തീപ്പെട്ട കൊച്ചി മഹാരാജാവിന്റെ ഭാര്യമാരിലൊരാളായിരുന്ന രാമച്ചിറ മഠത്തിൽ ഇക്കാലത്തും താമസിച്ചിരുന്നു. ഈ മതവും ഭാഷാചരിത്രകർത്താവിന്റെ അഭിപ്രായവും പരിശോധിച്ചാൽ ഉണ്ണായിവാര്യർ പത്താംശതകത്തിന്റെ തൃതീയപാദത്തിൽ ജീവിച്ചിരുന്നതായിക്കരുതാം. എന്നാൽ അതിനെതിരെ ചില അനിഷേധ്യങ്ങളായ തെളിവുകളുണ്ടു്.

ഉണ്ണായിവാര്യരുടെ കാരണവന്മാരെ കൊണ്ടുവന്നു വാരിയത്തേയ്ക്കു കരുനാട്ടിൽ വാരിയർ തന്നെ ഒരു വാരിയരെ ദത്തെടുത്തുവെന്നു പറഞ്ഞിട്ടുണ്ടല്ലോ. അതിനു രണ്ടു നൂറ്റാണ്ടു മുമ്പാണു് ആ കുടുംബ

ത്തിൽ സുപ്രസിദ്ധ ജ്യോതിഷികനായ ഇരുന്നിക്കര വാര്യർ പ്രസിദ്ധിപ്പെട്ടു്. അദ്ദേഹം 993-ൽ ജനിച്ച പുത്രനായ ശങ്കുവാര്യരെ തെരഞ്ഞു ഉണ്ണായിയുടെ കാലത്തിനും ഇരുന്നിക്കര വാര്യരെ പ്പെടുത്തിട്ടു് മൂന്നു തലമുറകളും കഴിഞ്ഞിരുന്നതിനാൽ 975-ൽ ജനിച്ചിട്ടുള്ള കവിയുടെ പരമ്പരയിൽപ്പെടുത്താം. കാർത്തികതിരുനാളിന്റെ കാലത്തു് തിരുവനന്തപുരത്തുവച്ചു് ഉണ്ണായി വാര്യർ നളചരിതം നിർമ്മിച്ചുവെന്നു പറയുന്നതും ശരിയല്ല. കാരണം നളചരിതത്തിന്റെ ആദ്യ ശ്ലോകങ്ങളിലൊന്നും തിരുവനന്തപുരത്തെ ശ്രീ പത്മനാഭനെ സ്മരിക്കുന്നതേയില്ല. കുലദേവതയായ പഴയന്നൂർ ഭഗവതി ഇരിങ്ങാലക്കുടത്തേവർ, തൃശ്ശൂർ വടക്കുന്നാഥൻ മുതലായവരെ സ്മരിക്കുന്നുണ്ടു്.

920-ാമാണ്ടു് തുലാത്തിൽ ശ്രീ പത്മനാഭസ്വാമിക്ഷേത്രത്തിലെ ഉത്സവത്തിനു് നളചരിതവും കളിപ്പിച്ചതായി രേഖയുണ്ടു്. കുചേലവൃത്തം കർത്താവായ രാമപുരത്തു വാര്യരുടെ ഗുരുനാഥനായിരുന്നു ഉണ്ണായി എന്നൊരൈതിഹ്യമുണ്ടു്. രാമപുരത്തു വാര്യരുടെ ജനനം 878-ലാണു്. മേൽപ്പറഞ്ഞ ഐതിഹ്യം ശരിയാണെങ്കിൽ ഉണ്ണായിയുടെ ജനനം 830-ാമാണ്ടിലാകണം. ഇതിൽ നിന്നൊക്കെ ഉണ്ണായി വാര്യരുടെ കാലം 850-നും 930-നും ഇടയ്ക്കാണെന്നു മാത്രം ഊഹിക്കാൻ കഴിയും.

മഹാകവി ഉള്ളൂരിന്റെ അഭിപ്രായം ഇതു് മിക്കവാറും എല്ലാ പണ്ഡിതന്മാരും അംഗീകരിക്കുന്നതാണു്. ഉണ്ണായിവാര്യരും കുഞ്ചൻനമ്പ്യാരും സമകാലികന്മാരായിരുന്നുവെന്നും അതിൽ വാര്യർ [illegible] 933-ൽ നാടുനീങ്ങിയ [illegible] മഹാരാജാവിന്റെ കാലംവരെ ജീവിച്ചിരുന്നു എന്നുമുള്ള [illegible] ഉള്ളൂരിന്റെ ഊഹവും ശരിയാവാം. അങ്ങനെയാണെങ്കിൽ 919-ൽ [illegible] മാർത്താണ്ഡവർമ്മ മഹാരാജാവിന്റെ ആശ്രിതനായി തിരുവനന്തപുരത്തു താമസിച്ചിരുന്നുവത്രെ. ഉണ്ണായിവാര്യരെയും സംബന്ധിച്ച ഐതിഹ്യങ്ങളും അവിശ്വസിക്കേണ്ട കാര്യമില്ല. എന്നാലും 915-ാമാണ്ടിലാണു് ഉണ്ണായിവാര്യർ ജനിച്ചതെന്ന മഹാകവി ഉള്ളൂരിന്റെ അഭിപ്രായത്തിനു് വേണ്ടത്ര പിൻബലമില്ല.

കാലത്തെ സംബന്ധിച്ചെന്നപോലെ പേരിനെ സംബന്ധി
ച്ചും ഭിന്നാഭിപ്രായങ്ങൾ നിലവിലുണ്ട്.

''മന്ദാനിലാകാരധരോ ജഗന്തിലോകാന്ത കരണോ-
സ്സ്വഗൃഹം രാമേ രാമായണമെന്നെ ഭവം തവ പുര''

എന്ന രാമപഞ്ചശതീശ്ലോകത്തിൽനിന്നും തല്പർത്താവി
ന്റെ പേര് 'രാമൻ' എന്നൂഹിക്കാം. ''രാമൻ'' ഉണ്ണിരാമനെ
ന്ന നാമാന്തരമായി മാറിയപ്പോൾ ഉണ്ണിരാമൻ ഉണ്ണായനും,
ഉണ്ണായൻ ഉണ്ണായിയും, ഉണ്ണായി ഉണ്ണാവിയും, ഉണ്ണാവി ഉണ്ണാ
യിയുമായി വിപരിണാമത്തെ പ്രാപിച്ച് രാമവാര്യർ ഉണ്ണായി
വാര്യരായിത്തീർന്നു'' എന്നതാണ് ഉള്ളൂരിന്റെ മതം. ഉണ്ണായിയു
ടെ സാക്ഷാൽ നാമധേയം 'രാമൻ' എന്നായിരുന്നുവെന്നാണ്
മഹാകവി വിശ്വസിക്കുന്നത്. ഉണ്ണിരാമൻ 'ഉണ്ണായൻ' എന്നോ
മറ്റോ ആകുകയല്ലാതെ മറിച്ചല്ല, ഉണ്ണിരാമനോ, ഉണ്ണായിയോ
ആയിത്തീരുകയില്ലെന്ന് ആർ. നാരായണപ്പണിക്കർ വാദിക്കു
ന്നു. ഉണ്ണായിയും രാമനും രണ്ടു പേരായിരിക്കുകയാണ് യുക്ത
മെന്നും, രാമൻ പക്ഷെ ഉണ്ണായിയുടെ തറവാട്ടിൽ ജനിച്ച കവി
യാകാനിടയുണ്ടെന്നും വടക്കുംകൂർ അനുമാനിക്കുന്നു. ഇരട്ടപ്പേർ
രാമനെന്നും വിളിച്ചിരുന്ന പേർ ഉണ്ണായിയെന്നായിരുന്നുവെന്ന
സങ്കല്പിപ്പാൻ മതിയെന്നത്രെ കെ. വി. എം.-ന്റെ അഭിപ്രായം.
ഉണ്ണായിവാര്യർക്ക് 'രാമൻ' എന്നൊരു നാമധേയം ഉണ്ടായിരുന്നു
എന്നതിനു യാതൊരു തെളിവും കിട്ടിയിട്ടില്ലെന്നാണ് ഡോ.
ഗോദവർമ്മയുടെ വാദം.

രാമപഞ്ചശതി, (സംസ്കൃതം) ഗിരിജാ കല്യാണം, നളച
രിതം കഥകളി എന്നിവയാണ് ഉള്ളൂരിന്റെ പക്ഷത്തിൽ ഉണ്ണാ
യിവാര്യരുടെ കൃതികൾ. ഒരു സംഗീതനാടകവും കഥകളിയും വാ
ര്യർ രചിച്ചിട്ടുണ്ടെന്ന് മഹാകവി ഊഹിക്കുന്നു. ഗിരിജാകല്യാ
ണം വാര്യരുടെ കൃതിയല്ലെന്നാണ് ശ്രീ ആർ. നാരായണപ്പ
ണിക്കർ ഡോ. ഗോദവർമ്മ, കുട്ടികൃഷ്ണമാരാർ, മുതലായവർ അഭിപ്രാ
യപ്പെടുന്നത്. സാഹിത്യപഞ്ചാനനൻ പി. കെ. നാരായണപി
ള്ള, ശ്രീ വടക്കുംകൂർ രാജരാജവർമ്മ, കെ. വി. എം. എന്നി
വർ ഉള്ളൂരിനെപ്പോലെ ഗിരിജാകല്യാണകർത്താവ് ഉണ്ണായി
വാര്യർ തന്നെയെന്നു വിശ്വസിക്കുന്നു.

ചരിത്രത്തിൽ ഇന്നും വാര്യരുടെ ജീവിതകാലം, സാഹിത്യകൃതികൾ എന്നിവയെക്കുറിച്ച് ഖണ്ഡിതമായ അഭിപ്രായം പ്രകടിപ്പിക്കാൻ വേണ്ടത്ര തെളിവുകൾ ലഭിച്ചിട്ടില്ല.

നളചരിതം—മൂലകഥ:

മഹാഭാരതം വനപർവത്തിൽ 52 മുതൽ 79 വരെയുള്ള അദ്ധ്യായങ്ങളിലാണ് നളചരിതം കഥ വിവരിച്ചിരിക്കുന്നത്. ആ കഥ ഇങ്ങനെ സംഗ്രഹിക്കാം:-

പണ്ട് നിഷധരാജ്യത്ത് വീരസേനന്റെ പുത്രനായി നളൻ എന്നൊരു രാജാവുണ്ടായിരുന്നു. വേദവിത്തും ശൂരനും, സുന്ദരനുമായ നളൻ അക്ഷപ്രിയൻ കൂടിയായിരുന്നു. അക്കാലത്തു വിദർഭരാജാവായ ഭീമന് ദമന മഹർഷിയുടെ വരപ്രഭാവത്താൽ ദമൻ, ദാന്തൻ, ദമനൻ എന്ന മൂന്നു പുത്രന്മാരും ദമയന്തി എന്നൊരു പുത്രിയും ജനിച്ചു. യൗവനപ്രാപ്തയായ ദമയന്തിയുടെ സൗന്ദര്യത്തെ അതിശയിക്കാൻ അക്കാലത്താരു സ്ത്രീയുമില്ലായിരുന്നു. നളനും ദമയന്തിയും പരസ്പരം ഗുണശ്രവണത്താൽ അനുരക്തരായിച്ചമഞ്ഞു. വിരഹവ്യഥ സഹിക്കാനാകാതെ നളൻ ഉദ്യാനത്തിലേക്കുപോയി. അവിടെവച്ച് സ്വർണ്ണനിറത്തിലുള്ള ഹംസങ്ങളെക്കാണുകയും അവയിലൊന്നിനെ പിടിക്കുകയും ചെയ്തു. തന്നെ വെറുതെ വിട്ടാൽ, ദമയന്തീസന്നിധിയിലെത്തി നളഗുണങ്ങളറിയിച്ച് നളനോടുള്ള അവളുടെ പ്രേമം ദൃഢമാക്കാമെന്ന് അരയന്നം അറിയിച്ചു. നളൻ ഹംസത്തെ വിട്ടു. അരയന്നം പറന്ന് വിദർഭപുരിയിലെത്തി. തോഴികളെ സൂത്രത്തിലകറ്റിയിട്ട് നളന്റെ മേന്മകൾ അരയന്നം ദമയന്തിയെ കേൾപ്പിച്ചു. ദമയന്തി നളനെ മാത്രമേ വരിക്കുകയുള്ളു എന്നു പറഞ്ഞു, വിവരം അരയന്നം നളനെ അറിയിച്ചു.

യൗവനപ്രാപ്തയായ ദമയന്തിയുടെ സ്വയംവരം നടത്താൻ ഭീമരാജാവ് നിശ്ചയിച്ചു. രാജാക്കന്മാരെയെല്ലാം ക്ഷണിച്ചു. പർവതമഹർഷീസമേതനായി സ്വർഗ്ഗത്തിലെത്തിയ നാരദമഹർഷിയിൽ നിന്ന് ദമയന്തീസ്വയംവര കഥ ഇന്ദ്രനറിഞ്ഞു. ദമയന്തീസ്വയംവരത്തിൽ പങ്കെടുക്കാൻ ഇന്ദ്രൻ, അഗ്നി, യമൻ വരുണൻ എന്നിവർ പുറപ്പെട്ടു. മാർഗ്ഗമദ്ധ്യേ അവർ നളനെക്ക

ണ്ടു. തങ്ങളിൽ ഒരാളെ ദമയന്തി വരിക്കണം എന്ന മാത്സര്യമായി ദൂതനായ നളൻ ദമയന്തിയുടെ സമീപത്തെത്തുന്നു. ധർമ്മസങ്കടത്തോടെ നളൻ ദൗത്യം ഏറ്റെടുത്തു. ഇന്ദ്രാദികളുടെ അനുഗ്രഹത്താൽ അദൃശ്യനായി അന്തഃപുരത്തിൽ കടന്ന് ദമയന്തിയോടു ദേവന്മാരുടെ ആഗ്രഹം അറിയിച്ചു. പക്ഷേ താനാരെന്നുള്ള സത്യവും ദേവകളുടെ ആഗ്രഹവും അറിയിച്ചു. ലോകപാലന്മാരുടെ മുമ്പിൽ വച്ചുതന്നെ താൻ നളനെ വരിക്കുമെന്നു ദമയന്തി പറഞ്ഞു. ഈ വിവരം നളൻ തിരികെച്ചെന്ന് ഇന്ദ്രാദികളെ അറിയിച്ചു.

സ്വയംവര മണ്ഡപത്തിലെത്തിയ ദമയന്തി ഇന്ദ്രാദികളായ അഞ്ചു നളന്മാരെക്കണ്ടു. ധർമ്മസങ്കടത്തിലായ അവൾ ദേവന്മാരെ സ്തോത്രം കഴിച്ചു. ദേവന്മാരുടെ കരുണാപൂർണ്ണമായ പ്രാർത്ഥനയിൽ സന്തുഷ്ടരായ ദേവന്മാർ നിജരൂപം പ്രദർശിപ്പിച്ചു. ഉടൻ നളനെ ദമയന്തി വരണമാല്യം ചാർത്തി വരിച്ചു. ഇന്ദ്രാദികളായ ദേവന്മാർ ഇരുവർക്കും വരം നൽകി മടങ്ങി, ഇന്ദ്രാദികളും മറ്റു രാജാക്കന്മാരും പിരിഞ്ഞു.

ഇന്ദ്രാദികൾ ദേവലോകത്തേക്കു പോകുമ്പോൾ സ്വയംവരത്തിനു പോകുന്ന കലിയെയും ദ്വാപരനെയും കണ്ടു. ദമയന്തിയുടെ സ്വയംവരം കഴിഞ്ഞതറിഞ്ഞ കലി ക്രുദ്ധനായി.

> ''വാനോർ മധ്യേ മനുജനെ-
> ച്ചെന്നിവൾ വരിച്ചതിനാൽ
> അവളെ വലയ്ക്കുമിക്ഷ''–

നലനെക്കൊണ്ടും എന്നായി കലി.

സദാചാരനിരതനായ നളനെ ഉപദ്രവിക്കുന്നതു ന്യായമല്ലെന്നു പറഞ്ഞു ഇന്ദ്രാദികൾ പോയി. ദ്വാപരന്റെ സഹായത്തോടെ ദമയന്തിയേയും രാജ്യത്തെയും നളനിൽ നിന്നകറ്റാൻ നിശ്ചയിച്ചുകൊണ്ടു കലിയും യാത്രയായി.

വിധിപ്രകാരം പ്രജാപരിപാലനം ചെയ്തുകൊണ്ടു നളനും ദമയന്തിയും സസുഖം വാണു. അചിരേണ അവർക്കു ഇന്ദ്രസേനൻ എന്നൊരു മകനും ഇന്ദ്രസേനയെന്നൊരു മകളുമുണ്ടായി.

മുൻനിശ്ചയപ്രകാരം കലിദ്വാപരന്മാർ നിഷധരാജ്യത്തെത്തി. പന്ത്രണ്ടു വർഷം കലി അവിടെ കാത്തിരുന്നു. ഒരിക്കൽ,

''മൂത്രം വീഴ്ത്തികാൽ കഴുകാ–
താചമിച്ചിട്ടു നൈഷധൻ''–

സന്ധ്യാവന്ദനം ചെയ്തു. ആ തക്കം നോക്കി കലി നളനിലാവേശിച്ചു. അനന്തരം കലിബാധിതനായ നളൻ പുഷ്കരനെ ചൂതിനു വിളിച്ചു. പുഷ്കരന്റെ പണയവസ്തു വൃഷഭവേഷം ധരിച്ച കലിയായിരുന്നു. ദ്വാപരൻ അക്ഷങ്ങളിൽ കടന്നിരുന്നു. നളന്റെ സമ്പത്തോരോന്നായി പുഷ്കരനു ലഭിച്ചുകൊണ്ടിരുന്നു. മന്ത്രിമാരുടെയും സുഹൃത്തുക്കളുടെയും ഉപദേശമൊന്നും നളൻ ചെവിക്കൊണ്ടില്ല. ദമയന്തിയുടെ അപേക്ഷ പോലും കൈക്കൊണ്ടില്ല. തന്റെ സന്താനങ്ങളെ വാർഷ്ണേയൻ മുഖാന്തിരം കുണ്ഡിനത്തിലെത്തിച്ചു. അനന്തരം വാർഷ്ണേയൻ അയോധ്യയിലെത്തി ഋതുപർണ്ണന്റെ സാരഥിയായി കഴിഞ്ഞുകൂടി. ചൂതിലെല്ലാം പണയപ്പെട്ട നളനോട് ''വയ്ക്കു സമ്മതമാണെങ്കിൽ–പ്പണയം ദമയന്തിയെ'' എന്നായി പുഷ്കരൻ. ഹൃദയം തകർന്ന നളൻ ഒന്നും മിണ്ടിയില്ല. ഏകവസ്ത്രനായ നളൻ പുറത്തിറങ്ങി. ദമയന്തിയും ഭർത്താവിനെ പിന്തുടർന്നു. നഗരത്തിനു വെളിയിൽ മൂന്നു ദിവസം അവർ പാർത്തു.

''നളനു ലൗകികം ചെയ്താൽ
ആയവൻ വധ്യനാണു മേ''

എന്ന പുഷ്കരന്റെ ആജ്ഞ ഭയന്നു നളനെ ആരും സഹായിച്ചില്ല. വനത്തിലെത്തിയ നളൻ ക്ഷുച്ഛമനത്തിനുവേണ്ടി ചില പൊൻ ചിറകുകളുള്ള പക്ഷികളെ ഉടുവസ്ത്രം മൂടി കൈക്കലാക്കാൻ നോക്കി. പക്ഷികൾ വസ്ത്രവുമായി പറന്നുയർന്നു. നഗ്നനായി, തല കുനിച്ചുനിന്ന നളനോട് പക്ഷികൾ–

''ഞങ്ങളക്ഷങ്ങളാം പൂർവ്വമേ
നിന്റെ വസ്ത്രം ഹരിക്കുവാൻ
വന്നതാം നീ വസ്ത്രമോടും
പോന്നതിൽതെളിയായ്കയാൽ''–

എന്നു പറഞ്ഞു കരഞ്ഞു, നിസ്സഹായനായ നളൻ തന്നിൽനിന്നും ദമയന്തിയെ വേർപെടുത്തി ഏതെങ്കിലും തരത്തിൽ രക്ഷിക്കാൻ നിശ്ചയിച്ച്, വിദർഭ രാജ്യത്തേയ്ക്കുള്ള വഴി കാട്ടിക്കൊടുത്തെങ്കിലും ആ പതിവ്രതാശിരോമണിയായ നളനെ വേർപിരിയാൻ തയാറായില്ല. വിശന്നു ക്ഷീണിച്ച് അവർ വനത്തിൽക്കണ്ട ഒരു വഴിയമ്പലത്തിൽ കയറിക്കിടന്നു. ദമയന്തി ക്ഷീണിച്ചുറങ്ങി. ദമയന്തിയെ താനുപേക്ഷിച്ചാൽ അവളെങ്ങനെയുയും ബന്ധുഗൃഹത്തിലെത്തി രക്ഷപ്പെട്ടുകൊള്ളുമെന്നും, തന്നോടൊപ്പം സഞ്ചരിച്ചാൽ അവൾ വളരെയധികം കഷ്ടപ്പെടുമെന്നും കരുതി, അവളുടെ വസ്ത്രത്തിൽ നിന്നും പകുതി കീറിയെടുത്തിട്ട്,

"ആദിത്യ വസു രുദ്രന്മാർ
മരു ദശ്വികളും നിന്നെ
നിരന്തരം രക്ഷിക്കും മഹാശയ
ധർമ്മസംരക്ഷയായ നീ"

എന്നു പ്രാർത്ഥിച്ചുകൊണ്ട് കലിബാധിതനായ നളൻ ദമയന്തിയെ ഉപേക്ഷിച്ചു പോയി.

നിദ്ര വിട്ടുണർന്ന ദമയന്തി നളനെക്കാണാതെ ഹൃദയം പൊട്ടിക്കരഞ്ഞു. തന്റെ ഭർത്താവിന മതിഭ്രമം വരുത്തിയ പാപബുദ്ധിയെ,

"ആരു പാപിച്ചു കാന്തനാൽ
കേണു മാഴ്കുന്ന നൈഷധൻ
അവനി ദേഹമുള്ളോളം
മധിക്കും സങ്കടപ്പെടും.
അല്പപാപിയെ, ഇങ്ങനെ
പ്രാപിയാക്കുന്ന യക്ഷിയോർ
ഇതിലേറെപ്പുകത്തിൽ
കഷ്ടപ്പെട്ടു കരഞ്ഞിടും"

എന്നു ശപിച്ചു. ഭർത്താവിനെത്തിരഞ്ഞു നടക്കുന്ന ദമയന്തിയെ ഒരു പാമ്പു പിടിച്ചു വിഴുങ്ങാൻ തുടങ്ങി, ഭയപരവശയായ ദമയന്തിയുടെ കരച്ചിൽ കേട്ട് ഒരു കാട്ടാളൻ അവിടെയെത്തി,

പെരുമ്പാമ്പിനെക്കൊന്ന് അവളെ രക്ഷിച്ചു. ദമയന്തിയുടെ സൗന്ദര്യത്തിൽ മതിമയങ്ങിയ കാട്ടാളൻ കാമപരവശനായി ദമയന്തിയെ സമീപിച്ചു.

''നളനെ വിട്ടന്യനെ ഞാൻ
ഉള്ളിലോർക്കായ്കിലിപ്പോഴേ
ഈ കശ്മലനായിടും വേടൻ
ചത്തു വീണീടവേണമേ''

എന്ന് ദമയന്തി മനസ്സിൽകരുതിയ മാത്രയിൽത്തന്നെ വേടൻ മരിച്ചു വീണു. അലഞ്ഞുതിരിഞ്ഞ് ഒടുവിൽ അവൾ ഒരാശ്രമത്തിൽ ചെന്നുചേർന്നു. വളരെവേഗംതന്നെ നളസമാഗമവും സൗഭാഗ്യവും വന്നുചേരുമെന്ന് മഹർഷിമാർ അനുഗ്രഹിച്ചു. അനന്തരം മാമുനികളും ആശ്രമവും അപ്രത്യക്ഷമായി. പിന്നീട് ഒരു നദി കടക്കുന്ന കച്ചവടസംഘത്തെ അവൾ കണ്ടുമുട്ടി. അവരോട് സംഭവിച്ചതൊക്കെപ്പറഞ്ഞു. സുബാഹുവെന്ന ചേദിരാജാവിന്റെ രാജ്യത്തേയ്ക്കു പോകുന്ന ആ കച്ചവടസംഘത്തെ ദമയന്തിയും അനുഗമിച്ചു. [illegible] ഒരു വനത്തിൽ കച്ചവടസംഘം വിശ്രമിച്ചു. അപ്പോഴം കച്ചവടസംഘത്തിലുള്ള ഗജയൂഥവും കാട്ടാനക്കൂട്ടവും തമ്മിൽ ഏറ്റുമുട്ടി; ആ മഹാപാപത്തിനിടയിൽ കച്ചവടസംഘം തകർന്നുപോയി. ഈ കഷ്ടകാലത്തിന് കാരണം 'വികൃതവേഷധാരിണി' നമ്മുടെ കൂട്ടത്തിൽ വന്നു കയറിയ ദമയന്തിയാണെന്നും അവളെ തീർച്ചയായും കൊല്ലണമെന്നുമായി കച്ചവടക്കാർ. ഇതറിഞ്ഞ ദമയന്തി ''ഭയന്നിച്ചു പേടിച്ചുവിറച്ചോടി [illegible]'' ഒരു വിധത്തിൽ അവൾ ചേദി രാജ്യത്തെത്തി. നഗരത്തിലെ കുട്ടികൾ ഭ്രാന്തിയാണെന്ന് പറഞ്ഞുപരിഹസിച്ചുകൊണ്ട് അവളുടെ പിറകേ കൂടി. കൊട്ടാരത്തിന്റെ മുകളിൽനിന്ന് ഇതെല്ലാം കണ്ടുകൊണ്ട് നിന്ന റാണി അവളെ കൊട്ടാരത്തിൽ വരുത്തി തന്റെ മകളായ സുനന്ദയുടെ ഒരു സൈരന്ധ്രിയെന്ന നിലയിൽ അവിടെ പാർക്കാനനുവദിച്ചു.

''ഉച്ഛിഷ്ടമുണ്ണില്ലൊരു കാലം
കാൽ കഴുകുകയില്ല ഞാൻ;

അന്യന്മാരാം പുരുഷന്മാരോടീ-
ഞാൻ മിണ്ടില്ലൊരിക്കലും;
ആരാണെന്നിൽ കാംക്ഷ വെച്ചാ-
ലവനെശ്ശിക്ഷ ചെയ്യണം;
ഒന്നാമതായവൻ വധ്യ-
നങ്ങനെയുള്ളതാണെൻ വ്രതം''-

എന്ന വ്യവസ്ഥയിന്മേൽ ദമയന്തി അവിടെപ്പാർത്തു.

ദമയന്തിയെ ഉപേക്ഷിച്ചിട്ട് വനത്തിൽ അലഞ്ഞുതിരിഞ്ഞു നടന്ന നളൻ കാട്ടുതീയിൽപ്പെട്ടു വിലപിക്കുന്ന കാർക്കോടകൻ എന്ന സർപ്പത്തെക്കണ്ടു. നളനതിനോടു ചെന്നു. ഉടനെ ആ ഘോരസർപ്പം അംഗുഷ്ഠപ്രായമായി. കാട്ടുതീയിൽ നിന്നു പുറത്താക്കപ്പെട്ട സർപ്പം,

''നിൻ കാലടികളെണ്ണിക്കൊ-
ണ്ടല്പം പോവുക നൈഷധാ
അങ്ങനെയെണ്ണുന്നാൽ മഹാബാഹോ
പരം, ശ്രേയസ്സു ചേർന്നിടും''

എന്നു പറയുകയും നളൻ അതു് അനുസരിക്കുകയും ചെയ്തു. 'ദശ' എന്ന പദം നളൻ പറഞ്ഞപ്പോൾ കാർക്കോടകൻ നളനെ കടിച്ചു. ഉടനെ നളന്റെ രൂപം പകർന്നു. കാർക്കോടകൻ പറഞ്ഞു:-

''ഞാൻ കടിച്ചതുകൊണ്ടുണ്ടായ വൈരൂപ്യം കൊണ്ടു് അങ്ങയെ മറ്റുള്ളവർ തിരിച്ചറിയുകയില്ല; അങ്ങയെ വഞ്ചിച്ചു്, അങ്ങയുടെ ഉള്ളിൽ സ്ഥിതിചെയ്യുന്ന ദുഷ്ടനെ, ഈ നിമിഷം മുതൽ എന്റെ വിഷം നീറ്റിക്കൊള്ളും. അങ്ങു് അയോദ്ധ്യാനഗരിയിൽ അക്ഷവിചക്ഷണനായ ഋതുപർണ്ണന്റെ രാജധാനിയിൽ ചെന്നു് 'ബാഹുകൻ' എന്ന പേരോടെ കഴിയണം. അക്ഷഹൃദയവിദ്യാലാഭത്തോടെ അങ്ങേക്കു് ഐശ്വര്യമുണ്ടാകും. അനന്തരം ദമയന്തീസമാഗമവും കൈവരും. സ്വന്തം രൂപം കൈവരണമെന്നു

ഗ്രഹിക്കണമ്പോൾ ഈ വസ്ത്രം ധരിക്കുക'' എന്നിട്ട് രണ്ടു വസ്ത്രങ്ങളും കൊടുത്തിട്ട് കാർക്കോടകൻ മറഞ്ഞു.

പത്തുദിവസം കഴിഞ്ഞ് നളൻ കോസലത്തിലെത്തി, അവിടെ ഋതുപർണ്ണന്റെ സാരഥിയായി ബാഹുകസംജ്ഞനായി കഴിഞ്ഞുകൂടി. അവിടെവച്ച് വാർഷ്ണേയനും ജീവലനും സുഹൃത്തുക്കളായി. രാത്രിയിൽ പതിവായിട്ട്,

''ക്ഷുൽപിപാസാർത്തയായ് തളർന്നാളും
ഇപ്പോളെങ്ങു കിടപ്പതോ?
ആ മന്ദനെ സ്മരിച്ചും കൊ-
ണ്ടിന്നെങ്ങനുഭവിച്ചീടുന്നിതോ!''

എന്നു പറഞ്ഞു വിലപിക്കാറുണ്ടായിരുന്നു. ഏതു സ്ത്രീയെക്കുറിച്ചാണ് ബാഹുകൻ വിലപിക്കുന്നതെന്ന ജീവലന്റെ ചോദ്യത്തിന് നളകഥ മറ്റൊരു രൂപത്തിൽ അവനോടു പറഞ്ഞു.

ഭീമരാജാവ് നളദമയന്തിമാരെ അന്വേഷിച്ചു കണ്ടുപിടിക്കാൻ ബ്രാഹ്മണരെ എല്ലായിടത്തേക്കുമയച്ചിരുന്നു. അവരിൽ സുദേവൻ എന്ന ബ്രാഹ്മണൻ ചേദിപുരിയിലെത്തി. ദമയന്തിയെ തിരിച്ചറിഞ്ഞു. സത്യസ്ഥിതിയറിഞ്ഞ ചേദിരാജ്ഞി സപരിവാരം ദമയന്തിയെ കുണ്ഡിനത്തിലെത്തിച്ചു. പിതൃസവിധമെത്തിയുടൻ നളനെ അന്വേഷിക്കാൻ ദമയന്തി രാജ്യത്തെല്ലായിടവും ജനങ്ങളെയയച്ചു,

''എന്റെ വസ്ത്രാർദ്ധവുമായി കൊ-
ണ്ടെങ്ങു പോയിതു ധൂർത്തൻ നീ,
കാട്ടിൽ കിടന്നുറങ്ങീടും
പ്രിയയെ വിട്ടേച്ചോ, പ്രിയ!
നീ കണ്ട മട്ടിൽ നില്പൂ
നിരന്തരമായി കാത്തുകൊണ്ടവൾ
എല്ലാമുപേക്ഷിച്ചു ഒരു വസ്ത്ര
വസ്ത്രാർദ്ധം പുതച്ചവൾ,
ദുഃഖത്താൽ കരയു-

തെളിഞ്ഞീടുക മനോ! നീ
പ്രസാദിക്കേണമേ വീര,
മറുവാക്കരുളേണമേ.''

ഈ വാക്കുകൾ ഉറക്കെപ്പറയണമെന്നും ഇതു കേട്ട് ഉത്തരം പറയുന്ന ആളെ സംബന്ധിച്ച വിവരം തന്നെ അറിയിക്കണമെന്നും പറഞ്ഞ് നളാന്വേഷണത്തിന് ബ്രാഹ്മണരെ നിയോഗിച്ചു.

പർണ്ണാദൻ എന്ന ബ്രാഹ്മണൻ ഋതുപർണ്ണസദസ്സിൽച്ചെന്ന് ഈ മൊഴി ചൊന്നപ്പോൾ, വിരൂപനായ ബാഹുകൻ രഹസ്യമായി ഇങ്ങനെ ഉത്തരം പറഞ്ഞു.

''വൈഷമ്യമെങ്കിലും ഗോപി-
ച്ചീടുമേ കുലനാരികൾ
തന്നെത്താൻതന്നെ, സത്യം താൻ
ജയിപ്പവരസംശയം.
ഭർത്താക്കൾ പോകിലുമവർ
കോപിപ്പീടില്ലൊരിക്കലും.
പാതിവ്രത്യപ്പുടയിട്ടോർ
ജീവിക്കും വരനാരികൾ
വിഷമത്തിൽപ്പെട്ടു മൂഢൻ
സുഖം കെട്ടലയുന്നവൻ,
അവൻ ത്യജിക്കിലുമവ-
ളതിൽ കോപിപ്പുകയില്ലല്ലോ.
സൽക്കരിപ്പാലുമില്ലെന്നു-
വെപ്പാലം കാന്തനാവിധം
നഷ്ടശ്രീയും പോയ് വിശന്ന
സങ്കടത്തിലലഞ്ഞവൻ''

ദമയന്തി, അമ്മയോട് വിവരമെല്ലാം പറഞ്ഞു. അച്ഛനറിയാതെ നളനെ കൊണ്ടുവരാൻ ഒരു രഹസ്യപദ്ധതി ദമയന്തി നിശ്ചയിച്ചു.

''സുദേവനെന്നു വൈദിക-
ന്നെന്തിനോ സന്ദേശം,

രാജാക്കളതിനെത്തുന്നു
രാജപുത്രന്മാരേവരും,
എന്നാൽ ഗണിച്ചുവെച്ചോരു
സമയം നാളെയാണതിൽ
സാധിക്കണമെങ്കിലത്യന്തം
വേഗമേറുമശ്വങ്ങൾ വേണം''.

എന്നു് ഋതുപർണ്ണനെ അറിയിക്കണമെന്നു പറഞ്ഞു് സുദേവനെ അയോദ്ധ്യയിലേയ്ക്കയച്ചു. വിവരമറിഞ്ഞ ഋതുപർണ്ണൻ ദമയന്തിയുടെ രണ്ടാം സ്വയംവരത്തിനു പോകാൻ തയ്യാറായി. തേരോടിക്കാൻ ബാഹുകനോടാജ്ഞാപിച്ചു. വളരെ മെലിഞ്ഞ രണ്ടു കുതിരകളെപ്പൂട്ടിയ രഥം കണ്ടപ്പോൾ, സമയത്തു് അയോദ്ധ്യയിലെത്താൻ കഴിയുമോ എന്ന സംശയത്തോടെ ഋതുപർണ്ണൻ തേരിൽക്കയറി. കൂടെ വാർഷ്ണേയനുമുണ്ടായിരുന്നു. രഥവേഗം അവരെ അത്ഭുതപ്പെടുത്തി. അശ്വഹൃദയജ്ഞനായ നളനായിരിക്കുമോ ഇതു സാരഥിയെന്നു് വാർഷ്ണേയൻ സംശയിച്ചു. കുറേ ദൂരം ചെന്നപ്പോൾ ഋതുപർണ്ണന്റെ ഉത്തരീയം വഴിയിൽ വീണുപോയി. തേർ നിർത്താൻ ബാഹുകനോടു പറഞ്ഞു. ''ഒരു യോജന പോന്നല്ലോ—ഇനിയതു ചെന്നെടുക്കുവാൻ'' എന്നു് ബാഹുകൻ പറഞ്ഞു. വഴിക്കു് ഒരു താന്നിമരം കണ്ടപ്പോൾ അതിന്മേൽ ഇത്ര കായും ഇലയുമുണ്ടെന്നു് ഋതുപർണ്ണൻ ബാഹുകനോടു പറഞ്ഞു. അതു ശരിയാണോ എന്നെണ്ണിനോക്കുവാൻ നിശ്ചയിച്ചു. അയോദ്ധ്യയിലെത്താൻ താമസിക്കുമെന്നു രാജാവു ഭയപ്പെട്ടെങ്കിലും ഒടുവിൽ ബാഹുകനെ അതിന്നനുവദിച്ചു. എണ്ണം ശരിയെന്നു കണ്ടപ്പോൾ നളൻ അത്ഭുതപ്പെട്ടു. ബാഹുകന്റെ അപേക്ഷപ്രകാരം അയാൾക്കു് ഋതുപർണ്ണൻ അക്ഷഹൃദയം ഉപദേശിച്ചു. പകരം സൗകര്യംപോലെ അശ്വഹൃദയം ഉപദേശിച്ചുകൊള്ളാമെന്നു നളൻ നിശ്ചയിച്ചു.

അക്ഷഹൃദയം പഠിച്ചതോടെ നളനെ ബാധിച്ചിരുന്ന കലി ഉഗ്രമായ കാർക്കോടകവിഷം ഛർദ്ദിച്ചുകൊണ്ടു്, പുറത്തുവന്നു. നളൻ കലിയെ ശപിക്കാനൊരുങ്ങിയെങ്കിലും, കലിയുടെ ക്ഷമാപണംകൊണ്ടു് നളനതു ചെയ്തില്ല. സന്ധ്യയോടെ എല്ലാവരും വിദർഭപുരിയിലെത്തി.

തേരൊലി കേട്ടപ്പോൾ അതു നളന്റെ വരവാണെന്ന് ദമയന്തി തീർച്ചപ്പെടുത്തി; കുണ്ഡിനത്തിൽ സ്വയംവരത്തിന്റെ യാതൊരു ലക്ഷണവും ഋതുപർണ്ണൻ കണ്ടില്ല. ഋതുപർണ്ണനെ യഥോചിതം ഭീമരാജാവ് സ്വീകരിച്ചു. വരവിന്റെ കാരണമന്വേഷിച്ചപ്പോൾ, അവർ വെറുതേ ഭീമനെയും മറ്റും കാണാൻ വന്നതാണെന്ന് പറഞ്ഞ് ബുദ്ധിമാനായ രാജാവ് രക്ഷപ്പെട്ടു.

തേരിൽ ഋതുപർണ്ണൻ, വിരൂപനായ ബാഹുകൻ, വാർഷ്ണേയൻ എന്നിവരെ മാത്രമേ ദമയന്തി കണ്ടുള്ളൂ. നളനെക്കണ്ടില്ല. തേരോടിച്ചവൻ ആരെന്നറിയാൻ അവൾ തോഴിയായ കേശിനിയെ അയച്ചു. പർണ്ണാദൻ പറഞ്ഞ ആളും ഇവൻ തന്നെയാണ് സാരഥിയെന്ന് കേശിനി ദമയന്തിയെ അറിയിച്ചു. നളന്റെ പാചകവൈദഗ്ദ്ധ്യം മനസ്സിലാക്കാൻ വീണ്ടും കേശിനിയെ അയച്ചു.

''നിനച്ചു വല്ലതുപോലെ
കിട്ടുന്നതു വെള്ളം തീയും
....
പൂമാല കൈകൊണ്ടു ഞെരടുകിലും
തിരിച്ചു മണക്കുമതെങ്ങനെയോ
അവൻ തൊട്ടു പച്ചപ്പുല്ലും
മറ്റു മാതിരിയായ് വരാ
വീണ്ടും സുഗന്ധമാർന്നതും
വിടർന്നിടുന്നു കേവലം.''

മുതലായ അത്ഭുതങ്ങൾ ആ സാരഥി കാട്ടുന്നതായി തോഴി അറിയിച്ചു. ബാഹുകൻ പാകം ചെയ്ത മാംസം കൂടി വരുത്തി കഴിച്ചപ്പോൾ സൂതൻ നളൻ തന്നെയെന്ന് ദമയന്തിക്ക് ബോദ്ധ്യമായി. ഉടനെ കേശിനിയോടൊപ്പം സന്താനങ്ങളെ ബാഹുകന്റെ അടുത്തയച്ചു. സൂതൻ കുട്ടികളെ ആലിംഗനം ചെയ്ത് പൊട്ടിക്കരഞ്ഞു. ഇതെല്ലാം കേശിനി ദമയന്തിയെ അറിയിച്ചു. അനന്തരം മാതാപിതാക്കളുടെ അനുവാദത്തോടെ ബാഹുകനെ ദമയന്തി സ്വഭവനത്തിൽ വരുത്തി, നളൻ ചെയ്ത കൊടുംചതിയെപ്പറ്റി ബാഹുകനോട് ദമയന്തി അവലാതിപ്പെട്ടു. അതിന്,

'എന്റെ രാജ്യം പോയതും ഞാൻ
തനിയെ ചെയ്തതല്ലല്ലോ
കലിചെയ്തതും തീർന്നു
നിന്നെ ഞാൻ കൈവെടിഞ്ഞതും''

എന്നിങ്ങനെ സത്യാവസ്ഥകൾ മുഴുവൻ നളൻ ദമയന്തിയെ അറിയിച്ചു. ദമയന്തി രണ്ടാം സ്വയംവരത്തിന് ഒരുങ്ങിനിന്നതിനെപ്പറ്റി തീരുമാനിച്ചത് ശരിയായോ എന്നു നളൻ ചോദിച്ചു. നളനെ കണ്ടുകിട്ടാൻവേണ്ടി ചെയ്ത ഒരു വിദ്യയാണിതെന്നും അതു കൊണ്ട് തന്നിൽ ദോഷങ്ങളൊന്നുമുണ്ടാകയില്ലെന്നും ദമയന്തി പ്രതിവചിച്ചു ഉടൻതന്നെ,

"ഇവൾ ചെയ്തിട്ടില്ല പാപം
നള! നേരാണിതു ഞാനും
രാജൻ! പാതിവ്രത്യനിധി
രക്ഷിച്ചു ദമയന്തി താൻ
മൂന്നുവർഷം രക്ഷിച്ചു
സാക്ഷിസ്ഥാനത്തു ഞങ്ങളും
ഇതരങ്ങൾക്കാണതിന്നിവൾ
ചെയ്തു നല്ലോരു സൂത്രമാം
....
ഇതിലേതും ശങ്ക വേണ്ടാ

ഭാര്യയെ ചേർത്തു കൊള്ളെടോ''

എന്ന് അശരീരി ഉണ്ടായി. ഉടനെതന്നെ കാർക്കോടകനെ സ്മരിച്ചുകൊണ്ട് നളൻ വസ്ത്രം ധരിച്ചപ്പോൾ പൂർവ്വരൂപം പ്രാപിച്ചു.

പിറ്റേദിവസം രാവിലെ നളനും ദമയന്തിയും ഭീമരാജാവിനെച്ചെന്നു കണ്ടു. എല്ലാവർക്കും സന്തോഷമായി. നളൻ ഋതുപർണ്ണന് അശ്വഹൃദയം ഉപദേശിച്ചു യാത്രയാക്കി. ഒരുമാസം കുണ്ഡിനത്തിൽ പാർത്തിട്ട് കുറച്ചു സൈന്യവുമായി നിഷധരാജ്യത്തിലേക്കു പോയി. പുഷ്കരനെ വീണ്ടും ചൂതിനു വിളിച്ചു. ദ്യൂതത്തിന സമ്മതമില്ലെങ്കിൽ യുദ്ധത്തിനു തയ്യാറാവാൻ പറഞ്ഞു. താൻ ജയിക്കുമെന്ന വിശ്വാസത്തോടെ പുഷ്കരൻ ചൂതിനു തയ്യാറാ

ഷി. ഗർവ്വിഷ്ഠനായ പുഷ്കരൻ തോററു. അയാളുടെ പ്രാണനും പണയത്തിലായി. ഒടുവിൽ മാപ്പു കൊടുത്തു് പുഷ്കരനെ പറഞ്ഞയച്ചു. അനന്തരം ഭൈമിയെയും കുട്ടികളെയും കൂട്ടിക്കൊണ്ടു വന്നു് സസുഖം വളരെക്കാലം നളൻ രാജ്യം വാണു.

വ്യതിയാനവും ഔചിത്യവും

മൂലകഥയിൽനിന്നു് പറയത്തക്ക മാററമൊന്നും വാര്യർ വരുത്തിയിട്ടില്ല. ചില ചില്ലറ മാററങ്ങൾ കഥകളിയിൽ വരുത്തിയിട്ടുണ്ടു്. ആ മാററങ്ങളുടെ ഔചിത്യം എത്രത്തോളം ഉണ്ടെന്നു നോക്കാം.

ദമയന്തിയുടെ സ്വയംവരത്തിനു് ദേവന്മാരെയും ദിക്പാലകരെയും വരുത്തിയതു് ശ്രീഹർഷന്റെ നൈഷധീയ കാവ്യത്തെ അനുസരിച്ചാണു്, വേഷവൈവിധ്യമുള്ള കഥാപാത്രങ്ങളെ അവതരിപ്പിച്ചു് കഥകളിയരങ്ങിനെ കൊഴുപ്പിക്കാൻ ഈ മാററം സഹായകമായിട്ടുണ്ടു്. സ്വയംവരമണ്ഡപത്തിൽ രാജാക്കന്മാരെ പരിചയപ്പെടുത്താൻ സരസ്വതിയെ നിയോഗിച്ചതും മൂലത്തിലില്ലാത്തതും നൈഷധീയ ചരിതത്തെ അനുകരിച്ചു ചെയ്തതുമാണു്. ദേവ മാനവന്മാർ കൂടി പങ്കെടുക്കുന്ന ഒരു സദസ്സിൽ അവരെ പരിചയപ്പെടുത്താൻ സരസ്വതിയെ നിയോഗിച്ചതും അസ്ഥാനത്തായിട്ടില്ല.

ദൂതനായിച്ചെന്ന നളൻ, താൻ നളനാണെന്ന വാസ്തവം ദമയന്തിയോടു തുറന്നു പറയുന്നതായാണു മൂലം. കഥകളിയിലെ നളനെ ഭൈമി തിരിച്ചറിയുന്നതായി വ്യക്തമാക്കിയിട്ടില്ല. ദൂതനായി വന്നയാൾ തന്റെ സത്യാവസ്ഥ പറയാതിരിക്കുന്നതിലാണു് ദൂതിന്റെ ഗൗരവം സ്ഥിതിചെയ്യുന്നതു്. മാത്രമല്ല തന്നോടുള്ള ദമയന്തിയുടെ അനുരാഗഗാംഭീര്യം ഒന്നു പരീക്ഷിച്ചറിയുന്നതിനും അതു്മൂലം നളനു കഴിഞ്ഞു

സ്വയംവരാവസാനത്തിൽ ചേർത്തിരിക്കുന്ന അസുര രാക്ഷസ സംഹാരം ഉണ്ണായിയുടെ സ്വന്തം സൃഷ്ടിയാണു്. തികച്ചും പതിഞ്ഞ മട്ടിൽ മുന്നോട്ടു നീങ്ങുന്ന രംഗങ്ങൾ ഒന്നു ശബ്ദമുഖരിതമാ

കുന്നതിനും സാധാരണക്കാർക്കു് കൂടുതൽ രസിക്കുന്നതിനും ഈ മാറ്റം സഹായിക്കുന്നു.

കഥകളിയിൽ ആദ്യവും അവസാനവും നാരദനെ പ്രവേശിപ്പിച്ചിരിക്കുന്നു. നാരദൻ പറഞ്ഞറിഞ്ഞാണു് നളനു ദമയന്തിയിൽ പ്രണയമുളവാകുന്നതു്. ഒടുവിൽ ദമയന്തീസ്വയംവരവാർത്ത ഇന്ദ്രാദികളെ ധരിപ്പിക്കുന്ന കർമ്മം നാരദനുള്ളു. കഥകളിയിലാകട്ടെ കലഹം കൂടാതെ സ്വയംവരം നടത്തിക്കൊടുക്കാൻ നാരദൻ ഇന്ദ്രാദികളെ പ്രേരിപ്പിക്കുന്നു. കഥാവസ്തുവിനു് ഒരു നിർവാഹകനെ സമ്പാദിക്കുവാനാവാം നാരദന്റെ ആദ്യവസാന പ്രവേശംകൊണ്ടു് കവി ഉദ്ദേശിക്കുന്നതു്.

മൂല കഥയിൽ കഥാരംഭത്തിൽ മാത്രമേ ഹംസം പ്രവേശിക്കുന്നുള്ളു. 'വധിയായ്ക' കൃപയ' കണ്ണേ' എന്ന ശ്ലോകസന്ദർഭമായി ഹംസം കഥാവസാനത്തിലും ആട്ടക്കഥയിൽ പ്രവേശിക്കുന്നു. ഈ ശ്ലോകസന്ദർഭത്തിനു മാത്രമായി ഹംസത്തെ വരുത്തേണ്ടിയിരുന്നില്ല. അതിനു നാരദൻ മതിയായിരുന്നുവെന്നൊരഭിപ്രായമുണ്ടു്. ദമയന്തിയുടെയും നളന്റെയും വിവാഹത്തിനു് അതിപ്രധാനമായ ഒരു പങ്കു വഹിച്ച ഹംസം ആപത്തൊഴിഞ്ഞവസാനം കൈവന്ന ഒരു മംഗളമുഹൂർത്തത്തിൽ അവരെ വീണ്ടും കാണുന്നതിൽ ഒരു പന്തികേടുമില്ല. കവിയുടെ ഭാവനാവൈചിത്ര്യത്തിനും ഹംസപ്രവേശം സഹായകമാണു്.

സ്വയംവരം കഴിഞ്ഞു മടങ്ങിപ്പോകുന്ന ഇന്ദ്രാദികൾ കലിയെ യാദൃച്ഛികമായി കണ്ടുമുട്ടുന്നതാണു മൂലകഥ. ആട്ടക്കഥയിൽ കലിയെ മാത്രമേ കാണുന്നുള്ളു. കല്പിച്ചുകൂട്ടി നളനിഗ്രഹത്തിനു പുറപ്പെട്ട ഒരാളെപ്പോലെയാണു് കഥകളിയിലെ കലി പെരുമാറുന്നതു്.

കലി പുഷ്കരനെക്കൊണ്ടും കൂടിയാണു് നളനെ ബാധിച്ചതെന്നാണു് മൂലത്തിലുള്ളതു്. ഈ ഭാഗം ആട്ടക്കഥയിൽ വിട്ടുകളഞ്ഞിരിക്കുന്നു. അതുപോലെ സർവ്വനാശസംഭവങ്ങളോടുകൂടി ദമയന്തി സംഭവിച്ചതും മറ്റുമായ ആപത്തു പിടിപെട്ടതും ഉള്ളതായിട്ടുള്ളതു് ഉപേക്ഷിച്ചു. ഭാവനാസൗന്ദര്യം, രസപുഷ്ടി, കാവ്യൈക്യം എന്നിവ കണക്കിലെടുത്തുകൊണ്ടാവണം ഈ തിരുത്തലുകൾ കവി വരുത്തിയതു്

കുണ്ഡിനത്തിൽ വന്നുചേർന്ന ബാഹുകവേഷധാരിയായ നളനെപ്പരീക്ഷിക്കുന്നതിന് ദമയന്തി സ്വന്തം സന്താനങ്ങളെപ്പറഞ്ഞയയ്ക്കുന്നതായി മൂലകഥയിലുണ്ട്. വാര്യർ അതുപേക്ഷിച്ചുകളഞ്ഞു. കേവലം ഒരു സാരഥിയുടെയടുത്തേയ്ക്ക് കുലീനയായ ദമയന്തി സ്വസന്താനങ്ങളെ പറഞ്ഞയയ്ക്കുന്നത് ഒട്ടും ഉചിതമല്ലല്ലോ.

മററു ഭാഗങ്ങളിലെല്ലാം പുരാണകഥയെ മിക്കവാറും വാര്യർ അനുസരിച്ചിട്ടുണ്ട്. പല ഭാഗങ്ങളും മൂലത്തിലെ നേർതർജ്ജമയാണ്. ദമയന്തി ബ്രാഹ്മണരോടു പറഞ്ഞയയ്ക്കുന്ന വാക്യങ്ങളും, നളനും ജീവലനും തമ്മിലുള്ള സംവാദം എന്നീ ഭാഗങ്ങളും അപ്പടി ആട്ടക്കഥയിൽ സ്വീകരിച്ചിരിക്കുന്നു.

ആഖ്യാനപ്രധാനമാണ് മഹാഭാരതത്തിലെ നളചരിതം. അതു് രംഗപ്രവേശത്തിനു യോജിച്ച വിധം സംസ്കരിച്ചെടുക്കുന്നതിൽ ഉണ്ണായിവാര്യർ പ്രകടിപ്പിക്കുന്ന നാട്യകലാകൗശലം ശ്ലാഘനീയമാണ്. ഭാരതത്തിൽ 28 അദ്ധ്യായങ്ങളിലായി വ്യാപിച്ചു കിടക്കുന്ന വിപുലമായ ഒരു കഥ, അത്യന്തസൂക്ഷ്മതയോടെ സംഗ്രഹിച്ച്, നാലു ദിവസത്തെ ആട്ടക്കഥയാക്കി, അവതരിപ്പിക്കുന്നതിൽ ഉണ്ണായി വാര്യർ അമോഘമാം വിജയിച്ചിട്ടുണ്ട്. ശ്രീഹർഷന്റെ നൈഷധത്തോട് ഒന്നും രണ്ടും ദിവസത്തെ കഥകൾക്ക് വളരെയധികം ആധമർണ്യമുണ്ട്.

ഭാഷയിലെ നളചരിത സാഹിത്യം

നളചരിതത്തെ അടിസ്ഥാനമാക്കി വളരെയധികം കാവ്യങ്ങൾ ഭാഷയിലുണ്ടായിട്ടുണ്ട്. മഴമംഗലത്തിന്റെ ഭാഷാനൈഷധചമ്പു, കുഞ്ചൻനമ്പ്യാരുടെ നളചരിതം കിളിപ്പാട്ട്, നളചരിതം തുള്ളൽക്കഥ, മാവേലിക്കര പുത്തൻകൊട്ടാരത്തിൽ ഉദയവർമ്മത്തമ്പുരാന്റെ നളകഥാസാരം ആട്ടക്കഥ, ടി. സി. അച്യുതമേനോന്റെ സംഗീതനൈഷധം, എന്നിവ നളചരിതസംബന്ധിയായി രചിക്കപ്പെട്ട ഭാഷയിലെ പ്രമുഖ കൃതികളാണ്. പക്ഷേ അവയെല്ലാം തന്നെ ഉണ്ണായിവാര്യരുടെ നളചരിതം ആട്ടക്കഥയുടെ അടുത്തെങ്ങും വരാനുള്ള യോഗ്യതയില്ല. ഈ കൃതികളുടെ താരതമ്യപഠനംകൊണ്ടു മാത്രമേ ഉണ്ണായിവാര്യരുടെ ഉത്തുംഗപ്രതിഭയും കലാവൈഭവവും നമുക്ക് മനസ്സിലാക്കാൻ കഴിയൂ.

നളചരിതത്തിലെ കാവ്യശൈലി

ഒരു ദൃശ്യകാവ്യമെന്ന നിലയിലും ശ്രവ്യകാവ്യമെന്ന നിലയിലും ഇതരഭിന്നമായ വ്യക്തിത്വത്തോടുകൂടിയ ഉത്തമകൃതിയാണ് നളചരിതം ആട്ടക്കഥ. ശാസ്ത്രകാവ്യാദികളിലുള്ള പരിചയവും അഭ്യാസബലവും ശിക്ഷാനൈപുണിയും നല്ലവണ്ണം ഒത്തുകൂടിയിരുന്ന പ്രതിഭാശാലിയായ ഒരു കവിയുടെ കലാവിരുതും നളചരിതത്തിൽ കാണാം. ഒരു കവിയുടെ വ്യക്തിപ്രഭാവമാണ് കാവ്യശൈലിയെ ഏറ്റവും സൗന്ദര്യവത്താക്കിത്തീർക്കുന്നത്. ഈ വ്യക്തിവൈഭവത്തിന്റെ പരിസ്ഫുരണം, പദസന്നിവേശരീതി, ആശയാവിഷ്കരണ സമ്പ്രദായം, അലങ്കാര പ്രയോഗം മുതലായവയിൽ പ്രത്യക്ഷമായിക്കാണുകയും ചെയ്യും. ഇങ്ങനെയായ ഒരു കവിയുടെ ശൈലി അയാളുടെ അന്തസ്സത്തയുടെ പ്രതിഫലനമായതുകൊണ്ട് അത്തരം ശൈലികൾ അനുകരണാർഹമല്ല. നളചരിതം ആട്ടക്കഥയുടെ ശൈലീപരമായ സവിശേഷതകൾ എന്തെല്ലാമെന്നു നോക്കാം.

1. ഭാഷയും സാഹിത്യവും.

ഒരു പ്രത്യേക നിയമവും കൂടാതെ സംസ്കൃതമലയാളങ്ങൾ വാര്യർ ഇടകലർത്തിയിട്ടില്ല. മണിയും പ്രവാളവും നിര കലർന്നാലെന്നപോലെയല്ല തിലതണ്ഡുലന്യായത്തിലാണ് അദ്ദേഹം പലപ്പോഴും കൂട്ടിക്കലർത്തുന്നത്. തെളിയ വള്ളി കാവിൽ പാറി എന്ന് മലയാളികൾക്ക് പരിചിതമായ ശൈലി പോലും "കിളി കംപാടുന്നതു. തിങ്ങുന്നു, മാർഗ്ഗിതയാ ലതയാ" എന്ന് പ്രസംസ്കൃതത്തിലാണ് അദ്ദേഹം അർത്ഥം ചെയ്തിരിക്കുന്നത്. "ഇഷ്ടമുള്ളൊരു വഴി ഗച്ഛ നീ" "ഗാത്രവും എല്ലാം കരക നവമിന്നി ഭൂരാം" "ഞാൻ ഞെരിക്കപ്പെടും ഒരു സംശയമില്ല" തുടങ്ങി പലതരം വികലിത പ്രയോഗങ്ങളും നളചരിതത്തിൽ സുലഭമായിക്കാണാം.

കഥകളിയിലെ പക്ഷേ പ്രാചീന മണിപ്രവാളത്തിന്റെ മലയാളത്തിലോ ആയിരിക്കാം. സംസ്കൃതത്തിലായിരിക്കും

മിക്കവാറും ശ്ലോകങ്ങളും. ഈ നിയമത്തെയൊന്നും വാര്യർ നളചരിതത്തിൽ പാലിച്ചിട്ടില്ല.

2 '[illegible] സ്വീകര മാലതീ വനം
നകതമാല [illegible] നളം',

3 'പ്രകടിതമടിമത്തളപ്പൾ
വധു മണി[illegible]'
ഇങ്ങിനെയുള്ള പദങ്ങളും അതിസംസ്കൃതത്തിലാണെങ്കിൽ,

3 '[illegible]'
[illegible] വിശാമീശ! നിശാമയേ—
എന്ന പദത്തിൽ ഒന്നു രണ്ടു പദങ്ങളെ മലയാളമായുള്ളു

4 പുത്രൻ [illegible] നനിയോ—
[illegible]
[illegible]
[illegible]
[illegible]
[illegible]
[illegible]
[illegible]

5 [illegible]
[illegible]
[illegible]
[illegible]
[illegible]
[illegible]
[illegible]
[illegible]

6 എന്നിവ[illegible]
[illegible],
"[illegible]
[illegible]"
എന്നു [illegible]
[illegible]
[illegible]
[illegible]

൭ ''പാരിപ്പൂവം കലർന്നുള്ള, പലിവാലിതൻ
    പൂതിനാഥനത്തിനുള്ള

മോഹിപ്പ് പന്നുള്ള, പണ്ടു കിം നളം -
  ആനന്ദ മാക്കും ചൊന്നുള്ള,
ബോധിപ്പാനൊന്നുള്ളു; ഭൂപ്രസന്നരേ പ,
  വൈരമുക്തമുള്ളു,
ശോഭിപ്പാൻ പോരുമുള്ള, പകിതമെന്നും
  പാരമാതിപ്പുള്ളു''

എന്നീ ശ്ലോകങ്ങളും നല്ല മണിപ്രവാളത്തിലാണെങ്കിൽ,

൮ ''ആഭിമാനത്തോടും ശൃംഗാരം ചിത്രമുണ്ടും
  ചാരിത്ര്യം മാനവും സന്താപം ധാർമ്മ്യവും
  ഭൂഷണങ്ങളുമായി പലതരം കലർന്ന
  പുണ്യാന്തകന്മാർ ഭൂപന്മാർ''

എന്നു മലയാളവും സംസ്കൃതവും തിരിച്ചറിയാൻ വയ്യാത്ത രീതിയിലുള്ള പ്രയോഗവും നളചരിതത്തിൽ സുലഭമാണ്. അനിപ്പുസംസ്കൃതരീതിയിൽ രചിച്ചിട്ടുള്ള ശ്ലോകങ്ങളുടെ എണ്ണവും കുറവല്ല. മറ്റുള്ളവരെക്കാൾ നല്ലതെന്നു തോന്നിക്കുമാറ് കഴിയുന്ന സംസ്കൃത പദ്ധതികളും (നളചരിതം മൂന്നാം ദിവസം) നളചരിതത്തിലുണ്ടല്ലോ.

മറ്റേതൊരു മണിപ്രവാളകൃതിയെക്കാളും, ശബ്ദപുഷ്ടിയും അർത്ഥപുഷ്ടിയും നളചരിതത്തിനുണ്ട്. ശബ്ദാർത്ഥങ്ങളുടെ സമീചീനമേളനം ഉത്തമ സാഹിത്യത്തിന്റെ ഘടകമാണല്ലോ. ഉചിതപദങ്ങളെ തെരഞ്ഞെടുത്ത് ഭാവാവിഷ്കരണത്തിന് സഹായകമായ രീതിയിൽ ഒരുക്കിവെക്കാൻ നളചരിത കർത്താവിനു കഴിഞ്ഞിട്ടുണ്ട്. അന്വയകാഠിന്യമാണ് നളചരിതത്തിലെ പ്രധാന വൈകല്യം. സിന്ധ്വംശങ്ങളും, ധ്വന്യാത്മകതയും നളചരിതത്തിൽ ധാരാളമുണ്ട്. നിർമ്മാതാക്കൾ വളരെ അപൂർവമായ വാക്കുകൾ പ്രയോഗിച്ചിട്ടുള്ളൂ. അതുകൊണ്ട് സാധാരണ മലയാള കവിതയിൽ കാണുന്ന ബോധ ശൈഥില്യം നളചരിതത്തെ ബാധിച്ചിട്ടില്ല.

ഭാഷയിലെ വ്യാകരണ നിയമം ലംഘിച്ചതിനും ഉദാഹരണങ്ങളും കുറവല്ല. വിശേഷണ വിശേഷ്യങ്ങൾക്ക് ലിംഗവചന വിഭക്തിപ്പൊരുത്തം വേണമെന്നു സംസ്കൃതഭാഷയിൽ അത്യന്താപേക്ഷിതമാണ്; ഭാഷയിൽ അത് അനാവശ്യവുമാണ്,

എന്നാൽ സംസ്കൃതഭാഷയിലെ ഈ വിശേഷത ഭാഷയിൽ സംക്രമിപ്പിക്കാൻ വാര്യർ ശ്രമിച്ചില്ല.

''നലമുള്ളോരു നൈഷധനൃപതിയുടെ
നളനെന്നൊരു നൃപതി അവനും ചൊല്ലി''

എന്ന ഭാഗത്ത് 'നളനെന്ന നൃപൻ' വിശേഷ്യവും, നൈഷധനൃപതിയുടെ എന്നതു വിശേഷണവുമാണ്. ഭാഷാരീതിയനുസരിച്ച് വിശേഷണത്തിന് വിഭക്തിപ്രത്യയം വേണ്ട; എന്നാൽ സംസ്കൃതരീതിയനുസരിച്ച് വാര്യർ ഇവിടെ വിഭക്തിപ്രത്യയം പ്രയോഗിച്ചിരിക്കുന്നു. വിശേഷ്യത്തിനു മുമ്പ് വിശേഷണം പ്രയോഗിക്കുന്നതാണ് ഭാഷയിൽ പതിവ്. ഈ രീതി തെറ്റിച്ച് വിശേഷ്യത്തിനു ശേഷം വിശേഷണം പ്രയോഗിച്ചിരിക്കുന്നതിനുദാഹരണമാണ് 'കുണ്ഡിനപുരത്തിൽ ചെന്നു പിറന്നോരു തെല്ലു' എന്ന പ്രയോഗം. സംസ്കൃതത്തിൽ ഇതി ശബ്ദത്തിന്, എന്ന് എന്ന അർത്ഥത്തിൽ പുറമേ, എന്നു വിചാരിച്ച്, എന്ന കാരണത്താൽ എന്നെല്ലാമർത്ഥമുണ്ട്. ഭാഷയിലാകട്ടെ 'എന്ന്' എന്ന നിപാതത്തിന് വിശേഷാർത്ഥമൊന്നുമില്ല. വാര്യരാകട്ടെ 'എന്നുതുടങ്ങിയർത്ഥം' എന്നർത്ഥം വരത്തക്കവണ്ണം 'എന്ന്' പ്രയോഗിച്ചതിനുദാഹരണമാണ് താഴെ കൊടുക്കുന്നപദ്യം.

''വിദർഭനാഥനി സുതയിതി സനാതന-
ന്ദതി പ്രിയായി വിലാസിനി മേ
ഗതി പ്രിയംവദ വനിതാ എന്ന ശി-
പ്രായാസമുതേ
ചലിപ്പതിനിവിധഗതനായി ....

'അലം പരിഹാസ കലാവിലാസങ്ങളാലേ' എന്ന രീതിയിലുള്ള സംസ്കൃതശൈലികൾ, ചാം എന്ന മട്ടിൽ വർണ്ണലോപം ചെയ്ത്, അവി' എന്നിങ്ങനെ പ്രചുരപ്രചാരമില്ലാത്ത നിപാതങ്ങളും ഉപയോഗിക്കുന്ന പല സവിശേഷ പ്രയോഗങ്ങളും നളചരിതത്തിൽ കാണാം. തോയും, കോളു, ഗുരി, തെചൊല്ലും തുടങ്ങിയ ലുപ്തപ്രചാരമായ പല പദങ്ങളും നളചരിതത്തിലുണ്ട്.

സന്ധ്യകളെക്കാൾ പഠനീയ കൈകൃതിയുള്ള വാര്യര് ശ്രവണസുഖമുള്ള ശബ്ദങ്ങൾ പ്രയോഗിക്കുന്നതിന് ഒരു പ്രത്യേകശ്രദ്ധി

ളു. ആദിപ്രാസം, അന്ത്യപ്രാസം, അനുപ്രാസം, ദ്വിതീയാക്ഷരപ്രാസം, യമകം എന്നിവ നളചരിതത്തിൽ സുലഭമായി ദീക്ഷിച്ചിട്ടുണ്ട്. ചില ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

1) അകൃത്രിമധൃതിമനവദ്യം,
അത്ഭുതചെന്നിനിയനപദ്യം
ആകൃതി കണ്ടാലതിരമണീയം
ആരാലിവരാം അനായാസം പേയം.

2) മതി മതി വിരഹം തവ
മമ ജനനീ കൃപചെല്ലാ
മഹിതമതിലകത്തിന
ഉദത പിറന്നതു മമ.

3) പുരിതപവനസമോഹം
ഭൂതപ വെടിഞ്ഞു ഗേഹം
ഇതി ഗൃഹസ്ഥസമൂഹം
പുക്ക വന നിവഹം
സാപി നാരീ സദൃശമോഹം
കൈവെടിഞ്ഞാരാം കാന്തദേഹം
സമ്പത്തുക്കൾ കിന്നിയെന്നുമം
താദൃശം തങ്ങളിൽ സ്നേഹം.

4) അതിചണ്ഡ തിപുഷ്കണ്ഡ ഗള്ളഖണ്ഡന പണ്ഡിത-
ഭുജദണ്ഡ, ഖലദണ്ഡധര, മണ്ഡിത ഭൂഖണ്ഡ.

5) വധിച്ചു കല്പമാനൊഴിച്ചതൊന്നേ
പിണച്ചു ചതിയെല്ലാം നിനച്ചോളം—അന്തർ,
കരിച്ചു ചതിച്ചവൻ, ചിരിച്ചു നീ, നമ്മ,
സ്മരിച്ചു പിന്നെ സ്മരിച്ചു നീ..................

6) "ദാഹം ഗ്രസിക്കുന്നു ചരണവും കണ്ടാ
മോഹസംവൃതന്തഃകരണവും
സാഹസപ്രിയ, നീയെൻ മരണവും കേട്ടാൽ
സ്നേഹ സദൃശം ചെയ്ക സ്മരണവും..................

7) 'തവ ഭുജഗം മമ വിരിതം
തല്ലജ ചൊല്ലുവതില്ലൊരു കില്ലിനി

ഉദിതം, ഉചിതം, ലളിതം, ലജിതം
പ്രസ്ഥിതം പ്രഥിതം
തിരണ്ട വിഹാരന്ന വിതാനമപ്രാന്തിവൻ ... .

8) ''അമൃതമിവ കിരന്തീ മന്ദഹാസം ഹസന്തീ
പരിഗളിതദുരന്തീ പ്രീതിപൂരം വഹന്തീ
സപദി നിശമയന്തീ സാത്വികം ഭാവം ത്യജന്തീ
വ്യഥിതപദമന്തീ മന്ദതാരം വഹന്തീ''

നളചരിതത്തിലെ ശബ്ദശോധകമാത്രം സംഗീതത്തിന്റെ മാധുര്യം വർദ്ധിപ്പിക്കുവാൻ വളരെ സഹായമായിട്ടുണ്ട്. * ശബ്ദാലങ്കാരം ഒട്ടാകെയും പ്രാസം വിശേഷിച്ചും ആദ്യന്തം വാര്യർ ദീക്ഷിച്ചിരിക്കുന്നു. പി. കൃഷ്ണൻനായർ പറയുന്നതിൽ അതിശയോക്തി ഇല്ലായില്ല. പ്രാസത്തിൽ പെട്ട് പല്ലുപ്പിന്നും നർമ്മം പ്രയോഗം വലിക്കുന്നതു കാണാം. വാര്യർക്ക് അർത്ഥത്തിൽ വളരെ നിഷ്കർഷയുണ്ട്. എന്നാൽ ശബ്ദത്തിലും ഒട്ടും കുറവല്ല. അതുകൊണ്ടാണ് ദ്വിതീയാക്ഷരപ്രാസം കണ്ടുകിട്ട വിഷമമാകാതിരിക്കുന്നു, ശബ്ദം ഈ നിർബന്ധത്തിന്റെ കീഴ്‌വഴങ്ങിയില്ലെങ്കിൽ അതിനെ പിടിച്ചു വലിച്ചിഴച്ചുകൊണ്ടും വരുന്നു. ഈ സാഹസത്തിൽ ശബ്ദങ്ങളുടെ വാലോ തലയോ അന്നവയോ ഉടഞ്ഞു പോയാലും വകവയ്ക്കില്ല ...ശബ്ദദോഷങ്ങളെ കൂട്ടിക്കലർത്തി പാകം പലമാതിരി ഭക്ഷണങ്ങൾ ഉണ്ടാക്കുന്നതാണ്. അവയുടെ അടവു തീർന്ന പ്രയോഗിക്കുന്നതിനു ഉണ്ടായി വാര്യർ മാത്രമേ ധൈര്യപ്പെടുകയുള്ളൂ ...നളചരിതത്തിലെ ഭാഷ സംസ്കൃതവും പ്രാകൃതവും കലർത്തി ചേർത്തതല്ല, സംസ്കൃതമാകുന്ന ചെമ്പും മലയാളമാകുന്ന വെള്ളീയവും ചേർത്തുരുക്കിയ ഒരു വെങ്കലഭാഷയാണ്. (ഏ. ആർ. രാജരാജവർമ്മ). (2)

വർണ്ണ്യവസ്തുവിന്റെ സൗന്ദര്യവും ചൈതന്യപൂർണ്ണവുമായ ചിത്രം അനുവാചകഹൃദയത്തിൽ പതിപ്പിക്കാനാണ് കവികൾ അലങ്കാരം പ്രയോഗിക്കുന്നത്. ഔചിത്യബോധവും സർഗ്ഗശക്തിയും ഉള്ള കവികൾക്കേ അലങ്കാരങ്ങൾ സഹൃദയസമ്മതമായ വിധം പ്രയോഗിക്കുവാൻ കഴിയൂ. വാര്യർ അലങ്കാരത്തെ സംബന്ധിച്ചിടത്തോളം മിതശീലനാണ്, ആശയത്തിന്റെ ഒരു വിപുലപ്രപ

(4) നളചരിതം—അവതാരിക

ങ്ങം അലങ്കാരങ്ങളിലൂടെ ആവിഷ്കരിക്കാൻ നളചരിത കർത്താവിനു കഴിഞ്ഞിട്ടുണ്ട്.

''അതിയാം പൊഴുതിലും ഭൂപാലനികരങ്ങളോ—
ടുല്ലരിച്ചതിശയിപ്പോരാരു ഭവതിയെന്നിക്കരിപ്പാറാം''

എന്ന് ദമയന്തിയുടെ ഭർത്തൃവിരഹത്തിനെ കണ്ടുപിടിച്ച സാദൃശ്യത്തിന്റെ ആലോചനാഗൗരവവും വൈചിത്ര്യബോധവും നോക്കുക.

''തപ്തമായ സികത കാലത്ത് വന്നു
നക്രമാല കന്ദളമിവ നളം
കണ്ടു ധാത്രിയെപ്പിടിച്ചു മറ്റുള്ളവർ
പ്പുത്തൻ മുഖം ചാരുതപൂകിലും''

എന്ന മനോഹരമായ ഉപമാലങ്കാരം,

''പ്രീതിപ്രമോദിന്നുഷ്ണപ്പെട്ടുമായ
സ്ഫടിക ശുഭ്രകോമള നിലയമധ്യേ
നിശാന്തമായ ഭവന്മന്ദിരമാം
മന്ദഗാമിനീ ഭവാൻ മമ കല്പിത.''

എന്നിങ്ങനെ രൂപകം,

''കീർത്തി കേതകങ്ങളിൽ ഭൃംഗാങ്കനാതിശയമ്ല്യേ''

എന്നിങ്ങനെ ഉത്പ്രേക്ഷ

'പരിഹാസം നിപാതം വരമെന്നാണ്ടിയെന്നു
സേതു ബന്ധനോദ്യോഗമെന്നതിനാൽ''

എന്ന മനോഹര ലളിതം, ''വാളും ദൈവഗതിക്ക നീക്കത്തൊത്തനാളുമോ'' എന്നിങ്ങനെ അർത്ഥാന്തരന്യാസം തുടങ്ങിയവയെല്ലാം വാര്യരുടെ അർത്ഥാലങ്കാര പ്രയോഗ പടുത്വത്തിന് ഉത്തമോദാഹരണങ്ങളാണ്. ശബ്ദാലങ്കാരത്തോടുള്ള വാര്യരുടെ പക്ഷപാതിത്വം നേരത്തെ പറഞ്ഞു കഴിഞ്ഞു. ''പ്രാസപ്രയോജകമായ പദങ്ങൾ സംസ്കൃതത്തിലേതായാലും ഭാഷയിലേതായാലും ശരി; താളത്തിനൊത്ത് കവിതാകാമിനിയുടെ അടിവെയ്പനുസരിച്ച് അകമ്പടി സേവിച്ചുകൊള്ളണം. കിട്ടുന്നില്ലെന്നുവരെ പിടിച്ചു കൊണ്ടുവരണം പകരം പുതിയതായി സൃഷ്ടിച്ചു അങ്ങനെ സമാന ങ്ങളെ നിർത്തി അതിന്റെ ഇഷ്ടം സാധിപ്പിക്കണം. അങ്ങനെ പിടിച്ചു

വലിച്ചുകൊണ്ടുവന്നിട്ടുമ്പോഴും ചിലപ്പോൾ തലകീഴായിപ്പോകുകയോ കാലോ തലയോ മുറിഞ്ഞോ പതഞ്ഞോ വിരൂപമാവുകയോ ചെയ്താലും അദ്ദേഹത്തിനു കൂസലില്ല'' (a) (പി. കൃഷ്ണൻനായർ)

മാധുര്യമധുരമായും ശക്തിയുക്തമായും സംഗീതസുഭഗമായും പാടുകയായിരുന്നു വാര്യരുടെ രീതി.

''കനക്കെത്തിറവും സുധ കണക്കെപ്പൂത്തീരവും

അനർഘമാം യമകവുമനുപ്രാസരൂപമാമി ഇണക്കം കലർന്ന കാവ്യം'' ആയിട്ടുള്ളതാണ് ''നൽസരസ്വതി'' എന്ന് നളചരിതം ഒന്നാം ദിവസത്തിന്റെ അവസാനത്തിൽ സരസ്വതിയെക്കൊണ്ട് പറയിപ്പിച്ചിരിക്കുന്ന അഭിപ്രായം ഉത്തമസാഹിത്യത്തെ സംബന്ധിച്ച വാര്യരുടെ മതം തന്നെയാണ്.

രസപോഷണം

രസ സന്നിവേശത്തിലും ഉണ്ണായിവാര്യർ അതേമാതിരി ശ്രദ്ധ ചെലുത്തിയിട്ടുണ്ട്. ശൃംഗാരമാണ് നളചരിതത്തിലെ അംഗിയായ രസം, മറ്റു രസങ്ങളെല്ലാം അംഗങ്ങളായി നിന്നുകൊണ്ട് ശൃംഗാരരസത്തെ പോഷിപ്പിക്കുന്നു. ഹംസവിലാപം, ദമയന്തീവിലാപം, കലിവിലാപം എന്നിവിടങ്ങളിൽ കരുണം, രാക്ഷസാനവ സംഭാഷണം, പുതിയ വിളി, നാലാം ദിവസത്തിൽ പുഷ്കരനോടുള്ള പരിഹാസഭാഷണം, എന്നിവിടങ്ങളിൽ വീരം, കാട്ടാള വചനത്തിൽ ഹാസ്യം, കലിയോടുള്ള നളന്റെ ഭാഷണത്തിൽ രൗദ്രം, ദമയന്തിയുടെ ചിന്തയിൽ ഭയാനകം, വാർഷ്ണേയ വാക്യത്തിൽ അത്ഭുതം എന്നിങ്ങനെ വിവിധരസങ്ങളെ ഹൃദയഹാരിയായ വിധം നളചരിതത്തിൽ കവി നിബന്ധിച്ചിരിക്കുന്നു.

വൃഥാസ്ഥൂലമാണ് മൂലഗ്രന്ഥത്തിലെ കഥാഗാത്രം. വാര്യർ അതിനെ കൃശകായമായ ഒരു കലാശില്പമാക്കിത്തീർത്തു. സംക്ഷേപണ സാമർത്ഥ്യവും ഏകാഗ്രമായ പ്രതിപാദനത്തിലുള്ള കൗശലവുമാണ് വാര്യരെ ഈ കലാസൃഷ്ടിക്ക് പ്രാപ്തനാക്കിത്തീർത്തത്.

(a) ആട്ടക്കഥ അല്ലെങ്കിൽ കഥകളി പേജ് 231

തികഞ്ഞ ഔചിത്യബോധം ഉണ്ടെങ്കിലേ കഥാസന്ദർഭമായി സംക്ഷേപണ കൃത്യം നിർവ്വഹിക്കാൻ കഴിയൂ. ഔചിത്യം തന്നെയാണല്ലോ കാവ്യത്തിന്റെ ജീവൻ. ''വാര്യർ നളചരിതം കഥയെ നാലു ഖണ്ഡങ്ങളുള്ള ഒരു കലാശില്പമാക്കി ചെപ്പിലടച്ചതുക്കൊണ്ട് ഒരു രത്നാഭരണംപോലെ ...പ്രദർശിപ്പിച്ചു. അതോടുകൂടി കവിയുടെ ജീവാംശമായ ഭാവനാസമ്പത്തിന് സൌന്ദര്യവും ശക്തിയും വർദ്ധിച്ചു. ഈ സംക്ഷേപണ സാമർത്ഥ്യവും ഏകതാനതയും കഥാവസ്തുവിന്റെ മാത്രമുള്ള ഗുണമല്ല; പ്രതിപാദനരീതിയിലും ഭാവനാസമ്പത്തിലും കാണുന്ന തിണ്ണിയ ഗൂഢതയും പ്രകടമാണ്. മറ്റു കവികൾ ഒരു പദ്യംകൊണ്ടു നിർവ്വഹിക്കുന്ന കാര്യം ഉണ്ണായിവാര്യർ ഒരു വാക്കുകൊണ്ടു സാധിക്കുന്നു. പരിമിതമായ പദസംഖ്യകൊണ്ടു പരമാവധി ആശയങ്ങളും വികാരങ്ങളും സൃഷ്ടിപ്പിക്കുന്ന രീതിയാണ് ഉണ്ണായിവാര്യരുടേത്. ആ കവിതയുടെ ഗൂഢതയുള്ള ദുർഗ്രഹതയും അതുതന്നെ.'' (പി. കെ. പരമേശ്വരൻ നായർ)

കോട്ടയത്തുതമ്പുരാന്റെ കൃതികളാണ് സാഹിത്യഗുണത്തിൽ മറ്റെല്ലാ ആട്ടക്കഥകളെക്കാളും മികച്ചു നില്ക്കുന്നതെന്നൊരഭിപ്രായമുണ്ട്. എന്നാൽ ഉണ്ണായിവാര്യരുടെ അത്ഭുതമായ പ്രതിഭാവിലാസമോ ഭാവനാപ്രൗഢിയോ തമ്പുരാന്റെ കൃതികളിൽ ചുരുക്കമേ കാണാനുള്ളൂ എന്നതു പലരും അനുസ്മരിക്കുന്നുണ്ട് എന്നതാണ് സംഗതിയാണ്.

സംഗീതാത്മകത

സാഹിത്യഗുണത്തിലെന്നപോലെ സംഗീതഗുണത്തിലും നളചരിതം കിടയറ്റ ഒരു കൃതിയാണെന്നു പറയാം. സംഗീതഗുണമുള്ള പദങ്ങൾ മറ്റാട്ടക്കഥകളിൽ ധാരാളമായിക്കാണാം. കോട്ടയത്തു തമ്പുരാന്റെയും ഇരയിമ്മൻതമ്പിയുടെയും ആട്ടക്കഥകൾ സംഗീതമാധുരിയാൽ അനുഗൃഹീതമാണ്. എന്നാൽ അവയിലെ മിക്ക ഗാനങ്ങളിലും ശബ്ദപ്രധാനമായ പ്രാസങ്ങൾകൊണ്ടുള്ള ബാഹ്യസംഗീതമല്ലാതെ ഭാവോചിതമായ ആന്തരസംഗീതം അത്ര സ്ഫുരിക്കുന്നില്ല. ''ശബ്ദാലങ്കാരങ്ങളിലുള്ള വൈദഗ്ദ്ധ്യവും സാഹിത്യഭംഗിയോടു ചേർന്നുള്ള സംഗീതഗുണം, ഇവ്വ് ...

ഗുർവക്ഷരവിന്യാസത്തിൽ നിന്നുണ്ടാകുന്ന സംഗീതാത്മകതയാണ്'', കവി ഹൃദയത്തിൽ തങ്ങിനിൽക്കുന്ന വികാരങ്ങൾ മോഹനപദങ്ങളിലൂടെ പ്രതിധ്വനിക്കുമ്പോൾ അനുവാചകഹൃദയത്തിന് അനുഭൂതമാകുന്ന ആനന്ദാതിരേകമായ സംഗീതം, സരളമായ കവിതയുടെ സംഗീതം, നമുക്ക് ആസ്വദിക്കുവാൻ കഴിയുന്നു. പ്രിയമാനസ.........എന്ന പദംതന്നെ നോക്കുക. കർണ്ണാനന്ദകരവും ലളിതവുമായ സ്വരങ്ങളും കൊണ്ടുതന്നെ അതു് സംഗീതസുരഭിലമാണ്. അതുകൊണ്ടുമാത്രമല്ല ഈ വരികളെ സംഗീതാത്മകമെന്നു പറയുന്നതു് താൻ ഹൃദയം കവർന്ന പ്രണയിനിയുടെ സമീപത്തു് അനുകൂലനായ ഒരു ദൂതൻ വഴി ഒരു സന്ദേശം കൊടുത്തയയ്ക്കുമ്പോൾ ദൂതനു് ഉപകർത്താവിന്റെ പേരിൽ തോന്നുന്ന വാത്സല്യരസവും പ്രിയതമയോടു പറയുന്ന സന്ദേശത്തിന് അനുരൂപമായ ആവേശോത്കടത്വവും ഒത്തിണങ്ങിയ ഹൃദയസ്പൃക്കായ സംഗീതാത്മകതയുമാണ് അതിൽ മുന്നിട്ടുനില്ക്കുന്നതു്. പദങ്ങൾ സന്ദർഭോചിതമായി തനിയെ വന്നു നിറയുകയാണിവിടെ. അതുപോലെ സുന്ദരമായ ഒരു പദമാണ്–''അലസതാവിലസിതം'' 'ഉന്നിദ്രമായ'' പദാർത്ഥത്തിലെ ഉൽപ്രേക്ഷയെയും അതിൽനിന്നുളവായ ഹൃദയഹാരിതയെയും ഇതിനേക്കാൾ പതിഞ്ഞ മട്ടിൽ, ഇത്ര ഉചിതമായി ഹൃദയംഗമമായി എങ്ങനെ പ്രദർശിപ്പിക്കാൻ കഴിയും? ശോകാത്മകമായ സംഗീതത്തിന്റെ സാന്ദ്രിമയും നമുക്കിവിടെ കാണാം. മനോജ്ഞമായ കൽപ്പനകളിൽനിന്നു് സംഗീതരസം കലർന്ന ആട്ടപ്പദങ്ങൾ പുറപ്പെടുമ്പോൾ, ഉണ്ണായി വാര്യരിൽനിന്നു് ഹൃദയം തന്നെ സംഗീതമയമാകുന്നു. ''വിജനേ ബത........'' 'രമണി യാമി...'' ''തന്നിടയിൽ കണ്ണി''... തുടങ്ങിയവ എത്രയെത്ര മധുരമായ സംഗീതമധുരിമ കലർന്ന പദങ്ങളാണ്.

പാത്രസൃഷ്ടി

ആട്ടക്കഥകളിലെ കഥാപാത്രങ്ങൾ പൊതുവേ നിർജ്ജീവങ്ങളും അനുവാചകഹൃദയത്തിൽ വ്യക്തിമുദ്ര പതിപ്പിക്കാൻ കഴിവില്ലാത്ത രീതിയിൽ രൂപം കൊള്ളുന്നവയുമാണ്. പ്രഖ്യാതങ്ങളായ ഇതിവൃത്തങ്ങളെ ആശ്രയിച്ചു് ആട്ടക്കഥകൾ നിർമ്മിക്കുമ്പോൾ അവയുടെ ഉത്കൃഷ്ടതയുള്ള ദൃശ്യഭാഗം കഥാപാത്രങ്ങളുടെ പ്രകൃ

തിരഞ്ഞെടുത്ത ഇതിവൃത്തത്തിന് കാവ്യാത്മകമായ ഒരു ഭാവിരൂപം നൽകുവാനുള്ള കവികളുടെ സ്വാതന്ത്ര്യമാണ്. പുരാണ കഥകളുടേതുപോലും. ഇതു ദൃഷ്ടിവിഷയമാക്കിയാൽ ഒരു പരമ്പരാഗതവും ഭാവികാലത്തെ ഉൾക്കൊള്ളാൻ സാധിച്ചിരിക്കുന്നു. എന്നാൽ, ആ പശ്ചാത്തലത്തിൽ പ്രത്യക്ഷമായ പരിഷ്കൃതി വരുത്തി പ്രതിപാദ്യ വിഷയത്തിന് ആകർഷകമായ സൗന്ദര്യം സമ്പാദിക്കുന്നിടത്താണ് കവികളുടെ ഉൽകൃഷ്ടത പ്രകാശിക്കുന്നത്. ഈ ഔചിത്യം ഉണ്ണായിയും ഭംഗിയായി പാലിച്ചിരിക്കുന്നു. ആട്ടക്കഥാകൃത്തുക്കൾ മറ്റാരും വിജയിപ്പിച്ചിട്ടില്ലാത്ത കാര്യത്തിൽ അദ്ദേഹം. 'ഇതിവൃത്തത്തിന്റെ കാവ്യാത്മകമായ സംസ്കരണത്തിലും കഥാപാത്രങ്ങളുടെ ചിന്തയെയും പ്രവൃത്തിയെയും സ്ഫുരിപ്പിക്കുന്ന അന്തഃപ്രകൃതിയുടെ പ്രതിപാദനത്തിലും രസസന്നിവേശത്തിലും നളചരിതം കഥകളിയിൽ പ്രത്യക്ഷമാകുന്ന ഉൽകൃഷ്ടതാശയത്വം അത്യന്തം ശ്രദ്ധേയമാണ്'' (ഡോ. ഗോദവർമ്മ)

ആട്ടക്കഥാകൃത്തുക്കൾ പലരും കാണിക്കാത്ത കലാവൈഭവം പാത്രസൃഷ്ടികളിൽ വാര്യർ പ്രകടിപ്പിച്ചു. 'നളചരിതം കഥകളിയിലൂടെ അദ്ദേഹത്തിന് പല ലോകത്തെയും, ജീവിതസത്യങ്ങളെയും; ആവിഷ്കരിക്കാനായിരുന്നു. ഉള്ളിൽ തിങ്ങി വിങ്ങിയ അനുഭൂതികളും വികാരങ്ങളും പ്രതിഫലിപ്പിക്കാനായിരുന്നു. കഥാപുഷ്ടമായ കലാശില്പത്തിലൂടെയും അന്യൂനസൗന്ദര്യമായ പാത്രസൃഷ്ടിയിലൂടെയും വാര്യർ ആ വികാരങ്ങൾക്കും ആശയസമഗ്രതയ്ക്കും രൂപം നൽകി.'
(പി. കെ. പരമേശ്വരൻ നായർ).

പല ആട്ടക്കഥാകൃത്തുക്കളും വാര്യരെപ്പോലെ പുരാണ കഥകളെത്തന്നെ കാവ്യനിർമ്മിതി നടത്തിയിട്ടുണ്ട്. എന്നാൽ വാര്യരുടെ വ്യക്തിമുദ്രകൊണ്ട് കഥാപാത്രങ്ങൾക്ക് ലഭിച്ച നവചൈതന്യം മറ്റാട്ടക്കഥകളിലെ കഥാപാത്രങ്ങൾക്ക് ലഭിച്ചില്ലാതെപോയി. അന്തർഭാവബോധം കൊണ്ട് കഥാപാത്രങ്ങൾക്ക് നൂതന ചൈതന്യം പകർന്നുകൊടുക്കാൻ വാര്യർക്ക് കഴിഞ്ഞു. ഓരോ കഥാപാത്രത്തോടും വാര്യർ താദാത്മ്യം പ്രാപിക്കുന്നുണ്ട്.

ദമയന്തിയുടെ സ്വഭാവചിത്രീകരണം തന്നെ നോക്കുക
''ഞാനൊരുത്തനെ ഞാൻ ഭജിക്കുക കൊണ്ട്'' എന്നിങ്ങനെ തൊട്ടു

ഹംസത്തെ സംപ്രീതിപ്പിക്കുന്ന ബാലിക, പിന്നീട് പ്രിയംവദയായ കാമുകി, പ്രതിനായകന്മാരുടെ ദുരാഗ്രഹത്തെ നിർദ്ദാക്ഷിണ്യം തിരസ്കരിക്കുന്ന ധീരയുവതി, സ്വയംവര രംഗത്തു് ദേവന്മാരുടെ മുന്നിൽ വെച്ചു 'ത്രിഭുവന സുന്ദരനവൻ പോരും' എന്നിങ്ങനെ ദേവന്മാരെ ഉപാലംഭനം ചെയ്യുന്ന അധൃഷ്യ, ചൂതുകളിയിൽ ആസക്തനായി വിലക്കിയിട്ടും അനുസരിക്കാതെ ദുഃഖങ്ങളുടെ നടുവിലകപ്പെട്ടുപോയ നളനെ അനുഗമിച്ചു് സർവ്വവിധ കഷ്ടതകളും ക്ഷമാപൂർവ്വം സഹിക്കുന്ന ധർമ്മപത്നിയും ഭക്തിമതിയുമായ ഭാര്യ, രണ്ടാം സ്വയംവരവാർത്ത വിളംബരം ചെയ്യിച്ച് നളന്റെ സാന്നിധ്യം സ്ഥാപിക്കുന്ന നിശിതബുദ്ധിശാലിനിയും പ്രഗത്ഭയുമായ ദമയന്തി, എന്നിങ്ങനെ പല നിലകളിലൂടെയാണ് ദമയന്തിയുടെ സ്വഭാവത്തിന്റെ വിവിധവശങ്ങളെ പ്രദർശിപ്പിക്കുന്നതിൽ, കവിതാചാതുര്യവും പാണ്ഡിത്യവും പരസ്പര പോഷകങ്ങളായ വിധം ക്രമീകരിക്കുന്നതിനു് വാര്യർക്കുള്ള വൈദഗ്ദ്ധ്യം തെളിഞ്ഞുകാണാം.

മഹാഭാരതത്തിലൂടെ ഉന്മീലിതമായതാണ് നളൻ. സാധാരണ ആട്ടക്കഥകളിൽ പ്രത്യക്ഷപ്പെടുന്ന ഒരു കഥാപാത്രത്തിൽ നിന്നും ബഹുകാതം അകന്നുനിൽക്കുന്ന ഒരു സംസ്കാര സമ്പന്നനായ ഒരാളാണ്, അതിധാർമ്മികനായി, ഭരണാധിപനായി, ഉപാഖ്യാനത്തിൽ പ്രത്യക്ഷപ്പെടുന്ന കഥാനായകൻ. വ്യാസനായ വർണ്ണനെ തന്നെയാണല്ലോ ഉണ്ണായിവാര്യർ നമ്മുടെ ആട്ടക്കഥാകൃത്താക്കി. അതുകൊണ്ടാണ് ഉണ്ണായിവാര്യർ കഥാപാത്ര സൃഷ്ടിയിൽ പ്രകടിപ്പിച്ച കലാചാതുര്യം സുസ്പഷ്ടമാകുന്നതു്. ധീരോദാത്തനായ ഒരു നായകൻ, സാർവ്വഭൗമത്വം നഷ്ടപ്പെട്ടിട്ടും കലുഷമാകാത്ത ഗംഭീരാശയൻ, പ്രിയാവിരഹത്താൽ തന്നെത്തന്നെ കരയുന്ന ഹൃദയൻ, കാട്ടുതീയിൽ പ്രവേശിച്ചും കാർക്കോടകനെ രക്ഷിച്ച കരുണാർദ്രചിത്തൻ, കലിപ്രേരണയാൽ മതികെട്ടവൻ, കലിബാധവശത്താൽ വികൃതഹൃദയൻ, വിധിവശാൽ ദാസ്യവൃത്തി അനുഷ്ഠിക്കേണ്ടിവന്നപ്പോഴും കലുഷമാകാത്ത സ്ഥിരചിത്തൻ, എന്നിങ്ങനെ നളന്റെ വ്യക്തിത്വത്തിന്റെ നാനാമുഖങ്ങളെയും അനുവാചകർക്കു കാട്ടിക്കൊടുക്കത്തക്കരീതിയിലാണ് നളനെ വാര്യർ അവതരിപ്പിക്കുന്നതു്. മഹാഭാരതത്തിൽ നളം

കാണുന്നതിൽനിന്ന് എത്രയോ ഭിന്നം. വ്യക്തി പ്രാധാന്യമായ ഒരു നളനെയാണ് നാം ആട്ടക്കഥയിൽ കാണുന്നത്.

പേരുകൊണ്ടും സ്വഭാവംകൊണ്ടും പ്രസിദ്ധരായ ആളുകളുടെ നില കണ്ടറിഞ്ഞു ബഹുമാനിപ്പാനും സഹായിപ്പാനും സന്നദ്ധനായ സ്വാർത്ഥത്യാഗികൾ, കരുണാർദ്രമനസ്കനും, ലോകോപകാരിയുമാണെങ്കിലും ലോകതത്വങ്ങളിൽ അജ്ഞൻ. ചൊടിയ കാട്ടാളൻ പരപീഡനം മുഖ്യമായി നടക്കുന്ന കലി; അവന്റെ അനുചാരിയായ പുഷ്കരൻ; നിഷ്കളങ്കയായ രാജമാതാവ്, പരമ്പര യജ്ഞനും രസികനും സരസനുമായ ഹംസം; എല്ലാലോകങ്ങളിലും ഏഷണിയെ നടക്കുന്ന നാരദൻ; കുടിലമതിയായ പുഷ്കരൻ, ദൈമീകാമുകനും ഭയാനകരൂപനുമായ ഋതുപർണ്ണൻ, കാർക്കോടകൻ, പരിണതപ്രജ്ഞനായ പർണ്ണാദ സുദേവന്മാർ ഇങ്ങനെ എത്രയെത്ര കഥാപാത്രങ്ങളാണ് വൈചിത്ര്യവും വൈവിധ്യവുമാർന്ന സ്വഭാവങ്ങളോടെ നളചരിതത്തിൽ പ്രത്യക്ഷപ്പെടുന്നത്. നിസ്സാര കഥാപാത്രം മുതൽക്ക് നായകസ്ഥാനീകൻ വരെയുള്ള ആൾക്കൂട്ടം അവരവരുടേതായ വ്യക്തിത്വം. എല്ലാ കഥാപാത്രങ്ങൾക്കും തനിക്കു തിളിവും കെട്ടുറപ്പ് നിലനിറുത്തുക പ്രതിഭാധനനും ജീവിതനിരീക്ഷണപാടവമുള്ള കവിശ്രേഷ്ഠന്മാർക്ക് മാത്രം കഴിയുന്ന കവികർമ്മമത്രെ.

ജീവിതത്തിലെ വിവിധ രംഗങ്ങളെ യഥോചിതം ആവിഷ്കരിക്കലാണ് സാഹിത്യത്തിന്റെ സർവ്വപ്രധാനമായ ധർമ്മം. കാവ്യത്തിന്റെ ആത്മാവായ രസാവിഷ്കൃതി ഇതിനെ ആശ്രയിച്ചിരിക്കുന്നു. ഇവിടെനിന്നാണ് നിർമ്മാണപാടവത്തിന്റെ മൂർത്തിമദ്ഭാവമായ കഥാപാത്രങ്ങൾ ഉടലെടുക്കുന്നത്. കവിധർമ്മമായ സംസ്കാരപോഷണം ഇതിലൂടെയാണ് നിർവ്വഹിക്കപ്പെടുന്നത്. ഇവിടെവച്ചാണ് കവി ക്രാന്തദർശിയാകുന്നതും. കഥാപാത്രസൃഷ്ടിയെക്കുറിച്ച് ശ്രീ കുട്ടിക്കൃഷ്ണമാരാരുടെ വാക്കുകൾകൂടി ഇവിടെ കുറിച്ചിടട്ടെ — "വ്യാവഹാരികലോകത്തിൽ ആളുകളുടെ സ്വഭാവങ്ങളും വികാരങ്ങളും പ്രവൃത്തികളുമെല്ലാം പ്രത്യക്ഷത്തിൽ നാനാവിധങ്ങളായി കൂടിക്കലർന്നാണ് കിടക്കുന്നത്. അവയെ വക തിരിച്ച് ഏറ്റവുമധികം ഇണക്കമുള്ളതായ വർണ്ണഘടകങ്ങളെ തമ്മിൽച്ചേർത്തുവച്ചു കാണിക്കലാണ് ഇതിലെ

കലാവിദ്യ. അങ്ങനെ ഇതിവൃത്തത്തിലെ കഥാപാത്രങ്ങളുടെ സ്വഭാവത്തിനു തനിക്കു തോന്നിയ ഒരു പരിണാമം വരുത്തിയാണു് ഇതിവൃത്തത്തിൽ കഥാപാത്രങ്ങളുടെ പ്രവൃത്തികളെയും അതിനൊത്ത അവരുടെ സ്വഭാവത്തെ വ്യക്തമാക്കുവാനും; അവരുടെ വാക്കുകളും വികാരങ്ങളും വിസ്തരിച്ചു കാണിക്കുവാനും. അതായതു് പാത്രസൃഷ്ടി; അതായതു് നാടകീയവ്യക്തിത്വം ഈ പാത്രങ്ങൾക്കെല്ലാം ഉണ്ടാവണം. അതിനാണു് ഇതുപരിശീലനം ആവശ്യമായിട്ടു വരുന്നതു്.

നാടകീയത

പ്രതിഭാശാലികളായ കലാകാരന്മാർ ഗതാഗതികത്വത്തിന്റെ സങ്കേതങ്ങളെ ബോധപൂർവ്വം മാറ്റി ഉത്തമകലാസൃഷ്ടികൾ നിർമ്മിക്കുന്നു. മനുഷ്യരുടെ സ്വഭാവവൈചിത്ര്യത്തെയും, വികാരങ്ങളെയും കെട്ടിനിറുത്തുന്ന ചങ്ങല നിയമങ്ങൾ അവർ അറിഞ്ഞിരിക്കയില്ല, തങ്ങളുടേതായ സ്വന്തം വഴിയേ നിയമങ്ങളെ സൃഷ്ടിക്കുന്നു. അത്തരം കലാകാരന്മാരുടെ കലാസൃഷ്ടികൾ കാലത്തിന്റെ മൂടൽമഞ്ഞിനുള്ളിലും കത്തിജ്ജ്വലിച്ചു നിന്നുകൊണ്ടു അഭംഗുരങ്ങളായ നിലനില്ക്കുകയും ചെയ്യും. അങ്ങനെയുള്ള കൃതികളത്രെ ഉത്തമങ്ങളായ സാഹിത്യങ്ങൾ എന്നു പറയപ്പെടുന്നതു്.

ഒരു തിരക്കഥ്, പ്രകൃതിസൗന്ദര്യം, പോരാട്ടം, യുദ്ധം, വധം, തുടങ്ങിയവ നാടകത്തിൽ കൂട്ടിച്ചേർക്കുന്നതു് ഉചിതമല്ല. ഇവയൊക്കെയും വെറും കഥാഖ്യാനത്തിനു് വൈചിത്ര്യമേകുവാൻ, കഥാപാത്രങ്ങളുടെ വ്യക്തിത്വം തികഞ്ഞ കഥകളിലും കണ്ടുവരാം. കഥാപാത്രത്തിന്റെ സ്വാഭാവികമായ വളർച്ചയോ മുന്നേറ്റമോ ഈ സംഭവങ്ങളോടൊപ്പം ഉണ്ടാകുന്ന രീതിയിൽ അവതരിപ്പിച്ചിട്ടു കാര്യമില്ല. എല്ലാം ഒരേ അച്ചിൽ വാർത്തവിഗ്രഹങ്ങൾ; ഒരേ ആകൃതി; ഒരേ പ്രകൃതി. എന്നാൽ ഈ നിയമങ്ങളെയെല്ലാം തിരസ്കരിക്കാനാണു് ഉത്തമസാഹിത്യങ്ങൾ ഉദ്ദേശിക്കുന്നതു്. അതിന്റെ ഫലമായിട്ടു് ഉണ്ടാകുന്ന നാടകമാണതു്. ദുഃഖം, പ്രീതി, ക്രോധം, ഭയം, വിസ്മയം, എന്നിവയിലൂടെ വളർന്നു് അത്ഭുതരസത്തിലെത്തുന്ന നിർമ്മാണസംവിധാനമുള്ളതാണു് ഒരു നാട

കത്തിന്റെ രൂപഘടനയാണ് ഈ ആട്ടക്കഥയ്ക്കുള്ളത്. ഹംസം നളനോട് ദമയന്തിയുടെ സൗന്ദര്യം എടുത്തുപറയുന്നതുവരെയുള്ള ഭാഗം മുഖസന്ധി; പുഷ്കരന്റെ പുറപ്പാടുവരെ പ്രതിമുഖസന്ധി; പുറപ്പാടു മുതൽ ദമയന്തീപരിത്യാഗം വരെ ഗർഭസന്ധി; അതുമുതൽ ഋതുപർണ്ണൻ ദമയന്തിയുടെ രണ്ടാം സ്വയംവരത്തിനെത്തുന്നതുവരെ വിമർശസന്ധി; അവിടം മുതൽ അവസാനം വരെ നിർവഹണസന്ധി; എന്നിങ്ങനെ നാടകത്തിലെ സന്ധികളെ നളചരിതത്തിലും ഏകദേശം സമന്വയിപ്പിക്കാം.

ദമയന്തിയെ സംബന്ധിച്ചുള്ള സൗന്ദര്യം കേട്ടപ്പോൾതന്നെ ശൃംഗാരത്തിലും നളചരിതത്തിന് നാടകത്തോട് സാദൃശ്യമുണ്ട്. നളചരിതത്തിലെ നായികാനായകന്മാർ. അവരുടെ ഉത്കർഷത്തിനുവേണ്ടി യത്നിക്കുന്ന നാരദഹംസാദികൾ. പ്രതിനായകനായ കലി ദ്വാപരൻ, മുതലായവരുടെ പ്രവൃത്തികളുടെ ഫലമായി അവസാനത്തിൽ നായികാനായകന്മാരുടെ രതി എന്ന സ്ഥായിഭാവം പരിപുഷ്ടമാകുന്നു. ഈ രതി നളദമയന്തിമാരുടെ പരസ്പരഗുണശ്രവണത്താൽ അല്പാല്പം വികസിതമായി, ഹംസദൗത്യത്താലും, നാരദപരിശ്രമത്താലും ദൃഢതരമാകുന്നു. ഇന്ദ്രാദികൾക്കുവേണ്ടി നളൻ നടത്തുന്ന ദൗത്യം മുതലായ താൽക്കാലിക തടസ്സങ്ങൾക്കു ശേഷം പുഷ്ടിയിലും വികസ്വരമായി വിവാഹരംഗത്തിൽവച്ചു ഫലപ്രാപ്തിയിലെത്തുന്നു. അനന്തരം കലിയുടെ ആവേശംകൊണ്ടുണ്ടായ ദുരിതം നിമിത്തം രതി തിരസ്കൃതമാകുന്നു. പിന്നീട് തിരോഹിതമായിരിക്കുന്ന രതി, ദമയന്തിയുടെ ആർത്തിയിലും കാർക്കോടകന്റെ സഹായത്താലും ശക്തമായി പ്രത്യക്ഷമാകുന്ന നളദമയന്തിമാരുടെ പുനസ്സമാഗമത്തോടെ ആ രതി സമ്പൂർണ്ണതയെ പ്രാപിക്കുന്നു.

"ശിവ! ശിവ! എന്തു ചെയ്‌വൂ ഞാൻ
എന്നെച്ചതിച്ചു കൊല്ലുന്നിതു കാന്തൻ".

എന്ന ഹംസവിലാപത്തിലെയും,

"അംബുജവിലസിതത്തിനാൽ ഞാനറിഞ്ഞേൻ
അലമലം പരിതാപം കലരുന്നു"

എന്ന ദമയന്തീവിലാപത്തിലെയും കരുണം

''പോരിലണഞ്ഞാലാരിവരെതിരാമോ?'
ഭീരുത ചേതസി മേ?
പോരാളികളാരാധിതമന്മഥ-
മംഗനമാർ പറന്നണയും വന്നേരമോ?

എന്ന ഭാഗത്തെ വീരം.

'ബന്ധനീയനത്രെ, മന്നിൽ നീ സപദി
ബന്ധനീയ ഗള നിന്ന നീ ചാപല്യ
ബന്ധ, നീചം ഖല, മല, നീയൊരി
മണ്ടവൻ കൊതിപ്പെട്ട നീ
അന്ധനായ് പുറപ്പെട്ടോരു നിന്നെയൊന്നുതാ കൻ
വിളിക്കുന്നു, വിരുന്നിനു''

എന്ന കലിയോടുള്ള നളവാക്യത്തിലെ രൗദ്രം.

'അയ്യോ! ബാഹുകൻ ദേവസൂതനോ,
പാർക്കിലാരയ്യോ!'

എന്ന വാർഷ്ണേയ വാക്യത്തിലെ അത്ഭുതം തുടങ്ങിയ അംഗരസങ്ങളോടുകൂടിയ ശൃംഗാരരസത്തിന്റെ ഗതിയിൽ നാടകീയമായ ഒരു രമണീയകം ദർശിക്കുവാൻ കഴിയും.

ഉചിതമായ കഥാഘടന, സംഭാഷണം, തുടങ്ങിയ അംശങ്ങളിൽ മാത്രമല്ല നളചരിതത്തിലെ പാത്രസൃഷ്ടിയിലും നാടകീയത നല്ലവണ്ണം പ്രതിഫലിക്കുന്നുണ്ട്. ഭിന്നപ്രകൃതികളും ജീവിതത്തിന്റെ പല തലങ്ങളിൽ സാധാരണ കണ്ടുവരുന്നവരുടെ പ്രതീകങ്ങളുമാണ് നളചരിതത്തിലെ കഥാപാത്രങ്ങൾ. നളൻ, ദമയന്തി, ഹംസം, നാരദൻ, ഇന്ദ്രാദികൾ, കലി, ദ്വാപരൻ, പുഷ്കരൻ, കാട്ടാളൻ, വണിഗ്ഗണം, രാജമാതാവ്, സുദേവൻ, ഭീമരാജാവ്, കാർക്കോടകൻ, ഋതുപർണ്ണൻ, വാർഷ്ണേയൻ, ജീവലൻ, പുഷ്കരൻ, കേശിനി എന്നീ കഥാപാത്രങ്ങളെല്ലാം സവിശേഷമായ വ്യക്തിത്വത്തോടുകൂടിയവരാണ്.

പ്രഖ്യാതവംശജനും, രാജർഷിയും, ധീരോദാത്തനും, പ്രതാപവാനുമായ നളനാണ് നായകൻ. നാടകത്തിലെ നായകലക്ഷണം സർവഥാ നളനും യോജിക്കുന്നുണ്ട്. ഒരു സാധാരണ മനുഷ്യന്റെ ദൗർബല്യങ്ങളും കാര്യക്ഷമതയുമുള്ള ആളാണ്

ഉണ്ണായിയുടെ നളൻ, ലോകപരിചയം സിദ്ധിച്ചവനും, ഉദാരമനസ്കനുമാണ് കാട്ടാളൻ, സ്വഭാവനാകട്ടെ രസികനും യഥാർത്ഥ സ്നേഹിയുമായ ഒരുത്തമ ബ്രാഹ്മണനാണ്. ധീരോദ്ധതനാണ് പ്രതിനായകനായ കലി, മറ്റുകഥകളിലെ നിഴലിലങ്ങളായ കഥാപാത്രങ്ങളായി മാത്രം പെരുമാറുന്നവർ നമുക്ക വാര്യരുടെ കഥാപാത്രസൃഷ്ടിക്ക പിന്നിലുള്ള സർഗ്ഗശക്തി മനസ്സിലാകുകയുള്ളൂ. നാനാ രസ തരംഗിതമായ അതിന്റെ പരിധിയിട്ടും നഷ്ടപ്പെട്ടുപോകാതെതന്നെ വാര്യർ അവതരിപ്പിച്ചിട്ടുണ്ട്.

സംഭവവൈചിത്ര്യവും വികാരവൈവിധ്യവും ഒരു നാടകത്തിനത്യന്താപേക്ഷിതമാണ്. ഈ രണ്ടു ഘടകങ്ങളും നമുക്ക് ഉണ്ണായിയുടെ നളചരിതത്തിൽ ദർശിക്കാം. മറ്റു കഥകളിൽ കാണുന്ന വിരസമായ കഥാകഥന രീതിയല്ല വാര്യർ സ്വീകരിച്ചിരിക്കുന്നത്. ഓരോ സംഭവവും മറ്റും അതിനടുത്ത രംഗത്തെക്കുറിച്ച് പ്രേക്ഷകരിൽ ആകാംക്ഷയുളവാക്കാൻ പര്യാപ്തമായ രീതിയിലാണ് ഘടിപ്പിച്ചിരിക്കുന്നത്. കഥാവസാനംവരെ ആസ്വാദകരുടെ ഉത്കണ്ഠ നിലനിർത്തി പിടിച്ചുനിർത്താൻ കവിക്ക കഴിഞ്ഞിട്ടുണ്ട്.

'നളചരിതം കഥകളിയെ ''കേരളത്തിന്റെ ശാകുന്തളം'' എന്നു വിളിച്ചാൽ പോലും അധികപ്പറ്റാവുകയില്ല. 'കഥകളിക്കാരന്നെന്നല്ല, മലയാള ഭാഷാഭിജ്ഞന്മാരെല്ലാവർക്കുംതന്നെയും നളചരിതത്തെ മികച്ച ഒരു ദൃശ്യകാവ്യമായിട്ട് എണ്ണിയിട്ടുള്ള ഞാൻ പറയുന്നു, അതൊരു കഥകളിയാണെന്നുള്ള വസ്തുത മറന്നുട്ടുള്ള എന്ന്. ആ നില വിചാരത്തെക്കൊണ്ടു നാടകമാകാമുള്ള വാര്യർ നിരൂപിച്ചിട്ടുള്ള ഉപപാദന ഉദ്ദേശിക്കയില്ല എന്നുള്ളതല്ലം ചില ഭാഗങ്ങൾ ഉപേക്ഷിക്കേണ്ടിവരുന്നുള്ളൂ. ആ മാറ്റവും അത്ര വലിയ മാറ്റങ്ങളുമല്ല. അങ്ങനെ അഭിനയിച്ചാൽ കൂടി തികഞ്ഞ നാടകത്തിന്റെ സൗന്ദര്യം ... നിശ്ചയം. ഒന്നുമാത്രം: നാടകത്തിലെ പാത്രങ്ങൾക്ക് ഏറ്റവും ലോകധർമ്മിയും വ്യക്തിത്വവും ആവശ്യമാണല്ലോ. അതെല്ലാം, ഉണ്ണായി നൽകിയിരിക്കുന്നു. ... അതിന്റെ പാകത്തിൽ അഭിനയിപ്പിക്കാൻ വാര്യർ മറന്നിട്ടില്ല. കഥ

ഞ്ഞെട്ടാകെയും, രസഭാവങ്ങളാകെ വിശേഷിച്ചും, ഹൃദയംഗമമായി ക്കാണിക്കപ്പെടുന്നുണ്ട്. എന്തിനധികം? പ്രാകൃതമായുള്ള ദൃശ്യകലയെ അ പരിഷ്കൃതമായൊരു നാടകമായിത്തീരുമാറ് എത്രയും വളർച്ചകളം വേണ്ടാമെന്നമോ. ആ സമ്പ്രദായം ഒത്തിണങ്ങിയുള്ളൊരു കൃതിയാണ് നളചരിതം കഥകളി'' (A)

നളചരിതം—കഥകളി എന്ന നിലയിൽ.

നളചരിതം ആട്ടക്കഥയുടെ സാഹിത്യഗുണത്തെ മുക്തകണ്ഠം പുകഴ്ത്തുന്ന സഹൃദയരിൽ പലരും കഥകളിയെന്ന നിലയിൽ നളചരിതം ഒരു പരാജയമാണെന്നഭിപ്രായപ്പെടുന്നവരാണ്. സങ്കേതജടിലമായ കഥകളിയുമായി ഇണങ്ങാത്ത പലതും നളചരിതത്തിലുണ്ടെന്നാണവരുടെ അഭിപ്രായം.

> കോട്ടം വരാത്ത കോട്ടയം കഥകളും നാ-
> ലങ്ങാതെ വഞ്ചീശരം.
> ശ്രേഷ്ഠൻ തന്നുടെ നളവും; തമ്പിയുടെ
> മൂന്നാമ നാടകത്രയവും.

എന്ന പ്രസിദ്ധശ്ലോകത്തിൽ ഒരു പക്ഷേ നളചരിതം കഥകളിക്ക് സ്ഥാനം കിട്ടാതെ പോയതും ഇതുകൊണ്ടാവാം. നളചരിതം അരങ്ങത്ത് ഒരു പരാജയമാണെന്ന് പറയുന്നതിനുള്ള പ്രധാന കാര്യങ്ങൾ ഇങ്ങനെ സംഗ്രഹിക്കാം.

കോട്ടയം കഥകളും മറ്റും അഭിനയിച്ചു കാണുമ്പോഴുണ്ടാകുന്ന അനുഭവത്തിന്റെ ഒരു ചെറിയ അംശംപോലും നളചരിതം അഭിനയിച്ചു കാണുമ്പോൾ ഉണ്ടാകാറില്ല. വെണ്ണപോലെ ഉരുകി കാണിച്ചു ഫലിപ്പിക്കാൻ കഴിയാത്ത നിരവധി പദങ്ങൾ നളചരിതത്തിലുണ്ട്. ഒരു കാണിക്കാനും, കാണിച്ചാൽ ഫലിപ്പിക്കാനും കഴിയാത്ത നിരവധി പദങ്ങൾ ഈ ആട്ടക്കഥയിൽ കാണാം. ഭാവങ്ങൾ മാറിമാറി അഭിനയിക്കുവാൻ സൗകര്യമില്ലാത്തതുകൊണ്ട് വിരസമായ പദങ്ങളും ധാരാളമുണ്ട്. 'മറിമാൻകണ്ണി വിജനേ ബത' മുതലായ പദങ്ങൾ ഇതിനുദാഹരണമായിക്കാണുന്നു. കഥകളിയിൽ പദാർത്ഥാഭിനയമാണ്, വാക്യാർത്ഥാ

(A) [illegible]യിൽ (രണ്ടാം ഭാഗം)—മുണ്ടശ്ശേരി.

കിടയ്ക്കുള്ളൂ. ആട്ടക്കഥാകാരന്മാരുടെ ജീവിതത്തിൻ്റെ ഗുണങ്ങ ളെല്ലാംകൊണ്ട് അവസരമില്ല (a) നാലുദിവസത്തിലൊരുഭാഗത്തും; താളവട്ടം കഴിഞ്ഞു പഠിച്ചു നിർത്തിപ്പോരേണ്ടവയാണ് നളചരി തത്തിലെ മിക്ക പദങ്ങളും. "ഉദാത്തമായ അഭിനയത്തിനു പക റ്റുള്ള കഥകളി കലാകാരന്മാരിലിരുന്ന പ്രേക്ഷകരിൽ ശ്രദ്ധ ഉണ്ടാ ക്കിടത്തുള്ള പഠിപ്പിക്കാറില്ല. അതിനിട കിട്ടില്ല. നളചരിത ത്തിലെ മറ്റു കൂട്ടിച്ചേർക്കൽ അധികമായി അനുഭവിക്കുന്ന, കണ്ടു കൊണ്ടിരിക്കുവാൻ കഴിയാത്തതുകൊണ്ടാണ് കാണികളും ശ്രോ താക്കളുമായി മാറുന്നത്. ആട്ടത്തിനുള്ള ഈ കോട്ടമാണ് നളച രിതപദങ്ങളുടെ മേന്മ" (പുറപ്പാട് കമ്മിറ്റി) കഥകളിയിലെ സംഗീതം അഭിനയത്തെ മുൻനിർത്തിയുള്ളതാണ്. കഥകളി യിലെ പദങ്ങൾ ദൈർഘ്യം കൂടിയാൽ, അതു വിരസമാ കും. കരണം, പാദം, മേളം വ്യത്യസ്തമായ ആലാപനം സ്വീക രിക്കാൻ കഥകളിഗായകർക്ക് പക്ഷമില്ല. നളചരിതത്തിലെ പ ദങ്ങളുടെ എണ്ണം ഒരുകിൽ കൂടിയിരിക്കും, അല്ലെങ്കിൽ ദൈർ ഘ്യമേറിയതായിരിക്കും. ഇങ്ങനെ പല സാങ്കേതികത്തകരാറു കളുള്ളതുകൊണ്ട് 'നളചരിതം' ഒരു കഥകളിയെന്ന നിലയിൽ പരാജയമാണെന്ന് ചിലർ അഭിപ്രായപ്പെടുന്നു.

നളൻ, പുഷ്കരൻ, ഭീമൻ (പച്ച); ദമയന്തി; സുദേവൻ; രാജപത്നി, കേശിനി (മിനുക്ക്), കാട്ടാളൻ, കലി (കറുത്ത താടി) ഹംസം, കാമുകന്മാർ, ഇങ്ങനെ വൈവിധ്യമുള്ള പാത്ര ങ്ങളെല്ലാം നളചരിതത്തിൽ സമ്മേളിക്കുന്നു. ഒരു പ്രധാന ക ത്തിവേഷം നളചരിതത്തിലില്ലെന്നുള്ളത് ഒരു വലിയ കുറവു ത ന്നെയാണ്. ഒന്നാംദിവസത്തിൽ അല്പസമയം പ്രത്യക്ഷപ്പെടുന്ന യമൻ കത്തിവേഷമാണെന്ന കാര്യം വിസ്മരിക്കുന്നില്ല. ഒന്നാം ദിവസത്തിലെ ഹംസസാന്ത്വം, രണ്ടാം ദിവസത്തിലെ 'മയിലിത ന്നി മേരം' കലിപ്രവേശം, പുഷ്കരന്റെ പദം, ദമയന്തീവി ലാപം, മൂന്നാം ദിവസത്തെ, കാർക്കോടക നളസംവാദം, യാമി യാമി—എന്നപദം' സുദേവൻ അയോധ്യയിൽച്ചെന്നു നടത്തുന്ന

(a) ഇതനഭിനയിക്കാൻ പറ്റുന്നതിനു ആശാന്മാരല്ലേ ഇതിന്റെ കാരണക്കാർ? വാര്യരല്ലല്ലോ. (വി. ജി. പി).

ധാർമ്മിക നിർവചനം, കവി നളനെ വിശേഷിപ്പിക്കുന്ന രംഗം നാലാം ദിവസത്തെ 'എന്തൊരത്ഭുതമോ കണ്ടു' എന്ന പദത്തിലുമെന്നും ആനന്ദ ഇന്ദിരാഭമായി വന്നിതല്ലോ താൻ എന്ന ഭാഗങ്ങളിലും പാണ്ഡവം, ദമയന്തിയുടെ പാണ്ഡിത്യപാടവങ്ങൾ തുടങ്ങി സകലതിലും കാണപ്പെടുന്ന ഭാവനാവൈഭവങ്ങളാണ്. സംഭോഗശൃംഗാരത്തെ പച്ചയായി പ്രതിപാദിക്കുന്നതിൽ കാവ്യമർമ്മജ്ഞന്മാർ ഒരു കുറവും കണ്ടില്ല. ഔചിത്യബോധമായ വാര്യർ അങ്ങിനെ കൃതിയിൽ അതിന്റെ സ്ഥാനത്തെ കൊടുത്തില്ല. സഹൃദയത്വവും നല്ല പാണ്ഡിത്യവും, തികഞ്ഞ ഔചിത്യബോധവും ഉള്ള ഒരു ആളേ നളചരിതം വിജയകരമായി രംഗത്തവതരിപ്പിക്കാൻ പറ്റൂ.

മാവേലിക്കര
1–7–1974.

വള്ളപ്പാറയിൽ
ഗോപിനാഥപിള്ള.

നളചരിതം

(ആട്ടകഥ)

– ഒന്നാം ദിവസം –

പുറപ്പാട്

ശ്ലോകം 1

തോടി—ചെമ്പട

ആസീൽ പുരാ പരമപാവനകീർത്തിരുച്ചൈഃ
നാകോപമേ നിഷധനീവൃതി നീതിശാലീ
രാജാ രതീശസുഭഗോ ജഗദേകവീരഃ
ശ്രീവീരസേനതനയോ നളനാമധേയഃ

[ലളിതാർത്ഥ ദീപിക]

പുരാ – പണ്ട്, നാകോപമേ – സ്വർഗ്ഗതുല്യമായ, നിഷധനീവൃതി – നിഷധരാജ്യത്ത്, പരമപാവനകീർത്തിരുച്ചൈഃ – ഏററവും പരിശുദ്ധമായ കീർത്തി ബാഹുല്യത്തോടു കൂടിയവനും, നീതിശാലി – നീതിശാലിയും, രതീശസുഭഗഃ – കാമദേവനെപ്പോലെ സുന്ദരനും, ജഗദേകവീര – ലോകൈകവീരനും, ശ്രീവീരസേനതനയ – ശ്രീവീരസേനന്റെ പുത്രനും, നളനാമധേയ – നളൻ എന്ന പേരുള്ളവനും ആയ, രാജാ – രാജാവ്, ആസീത് – ഉണ്ടായിരുന്നു.

രതീശൻ – രതിയുടെ ഭർത്താവ് (കാമദേവൻ) നീവൃത് – രാജ്യം ''നീവൃജ്ജനപദഃ'' എന്നമരം.

പണ്ട് സ്വർഗ്ഗതുല്യമായ നിഷധരാജ്യത്ത് അതിപ്രസിദ്ധനായ കീർത്തിപ്പെറ്റ പ്രകൃതത്തോടുകൂടിയവനും, നീതിനിപുണനും, കലകളഖിലം സ്വായത്തമാക്കിയവനും, വീരസേനമഹാരാജാവിന്റെ പുത്രനും, എല്ലാ ഗുണങ്ങളും ഒത്തുചേർന്നവനുമായ നളൻ എന്ന രാജാവുണ്ടായിരുന്നു.

നായകാപേക്ഷ നിരവധി വിസ്തൃതി, കവി കല്പനകൾ ഗുണങ്ങളിൽ അലങ്കാരം ഉപമ.

വൃത്തം: വസന്തതിലകം

"ചൊല്ലാം വസന്തതിലകം തഭജം ജഗംഗം."

നിലപ്പദം

(പല്ലവി)

അമരുന്നിതധികകൗതുകമാലയേ
നരപതി നൈഷധവീരൻ

(അനുപല്ലവി)

മഹിമവതി തനയാസമനാകുലം
ശീതഗു വംശ കതിരൻ. .... അമരുന്നി

നിലപ്പദം നളന് അഭിനയിക്കാനുള്ളതല്ല. നായകന്റെ ഗുണഗണങ്ങളെല്ലാണ് നിലപ്പദത്തിൽ വിവരിക്കാറുള്ളത്.

നരപതി നൈഷധവീരൻ - രാജാവായ നളൻ, ആലയേ - കൊട്ടാരത്തിൽ, അധികകൗതുകം - അത്യധികം സന്തോഷത്തോടുകൂടി, അമരുന്നിത - വസിച്ചു.

മഹിതം - വളരെ മഹിമ, സമനി - സമനിലയിൽ (ശുദ്ധിയായ) അനാകുലം - വ്യാകുലത കൂടാതെ, അനവരതം - എല്ലാകാലത്തും, ശീതഗു വംശ കതിരൻ - ചന്ദ്രവംശത്തിൽ ജനിച്ചവൻ (ഈ അനുപല്ലവിയും തുടർന്നുള്ള ചരണങ്ങളും പല്ലവിയോടു ചേർത്തു പാടണം)

ശ്രീഗുരു - ശ്രീനാരായണഗുരുവർ (പരമ്പര), കരിതം - കൃതിയുടെ പേര്, ''പംശങ്കര കരിതാസ്തി'' എന്നു ം.

പദ്യം 1

പെരിയൊരു ഉർജ്ജ്വല പാവകലോചന
വിറകാക്കി വിമതബലം
പരിമിത സരണി വിദൂരഗ ഗുണഗണ-
പരിമളപൂരിത ലോകൻ .. ..ആരമത

പദ്യം 2

വിശ്വ മനോഹര പാദ ശരീരൻ
വിശ്രുത സചിവസമേതൻ
വിദ്യാജലനിധി വിസ്മയനീയൻ
വിഷ്ടപ പാലന ശീലൻ..... ആരമത

പദ്യം 3

കലിശമനൗഷധ ഭസിത പരീതൻ
കലിശയരോപമ വിത്തൻ
ശാർങ്ഗി പിനാകി പരാർദ്ധ്യ ശീലൻ
പാണ്ഡവസാരഥി വിത്തൻ ....ആരമത

പദ്യം 1

പെരിയ - വലിയ, ഉർജ്ജ്വല പാവക ലോചനൻ - ജ്വലിക്കുന്ന അഗ്നി (രൂപകം), വിമതബലം - ശത്രുസമൂഹം, തന്റെ ജ്വലിക്കുന്ന അഗ്നിക്കു ശത്രുബലത്തെ വിറകാക്കിത്തീർത്തു. പരിമിതസരണിയിൽനിന്നു - ഇത്രയെന്നു നിർണ്ണയിക്കാൻ കഴിയുന്ന വഴിയിൽനിന്നു, വിദൂരഗമായ - അകന്നുനില്ക്കുന്ന, ഗുണഗണത്തിന്റെ - ഗുണസമൂഹത്തിന്റെ, പരിമളംകൊണ്ട് - സൗരഭ്യംകൊണ്ട്, പൂരിതമായ - നിറഞ്ഞ, ലോകത്തോടു കൂടിയവൻ.

സൽഗുണങ്ങളാകു' സൗരഭ്യങ്ങളെ കവി സങ്കേതം,

പദ്യം 2

വിശ്വമനോഹര – എല്ലാവരുടെയും മനസ്സിനെ ആകർഷിക്കുന്ന, ചാരുശരീരൻ – സുന്ദരമായ ശരീരത്തോടു കൂടിയവൻ, വിശ്രുത സചിവ സമേതൻ – പ്രസിദ്ധരായ മന്ത്രിമാരോടു കൂടിയവൻ, വിക്രമജലനിധി – വിക്രമ സമുദ്രമായിട്ടുള്ളവൻ, വിനുതനയൻ – വിനയമുള്ളവനാകുന്നവൻ, വിഷ്ടപ പാലന ശീലൻ – ലോകപാലനം, വ്രതമായിട്ടുള്ളവൻ.

പദ്യം 3

കലിശമ ......ചരിതൻ – കലിയെ നശിപ്പിക്കുന്ന ഔഷധവും രമണീയവുമായ ചരിതത്തോടു കൂടിയവൻ; നളകഥയുടെ ശ്രവണവും കീർത്തനവും കലിദോഷശമനത്തിനുതകുമെന്നാണ് പൗരാണിക വിശ്വാസം.

''കാർക്കോടകസ്യ നാഗസ്യ
ദമയന്ത്യാ നളസ്യ ച
ഋതുപർണ്ണസ്യ നൃപസ്യ
കീർത്തനം കലി നാശനം''

കലിശം – വജ്രായുധം, 'കലിശധരൻ – ഇന്ദ്രൻ, കലിശധരോപമൻ – ഇന്ദ്രതുല്യൻ, കലിശധരൻ – വജ്രായുധം ധരിച്ചവൻ, കലിശ........വീര്യൻ – ഇന്ദ്രതുല്യം പരാക്രമമുള്ളവൻ, ശാർങ്ഗി – ശാർങ്ഗം എന്ന വില്ല് കൈയിലുള്ളവൻ(വിഷ്ണു), പിനാകി – പിനാകം എന്ന വില്ല് ധരിച്ചവൻ (ശിവൻ), ശാർങ്ഗി ... .ശീലൻ – വിഷ്ണുവിനെയും ശിവനെയും, പരമാത്മ ആരാധിക്കുക ശീലമായിട്ടുള്ളവൻ, വാങ്........വിദൂരൻ – വാക്കിനും മനസ്സിനും വളരെ അകലെയുള്ളവൻ, (അനിർവചനീയവും അചിന്ത്യവുമായ പ്രഭാവത്തോടുകൂടിയവൻ)

രംഗം 1

നളന്റെ രാജധാനി

ശ്ലോകം 2

(ഭൂപാളി - അടന്ത)

നളനരവരനേവം ഭൂതലം കാത്തു വാഴു-
ന്നളവിലവനിലേറ്റം പ്രീതിയെക്കൈക്കൊ-
ണ്ടാത്മനാഥം
മിളിതരസമെഴുന്നള്ളീടിനാൻ തത്സമീപേ
നളിനഭവതനൂജൻ നാരദൻ മാമുനീന്ദ്രൻ

നളനരവരൻ - നളമഹാരാജാവു്, ഏവം - ഇപ്രകാരം, ഭൂതലം കാത്തു വാഴുന്നളവു് - രാജ്യം പരിപാലിച്ചിരുന്നപ്പോൾ, അവനിലേറ്റം പ്രീതിയെക്കൈക്കൊണ്ടു് - രാജാവിൽ വളരെയധികം പ്രീതിയോടുകൂടെ, തത്സമീപേ - അവന്റെ സമീപത്തു്, നളിനഭവതനൂജൻ - ബ്രഹ്മപുത്രനായ നാരദൻ, മാമുനീന്ദ്രൻ - മുനിശ്രേഷ്ഠൻ, മിളിതരസം - സന്തോഷത്തോടുകൂടി, എഴുന്നള്ളീടിനാൻ - എഴുന്നള്ളി.

നളിനഭവൻ - ബ്രഹ്മാവു്, തനൂജൻ - മകൻ.

വൃത്തം: മാലിനി

"നനമയയുഗമെട്ടിൽ തട്ടണം മാലിനിക്ക്"

പദം 1. നളൻ

(പല്ലവി)

ഭഗവൻ നാരദ ! വന്ദേഹം

(അനുപല്ലവി)

ആലയവും നീങ്ങളീമെ സർവം
ഗൃഹവും പൂതമായിപ്പോയിപ്പോൾ..... ഭഗവൻ

വന്ദേഹം - അഹം (ഞാൻ) വന്ദേ (വന്ദിക്കുന്നു)

അഘം = പാപം, സർവം = എല്ലാം, മേ = എന്റെ, പൂതമായി = പരിശുദ്ധമായി,

ചരണം 1

അരവിന്ദഭവ യോനേ
വരവിതെങ്ങു നിന്നിപ്പോൾ
ഹരിമന്ദിരത്തിൽ നിന്നോ,
പുരിയിൽ നിന്നോ നിലിമ്പാനാം?.... ഭഗവൻ

ചരണം 2

മുദിതം മാനസം മമ
ഭവ ദംഗ ദർശനേന
മുഴുതിങ്കളുദയേന
കുമുദമെന്നതുപോലെ... ....ഭഗവൻ

ചരണം 3

എന്തിനിങ്ങെഴുന്നള്ളത്ത് ഞാൻ
നിന്തിരുവടി ചൊല്ലാൽ
എന്നാലതും ചെയ്യുന്ന-
തുന്നത തപോനിധേ .. .... ഭഗവൻ

ചരണം 1, അരവിന്ദഭവയോനി = നാരദൻ, അരവിന്ദഭവൻ = ബ്രഹ്മാവ്. യോനി = ഉല്പത്തിസ്ഥാനം, ഹരിമന്ദിരം = വിഷ്ണുവിന്റെ വാസസ്ഥാനം (വൈകുണ്ഠം) നിലിമ്പാനാം, പുരി = ദേവന്മാരുടെ നഗരി (അമരാവതി)

ചരണം 2 മുഴുതിങ്കളുദയേന കുമുദം എന്നതുപോലെ = പൂർണ്ണചന്ദ്രോദയം കൊണ്ട് ആമ്പൽ എന്നതുപോലെ, ഭവദംഗദർശനേന = അങ്ങയുടെ ശരീരം കണ്ടതുകൊണ്ട്, മമ മാനസം = എന്റെ മനസ്സ്, മുദിതം = സന്തുഷ്ടമായിരിക്കുന്നു. അലങ്കാരം ഉപമ.

ചരണം 3, നിന്തിരുവടിയുടെ ആജ്ഞയനുസരിച്ച് എന്താണ്

ഞാൻ ഇനി ചൊല്ലുന്നു". ഉന്നത തപോനിധി = ഉൽകൃഷ്ടമായ തപസ്സിന് ഇരിപ്പിടമായവൻ.

പദം 2- നാരദൻ

ചരണം 1

ദീക്ഷിത രിപുനികര! നൈഷധ! നീ കേൾക്ക വീര!
ഊഴിതന്നിൽ നായകനാം നീ പാഴിലാക്കീടൊല്ലാ ജന്മം

ചരണം 2

നാഴിക തികച്ചൊരുനാളും
വാഴവെന്നില്ലൊരേടത്തും;
ഏഷണിയ്ക്കായ് നടപ്പൻ ഞാൻ
ഏഴുരണ്ടു ലോകത്തിലും

ചരണം 1, ദീക്ഷിതരിപുനികരൻ = ശത്രുസമൂഹത്തെ ഭയപ്പെടുത്തുന്നവൻ, ഊഴി = ഭൂമി

ചരണം 2, ഏഴു രണ്ടു ലോകം = പതിനാലുലോകം, നാരദൻ ദക്ഷന്റെ പതിനൊന്നായിരം പുത്രന്മാരെയും തത്ത്വോപദേശത്താൽ ഭഗവത് സായൂജ്യം പ്രാപിപ്പിച്ചു. അതുകൊണ്ട് കുപിതനായ ദക്ഷൻ, ഒരിടത്തു തന്നെ സ്ഥിരമായി കഴിയാതെ പോകട്ടെ എന്ന ശപിച്ചു. ഇതൊരനുഗ്രഹമായിട്ടാണ് നാരദൻ കരുതിയത്. അതിനാലാണ് ''നാഴിക........ടത്തും'' എന്ന നാരദൻ പറയുന്നത്.

ഏഷണിക്ക് ''ഏഷണ'' എന്ന പാഠം സ്വീകരിച്ചുകൊണ്ട് ഈ ഭാഗം ശ്രീ. എം. എച്ച്. ശാസ്ത്രി ഇങ്ങനെ വ്യാഖ്യാനിക്കുന്നു.

'നാരദൻ സ്വതേ ഏഷണിക്കാരനാണെന്നുള്ള ധാരണകൊണ്ടുണ്ടായ അപപാഠമാണ്'' 'ഏഷണിക്ക് നടപ്പൻ ഞാൻ' എന്നുള്ളത്. പ്രകൃതത്തിൽ താൻ ഏഷണിക്കാരനാണെന്ന പ്രസ്താവിച്ചുകൊണ്ട്, നാരദൻ അനന്തര ഭാഗത്തിലേക്കു കടക്കുന്നത് സാർത്ഥകമല്ലെന്ന മാത്രമല്ല, അനർത്ഥകരം കൂടിയാണ്,' 'ഏഷണിക്കാരന്റെ വാക്ക് വിശ്വസിച്ചു കൂടാ' എന്നുള്ള ഒരു താക്കീതു

കൂടി പുറപ്പെടുവിക്കുന്ന ഒരു മഹാഭാഗ്യം നാരദനിൽ നിന്നു് എങ്ങനെ നമുക്ക പ്രതീക്ഷിക്കാം. ആ പാഠത്തിൽ ഈ അനൗചിത്യത്തെ പരിഹരിപ്പാനായിട്ടു് കഥാന്തരാരംഭത്തിൽ ഇങ്ങനെ പറഞ്ഞിരിക്കുന്നു. 'എങ്ങുമേനിക്കു നടപ്പൻ ഞാൻ'' എന്നു് ദോഷം പോലെയായി പറയുന്നതാകുന്നു; വാസ്തവത്തിൽ നാരദൻ ജനങ്ങളുടെ ഹിതത്തിനായിട്ടാണു് സർവത്ര സഞ്ചരിക്കുന്നതു്. ഇക്കാലത്തു് വർത്തമാനപത്രങ്ങളെക്കൊണ്ടുണ്ടാകുന്ന ഉപയോഗം അന്നു് നാരദനാലുണ്ടായിരുന്നു എന്നു പറയാം.

എങ്ങനിട്ടു് = ധർമ്മാദികാര്യാന്വേഷണത്തിനു്.

ചരണം 3

കുണ്ഡിനപുരിയിലുണ്ടു
സുന്ദരി ദമയന്തിതി
കന്യകാരത്നമവളിൽ
വൃന്ദാരകന്മാർക്കും മോഹം

ചരണം 4

രത്നമെല്ലാം നിനക്കല്ലോ;
യത്നമേ ദേവകൾക്കുള്ളൂ
യത്നമേ തദർത്ഥം ഭൂപ-
സത്തമ! നിനക്കേയോഗ്യം

ദമയന്തി ഇതി : ദമയന്തി എന്നു പ്രസിദ്ധയായ, വൃന്ദാരകന്മാർ . ദേവന്മാർ

ഓരോ വർഗ്ഗത്തിലും ശ്രേഷ്ഠമായിട്ടുള്ളതാണു് രത്നം. 'രത്നം സ്വജാതി ശ്രേഷ്ഠേ fപി' 'ജാതൗ ജാതൗ യദുത്കൃഷ്ടം തദ് രത്നം ഇതി കഥ്യതേ'. യത്നം : യാഗം, ശ്രമം : പ്രയത്നം എന്നർത്ഥം : ഇതിലേയ്ക്കു വേണ്ടി (ദമയന്തീപരിഗ്രഹത്തിനു വേണ്ടി)

രത്നമെല്ലാം രാജാവിനവകാശപ്പെട്ടതാണു്. ദമയന്തി കന്യകാരത്നമാണല്ലോ. ദേവന്മാർക്കു് മനുഷ്യർ നടത്തുന്ന യാഗത്തിലെ ഹവിസ്സിനു മാത്രമേ അവകാശമുള്ളൂ. അതിനാൽ രാജാവി

നളനിൽ മനഃ കന്യകാരത്നമായ ദമയന്തിയെ ദേവന്മാർ ആഗ്രഹിക്കുന്നതു് ശരിയല്ലെന്ന സാരം.

'ദമയന്തിയിൽ ദ്യുവാസികൾക്കു മോഹമുണ്ടെന്നു പറഞ്ഞതു്' അവളുടെ ചാരുതാതിശയത്തെ വ്യഞ്ജിപ്പിക്കുവാനാണു്. അല്ലാതെ ആ പ്രസ്താവത്തിനു് സ്വാർത്ഥത്തിൽ താല്പര്യമില്ല. ദേവന്മാർ (ഇന്ദ്രാദികൾ) ദമയന്തിയെക്കുറിച്ച് അറിയുന്നതു തന്നെ സ്വയംവരം നിശ്ചയിച്ചതിനു ശേഷമാണു്. അതിനാൽ ദമയന്തിയിൽ ദേവന്മാരുടെ അവകാശത്തെ നിരസിച്ചുകൊണ്ടു് നളന്റെ അവകാശത്തെ ഉറപ്പിക്കുന്ന ഒരു തീർപ്പ് ആവശ്യമില്ലതന്നെ'.... 'ഇതാരെ നാഥം' എന്ന പരിക്കുന്ന പക്ഷം 'മതിലെല്ലാ വേണ്ടി യത്നം മാത്രമേ കർത്തവ്യമായിട്ടുള്ളൂ. പ്രതിഫലം നിശ്ചിതമാണു്. (എം. എച്ച്. ശാസ്ത്രി)

ശ്ലോകം. 3

കല്യാണി—ചെമ്പട

ഏവം ശ്രുത്വാ ഭൈമീം നാരദീയാൽ
പൂർവ്വം തസ്യാം പാന്ഥലോകാൽ ശ്രുതായാം
സക്തം ചിത്തം തസ്യ വൈദർഭപുത്ര്യാം
ജാതം സാതങ്കാതിരേകാതിരൂഢം

ഏവം : ഇപ്രകാരം, നാരദീയാൽ : നാരദനാൽ പറയപ്പെട്ട, ഭൈമീം : ദമയന്തിയെ, ശ്രുത്വാ : കേട്ടിട്ട്, പൂർവ്വം : മുൻപുതന്നെ പാന്ഥലോകാൽ : വഴിപോക്കരിൽ നിന്നു, ശ്രുതായാം : കേൾക്കപ്പെട്ടിട്ടുള്ള; തസ്യാം : ആ, വൈദർഭപുത്ര്യാം : വിദർഭരാജപുത്രിയിൽ, സക്തം : പ്രേമാസക്തമായിരിക്കുന്ന, തസ്യ : അവന്റെ, ചിത്തം : മനസ്സു്, സാതങ്കാതിരേകാതിരൂഢം : ഏറ്റവും ഉത്കണ്ഠയോടുകൂടിയതും വളരെ പ്രേമിതവും; സാതങ്കാതിരേകം : ഏറ്റവും ഉത്കണ്ഠയോടു കൂടിയതു്, അതിരൂഢം : വളരെ ഉറച്ചതു്, ജാതം : ആയിത്തീർന്നു.

പല ലോകപാലന്മാരുടെയും കൂട്ടത്തിൽ ദമയന്തിയെപ്പററി വഴിയാത്രക്കാർ വർണ്ണിക്കുന്നതു കേൾക്കുവാൻ ഇടവന്നിട്ടുള്ള നളനു്

അവളിൽ നേരത്തെതന്നെ താല്പര്യമുള്ളവനായിരുന്നു. നാരദൻ കൂടി ദമയന്തിയുടെ സൗന്ദര്യാദികളെപ്പറ്റിയും പറഞ്ഞതുകേട്ട് തനിക്ക് ദമയന്തിയിൽ തോന്നിയ അഭിനിവേശം. യുക്തമെന്നു ബോധ്യപ്പെട്ടപ്പോൾ, ആ കന്യകാരത്നത്തെ എങ്ങനെ നേടണമെന്ന ചിന്തകളേയും അപ്പോഴത്തെ വിപ്രലംഭാവസ്ഥയിൽ അതിരറ്റ ദുഃഖവും ഉണ്ടായി.

വൃത്തം: ശാലിനി

"നാലേഴായ് മം ശാലിനി തംതഗംഗം"

പദം 3 (നളന്റെ ആത്മഗതം)

(പല്ലവി)

കുണ്ഡിന നായക നന്ദിനിക്കൊത്തൊരു
പെണ്ണില്ല മന്നിലെന്നു കേട്ടു മുന്നേ

(അനുപല്ലവി)

വിണ്ണിലുമില്ല നൂനം അന്യലോകത്തിലുമി-
ല്ലെന്നു വന്നിതു നാരദേരിതം നിനയ്ക്കുമ്പോൾ
......കുണ്ഡിന

ചരണം 1

അവരവർ ചൊല്ലിക്കേട്ടേനവൾതൻ ഗുണഗണങ്ങ-
ളിതര വനിതാസാധാരണങ്ങൾ
അനുദിനമവൾ തന്നിലനുരാഗം വളരുന്നു
അനുചിതമല്ലെന്നിന്നു മുനിവചനേന മന്യേ
......കുണ്ഡിന

കുണ്ഡിന നായക നന്ദിനി – ദമയന്തി, കുണ്ഡിനനായകൻ– ഭീമരാജാവ്, വിണ്ണിൽ – സ്വർഗ്ഗത്തിൽ, അന്യലോകം – മറ്റു ലോകം, നാരദേരിതം – നാരദന്റെ വാക്ക്, അവരവർ – ഓരോരുത്തർ, പലരും, ഇതര...ണങ്ങൾ – മറ്റു സ്ത്രീകളിൽ സാധാ

ങ്ങണമെന്നുള്ളതല്ലാത്ത. മുനിവചനേന – മുനിയുടെ വാക്കു കൊണ്ടു്, അന്വഹം – ദിനംതോറും, മന്യേ – ഞാൻ വിചാരിക്കുന്നു. അനുചിതമല്ല – ഉചിതമായതു തന്നെ.

ചരണം 2

എന്തൊരു കഴിവിനി ഇന്ദുമുഖിക്കെന്നിൽ
അന്തരംഗത്തിൽ പ്രേമം വന്നീടുവാൻ?
പൊന്നിനൊരാണിപോലെ പ്രേമതാരമ്പിന്നു
കന്ദർപ്പൻ വേണമല്ലോ കന്ദം സമർപ്പയിതും

—കുണ്ഡിന

ഇന്ദുമുഖി – ചന്ദ്രമുഖി; സുന്ദരി. അന്തരംഗം – ഹൃദയം. പ്രേമതാരം – പ്രേമമാകുന്ന താരം, കന്ദർപ്പൻ – കാമദേവൻ, കന്ദംസമർപ്പയിതും – വിത്തു പാകുന്നതിനു്

നളനു് ദമയന്തിയിൽ ദൃഢമായ പ്രേമം ഉളവായിക്കഴിഞ്ഞു. ഇനി വേണ്ടതു് സുന്ദരിയായ ദമയന്തിയുടെ ഹൃദയത്തിലും തന്നെക്കുറിച്ചു് പ്രേമമുളവാക്കുകയാണു്. അതിനുള്ള മാർഗ്ഗമെന്താണെന്നാണു് നളന്റെ ആലോചന. അതിന്റെ ഫലമായി താൻ ജഗദേക വീരനാണെങ്കിലും, ഒരു സ്ത്രീയ്ക്കു് ഒരു പുരുഷനിൽ പ്രേമോദയം പരസഹായം കൂടാതെ സാധ്യമല്ല. അതിനു് ഉപയോഗപ്പെടുന്ന ഒരു വഴിയെ തിരയേണ്ടതുള്ള നിശ്ചയത്തിൽ നളൻ എത്തിച്ചേരുന്നു.

ഹൃദയാന്തർഭാഗത്തു് അങ്കുരിതമായിത്തീർന്നു്, ക്രമേണ വളർന്നു്, വികസ്വരാവസ്ഥയെ പ്രാപിച്ചു്, കണ്ണുകൾക്കു് സന്തോഷം നല്കുന്ന പ്രേമത്തെ, ജലാന്തർഭാഗത്തുകൂടി ആരുടെയും ദൃഷ്ടിയിൽ പെടാതെ, പങ്കത്തിൽ നിന്നുയർന്നു്, ജലോപരി പ്രത്യക്ഷപ്പെടുന്ന, സൗന്ദര്യവാഹിയായ അരവിന്ദത്തോടുപമിച്ചിരിക്കുന്നതു് ആലോചനാസുന്ദരവും അത്യന്തം ഹൃദ്യവുമായിട്ടുണ്ടു്.

ചരണം 3

വിധുമുഖിയുടെ രൂപാദ്ഭുതം കേട്ടു മമ
വിധുരത വന്നു; കൃത്യചതുരത പോയി
മതി തന്നിൽ കാമപരിതാപപദവിയോ
വിജനേ വസിക്കയോ മേ ഗതിയിനി ഞങ്ങളി

ചൊല്ലുന്നു — കുണ്ഡിന

വിധുമുഖി – ചന്ദ്രമുഖി, വിധു – ചന്ദ്രൻ, രൂപമധുരത – രൂപമാധുര്യം, സൗന്ദര്യം; വിധുരത – വിരഹിയുടെ അവസ്ഥ, കൃത്യചതുരത – കൃത്യങ്ങൾ ചെയ്‌വാനുള്ള സാമർത്ഥ്യം, മുദിര......പദവിയോ – മുദിരങ്ങളുടെ (മേഘങ്ങളുടെ) തതി (കൂട്ടം) പോലെ (കറുത്തും ഇടതിങ്ങിയതുമായ) കബരി (തലമുടി)യോട് കൂടിയവളായ ദമയന്തിയുടെ പരിചയപദവിയോ (സ്നേഹം നേടാനുള്ള വഴിയോ) വിജനേ വസതി – വിജനത്തിൽ വസിക്കൽ, മമ ഗതി – എന്റെ ഗതി.

''എങ്കിൽ തന്റെ അഭിലാഷം തുറന്നുപറഞ്ഞ് അവളുടെ സ്നേഹം നേടുവാൻ വഴി നോക്കണം. അല്ലെങ്കിൽ ഇംഗിതം മറയ്ക്കുവാൻ വിജനത്തിൽ വസിക്കണം. വികാരപരവശത തന്റെ മനസ്സിനു യോജിച്ചതല്ലെന്ന വിചാരവും, ദൈവ വശാൽ കാമിതം സാധിക്കാതെ പോയെങ്കിലോ എന്ന ഭയവുമാണ് ഇംഗിതം മറയ്ക്കാൻ നളനെ പ്രേരിപ്പിക്കുന്നത്''. (ദശമംഗലം)

സർഗ്ഗം 2

നളന്റെ ഉദ്യാനം

ശ്ലോകം 4

(വേകട—ഉറിയതന്ത)

കഥനേന മുനേരനേന രാജാ
കദനേ ഽസൗ മദനേഷുജേ നിമഗ്നൻ
സചിവേ വിനിയോജ്യ രാജ്യഭാരം
വിജനേ പുഷ്പവനേ തതാന വാസം

മുനേഃ (മുനിയുടെ) അനേന (ഇപ്രകാരമുള്ള) കഥനേന (വചനത്താൽ) അസൗ രാജാ (ഈ രാജാവ്) മദനേഷുജേ (കാമബാണങ്ങളാൽ ഉണ്ടായ) കദനേ (ദുഃഖത്തിൽ) നിമഗ്നൻ (മുങ്ങിയവനായി) സചിവേ (മന്ത്രിയിൽ) രാജ്യഭാരം വിനിയോജ്യ

(രാജ്യഭാരം സമർപ്പിച്ചിട്ട്) വിജനേ പുഷ്പവനേ (വിജനമായ പൂന്തോട്ടത്തിൽ) വാസം ചെയ്താൻ (വാസം ചെയ്തു)

വൃത്തം: വസന്തമാലിക

''വിഷമേ സസജം ഗഗം സമത്തിൽ
സഭരം യ വസന്തമാലികയ്ക്ക്''

പാഠം 4 നളന്റെ ആത്മഗതം

പല്ലവി

നിർജ്ജനമെന്നതേയുള്ളൂ ഗുണമോ
നിയമ, മുദ്യാനത്തിൽ

അനുപല്ലവി

ഇജ്ജനത്തോടു പെരികെ വൈരമായ് വന്നി-
തീശാനനെ മിന്നീ ഝഷകേതനനാം
......നിർജ്ജന

ചരണം 1

ഈക്ഷണയുഗത്തിനു ലക്ഷണവേദനകളു-
ണ്ടാക്കവാനതിനാം ലാക്ഷ്യമുള്ളവകളെ
സാക്ഷാദധുനാ ഇന്നു വീക്ഷണവിധിനാ ഹരി-
ണാക്ഷി! ഞാ വിനാ വിരഹേണാക്ഷീണതരജാ-
വിവശഃ —നിർജ്ജന

നിർജ്ജനം – ജനമില്ലായ്ക. ഉദ്യാനത്തിലുള്ള ഗുണമൊക്കെ ''ജനങ്ങളില്ലായ്ക'' എന്നതു മാത്രമേയുള്ളൂ. താർശര വിരഹതാപത്തിന് അല്പം ശമനം വരുത്താൻ ഈ ഉദ്യാനം പര്യാപ്തമല്ലെന്ന സാരം.

ഇജ്ജനത്തോട് – ഇങ്ങനെയുള്ള എന്നോട് (എന്നോട്) പെരികെ വൈരമായ് വന്നിതു (അധികം ശത്രുത ഉണ്ടായിത്തീർന്നു) ഈശാനൻ – ശിവൻ (ഈശഃ ശർവ ഈശാനഃ എന്നമരം) ഝഷകേത

ന്റെ - സ്വച്ഛം (മന്ദ്യം) കൊടിയേയൊന്നുകൂടിയിട്ടുള്ളവൻ ''ശിവ ന്റെ മുഖാരവിന്ദം പരസ്പരം വൈരികളാണ്'', അപകീർത്തിപക്ഷം നൃ ന്റെ നേർക്ക് വലുതായ വൈരം ഉള്ളതായിത്തീർന്നിരിക്കുന്ന ''എ ന്നുള്ള കല്പനയിൽ അടങ്ങിയിരിക്കുന്ന സാരസ്യം ശ്രദ്ധേയമാ ണ്'' (എം. എച്ച്. ശാസ്ത്രി)

ഇക്ഷണയുഗത്തിന് - രണ്ടു കണ്ണുകൾക്കും, രൂക്ഷവേദന - കഠിന വേദന, അനിതരാം - ഏറ്റവും, സാക്ഷ്യം - സാമർത്ഥ്യം, സാക്ഷാൽ - കൺമുമ്പിൽ, നേരിട്ട്; അധുനാ - ഇപ്പോൾ, വീക്ഷെ - ഞാൻ കാണുന്നു. വിധിനാ - വിധിയാൽ, അകഠിനത്വ ആ - കഠിന ദുഃഖത്താൽ, വിരഹേണ - വിരഹത്താൽ, വിവശ - വലയുന്ന, ഹരിണാക്ഷീം - മാനിന്റെ കണ്ണുകൾ പോലുള്ള കണ്ണുകളോടു കൂടിയവളെ, വിനാ - കൂടാതെ.

വിധി ബലത്താൽ കണ്ണുകൾക്ക് കഠിന വേദനയുളവാ കാൻ സമർത്ഥമായ ദൃശ്യങ്ങൾ മാത്രമേ കൺമുമ്പിൽ പെടുന്നുള്ളൂ. ആ സുന്ദരിയെ മാത്രം കാണുന്നില്ല. മാനാക്ഷിയുടെ കനത്ത ദുഃഖ മുളവാക്കുന്ന വിരഹവേദനയാൽ പരവശനായിത്തീരുകയും ചെ യ്യുന്നു.

ചരണം 2

പടുതമ നൃപനൻെറ പട വീടിതു; വാപീ-
തട വിടപികളെ തത് പടകുടികൾ; കുസുമ
ഹേതിഭൃതിയും, കുയിൽ നാദസ്വരവും, മായിക-
യോധനമിയും, വിരഹി ഭീതിപ്രദമാമിതു
......നിർജ്ജന

പടുതമൻ - അതിസമർത്ഥൻ, മന്മഥൻ - കാമദേവൻ, പടവീ ട് - സൈന്യസങ്കേതം, ഇതു - ഇത് (ഈ ഉദ്യാനം) തന്നെ, വാ പീ തട വിടപികൾ - കുളക്കരയിലുള്ള വൃക്ഷങ്ങൾ; ഏതൽ പട കുടികൾ - ഇവന്റെ കൂടാരങ്ങൾ കുസുമ ഹേതിഭൃതി - കുസുമ ങ്ങൾ(പുഷ്പങ്ങൾ) ആകുന്ന ഹേതികളുടെ(ആയുധങ്ങളുടെ) ഭൃതി - (ശേഖരം) കുയിൽനാദ സ്വരം - കുയിലിന്റെ ശബ്ദമാകുന്ന വാദ്യ

ഘോഷം. മാരുതയോഗശുചി – കാററാകുന്ന യോഗത്തിന്റെ കവാടത്ത് [മാരുത യോഗ ശുചി എന്ന പാഠം സ്വീകരിച്ചുകൊണ്ട് ശ്രീ ഉള്ളൂർ കളും ഈ ഭാഗം ഇങ്ങനെ വ്യാഖ്യാനിക്കുന്നു. ''മാരുത യോഗം (മാരുതയോഗം – മാരുതസ്പർശം) ആകുന്ന യോഗശുചി (ആക്രമണ ശുചി)യും ഉണ്ട്. തെന്നൽ വന്ന മേഘത്തിൽ തട്ടുന്നതിനെ അഭി യോഗത്തിനുള്ള ശുചിയായി കല്പിച്ചിരിക്കുന്നു. സൈന്യങ്ങളെ സൂചി ആകൃതിയിൽ വിന്യസിക്കുന്നതിന് ശുചി എന്നാണ് പേര്. ആ ക്രമണത്തിനും പ്രതിരോധത്തിനും ശുചിയുണ്ട്. പദ്മ പത്രാദിക ളുള്ള കാഹളം വിളി കേട്ട ഉടനെ നമ്മുടെ അഭിയോഗികൾ ശുചി രൂപീകരിച്ചു. അർദ്ധചന്ദ്രാകൃതിയിലും മററുമുള്ള സേനാവിന്യാ സത്തിൽ നിന്ന് രക്ഷപ്പെടാൻ കഴിഞ്ഞേക്കാം. ശുചിയിൽ നിന്ന് രക്ഷപ്പെടാൻ സാദ്ധ്യമല്ല. വിരഹികൾക്ക് ആപൽക്കര മാണ് ഈ സ്ഥലം.''] യോഗശുചി – എന്ന പാഠം ഏ. ആർ. സ്വീകരിച്ചിട്ട് യോഗികളുടെ ശുചി എന്ന് അർത്ഥം പറയുന്നു. വിര ഹിണീനിസ്ഥലമായിട്ട് – ഈ വിരഹികൾക്ക് ദുഃഖമുണ്ടാകുന്ന സ്ഥലമത്രെ.

കാമദേവന്റെ ഒരു സൈന്യമാകുന്നു വയും, മിന്നലിനെ അവന്റെ പടയാളികളായും, വൃക്ഷങ്ങളെ പടകുടീരങ്ങളായും, പൂമ്പൊടിക ളെ ആയുധങ്ങളായും, കുയിൽ നാദത്തെ കാഹളമായും രൂപണം ചെയ്തിരിക്കുന്നതിനാൽ അലങ്കാരം രൂപകം.

ചരണം 3

വർണ്ണം പലതായി മിന്നീടു മന്നമെ-
ന്നുള്ളോരമിതമിന്ന രമിപ്പതിൽ
ഒന്നേറിവിടെ സുപർണ്ണ വർണ്ണം തടവുമിവൻ
എന്തോ! സഖേ! കണ്ടാൽ നന്നോ നിതരാമിവൻ

പല്ലവി

ഒക്കെച്ചേൽ വരുന്നാകിൽ നന്നേറ്റും
ചിത്രതരം ഗ്നീവൻ

വർണ്ണ – നിറം, അന്നങ്ങൾ – അരയന്നങ്ങൾ, ഉന്മുദ്രമോദം – വർദ്ധിച്ച സന്തോഷത്തോടുകൂടി, ഖേല – ക്രീഡിക്കൽ, സുവർണ്ണവർണ്ണം തനുഃ – സുവർണ്ണ നിറമുള്ള, ചിത്രം – വളരെ, ചിത്രതരാംഗൻ – വളരെ വിചിത്രമായ ശരീരത്തോടു കൂടിയവൻ ഏതോ! സംബോ! – അത്ഭുതകരമായ വ്യാഖ്യാനങ്ങൾ.

അന്നങ്ങൾ സാധാരണമായി മൂന്ന തരത്തിലുണ്ട്. 1. രാജഹംസങ്ങൾ (വെളുത്ത ഉടലും ചുവന്ന കൊക്കും കാലും ഉള്ളവ). 2. മല്ലികാക്ഷങ്ങൾ (വെളുത്ത ഉടലും അല്പം ഇരുണ്ട കൊക്കും കാലും ഉള്ളവ) 3. ധാർത്തരാഷ്ട്രങ്ങൾ (കറുത്ത കൊക്കും കാലുമുള്ളവ) ഹംസത്തിന് സ്വർണ്ണവർണ്ണം അസാധാരണമാകയാലാണ് സ്വർണ്ണഹംസം നളന്റെ ശ്രദ്ധയാകർഷിച്ചത്.

ശ്ലോകം 5.

അന്യേഷു വൃക്ഷലതികാദിഷു വീക്ഷിതേഷു
ഖിന്നേ ദൃശൌ നിഷധഭൂമിപതേസ്തദാനീം
ഹംസേ സുവർണ്ണസുഷമേ ദധതുഃ പ്രമോദം
യാവന്ന താവദശയിഷ്ട രതിശ്രമേണ

തദാനീം (അപ്പോൾ) വൃക്ഷലതികാദിഷു (വൃക്ഷം, വള്ളി, മുതലായ) അന്യേഷു (മറ്റുള്ളവ) വീക്ഷിതേഷു (കാണപ്പെട്ടപ്പോൾ) ഖിന്നേ (ദുഃഖിതയായിരുന്ന) നിഷധഭൂമിപതേ (നിഷധ രാജാവിന്റെ) ദൃശൌ (കണ്ണുകൾ) സുവർണ്ണസുഷമേ ഹംസേ (സ്വർണ്ണ നിറമുള്ള ഹംസത്തിൽ) പ്രമോദം (സന്തോഷം) ദധതുഃ (വഹിച്ചുവോ) താവത് (അപ്പോൾ) സഃ (അവൻ, ഹംസം) രതിശ്രമേണ (കാമകേളിയിൽ ക്ഷീണിച്ച്) അശയിഷ്ട (നിദ്രയെ പ്രാപിച്ചിരുന്നു)

വൃത്തം: വസന്തതിലകം

"ചൊല്ലും വസന്തതിലകം തഭജം ജഗംഗം"

ശ്ലോകം 6. (ഫലങ്ങളാരം മുറിയുന്നു)

അനക്കമേശാതെ നടന്നണഞ്ഞുതാൻ കരത്താൽ കാ-
മനോജ്ഞ സ്വർണ്ണാംശശരീര മരയന്നപ്പക്ഷി-
വൃന്ദം

ഇണക്കമെന്നാത്ത ജിതമെടു പിടിച്ചുകോം–
ഉറിലേ;
കനക്കം ശോകം പൂണ്ടവനാഗമകോരാതികളാനാം

നരവരൻ – രാജാവു്, അണഞ്ഞു് – എഴുന്നള്ളി, ... – പെട്ടെന്നു്, കണ്ടുകാൻ – ആശയാൽ, അനന്തിരസമ്പത്തിൽ – പെരുകിയ സമ്പത്തിന്റെ നിറവോടെ, ശയിതം – ഉറങ്ങുന്ന, ശൈശവപ്രതിബിംബം – അതയന്ന ശ്രേഷ്ഠമായ, ഇതുകൊണ്ടു് – ഇപ്രകാരം ... വിധത്തിൽ അതികരുണം അതാ – ... വിധത്തിൽ വിലപിച്ചു. കനക്കം ശോകം – വലിയ ദുഃഖം,
വൃത്തം: ശിഖരിണി

"യതിക്കാറിൽ തട്ടും യമനസഭലഗം ശിഖരിണി"

രാഗം ...

(പല്ലവി)

ഹംസം

ശിവ! ശിവ! എന്തു ചെയ്യേണ്ടു? എന്നെ
ചതിച്ചു കൊല്ലുന്നിതു രാജേന്ദ്രൻ

അനുപല്ലവി

വിവശം നിരാലംബം മമ കുടുംബവൃത്തി
...... ശിവ! ശിവ!

ചരണം 1

ജനകൻ മരിച്ചു പോയി
തനയൻ ദേശാന്തരനായി
ജനനി തന്റെ മക്കളെയോ
അപി ച മമ ദയിതാ കളിയ–......ശിവ!

പ്രസൂതിചിര സൂതാ പ്രാണൻ
കഷ്ടമതിവിധുരാ, എന്നാൽ
കലമിതഖിലവു മറുതി വന്നിതു

രാജേന്ദ്രൻ – രാജശ്രേഷ്ഠൻ, വിവശം – സ്വാതന്ത്ര്യമായിക്കഴിയാൻ കെല്പില്ലാത്തത്, നിരവലംബം – മറ്റൊരാശ്രയമില്ലാത്തത്

ജനകൻ – അച്ഛൻ, തനയൻ – മകൻ, ജനനി – അമ്മ, ദശ – അവസ്ഥ, അപിച – അതുമല്ല, ദയിത – ഭാര്യ, അനതി ചിരസൂതാ – പ്രസവിച്ചിട്ട്, അധിക ദിവസം കഴിയാത്തവൾ, അതിവിധുരാ – കഠിനമായ വിരഹദുഃഖമുള്ളവൾ, മറുതി–നാശം. ''എന്നാൽ കലമിതഖിലവുമറുതി വന്നിതു'' എന്ന ഭാഗം ഉണ്ണായി വാര്യർ അനുകരിച്ചതാണ് എന്ന് ഐതിഹ്യം.

ചരണം 2

ചെറുതും പിഴ ചെയ്യാതൊരെന്നെക്കൊന്നാൽ
ദുരിതമുണ്ടു തവ നൃപതേ!
മനസി രുചിജനക മെന്റെ
ചിറക മണി കനക മിതുകൊ–
ണ്ടാകാ നീ ധനികൻ–അയ്യോ!
ഉണ്ടാവുമനവധി ദോഷമായിതു–ശിവ! ശിവ!

ചെറുതും പിഴ – അല്പവും തെറ്റ്, ബഹു ദുരിതം – വലിയ ദുരിതം, നൃപതി – രാജാവ്, തവ – നിനക്ക്, രുചിജനകം – ആശയുളവാക്കുന്ന, മണികനകം – ശ്രേഷ്ഠമായ സ്വർണ്ണം, ഇതുകൊണ്ടാകാ നീ ധനികൻ – ഇതു കൊണ്ടു നീ ധനികനാകുകയില്ല. (ഇതുകണ്ടാക എന്ന പാഠഭേദം – പൊൻപകിട്ടുള്ള ചിറകു കണ്ടുകൊണ്ടു മാത്രം നീ ധനികനാക)

'ചിറക മണി കനകം' എന്ന ഭാഗം ചിറകം അണികനകം എന്നു പിരിച്ചിട്ട്, ശ്രേഷ്ഠമായ പൊന്നുകൊണ്ടുള്ള ചിറക് എന്ന് രസിക കൗതുക കാരൻ വ്യാഖ്യാനിക്കുന്നു.

ഗുണവ്യതനവധി ദോഷമായിട്ടു — ഗുണങ്ങളധികമായാലും അവ ദോഷമായിത്തീരും. സൌന്ദര്യവൈദഗ്ദ്ധ്യാദി ഗുണവിശേഷങ്ങളാണല്ലോ രാജാവിനെ ആകർഷിച്ചതും, അങ്ങനെ താൻ ബന്ധിതനായതും.

ഈ ഭാഗം രസിക കരളുകകാരൻ ഇങ്ങനെ വ്യാഖ്യാനിക്കുന്നു.

“അയ്യോ! (അനുകമ്പിതത്വത്തെ സൂചിപ്പിക്കുന്നു) അനവധി ഗുണവും (രാജോചിതങ്ങളായി നിനക്കുള്ള അപാരമില്ലാത്ത സദ്ഗുണങ്ങളും) ദോഷമായി (കഷ്ടപ്പാടായി) ഈ നിർദ്ദയമായ ധനാഭിലാഷം ഒന്നു തന്നെ മതി നരാധിപന്റെ നിരവധികളായ സദ്ഗുണങ്ങളെയും മലിനീകരിക്കാൻ എന്നാണ് ഹംസം നിരൂപണം ചെയ്യുന്നതു്” ഈ വ്യാഖ്യാനത്തോടു് സഹൃദയർ യോജിക്കുമെന്നു തോന്നുന്നില്ല.

പദം 6 നളൻ

സാവേരി — അടന്ത

പല്ലവം

താരിക ഹംസമേ! എന്നുടെ പരിദേവിതം
വിരസഭാവമില്ല നിന്നിൽ മേ.
മേഘ മനുപമിതം — കാണ്മാൻ
മോഹഭരമുദിതം; നിങ്കൽ
സ്നേഹമേ വിഹിതം; ന മയാ
ദ്രോഹമിനിപ്പോഴരുതേ ഗഗനചര! ഇനി
നിധേ
ഖേദമരുതേ; പറന്നിട്ടുപ്പോകാതെ വഴി
ഗച്ഛ നീ

പരിദേവിതം — വിലാപം, വിരസഭാവം — നീരസം, വിരോധം, അനുപമിതം — ഉപമയില്ലാത്ത, മോഹഭരം ഉദ്ഭൂതം — അതിയായ ആഗ്രഹമുണ്ടായി, നിങ്കൽ സ്നേഹമേ വിഹിതം — നി

ന്നിൽ സ്നേഹമാണു് ഉചിതമായിട്ടുള്ളതു്. ഭയാഗ്രഹം ന വിഹിതം – എന്നാൽ ഗ്രഹം ചിന്തിതമേയല്ല. ഇതുപൊഴല്ലു് – ഇപ്പോഴും, അന്തരംഗഭാവം – ദേവപക്ഷികളിൽ വച്ചു് ശ്രേഷ്ഠനായ ഇവനെ (ഹംസം ബ്രഹ്മവാഹനമാണല്ലോ). ഖഗ മേദമതു് – നിനക്കു് ഉപദ്രവമരുതു്. ഗച്ഛ – പൊയ്ക്കൊള്ളുക.

ശ്ലോകം 7

(കാമോദരി—ചെമ്പട)

ഇതി സ നൃപതിനാ ഖഗോ വിസൃഷ്ടോ
നിജ ജന സന്നിധി മേത്യ ജാതമോദം
അഥ വിഗതഭയോ ഭയാപഹയാധിം
നികടഗതോ നിഷധാധിപം ന്യഗാദീത്.

ഇതി (ഇങ്ങനെ) നൃപതിനാ (രാജാവിനാൽ) വിസൃഷ്ട (വിട്ടയക്കപ്പെട്ടവനായ) സഃ (ആ) ഖഗഃ (പക്ഷി) ജാതമോദം (സന്തോഷത്തോടുകൂടി) നിജ ജനസന്നിധിം (സ്വവർഗ്ഗക്കാരുടെ അടുക്കലേക്കു്) ഏത്യ (ചെന്നിട്ടു്) അഥ (അനന്തരം) വിഗതഭയഃ (ഭയമില്ലാത്തവനായി) നികടഗതഃ (സമീപത്തിലെത്തിയവനായി) ഭയാപഹയാധിം (ഭയാസക്തനായ) നിഷധാധിപം (നളനോടു്) ന്യഗാദീത് (പറഞ്ഞു)

വൃത്തം: പുഷ്പിതാഗ്ര

നനരയ വിഷമത്തിലും സമത്തിൽ
പുനരിഹ നം ജജരംഗ പുഷ്പിതാഗ്രേ

പദം 7 ഹംസം

പല്ലവി

ഉത്സുകിതാശയ! പാർത്ഥിവ തവ തൊ–
ന്നുപകാരം കൃത്യം

അനുപല്ലവി

ഓർത്തു കണ്ടാലുത്തമനാം നീ

ഉപമാ നഹി തവ ഭുവനമഖിലും
—ഊർജ്ജിതാശയ

ഊർജ്ജിതാശയൻ - ഉത്കൃഷ്ടമായ മനസ്സോടുകൂടിയവൻ, ഉപകാരം കൃത്യം - ഉപകാരം ചെയ്യും. പാർത്ഥിവൻ - രാജാവ്, തവ - നിനക്ക്, തവ ഉപമാ നഹി - നിനക്ക് തുല്യനില്ല.

ചരണം 1

ശ്രുതല ഖലിലം ഭ്രൂലതികാ പരി-
പാതി നൃപാധിപ! തേ;
നൂതന സുഷമം വപുരഖിലേക്ഷണ-
കൗതുക മാതനുതേ.
ആഭരണീയമശേഷമഹോ! തവ
ശ്രീമതാവസതേ!
പൃതശരാള! ഗുണൈരുചിതാ ദയിതാ തവ
ജാതു ന മിളിതാ സുലളിതാ
.......ഊർജ്ജിതാശയ

നൃപാധിപ - രാജാവേ, തേ - അങ്ങയുടെ, ഭ്രൂലതികാ - നിന്റെ പുരികക്കൊടി, ശ്രുതഖലിലം - ശ്രുതി മുഴുവൻ, പരിപാതി - രക്ഷിക്കുന്നു, നൂതനസുഷമം - പുതിയ സൗന്ദര്യത്തോടുകൂടിയ, വപുഃ - ശരീരം, അഖില ഈക്ഷണ കൗതുകം - എല്ലാവരുടെയും കണ്ണുകൾക്ക് സന്തോഷം, ആതനുതേ - ചെയ്യുന്നു (ഉളവാക്കുന്നു) ശ്രീമതാവസതേ - ശ്രീക്ക് ഇരിപ്പിടമായിട്ടുള്ളവനേ, തവ - അങ്ങയുടെ, അശേഷം ആഭരണീയം - എല്ലാം ആഭരണീയമായിരിക്കുന്നു, ഹേ! പൃതശരാള - അല്ലയോ കാമദേവനു തുല്യം കാന്തിയുള്ളവനേ, ഗുണൈഃ - ഗുണങ്ങളാൽ, ഉചിതാ - അനുരൂപയും, സുലളിതാ—വിലാസവതിയും ആയ, ദയിതാ - ഭാര്യ, തവ - നിനക്ക്, ജാതു - ഒരിക്കലും, മിളിതാ ന - ചേർന്നിട്ടില്ല.

ചക്രവർത്തിയും കാമദേവതുല്യനും സർവ്വഗുണോപേതനും കു

തിലകനായ നളന് അനുരൂപയായ ഒരു വധു ഇതേവരെ വന്നു ചേർന്നിട്ടില്ലെന്ന സാരം.

ചരണം 2

ദർപ്പിതരിപുനൃപ കല്പകൃശാനുവി-
ദർഭ മഹീമഘവാൻ
കെല്പുള്ള ഭീമന്റെ ചൊല്പെറുമൊരുമക-
ളപ്രതിമാ ഭുവനേ
തൽപ്രിയയാകി ലനല്പ ഗുണത്വം
നിഷ്ഫലമല്ലയി! തേ
തൽഘടനായ പ്രഗത്ഭത മേ മതി-
യാം, തരവേണമിന്നതിനായനുമതി

—ഉൽക്കലിതാശയ

ദർപ്പിതരിപുനൃപ കല്പകൃശാനു — ദർപ്പിതന്മാരായ (ഗർവിതന്മാരായ) രിപുനൃപന്മാർക്ക് (ശത്രുരാജാക്കന്മാർക്ക്) കല്പകൃശാനു (പ്രളയാഗ്നിയായവൻ) കെല്പ് — ധീരത, ശക്തി; വിദർഭമഹീമഘവാൻ — വിദർഭരാജ്യത്തിലെ രാജാവ്, ചൊല്പെറു — കീർത്തിയുള്ള, ഭുവനേ — ലോകത്തിൽ, അപ്രതിമാ — സാദൃശ്യമില്ലാത്തവൾ, തൽപ്രിയയാകിൽ — അദ്ദേഹത്തിന്റെ ഭാര്യയായിത്തീരുകിൽ, തേ — അങ്ങയുടെ, അനല്പഗുണത്വം - പൂർണ്ണഗുണനായുള്ളവൻ എന്ന അവസ്ഥ, നിഷ്ഫലമല്ല - ഫലപൂർണ്ണമായിത്തീരും, തൽഘടനായ - അവളെ (അങ്ങയോട്) ഘടിപ്പിക്കുവാൻ, മേ - എനിക്ക്, പ്രഗത്ഭത - സാമർത്ഥ്യം, മതിയാം - മതിയാവും, അതിന് എനിക്ക് അനുവാദം തന്നാലും.

ചരണം 3

കാമിനി രൂപിണി ശീലവതീമണി
[illegible] സമാ

ഭീമനരേന്ദ്രസുതാ ദമയന്തീ
നാമ രമാനവമാ
സാമരധാമവധൂമദഭൂമവി-
രാമദ കോമളിമാ
ത്വാമനുരാഗിണിയാം—അതിനിക്ക ഭരം—
അമരാധിപതിമപഹായ രാഗിണം
ഉൽക്കണ്ഠിതാശയ

കാമിനി - യൗവനം തികഞ്ഞവൾ, രൂപിണി - സുന്ദരി ശീലവതീമണി - സുശീലകളിൽ ശ്രേഷ്ഠ, ഹേമാമോദസമാ - ഹേമത്തിന് - സ്വർണ്ണത്തിന്, ആമോദം (സുഗന്ധം) ഉണ്ടായാലെന്നപോലുള്ളവൾ, സാ ഭീമനരേന്ദ്രസുതാ - ആ ഭീമരാജാവിന്റെ മകൾ, ദമയന്തീനാമ-ദമയന്തി എന്ന പേരോടുകൂടിയവളും. രമാ അനവമാ - രമ (ലക്ഷ്മി)യേക്കാൾ കുറവില്ലാത്തവളും. (ലക്ഷ്മിയോട് സദൃശയും) ലക്ഷ്മി, അസ്ഥിരയും ചപലയുമാണ്. എന്നാൽ ലക്ഷ്മിയുടെ ആ ദോഷം ദമയന്തിക്കില്ലെന്നും അതിനാൽ രമയേക്കാൾ ശ്രേഷ്ഠയാണ് ദമയന്തിയെന്നും ധ്വനി.

അമര ....ളിമാ - അമരധാമത്തിലെ (ദേവലോകത്തിലെ) വധുക്കളുടെ (സ്ത്രീകളുടെ) മദഭൂമാവിന് (അഹങ്കാരാധിക്യത്തിന്) വിരാമം (അവസാനം) വരുത്തുന്നതായുള്ള, കോമളിമ (സൗന്ദര്യം) യോടുകൂടിയ, സാ - അവൾ, രാഗിണം - (അനുരാഗിയായ) അമരാധിപതിം - (ദേവേന്ദ്രനെ) അപഹായ (ഉപേക്ഷിച്ച്) ത്വാം (നിന്നെക്കുറിച്ച്) അനുരാഗിണിയാം (അനുരാഗമുള്ളവളായിത്തീരും) അതിനിക്ക ഭരം - അതെന്റെ ചുമതലയാണ്.

പാഠം 8

നളൻ

(തോടി—ചെമ്പട)

പല്ലവി

പ്രിയമാനസ! നീ പോയ്‌വരേണം
പ്രിയയോടെന്റെ വാർത്തകൾ ചൊല്‌വാൻ

അനുപല്ലവി

പ്രിയമെന്നോർത്തില്ല പറകയോ മമ?
ക്രിയകൊണ്ടേവ മിതനീട്ടമൊ നി ?

.. .. പ്രിയമാനസ

പ്രിയമാനസാ - മാനസസരസ്സിൽ പ്രിയമുള്ളവനേ, ഈ ഹംസം രാജഹംസം എന്ന ഇനങ്ങൾ പക്ഷികളിൽ പെട്ടതാണ്. ഈ മാനസ സരസ്സിൽ വസിക്കുന്നതും വിശ്രുതമുള്ളവയത്രെ.

എന്റെ മനസ്സിന് പ്രിയപ്പെട്ടവനേ, പ്രിയപ്പെട്ട മനസ്സോട് കൂടിയവനേ, എന്നൊക്കെ ഇതിന് അർത്ഥം പറയാം.

നീ എന്റെ വാക്ക് പ്രിയമായ ഭഗവതിയോട് പറയാൻ പോയിട്ട് വരണം. എനിക്ക് ഇത് പ്രിയമാണോ എന്ന് കരുതി നീ പറയുന്നതാണോ? അതോ നീ ഇപ്രകാരം പ്രവൃത്തികൊണ്ട് എന്നെ സഹായിക്കുമോ?

ചരണം 1

പലതും ചൊല്ലിക്കേട്ടു നളിനമുഖിതൻ കഥ
ബലവാംഗനാർത്തി പൊരുതില്ല റ്റിമേ;
അവൻ സഹായമില്ലെന്നതുതന്നെ വേദനയാ
മവുന്ന നേരം നിന്റെ പരിചയം

വന്നു ദൈവാത്

- പ്രിയമാനസ

ചരണം 2

അഖിലവും കേട്ടു ധരിച്ചുഴകൊടു ചൊല്ലുവാനും,
സുഖമായ് യത്ര മിത്രം നടന്നെത്തുവാനും,
ന ഖലു സന്ദേഹം-വിധി മികവോം നിന്നെ മമ
സഖിയായിട്ടല്ല നല്ല നിധിയായിട്ടല്ലോ തന്നു

—പ്രിയമാനസ

നളിനമുഖി - സുന്ദരി, നളിനം - താമര, ചെമ്പകശരാർത്തി - വലിയ കാമതാപം; പെരുത്തു - വർദ്ധിച്ചു, ഹൃദി - ഹൃദയത്തിൽ, മേ - എനിക്ക്, ഉരുതരവേദനയാ - വലിയ വേദനയോടുകൂടി, ദൈവാത് - ഭാഗ്യവശാൽ.

അഖിലവും - എല്ലാം, നവലവസന്ദേഹം - അല്പം സംശയമില്ല. അധികവരം - ഉത്തമനായ, സമർത്ഥനായ; സഖി - തോഴൻ, സഖി ശബ്ദം സംസ്കൃതത്തിൽ പുല്ലിംഗമാണ്.

ഭൂമിയിൽ സഞ്ചരിക്കുന്നവനായ നളൻ, തന്റെ പ്രേമം ദമയന്തിയെ അറിയിക്കാൻ ഉചിതനായ ഒരു സ്നേഹിതനെ ലഭിച്ചതിലുള്ള സന്തോഷാധിക്യമാണ് "വിധി അനുകൂലമായിരുന്നു തന്നെ" എന്നീ വാക്കുകളാൽ നളൻ പ്രകടിപ്പിക്കുന്നത്.

പദ്യം 3

വചനകൗശലമൊടു കാമിനികൾമണിയെ
വശഗയാക്കി മമ തരിക സഖേ! നീ;
ഇതിനു പ്രതിക്രിയയോ, വിധിതമൊന്നു തവ
ചെയ്യാം;
ചതിയല്ല-നീയല്ലാതൊരു ഗതിയില്ലി-
ന്നിനിക്കോർത്താൽ
—പ്രിയമാനസ

വചനകൗശലേന - വാക്ചാതുര്യംകൊണ്ട്, കാമിനികൾമണി - സ്ത്രീരത്നം, വശഗ - വശപ്പെട്ടവൾ, പ്രതിക്രിയ - പ്രത്യുപകാരം, വശഗയാക്കി മമ തരിക - എനിക്ക് വശപ്പെടുത്തിത്തരിക, ചതിയല്ല - ഞാൻ ചതി പറകയല്ല, നളന്റെ വികാരപാരവശ്യമാണ് ലജ്ജയില്ലാതെ ഇങ്ങനെ പറയാൻ പ്രേരിപ്പിച്ചത്.

രംഗം 3

കുണ്ഡിനത്തിലെ ഉദ്യാനം

ശ്ലോകം 8

പൂന്തോട്ട വാടളി—[illegible]

ഇതി നളഗിരായാതേ ഹംസേ വിദർഭപുരീം ഗതേ
തദുപവനമധ്യാന്തേ ശാന്തേ നിഷീദതി കുത്രചിത്
ശ്രുതനളഗുണാ ഭൈമീ കാമാധിഗാഢനിസ്സഹാ
വനമുപഗതാ നീതാ ജാതാദരാഭിരാളിഭിഃ

അഥ (അനന്തരം) ഇതി (ഇപ്രകാരം) നളഗിരാ (നളവചനത്താൽ) യാതേ (തിരിച്ചവനായ, പറന്നുപോയവനായ) ഹംസേ (അരയന്നം) വിദർഭപുരീം ഗതേ (വിദർഭനഗരിയെ പ്രാപിച്ച്) ശാന്തേ (ശാന്തമായ) തദുപവനമധ്യാന്തേ (അവിടത്തെ പൂന്തോട്ടത്തിന്റെ മധ്യത്തിൽ) കുത്രചിത് (ഒരിടത്ത്) നിഷീദതി (ഇരിക്കവേ) ശ്രുതനളഗുണാ (നളന്റെ ഗുണങ്ങളെ കേട്ട്) കാമാധി (കാമതാപം) ഗാഢനിസ്സഹാ (ഒളിപ്പാൻ കഴിവില്ലാതെ) ഭൈമീ (ദമയന്തി) ജാതാദരാഭിഃ (ഉളവായ ആദരവോടുകൂടിയവരായ) ആളിഭിഃ നീതാ (സഖിമാരാൽ നയിക്കപ്പെട്ടവളായി) വനം ഉപഗതാ (പൂന്തോട്ടത്തെ പ്രാപിച്ചവളായിത്തീർന്നു.)

'ഉപവനമുപഗതാ' എന്നതിന്ന് ഉപവനമുപനീതാ (പൂന്തോട്ടത്തിലേയ്ക്ക് ആനയിക്കപ്പെട്ടവളായി) എന്നു പാഠാന്തരം.

നളന്റെ വാക്കനുസരിച്ച് കുണ്ഡിനനഗരത്തിലെത്തിയ അരയന്നം, അവിടെ ഉദ്യാനത്തിലൊരിടത്തിരിക്കുമ്പോൾ, നളന്റെ ഗുണങ്ങളെ കേട്ട് അസഹ്യമായ കാമാർത്തിയോടുകൂടിയ ദമയന്തി തോഴിമാരോടുകൂടി പൂന്തോട്ടത്തിൽ വന്നുചേർന്നു.

വൃത്തം: ഹരിണി

"നസമ ഹരിണിക്കാറും പത്തും മുറിഞ്ഞു രസലഗം"

പദം 9

ചരണം 1

പൂമകനും മൊഴിമാതും ശ്രുതിദേവിതാനും
കാർമുകിലൊളിവർണ്ണനും പൂമാതും ജയിക്ക

ചരണം 2

ശ്രീമഹാദേവൻ ജയിക്ക മാമലമകളും
സോമനും രോഹിണിതാനും കാമനും രതിയും

ചരണം 3

ഇന്ദ്രനു മിന്ദ്രാണിതാനും-എന്തു വേണ്ടു-സർവ്വ
വൃന്ദാരകവനിതകൾ സമ്പദേ സേവിക്ക

ചരണം 4

അനസൂയാ ലോപാമുദ്രയു മരുന്ധതി മുൻപാകും
മുനിഗൃഹിണിമാരെല്ലാമനുഗ്രഹിക്കേണമെന്നെ

പൂമകൻ - ബ്രഹ്മാവ്, മൊഴിമാതു് - വാഗ്ദേവി (സരസ്വതി) കാർമുകിലൊളിവർണ്ണൻ - മഹാവിഷ്ണു, മഹാദേവൻ - ശിവൻ, മാമലമകൾ - ഹിമവാന്റെ പുത്രി, (ശ്രീപാർവ്വതി) സോമൻ - ചന്ദ്രൻ, രോഹിണി - ചന്ദ്രന്റെ ഭാര്യ, രതി - കാമന്റെ ഭാര്യ, ഇന്ദ്രാണി - ഇന്ദ്രന്റെ ഭാര്യ, വൃന്ദാരകവനിതകൾ - ദേവവനിതകൾ, സമ്പദേ സേവിക്ക - സമ്പത്തിനായിക്കൊണ്ടു സേവിക്കട്ടെ. അനസൂയ അത്രിമഹർഷിയുടെയും ലോപാമുദ്ര അഗസ്ത്യന്റെയും അരുന്ധതി വസിഷ്ഠന്റെയും ധർമ്മപത്നിമാരാണ്. മുനിഗൃഹിണിമാർ - മുനിപത്നിമാർ, അനുഗ്രഹിക്കേണ്ടു - അനുഗ്രഹിക്കുമാറാകട്ടെ

ശ്ലോകം 9

(തോടി-ചെമ്പട)

ആകാരൈരവഗതമാളിഭിസ്സല്ലാപാച്ചാ
നാകാർഷീത് പ്രകടമിയം നളാഭിലാഷം;

ആവിഷ്ടാ പ്രമദവനാന്തപക്ഷതാളീ-
താഡീപ്യസൂരപരിതാപ വേപിതാംഗീ

ഇത്ഥം (ഇപ്രകാരം, ദമയന്തി) ആളീഭിഃ (ആളികളാൽ, സഖികളാൽ) ആകാരജ്ഞൈഃ (ഭാവാദ്യാകാരികളെക്കൊണ്ട്) അവഗതം (ഗ്രഹിക്കപ്പെട്ട) നളാഭിലാഷം (നളാഭിലാഷത്തെ) സ്വയം വാചാ (തന്റെ വാക്കുകൊണ്ട്) പ്രകടം (പ്രകടമാക്കി) ന, അകാർഷീത് (ചെയ്തില്ല) പ്രമദവനം (പ്രമദവനത്തിലേയ്ക്കു :) അന്തഃപുരസ്ത്രീകൾക്കു വിഹരിക്കുവാനുള്ള പൂങ്കാവനമാണ് പ്രമദവനം) ആവിഷ്ടാ (എത്തിയപ്പോഴാകട്ടെ) ആദീപ്യ സൂരപരിതാപ വേപിതാംഗീ—ആദീപ്യമായ (ആളിക്കത്തുന്ന) സൂരപരിതാപത്താൽ (കാമതാപത്താൽ) വേപിതമായ (വിറയ്ക്കുന്ന) അംഗത്തോടുകൂടിയവളായിട്ട്, ആളീഃ (തോഴിമാരോട്) ആഖ്യത (പറഞ്ഞു)

ദമയന്തി നളനിൽ അനുരക്തയാണ് എന്ന് അവളുടെ പെരുമാറ്റങ്ങളിൽനിന്ന് സഖികൾക്കു മനസ്സിലായി. എന്നാൽ ദമയന്തി ഉടനെ നിജനിശ്ചയം തോഴിമാരോട് ഇതൊന്നും പറഞ്ഞിരുന്നില്ല. ഇപ്പോൾ ഉദ്യാനത്തിൽ എത്തിയപ്പോൾ അസഹ്യമായ കാമതാപത്താൽ ശരീരം മുഴുവൻ വിറച്ചുതുടങ്ങിയ ദമയന്തി തോഴിമാരോട് ഇങ്ങനെ പറഞ്ഞു.

വൃത്തം: പ്രഹർഷിണി

“ത്ര്യാശാഭിർമ്മനജരഗാഃ പ്രഹർഷിണീയം”,

പദം 10 ദമയന്തി

(പല്ലവി)

സഖിമാരേ! നമുക്കു ജനകപാർശ്വേ
ചെന്നാലല്ലീ കൗതുകം?

(അനുപല്ലവി)

സകല ഋതുവര നികരകരം ചിലർ പറയും
സമയം കഴിപ്പതിന്നു സദുപായമിതു നല്ലൂ-
സഖിമാരേ

ജനകപാർശ്വേ - അച്ഛന്റെ സമീപത്ത്, ചൊന്നാലല്ലീ - ചൊന്നാലല്ലയോ; സകലദിഗന്തകഥകൾ - എല്ലാരാജ്യത്തെയും കഥകൾ, സദുപായം - നല്ല മാർഗ്ഗം.

രാജപാർശ്വത്തിൽ പലരും വന്ന് പലദിക്കിലെയും കഥകൾ പറയും. കൂട്ടത്തിൽ നളന്റെ കഥയും അവർ പറയും. അതു കേൾക്കാനുള്ള ആഗ്രഹമാണിവിടെ ദമയന്തി പരോക്ഷമായി പ്രകടിപ്പിക്കുന്നത്.

ചരണം

സഖിമാർ:-

പോക പൂങ്കാവിലെന്ന പുതുമധുവചനേ !
വലിയ നിർബന്ധം തവ വാഴ്കനേരം ഇവനേ
പോവാൻ തന്നെയോ വന്നു? പൂർണ്ണേന്ദുവദനേ!
കാമിനിമാർമണേ! പൊൽക്കക നയനേ!

(പല്ലവി)

സുഖമായി നമുക്കിന്നിവിടെ നൂനം
തോഴി! തെളി! കാൺക

പുതുമധുവചനേ - പുതിയ തേൻപോലെ മധുരമായ വാക്കോടുകൂടിയവളേ, ഭവനേ(ഗൃഹത്തിൽ: ഇവിടെ കൊട്ടാരത്തിലെന്നർത്ഥം)കതനയനേ - അധിരമായ(മേന്മപ്പെട്ട: പങ്കജകായക)ളുള്ള കണ്ണുകളോടുകൂടിയവളേ, പൂർണ്ണേന്ദുവദനേ - പൂർണ്ണചന്ദ്രമുഖി, കാമിനീമണി - സ്ത്രീരത്നം, പോകാൻ തന്നെയോ വന്നു - ഇത്ര പെട്ടെന്ന പോകാനാണോ നാം ഇങ്ങോട്ടു വന്നതു്.

പദം 11 ദമയന്തി

(ദ്വിജാവന്തി—ചെമ്പട)

ചരണം 1

ചലമലിന്ദഝങ്കാരം ചെവികളിലങ്കാരം
കോകിലകൂജിതരവം കൊടിയ കർണ്ണശൂലജാലം

കുസുമസൗരഭം നാസാകുഹരസരസ്സൈരിഭം
അതിദുഃഖകാരണമിന്നാരാമ സഞ്ചാരണം

ചലദളിഝംകാരം – പറന്നു നടക്കുന്ന വണ്ടുകളുടെ മൂളൽ, അംഗാരം – തീക്കനൽ, കോകിലകൂജിതം – കുയിൽനാദം, കർണ്ണശൂലം – കർണ്ണശല്യം, കുസുമസൗരഭം – പൂമണം, നാസാകുഹരസരസ്സൈരിഭം – നാസാദ്വാരങ്ങളാകുന്ന സരസ്സിലെ പോത്തു്, സൈരിഭം – കാട്ടുപോത്തു്. നാസാകുഹര സര സൈരിഭം എന്ന പാഠം സ്വീകരിച്ചാൽ മൂക്കിന്റെ ദ്വാരമാകുന്ന ഗുഹയിൽ സഞ്ചരിക്കുന്ന പോത്തു് എന്നർത്ഥം പറയാം.

[''മദനന്റെ നാസാദ്വാരങ്ങളെ സരസ്സായിട്ടും സൗരഭത്തെ സൈരിഭമായിട്ടും രൂപണം ചെയ്തു കാണുന്നതു ഹൃദ്യമല്ലായ്കയാൽ ഇതു് അപപാഠമായിരിക്കണം. 'കുഹരസാര സൈരിഭം' എന്നാണു ഗ്രന്ഥത്തിൽ കാണുന്നതു്. ഇതും ഹൃദയാകർഷകമല്ല. 'നാസാകുഹര ശര സന്നിഭം'' എന്ന പാഠം കല്പിച്ചാൽ തരക്കേടില്ലെന്നു് എനിക്കു തോന്നുന്നു. പൂമണം നാസാദ്വാരങ്ങളെ വേദനിപ്പിച്ചുകൊണ്ടു് ഉള്ളിൽ കടന്നുചെല്ലുന്ന ശരം''—ദേശമംഗലം]

അളികളുടെ ധ്വംകാരത്തെ അംഗാരമായും, കോകിലകൂജിതത്തെ കർണ്ണശൂലങ്ങളായും നാസാദ്വാരങ്ങളെ സരസ്സായും കുസുമസൗരഭത്തെ സൈരിഭമായും രൂപണം ചെയ്തിരിക്കുന്നതിനാൽ അലങ്കാരം രൂപകം.

ചരണം 2

മിന്നൽക്കൊടിയിറങ്ങി മന്നിലേ വരികയോ?
വിധുമണ്ഡലമിറങ്ങി ക്ഷിതിയിലേ
പോരികയോ ?
സ്വർണ്ണവർണ്ണമാമന്നം പറന്നിങ്ങു വരികയോ?
കണ്ണുകൾക്കിതു നല്ല പീയൂഷധാരികയോ?

വിധുമണ്ഡലം – ചന്ദ്രബിംബം, ക്ഷിതി – ഭൂമി, പീയൂഷധാരിക – അമൃതധാര.

മാനത്തുനിന്നും പറന്നുവരുന്ന ഹംസത്തിന്റെ ഉജ്ജ്വലവർണ്ണ

കണ്ടു് തിന്നൽക്കൊടിയാണോ എന്നും, ക്രമേണ ആ പ്രകാശത്തിന്റെ മദ്ധ്യത്തിൽ ഒരു സാന്ദ്രത അനുഭവപ്പെടുന്നതിനാൽ ചന്ദ്രബിംബമാണോ എന്നും സംശയിക്കുന്നു. ഇതു് ഒന്നു് അദൃഷ്ടപൂർവ്വമായതും സ്വർണ്ണവർണ്ണം കലർന്നതുമായ ഒരു ഹംസമാണെന്നു് തീർച്ചയായി. അതിന്റെ ദർശനം അത്ഭുതാവഹമാംവണ്ണം അവളെ ആനന്ദിപ്പിക്കുകയും അത്ഭുതപ്പെടുത്തുകയും ചെയ്യുന്നു.

അലങ്കാരം: സസന്ദേഹം.

"സന്ദേഹമാകും സാദൃശ്യ-
ജന്യമായുള്ള സംശയം"

പാഠം 12 ദമയന്തി

ആകൃതി—കേക

ചരണം 1

കണ്ടാലെത്രയും കൗതുകമുണ്ടിതിനെപ്പണ്ടു
കണ്ടില്ല ഞാനേവം വിധം കേട്ടില്ല.

ചരണം 2

സ്വർണ്ണവർണ്ണമരയന്നം മഞ്ജുനാമമിതു
നിർണ്ണയമിനിക്കിണങ്ങുമെന്നു തോന്നും.

ചരണം 3

തൊട്ടേനെ ഞാൻ കൈകൾകൊണ്ടു
തോഴിമാരെ കൈയ്ക്കൽ
കിട്ടുകിൽ നന്നായിരുന്നു കേളി ചെയ്‌വാൻ.

ചരണം 4

ക്രൂരനല്ല സാധുവത്രേ ചാതുരൂപൻ, നിങ്ങളും
ദൂരെ നില്പിനെന്നരികിലാരും വേണ്ടാ.

ഏവംവിധം — ഇപ്രകാരം, കേട്ടിട്ടുമില്ല. മഞ്ജുനാമം — മനോഹരമായ നാമം, കേളി ചെയ്‌വാൻ — കളിക്കാൻ, ചാതുരൂപൻ — മനോഹരാംഗൻ

ശ്ലോകം 10

(കല്യാണി-ചെമ്പട)

ഇനിയൊരടി നടന്നാൽ കിട്ടുമേ കൈക്കലെന്നും
പ്രതിപദമപി തോന്നുമാറു മന്ദം നടന്നു
അഥ ബത ദമയന്തി മാളിമാരൊട്ടു ദൂരാ-
ലളുപൊഴുതകലെന്നാർ പ്രേഷ്ഠഹംസോ സഹാസം

പ്രതിപദം - പദംതോറും, ഓരോ അടിവെയ്പിലും, അഥ - അനന്തരം, ദമയന്തി - ദമയന്തിയോട്, ആളികൾ - സഖിമാർ അളുപൊഴുത് - അപ്പോൾ, അരയന്നപ്രവരൻ, ശ്രേഷ്ഠനായ അരയന്നം, സഹാസം - ചിരിച്ചുകൊണ്ട്, ഇങ്ങനെ പറഞ്ഞു.

വൃത്തം: മാലിനി

പദം 13 ഹംസം

പല്ലവി

അംഗനമാർമൗലേ! ബാലേ!
ആശയെന്തയി! തേ

അനുപല്ലവി

എങ്ങനെ പിടിക്കുന്നു നീ
ഗഗന ചാരിയാമെന്നെ

.... അംഗനമാർമൗലേ

ചരണം 1

യൗവനം വന്നുദിച്ചിട്ടും പോയതായില്ല ചെറുപ്പം
അവിവേകമിതു കണ്ടാലറിവുള്ളവർ
പരിഹസിക്കും ചിലർ പഴിക്കും
വഴി പിഴയ്ക്കും തവ നിനയ്ക്കുന്നോർക്കും

..... അംഗനമാർ മൗലേ

ചരണം 2

ബന്ധനം ചെയ്യേണ്ട നീ മാം
അന്ധ്യവല്ലോ തവ ഞാൻ;
സഖിമാരിലധികം വിശ്വസിപ്പിക്കുന്നോ
ജഗത്പതിയും രതിപതിയും
തവ കാന്തിയുള്ളോരു പതി വരുമേ!

..... അംഗനാമൗലേ അയി ബാലേ

അംഗനാമൗലേ — സ്ത്രീരത്നമേ, അയി ബാലേ — അല്ലയോ കുമാരി, ഒരു ഭൃംഗമല്ലു — വിരഹം ആയവണ്ണമേ, ബാല പക്ഷി — ആകാശചാരി

ഭവനം.........ചെയ്യും, ഭവനപ്രപ്പുരത്തിലും ഭാഗ്യവ ന്മാരായ ചാപല്യത്തോടെ കൂടി കരഞ്ഞിട്ടില്ല. പാറമേൽ കഴിവുള്ള പക്ഷിയെ പിടിക്കാൻ അതിനു ശേഷിയുണ്ടായ ചെയ്യുന്നതു് ഭവ വിവേകമാണല്ലോ. ഒരു യുവതി ബാല്യസഹജമായ ഈ ചാപല്യം കാട്ടുന്നതു് ആശ്ചര്യപ്പെടേണ്ടതല്ല.

അവിവേകം — ആലോചനയില്ലാത്തതായ പ്രവൃത്തി, പഴിക്കും — കുറ്റം പറയും, നിനയ്ക്കുമ്പോൾ — ചിന്തിക്കുമ്പോൾ, അപഹസി നക്കു്.

വിവേകശൂന്യമായ നിന്റെ ഈ പ്രവൃത്തി കണ്ടു് ആളുകൾ നിന്നെ പരിഹസിക്കും; ചിലർ കുറ്റം പറയും; നീ തിരിച്ചുപോകാൻ വഴിയറിയാതെ വിഷമിക്കുകയും ചെയ്യും. കലീനയായ ഒരു സ്ത്രീയ്ക്കു് ഇത്തരം ചാപല്യംമൂലം സന്മാർഗ്ഗഭ്രംശവും വന്നു ചേരും. എന്നെന്നേക്കും കൂടി 'വഴി പിഴച്ചവൾ'' എന്നീ വാക്കുകൾ ഉണ്ടു്.

മാം — എന്നെ, തവ — നിനക്കു്. ജഗത്പതി — ലോകനാഥൻ, രതിപതി — കാമദേവൻ, ജഗത്പതി.........വരുമേ — ലോകനാഥനും, കാമദേവനെപ്പോലെ സുന്ദരനും, നീ ആഗ്രഹിക്കുന്നവനുമായ ഒരു ഭർത്താവു് നിനക്കുണ്ടാകും. പ്രഭാവതിയുടെയും

സൗന്ദര്യാതിരേകവും നിഷ്കളങ്ക പ്രേമവും ഉള്ള ഒരാൾ ദമയന്തിക്ക് ഭർത്താവായി വരട്ടെ എന്ന സാരം.

''അവ കൊതിയുള്ളൊരു പതി''യും ''നീ കൊതിച്ചിട്ടുള്ള വനമായ ഒരു പതി'' എന്ന് രണ്ടുതരം വ്യാഖ്യാനം.

ചരണം 3

നളനഗരേ വാഴുന്നു ഞാൻ
നളിനജന്മ വാഹനാ
നളിനമിഴിമാർക്കെല്ലാം നട പഠിപ്പാൻ
മദലുളിതം, ദ്രുതലളിതം, ഭ്രമിതലളിതം
ഇവ കളിയല്ലോ — അംഗനമാർക്കെല്ലാം

നളിനജന്മ വാഹനാ — ബ്രഹ്മാവിന്റെ വാഹനമായിട്ട്, നളനഗരേ — നളന്റെ നഗരത്തിൽ, നളിനമിഴിമാർ — സുന്ദരിമാർ മദലുളിതം — മദംകൊണ്ടുലഞ്ഞ, ലുളിതം — ഇളകി, ഉലഞ്ഞ, ദ്രുതലളിതം — ദ്രുതവും മനോഹരവുമായ, ഭ്രമിതലളിതം — ഭ്രമം കലർന്ന, ഇവ മൂന്നും നടയുടെ വിശേഷണങ്ങളാണ്. നളനഗരത്തിലെ സുന്ദരിമാർക്ക് അന്നനട പഠിക്കാൻ ഞാൻ ബ്രഹ്മാജ്ഞയോടുകൂടെ നളനഗരത്തിൽ കഴിയുന്നു.''

പദം 14 ദമയന്തി

കാമോദരി-ചെമ്പട

(പല്ലവി)

കണ്ണൻ നികടേ നിന്നോ;
കളിവാക്ക് അവ കേട്ടേനേ!

അനുപല്ലവി

കണ്ണുവനങ്ങളേ മേഘമേ!
കരുണാപരമതി ഭൂപാലകൻ

......കണ്ണൻ നികടേ

നികടേ - അടുത്തു്, കേട്ടേനെ - ഞാൻ കേട്ടല്ലോ, കഞ്ജഭവനൻ - കഞ്ജം (താമര) ഭവനമായിട്ടുള്ളവൻ (ബ്രഹ്മാവു്) കമ്രരൂപം - സുന്ദരമായ ആകൃതി, അതിരമ്യം - മനോഹരമായ, ചാടുവചനം - പ്രിയമായ വാക്കുകൾ (കളിവാക്കുകൾ), കമ്രരൂപം, അതിരമ്യചാടുവചനം ഇവ രണ്ടും ''നിന്നെ'' എന്നതിന്റെ വിശേഷണമാണു്. സമുച്ചയമില്ലാതെ വിശേഷണങ്ങളെ പ്രയോഗിക്കുന്ന സംസ്കൃത ശൈലിയാണിവിടെ പ്രയോഗിച്ചിരിക്കുന്നതു്.

ബ്രഹ്മാവിന്റെ വാഹനമായിട്ടുള്ളവനേ, മനോഹരമായ രൂപവും അത്യധികം മനോഹരമായ നൽവാക്കും ഉള്ള നിന്നെ ഞാൻ അടുത്തു കാണുകയും നിന്റെ കളിവാക്കുകൾ കേൾക്കുകയും ചെയ്തു.

''നിന്നെ ഞാനടുത്തു കണ്ടു. നിന്റെ കളിവാക്കുകളും കേട്ടു. ബ്രഹ്മവാഹനമേ, മനോഹരമായ നൽവാക്കും നിനക്കുണ്ടു്'', എന്നാണു് എം. എച്ച്. ശാസ്ത്രിയുടെ വ്യാഖ്യാനം.

ഉദാഹരണം 1

പ്രേക്ഷകനായതു കമലജനോ തവ
കന്മഷധനുർമ്മദാ പറക പാര.?
മധുരാകൃതേ! ഗുണവാരിധേ! ചാറ-
സാർവ്വഭൗമ! ജയ! നരമീ തേ ചരിതം

—കണ്ടേൻ നികടേ

ഉദാഹരണം 2

നളിനാസന വരവാഹന! നീ മമ
നളനൃപ ഗുണഗണ മോതുകെട്ടോ!
തവ വാചിക അഴൽമോചകം മമ
കന്നിമാരകമായ പുണ്യലേശ യുതം

—കണ്ടേൻ നികടേ

പാഠം 3

സന്തതമുള്ള മനോരഥവും പുന-
രിന്നു ഭവാനൊടു ഞാൻ പറയാം!
തുണയാകിലോ ഗുരുകൃപാകലാശയ!
തീരുമാമിനിക്ക മാനനീയ ഗുണ!

—കണ്ണൻ നികളേ

പ്രേഷകൻ - അയച്ചവൻ, കമലജൻ - ബ്രഹ്മാവ്, നൈഷധപുരം - നിഷധ രാജധാനി, പതംഗപദം - ഉല്ലാസസ്ഥാനം, മധുരാകൃതേ - മധുരമായ രൂപത്തോടു കൂടിയവനേ, ഗുണവാരിധേ - ഗുണങ്ങൾക്കു സമുദ്രമായിട്ടുള്ളവനേ, ഖഗസാർവഭൗമൻ - പക്ഷിശ്രേഷ്ഠൻ, തേ പാദം - നിന്റെ പാദം, നമാമി - ഞാൻ നമിക്കുന്നു. ['ഗുണവാരിധേ' എന്നതിന് ''കരുണാനിധേ'' എന്നും പാഠം]

നളിനാസന വരവാഹനം - നളിനാസനന്റെ (ബ്രഹ്മാവിന്റെ) വര വാഹനം (വിശിഷ്ടമായിട്ടുള്ള വാഹനം), നളനൃപ ഗുണഗണം - നളമഹാരാജാവിന്റെ ഗുണഗണങ്ങളാം, ഓതുക - പറയുക, തവ വാചികം - നിന്റെ വചനം, അഴൽ മോചകം - ദുഃഖനാശകം, മമ കർണ്ണം - എന്റെ ചെവികളെ, പുണ്യലേശയുതം ആകയ - പുണ്യലേശമുള്ളവയാക്കിത്തീർത്താലും.

സന്തതം - എല്ലായ്പ്പോഴും. ഗുരു കൃപാകലാശയ - വലിയ ദയ കൊണ്ടു നിറഞ്ഞ മനസ്സോടു കൂടിയവൻ, തുണ - സഹായം, മാനനീയ ഗുണ - മാനിക്കത്തക്ക ഗുണങ്ങളോടു കൂടിയവനേ, നീ എനിക്ക തുണയായിരിക്കുമെങ്കിൽ എന്റെ ആഗ്രഹമെല്ലാം താനങ്ങനെ സാധിക്കും.

ശ്ലോകം 11

(ശങ്കരാഭരണം—ചെമ്പട)

പുത്തൻ തേനൊഴുകീടും കമലത്തിലിരിക്കു മര-
ന്ദം നുകരും ഷട്പദങ്ങൾ

ചിത്തം താനഥ പത്രിനമ്പവനറി-
ഞ്ഞിത്ഥം കൃശാംഗ്യാ ഗിരാ
അത്യന്തം ബത മുഗ്ദ്ധയോട്ടനുസരി-
ച്ചെല്ലാമറിഞ്ഞീടുവാ-
നുദ്യോഗിച്ചു വിബോധനാം ഖഗവരൻ
വൈദർഭിയോടുക്തവാൻ.

പുത്തൻ തേൻമൊഴി – പുതിയ തേൻപോലുള്ള വാക്കുകളോടു കൂടിയവൾ, അഗ്ര്യേ – ശ്രേഷ്ഠമായ, ഉത്തംസം – ശിരോലങ്കാരം, ഭൈമി – ദമയന്തി, കൃശാംഗ്യാ – സുന്ദരിയുടെ, ഇത്ഥം – ഇപ്രകാരം, ഗിരാ – വാക്കിനാൽ, മുഗ്ദ്ധ – യൗവനാരംഭത്തോടു കൂടിയവളും ഉള്ളുകൊണ്ട് കാമവികാരത്തെ ഗോപനം ചെയ്യുന്നവളും, "ഉദയദ്യൗവനാ മുഗ്ദ്ധ, ലജ്ജാവിജിത മന്മഥാ" എന്ന് മുഗ്ദ്ധയുടെ ലക്ഷണം. അനുസരിച്ച് – എല്ലാം യോജിപ്പോടെ പെരുമാറി, ഉദ്യോഗിച്ച് – ഒരുമ്പെട്ട്, വിബോധനാം ഖഗവരൻ – സമർത്ഥനായ പക്ഷിശ്രേഷ്ഠൻ, വൈദർഭിയോട് – ദമയന്തിയോട്, ഉക്തവാൻ – പറഞ്ഞു.

സുന്ദരിമാരിൽ രത്നമായിട്ടുള്ളവളായ ദമയന്തിയുടെ ഹൃദയസ്ഥിതി പകുതിയോളമറിഞ്ഞിട്ട്, അതിസമർത്ഥനായ ആ പക്ഷിശ്രേഷ്ഠൻ, ലജ്ജാവതിയായ അവളോട്, കൂടുതൽ യോജിപ്പോടെ, എല്ലാക്കാര്യങ്ങളും ഗ്രഹിക്കുവാൻ സന്നദ്ധനായിട്ട് വീണ്ടും ഇങ്ങനെ പറഞ്ഞു.

വൃത്തം: ശാർദ്ദൂല വിക്രീഡിതം

"പന്ത്രണ്ടാൽ മസജം സതം തഗുരുവും
ശാർദ്ദൂല വിക്രീഡിതം"

പാഠം: 15 ഹംസം

(പല്ലവി)

പ്രീതി പൂണ്ടരുളുകയേ ! ചിന്തിതമെല്ലാം
തീർന്നുപോതി തന്വയേ !

അനുപല്ലവി

വീത വിശങ്കം സഖിമാരിലൊന്നൊന്നെ
ഉറച്ചു നീ ലജ്ജാഭാരം കുറച്ചു നിരാകുലം
—പ്രീതി പൂണ്ടരുളുകയേ

ചരണം 1

കാന്ത മിഴിമാർ മൗലി മാലികേ ! മമ
സോദരി ! നിനക്ക ബാലികേ !
ഏതൊരു പുരുഷനിങ്കൽ കൗതുകം പാരി-
ലാദരണീയം തസ്യ ജാതകം.
ഏണമിഴി ! പറവാൻ മടിയ്ക്കരുതേ;
നാണം കൊണ്ടിനിയേതും മറയ്ക്കരുതേ
ഞാനറിഞ്ഞിടേണം തവ സുതനോ
മനോഹാരി തവ വല്ലഭനാര്?
ഹസ്തഗതം തവ വിദ്ധി മനീഷിത-
മതമിദം മമ സത്യമിദാനീം
—പ്രീതിപൂണ്ടരുളുകയേ

പ്രീതി - സന്തോഷം, ഭൈമനൃപതി തനയേ - ഭീമരാജാവിന്റെ മകളേ, ചിന്തിതം - വിചാരം, വീതവിശങ്കം - സംശയം കൂടാതെ, നിരാകുലം - ഭയപ്പെടാതെ

കാന്ത.........മാലികേ - അധീരങ്ങളായ മിഴികളോടു കൂടിയവരുടെ ശിരസ്സിൽ അണിയത്തക്ക മാലയായുള്ളവളേ (സുന്ദരീരത്നമേ) മമ സോദരീ - എന്റെ സഹോദരീ, പാരിൽ തസ്യ ജാതകം ആദരണീയം - ലോകത്തിൽ അവന്റെ ജാതകം ആദരിക്കത്തക്കതു തന്നെ; നല്ല ഭാഗ്യവാനാണെന്നു സാരം.

ഏണമിഴി - സുന്ദരി, സുതനോ - സുന്ദരീ, തവ മനീഷിതം - നിന്റെ ആഗ്രഹം, ഹസ്തഗതം വിദ്ധി - കൈയിൽ കിട്ടിയതാ

യറിഞ്ഞാലും. മമ - എനിക്ക്, ഇദം - ഇത്, ഉക്തം - വാക്ക്; ഇങ്ങനെ - ഇപ്രകാരം.

പദം 16 ദമയന്തി

(ശങ്കരാഭരണം—ചെമ്പട)

പല്ലവി

അരയന്നമന്നവ ! നിന്നോടെന്തു ഞാൻ പറവൂ?

അനുപല്ലവി

കുലകന്യകമാരാൽ ഹൃദി
ഗൂഹനീയം വസ്തു പറയാമോ
......അരയന്നമന്നവ

ചരണം 1

പെറ്റു പെറ്റു ജനകീർത്ത്യമാന നള-
പാർത്ഥിവോത്തമസത് കീർത്തികൾ കേട്ടേൻ;
മൂർത്തിമനതിൽ ഓർത്തുകുതൂഹലങ്ങളേറ്റമേറെ
തേറ്റുമേൻ ആർത്തയായി വീർത്തു മനോരാതനയാ:-
യേൻ — അരയന്നമന്നവ

കുലകന്യകമാർക്കു, ഹൃദി (ഹൃദയത്തിൽ) ഗൂഹനീയം വസ്തു (മറച്ചുവെയ്ക്കപ്പെടേണ്ട കാര്യം) പറയാമോ!

പെറ്റു പെറ്റ് - വീണ്ടും വീണ്ടും, ജനകീർത്ത്യമാനനളൻ - ജനങ്ങളാൽ കീർത്തിക്കപ്പെടുന്ന നളൻ, പാർത്ഥിവോത്തമൻ - രാജശ്രേഷ്ഠൻ, മൂർത്തി മനതിൽ - അവന്റെ രൂപം ഓർത്ത്, കുതൂഹലങ്ങളും - കൗതുകവും ആഗ്രഹങ്ങളുമായ കാമാവേശം, തേറ്റു - തെളിഞ്ഞ്, വീർത്ത് - നെടുവീർപ്പിട്ട്, ആർത്തയായി - ദുഃഖിതയായി.

പദം 15 ഹംസം

ചരണം 2

ഉള്ളിൽ ചൊന്നതിനെന്നാലെന്തുനം സഖി
പല്ലവതുല്യാംഗി! തവ കല്യാണം;

നല്ലതു നല്ലതിനോടു ചേരേണം തവ
വല്ലഭനപരൻ ഇല്ല്യൻ നഹി നൂനം.
മേഘവാഹനനേക്കാൾ ബലവാൻ
മോഹനാംഗനായ രതിഗുണവാൻ
കാന്തി, കന്യകകളുടെ
യോജനയെ ലോക നിങ്ങളുടെ;
വിഷ്ണു രമയും; നിശയും ശശാങ്കനും;-
ഉമയും ഹരനും; നളിനാക്ഷി ഓർക്കിൽ നിനക്കും;

—പ്രീതി പൂണ്ടരുളുകയേ

അനൂനം - കുറവില്ലാത്തതു (പരിപൂർണ്ണം) തവ [illegible] ഗി - പുത്രൻ [illegible] ചേർന്നതു, കല്യാണം - മംഗളം. തവ വല്ലഭനപരൻ ഇല്ല്യൻ നഹി നൂനം - നിന്റെ [illegible] നിശ്ചയം തന്നെ. [തവ വല്ലഭനു ഇല്ല്യൻ അപരൻ നഹി - നളന്റെ ഗുണങ്ങൾ [illegible] (ഗുണം) [illegible] ഇല്ല: നിശ്ചയം. (വല്ലഭൻ + അപരൻ എന്ന സന്ധി) എം. എച്ച്. ശാസ്ത്രി]

മേഘവാഹനൻ - ഇന്ദ്രൻ, മോഹനാംഗൻ - സുന്ദരൻ. ന .... നിങ്ങളുടെ - നിങ്ങളുടെ ചേർച്ച നല്ലതും സമ്പൂർണ്ണവും തമ്മിലുള്ള ചേർച്ച തന്നെ. ഇവിടെ വിശിഷ്ട ധർമ്മികളെ തമ്മിൽ ഐക്യം കല്പിച്ചിരിക്കുന്നതിനാൽ നിദർശനാലങ്കാരം, രമ - ലക്ഷ്മി, നിശ - രാത്രി, ശശാങ്കൻ - ചന്ദ്രൻ, ഉമ - പാർവ്വതി, ഹരൻ - ശിവൻ, ഓർക്കിൽ - ആലോചിച്ചാൽ.

പാഠം. 16 ദമയന്തി

ചരണം. 2

നാളിൽ നാളിൽ വളരാധിരുചിരമിള-
മാളിമാരൊടു മിളിതനിത പൂവും.

കാലമേ ചെന്നു നീ ശാർങ്ങി! പറക നര-
പാലകന്മാരെല്ലാം പ്രതിപാലിതാവസരം

—ശങ്കരൻ മേനോൻ

നാളിൽ നാളിൽ – ദിവസം തോറും, ഇദം – ഇതു്, ആധിമുഖം – ദുഃഖം നിറഞ്ഞ, ഗദിതപൂർവ്വം – മുമ്പു പറയപ്പെട്ടതു്, കാലമേ – അതിരാവിലെ, ശാർങ്ങി – കൃഷ്ണ; നരപാലൻ – രാജാവു്, പ്രതിപാലിതാവസരം – സമയവും സന്ദർഭവും നോക്കി.

പാഠം 15 ഹംസം

ഖണ്ഡം 3

ചെന്നിരുന്നവൻ നൃപകന്യാമണിയോടാഷം – എന്നാൽ
നിന്നിലുണ്ടായോരവനും പരിതോഷം
അന്യനിലയി! മന വന്നൊ സന്തോഷം – എന്നാൽ
മന്നവന്മാരാകെനിൽ ബഹുരോഷം
താതനൊരു വരനു കൊടുക്കും നിന്നെ;
പ്രീതി നിനക്കുമുണ്ടാമവനിൽത്തന്നെ;
വിഫലമിന്നു പറയുന്നതെല്ലാം;
ചപലനെന്നു പുനരെന്നെച്ചൊല്ലാം
ഇത്ഥമനർത്ഥമുദിതമാമോ മതി-
യത്തരമൊഴുക സന്താപമിപ്പോൾ

—പ്രീതി പൂണ്ടതളികയെ

പരിതോഷം – സന്തോഷം, ബഹുരോഷം – വലിയ കോപം, താതൻ – അച്ഛൻ, പ്രീതി – താല്പര്യം, ഇത്ഥം – ഇപ്രകാരം, അനർത്ഥം – ആപത്തു്, ഉദിതം – ഉണ്ടായതു്. സന്താപം – [illegible].

മൂന്നു ഖണ്ഡങ്ങളിൽ നിന്നായി ഹംസം പ്രകടിപ്പിക്കുന്ന സാമർത്ഥ്യം ശ്രദ്ധിക്കുക.

പാഠം 16 ദമയന്തി

ചരണം 3

എന്തു സാഹസമേ! ചിന്തയെന്തു തേ?
എന്നുടെ ഹൃദയമന്യനിലാമോ?
അബ്ധിം തന്നിലല്ലോ നിമ്നഗ ചേർന്നു തോയം;
അന്യഥാ വൻകുളമേൽ കണ്ടു മുതിർന്നിടുമോ?

— [illegible]

തേ – നിന്റെ, അബ്ധിം – സമുദ്രം, നിമ്നഗ – നദി, അന്യഥാ – മറ്റൊരു തരത്തിൽ. ചേർന്ന തോയം – ചേരും (ചേരുന്ന)

നദി സമുദ്രത്തിൽ ചെന്നു ചേരുകയാണല്ലോ പതിവ്. പ്രുതം അതു മാറി ചെറിയ തടാകത്തിൽ ചെല്ലുമോ? അതുക്ക് നളനിലുള്ള അനുരാഗത്തിനെ മാറ്റിയിട്ടു, അന്യ മറ്റൊരാളെ ക നമ്പ്കാൻ സാധ്യമോ അപ്രകാരം കഴിയുമോ. ഇതിന കഴിയില്ലന്ന സാരം.

“അബ്ധിം........മുതിർന്നിടുമോ” എന്ന അപ്രസ്തുതത്തിലൂടെ തന്റെ ഹിതത്തിനു വിപരീതമായി അച്ഛൻ തന്നെ മറ്റൊരാളിൽ നല്കാൻ ഇടയാകയില്ല എന്ന പ്രസ്തുതം സൂചിപ്പിച്ചിരിക്കുന്നതിനാൽ അലങ്കാരം അപ്രസ്തുതപ്രശംസ.

എന്നുടെ ഹൃദ ....മുതിർന്നിടുമോ

തന്റെ ഹൃദയം നളനാമിക മാറാത്താളിൽ പതിയുകയില്ലെന്ന വിശേഷമാണ എല്ലാ നദികളും സമുദ്രത്തിലേ ചേരുകയുള്ളൂ. എന്നിങ്ങനെ ശരിയ്ക്ക് ... എന്ന സാമാന്യം കൊണ്ട് സമർത്ഥിച്ചിരിക്കുന്നതിനാൽ അലങ്കാരം അർത്ഥാന്തരന്യാസം.

“സാമാന്യം താൻ വിശേഷം താൻ
ഇവയിൽ പ്രസ്തുതത്തിന്
അർത്ഥാന്തരന്യാസമാകു-
മന്യം കൊണ്ടു സമർത്ഥനം”.

ഇവിടെ കവി ദമയന്തിയുടെ പിതാവിനെയും, അദ്ദേഹത്തിന്റെ ഔന്നത്യം, ശാലീനത്വം എന്നിവയെയും, നിഷ്കള, ദമയന്തിയുടെ അസാധാരണത്വം, ഗുണവിശേഷതകൾ, എന്നിവയെയും അതുപോലെ നളന്റെ ശാലീനത്വം, ഗുണസൗന്ദര്യങ്ങൾ മുതലായവയെയും വ്യക്തമാക്കിപ്പിക്കുന്നു.

രംഗം 4. നിഷധോദ്യാനം.

ശ്ലോകം 12

സാവേരി—അടന്ത

ഇതി വാചികാനി മധുവാണി തന്നുടെ
വദനാദ്ഗളിതാനി ഹൃദയേ വഹന്നസൗ
ത്വരിതം പറന്നു നിഷധേന്ദ്രസന്നിധൗ
സകലം ജഗാദ മൃഗലോചനാമതം.

മധുവാണിതന്നുടെ – തേൻമൊഴിയാളായ ദമയന്തിയുടെ, വദനാദ്ഗളിതാനി – വദനത്തിൽ നിന്നൊലിച്ച, ഇതി വാചികാനി – ഇപ്രകാരമുള്ള വാക്യങ്ങളെ, ഹൃദയേ വഹൻ (ഹൃദയത്തിൽ വഹിക്കുന്നവനായ) അസൗ (ഇവൻ) ത്വരിതം (വേഗത്തിൽ) പറന്ന് നിഷധേന്ദ്രസന്നിധൗ (നളന്റെ സന്നിധിയിൽ) മൃഗലോചനാമതം (മാൻകണ്ണിയുടെ – സുന്ദരിയുടെ അഭിപ്രായം) സകലം ജഗാദ – മുഴുവൻ പറഞ്ഞു.

ദമയന്തിയിൽ നിന്നും അവളുടെ അഭിപ്രായങ്ങൾ ഗ്രഹിച്ചുകൊണ്ട്, ആ ഹംസം വളരെ വേഗത്തിൽ പറന്ന് നളന്റെയടുത്തെത്തി സകല വിവരവും അദ്ദേഹത്തെ അറിയിച്ചു

വൃത്തം: മഞ്ജുഭാഷിണി.

"സജസം കഴിഞ്ഞു ജഗ മഞ്ജുഭാഷിണി"

പദം 17 ഹംസം

പല്ലവി

നൈപുണ ചേദിലക്ഷിതമെന്നാൽ
സാധിതപ്രായമിദം.

അനുപല്ലവി

നിരവധി മരാധി നീരധിയിലേ നീന്തി
നിയതം നീ തളരൊല്ലാ; പിളരൊല്ലാ മന മിനി
—നരപതേ.

നരപതേ - രാജാവേ, ഇദം ഭവദഭിലഷിതം - അങ്ങയുടെ ഈ ആഗ്രഹം, എന്നാൽ സാധിത പ്രായം - എന്നാൽ നിറവേറപ്പെട്ടതായിരിക്കുന്നു.

നിരവധിയായ - അതിരററ, മരാധി നീരധിയിലേ - കാമതാപമാകുന്ന സമുദ്രത്തിൽ തന്നെ, നീന്തി നീ; നിയതം - ഇട വിടാതെ, തളരൊല്ലാ - തളരേണ്ടതില്ല; ഇനി മനം പിളരൊല്ലാ - ഇനിമേൽ മനസ്സു പിളരുകയും വേണ്ടാ.

പദം 18 നളൻ

(പല്ലവി)

ഖഗപതേ! തവ കരഗതമേ മമ
കാമിതം ജീവിതവും

അനുപല്ലവി

കഥയ കഥയ പുനരെങ്ങനെ നീ ചെന്നു
കമനിയെക്കണ്ടതും പറഞ്ഞതു മഭിമതം
—ഖഗപതേ

ഖഗപതേ - പക്ഷിശ്രേഷ്ഠാ, മമ കാമിതം ജീവിതവും - എന്റെ ആശയും ജീവിതവും, തവ കരഗതമേ - നിന്റെ കൈയിൽ തന്നെയാണ്.

"കാമിതം ജീവിതം" എന്നിടത്തു 'കാമിതമായ ജീവിതവും' എന്ന വിശേഷണ വിശേഷ്യങ്ങളായെടുത്തു 'ജീവിതമാണല്ലോ ഏറ്റവും പ്രധാനമായി ആഗ്രഹിക്കപ്പെടുന്നതു'; അതുപോലും ഹംസത്തിന്റെ കരഗതമാണ്' എന്നു നളൻ പറയുന്നതായും അർത്ഥം ധരിക്കാം. (എം. എച്ച്. ശാസ്ത്രി)

കഥയ - പറഞ്ഞാലും, നീ പുനഃ - നീയാകട്ടെ, കമനി - കാമുകി, അഭിമതം - ആഗ്രഹം.

പദം 17 ഹംസം

ചരണം 1

അനല്പമാം ജവം പൂണ്ടുത്പതിച്ചു കുണ്ഡിനപുരം
ഗമിച്ചു തദുപവനമതിൽ ചെന്നു വസിച്ചേൻ
അകിൽചെങ്കുങ്കുമച്ചാറും ധരിച്ചു തോഴിമാരോടും
യദൃച്ഛയാ ദമയന്തി കളിച്ചു വന്നിതു തത്ര

.. നരപതേ

അനല്പം - നിസ്സാരമല്ലാത്ത, പരിപൂർണ്ണമായ; ജവം പൂണ്ട് - വേഗത്തിൽ, ഉത്പതിച്ചു - ഉയർന്ന്, തദുപവനം - അവിടെ(കുണ്ഡിനം)യുള്ള ആരാമത്തിൽ, വസിച്ചേൻ - ഞാൻ വസിച്ചു. തത്ര - അവിടെ. അകിലും ചെങ്കുങ്കുമച്ചാറും ധരിച്ചിരിക്കുന്നത് ദമയന്തിയുടെ അലങ്കരണ കൗതുകത്തെയും ഭാഗ്യാധിക്യത്തെയും സൂചിപ്പിക്കുന്നു.

ചരണം 2

അടുത്തുകൊള്ളുവാനെന്നോടണ-
ഞ്ഞൊരളവവൾ തനിയേ
പിടഞ്ഞീല ദൃഢം; ഞാനോ നടന്നേനേ സുമന്ദം
പിണഞ്ഞു വഞ്ചനമെന്നു തിരിഞ്ഞവൾ നട-
പ്പാനായ്—
ഇനിത്തരപ്പോൾ കനിഞ്ഞൊന്നു പറഞ്ഞേൻ
ഞാനവളോട്   .. നരപതേ

അടുത്തുകൊള്ളുവാൻ - എന്നെ അടുത്തു നില്ക്കുവാൻ, അത്ര് അവിടെ; തനിയെ - ഒറ്റയ്ക്ക്, പിടഞ്ഞീല - പിടിച്ചില്ല, അകപ്പെട്ടില്ല; സുമന്ദം - സാവധാനം, വഞ്ചന - ചതി.

ചരണം 3

രാജപുംഗവ! തവ വാചാ, കൗശലത്താലെ
പേശലാംഗി തന്നുടെ ആശയമറിഞ്ഞു ഞാൻ
ഉപചാരമേറെയല്ലാതെ നിങ്ങളെന്നും
വാചാപി പറയിച്ചൊന്നിളക്കി വച്ചുറപ്പിച്ചേൻ
..നരപതേ

രാജപുംഗവ - രാജശ്രേഷ്ഠ, തവ - നിന്റെ, വാചാ - വാക്കു കൊണ്ട്, പേശലാംഗി - സുന്ദരി, ഉപചാരൈഃ - ചേഷ്ടകൾകൊണ്ട്, വാചാപി പറയിച്ചു - വാക്കുകൊണ്ടു പറയിക്കപോലും ചെയ്തു. അവളുടെ ഉപചാരം കൊണ്ട് നിന്നിൽ അവൾക്ക് അനുരാഗമുണ്ടെന്ന് ഞാനൂഹിക്കുക മാത്രമല്ല, അക്കാര്യം അവളെക്കൊണ്ടു തന്നെ പറയിച്ച് ഉറപ്പിക്കുകയും ചെയ്തു. [രാജപുംഗവ ......കൗശലത്താലെ-എന്നതിന് ''രാജപുംഗവ ! വാചാ കൗശലത്തിനാലെ ഞാൻ'' എന്ന പാഠഭേദം]

ശ്ലോകം 13

സന്ധിപ്പിച്ചേൻ തവ ഖലു മനം ഭൈമിതൻ
മാനസത്തോ—
ടിന്നുതാനേ വരികിലിളകാ, കാ കഥാന്യേഷു
രാജൻ
ചിന്തിക്കൊല്ലാ വരുവനിഹ നിന്നന്തികേ
നിശ്ചയം ഞാ—
നെന്നും ചൊല്ലി ഖഗപതി പറന്നംബരേ
പോയ് മറഞ്ഞാൻ

സന്ധിപ്പിച്ചേൻ - ഞാൻ കൂട്ടിച്ചേർത്തു, തവ മനം - നിന്റെ മനസ്സ്, അന്യേഷു - മറ്റുള്ള ജനങ്ങളുടെ കാര്യത്തിൽ, കാ കഥാ - എന്തു കഥയാണ്, അംബരേ - ആകാശത്തിൽ,

''അല്ലയോ രാജാവേ, അങ്ങയെ ഞാൻ ദമയന്തിയുടെ മനസ്സിനോട് ഗാഢമായി സംയോജിപ്പിച്ചു. ഇനി ദേവേന്ദ്രൻ വന്നാൽ പോലും അവളെ ഇളക്കുകയില്ല. പിന്നെ മറ്റുള്ളവരുടെ കാര്യം പറയണോ. അവിടുന്ന് വിവാഹിക്കുമ്പോൾ വീണ്ടും ഞാനിവിടെ വന്നുകൊള്ളാം.'' എന്നു പറഞ്ഞ് ആ ഹംസരാജൻ പറന്ന് ആകാശത്തിൽ മറഞ്ഞു.

വൃത്തം: മന്ദാക്രാന്താ.

''മന്ദാക്രാന്താ മഭനതതഗം നാലുമാറേഴുമായ് ഗം.''

ശ്ലോകം 14

അഥ തദാ ശതമന്യുരഖിന്നധീ-
രഖിലദൈവതയൗവതസേവിതഃ
സഹ പുലോമജയാപ്രിയഭാര്യയാ
നിജഗൃഹേ ജഗൃഹേ സസുഖാസികാം

അഥ - അനന്തരം, തദാ - അപ്പോൾ, ശതമന്യുഃ - ദേവേന്ദ്രൻ അഖിന്നധീ - മനസ്സിൽ ഖേദം കൂടാതെ, അഖില ദൈവത യൗവത സേവിത - എല്ലാ ദേവസ്ത്രീകളാലും സേവിക്കപ്പെട്ടുകൊണ്ടു (യൗവത - യുവതികളുടെ കൂട്ടം) പ്രിയഭാര്യയാ - ഇഷ്ടപ്പെട്ട ഭാര്യയായ, പുലോമജയാ സഹ - പൗലോമിയോടു കൂടി, നിജഗൃഹേ - സ്വന്തം ഗൃഹത്തിൽ, സസുഖാസികാം - സുഖവാസത്തെ ജഗൃഹേ - ചെയ്തു.

അപ്പോൾ സന്തുഷ്ട ചിത്തനായ ദേവേന്ദ്രൻ സകല ദേവസ്ത്രീകളാലും സേവിക്കപ്പെട്ടവനായി, ഇഷ്ടപത്നിയായ ഇന്ദ്രാണിയോടുകൂടി സ്വഭവനമായ വൈജയന്തി എന്ന കൊട്ടാരത്തിൽ വസിച്ചു.

വത, ലോമ, ജഗൃഹേ, എന്നീ ശബ്ദങ്ങൾ അർത്ഥഭേദത്തോടെ ആവർത്തിച്ചിരിക്കുന്നതിനാൽ 'യമകം' എന്ന ശബ്ദാലങ്കാരം'

വൃത്തം: ദ്രുതവിളംബിതം.

' ദ്രുതവിളംബിതമാം നഭവും ഭരം''

ശ്ലോകം 15

ഇഭാരിണാ ഗുഹാ യഥാ
നഭോ യഥാ സുധാംശുനാ
അഭാജി സാ സഭാ തദാ
വിലാസിനാ വലാരിണാ.

തദാ - അപ്പോൾ, സാ സഭാ - ആ സഭ (സുധർമ്മ എന്നാണ് ദേവസഭയുടെ പേര്) വിലാസിനാ - വിശേഷേണ ശോഭിക്കുന്നവനായ, വലാരിണാ - വലന്റെ ശത്രുവിനാൽ (ഇന്ദ്രനാൽ) ഗുഹാ - ഗുഹ, ഇഭാരിണാ - ഇഭത്തിന്റെ (ആനയുടെ) ശത്രുവിനാൽ (സിംഹത്താൽ) യഥാ - എങ്ങനെയോ, നഭഃ - ആകാശം, സുധാംശുനാ - അമൃതകിരണനാൽ (ചന്ദ്രനാൽ) യഥാ - എങ്ങനെയോ (തഥാ) - അഭാജി - അങ്ങനെ സേവിക്കപ്പെട്ടു.

സിംഹത്താൽ ഗുഹ എന്ന പോലെയും, ചന്ദ്രനാൽ ആകാശം എന്ന പോലെയും ഇന്ദ്രസഭ, ദേവേന്ദ്രനാൽ സേവിക്കപ്പെട്ടു. ഇന്ദ്രസഭയെ ഒന്നിലധികം ഉപമാനങ്ങളോട് ഉപമിച്ചിരിക്കുന്നതിനാൽ അലങ്കാരം മാലോപമ.

''മാലോപമയൊന്നിന്നു —
പ്പലതോടുപമിപ്പതാം''

വൃത്തം: പ്രമാണികാ

''പ്രമാണികാ ജരംലഗം''

ശ്ലോകം 16

ഹുതാശനൻ പ്രജാന്തകൻ
ജലേശനൈരൃതധ്രുവാഃ
[illegible]
പുരാജിരേ വിരേജിരേ.

ഹുതാശനൻ - അഗ്നി, പ്രേതരാജൻ കാലൻ, ജലേശൻ - വരുണൻ, എന്നീ ദിക്പാലകർ, സ്വയംവരണേ - ഭൈമീസ്വയംവരത്തിനു് ഇടി, മാനസ്യേന - മനോഹരമായ, പുരാണിതേ - ഗൃഹങ്ങളിൽ, വിരാജിതേ - വിളങ്ങി. (അക്ഷരം, പാതാളം, അഷ്ടിദം-എന്നീ പദങ്ങളും അങ്ങനെ പര്യായങ്ങൾ)

വൃത്തം: പ്രമാണികാ

(15-ം, 16-ം ശ്ലോകങ്ങൾ പ്രക്ഷിപ്തങ്ങളാണെന്നു് അഭിപ്രായമുണ്ടു്.)

രംഗം 5. ദേവലോകത്തിലേയ്ക്കുള്ള വഴി

ശ്ലോകം 17

നളേ ऽനന്യമനാമവബുദ്ധ്യ പുത്രീം
സ്വയംവരോദ്യോഗിനി ഭീമഭൂപേ
സുപർവലോകാഭിമുഖം പ്രയാന്തം
സ പർവതോ നാരദമാബഭാഷേ

പുത്രീം - മകളെ, നളേ - നളനിൽ, അനന്യമനാം - മനസ്സുറച്ചവളെന്നു്, അവബുദ്ധ്യ : അറിഞ്ഞിട്ടു്, ഭീമഭൂപേ : ഭീമരാജാവു്, സ്വയംവരോദ്യോഗിനി : സ്വയംവരത്തിനൊരുങ്ങി ഇരിക്കുമ്പോൾ, സുപർവലോകത്തിലേയ്ക്കു് - ദേവലോകത്തേയ്ക്കു്, പ്രയാന്തം : സഞ്ചരിക്കുന്ന, നാരദം - നാരദനോടു്, സഃ പർവതഃ ആ പർവതൻ, ആബഭാഷേ : സംസാരിച്ചു.

സ്വപുത്രിയായ ദമയന്തി നളനിൽ അനന്യമനസ്സാണെന്നറിഞ്ഞു് ഭീമരാജാവു് അവളുടെ സ്വയംവരത്തിനൊരുങ്ങുമ്പോൾ, ദേവലോകത്തിലേയ്ക്കു പോകുന്ന നാരദമഹർഷിയോടു്, പർവതൻ എന്ന താപസൻ ഇങ്ങനെ പറഞ്ഞു.

വൃത്തം: ഉപേന്ദ്രവജ്ര

"ഉപേന്ദ്രവജ്രയ്ക്കു ജതജംഗഗം"

പാഠം 19

പർവ്വതൻ: നാരദ! ഭവാനെങ്ങു ഭാവമിപ്പോൾ?
നാരദൻ: നാകായ ഗമിക്കുന്നേൻ പർവ്വത! ഞാൻ
പർവ്വതൻ: എന്താണു കാര്യമിപ്പോൾ നാകലോകേ?
നാരദൻ: ഇന്ദ്രനോടൊരു ചില വാർത്ത ചൊല്ല്‌വാൻ
പർവ്വതൻ: എന്തതെന്നോടിപ്പോൾ, ചൊല്ലീടാമോ?
നാരദൻ: ഹന്ത! ഭവാൻ കൂടെ പോന്നാൽ കാണാം
പർവ്വതൻ: നിഷ്പ്രയോജനമായ്ത്തന്നോ പോരുന്നു ഞാൻ?
നാരദൻ: സജ്ജനാന്വേഷണം ചെയ്യുമല്ലോ
പർവ്വതൻ: സമരം ഭൂമിയിലില്ലേ ഭൂപാലന്മാർ?
നാരദൻ: ശാന്തി കാമുകന്മാർ രാജാക്കന്മാർ.

നാകായ — നാകത്തിലേക്ക്, നാകം — സ്വർഗ്ഗം, നിഷ്പ്രയോജനമായ്ത്തന്നോ — പ്രയോജനംകൂടാതെ, സജ്ജനാന്വേഷണം — നല്ല ജനങ്ങളുടെ ക്ഷേമത്തെക്കുറിച്ചുള്ള അന്വേഷണം, സമരം — യുദ്ധം, ഭൂപാലന്മാർ — രാജാക്കന്മാർ, ശാന്തികാമുകന്മാർ രാജാക്കന്മാർ — ഭൂമിയിലെ രാജാക്കന്മാരെല്ലാം ശാന്തിയെ ആഗ്രഹിച്ചുകൊണ്ടിരിക്കുന്നതാകകൊണ്ടു അവിടെ യുദ്ധമൊന്നുമില്ല.

രംഗം 6. ഇന്ദ്രലോകം

ശ്ലോകം 18

വൃത്തം—ശാലിനി

പ്രാപ്തൌ പശ്യൻ നാരദം പർവ്വതം ച
പ്രീത്യാ ചെയ്താ നിത്യ നാതിഥ്യമാല്യാം
ശ്രോത്രാനന്ദം വാദ്യമാരേവ ഗേയേ
ഗോഷ്ഠ്യാമാസീൽ നാരദം സേഷ്ടപിക്കേചനം

പ്രാപ്പൗ - വന്നെത്തിയ, നാരദം പർവതം ച - നാരദനെയും പർവതനെയും, പശ്യൻ - കണ്ടിട്ട്, പ്രീത്യാ - പ്രീതിയോടുകൂടി, ആഭ്യാം - ഇവർ ഇരുവർക്കും, ആതിഥ്യം ചെയ്യാൻ - അതിഥിസൽക്കാരം ചെയ്തു. ഗോത്രാരാതി - ഗോത്രങ്ങളുടെ (പർവതങ്ങളുടെ) അരാതി (ശത്രു) - ഇന്ദ്രൻ, നാരദം - നാരദനോട്, സഃ - അവൻ (നാരദൻ) എന്നും അപി ച - ഇതുപോലെ, ശ്രോത്രാനന്ദവാക്യമാറ് - ചെവികൾക്കാനന്ദം വരുത്താറ്, ഏവം ഊചേ - ഇപ്രകാരം പറഞ്ഞു.

സ്വസന്നിധിയിൽ വന്നെത്തിയ നാരദനെയും പർവതനെയും ഇന്ദ്രൻ യഥോചിതം സ്വീകരിച്ചു. അനന്തരം കുശലപ്രശ്നാനന്തരം ഇന്ദ്രൻ നാരദനോടും നാരദൻ ഇന്ദ്രനോടും ഇപ്രകാരം സംസാരിച്ചു.

വൃത്തം: ശാലിനി

''നാലേഴായ് മം ശാലിനീ തംതഗംഗം''

പദം 20. ഇന്ദ്രൻ

പല്ലവി

പൂരിതപരസുഖ! നാരദ! മുനിവര!
നീരജഭവ നന്ദന!

അനുപല്ലവി

ഭൂരിതരതപസാ ദൂരിത ദുരിതൗഘ!
ശാരദമുദിരാഭ! സ്വാഗതം തവ
—പൂരിതപരസുഖ

പൂരിതപരസുഖ - അന്യർക്ക് പൂർണ്ണസുഖമരുളുന്നവനേ, നീരജഭവനന്ദന - ബ്രഹ്മപുത്രാ.

ഭൂരിതര തപസാ - ഭൂരിതരമായ (വലിയ) തപസ്സുകൊണ്ട്, ദൂരിതദുരിതൗഘ - ദൂരീകരിക്കപ്പെട്ട ദുരിതസമൂഹത്തോടുകൂടിയവനേ, ശാരദ മുദിര ആഭ - ശരൽക്കാലത്തെ മുകിലിന്റെ (മേഘ

അതിന്റെ) രുചി (ശോഭ) യോടുകൂടിയവനേ, (ശരത്കാലമേഘത്തിന്റെ നിറം വെളുപ്പാണ്) തവ സ്വാഗതം - അങ്ങേക്കു സ്വാഗതം.

പദം 21. നാരദൻ

(ധന്യാസി—ചെമ്പട)

(പല്ലവി)

ഹേ! സകലലോക നാഥ! വാസവ! സുമതേ

അനുപല്ലവി

ത്രാസിത രിപുകുല! തേ
ദാസ്യ ഗുണവസതേ! കുശലം?

ഹേ സകലലോകനാഥ

വാസവൻ - ഇന്ദ്രൻ, ത്രാസിതരിപുകുല - ത്രാസിതമായ (ശത്രുകുലം) ഭയപ്പെടുത്തിയവനേ, ദാസ്യഗുണവസതേ - സൽഗുണങ്ങൾക്കിരിപ്പിടമായിട്ടുള്ളവനേ, തേ കുശലം? - നിനക്ക് സൗഖ്യമല്ലേ?

പദം 20. ഇന്ദ്രൻ

ചരണം 1

കുശലമെന്നാൽ വേണ്ടു സകലം മേ
നിനയ്ക്കുമ്പോൾ
സഫലം ദർശനമിന്നു തേ;
വിപുലസംശയം ചിത്തമതിലൊന്നുണ്ടി-
ന്നിക്കാലപ്പോൾ
ശിഥിലമാക്കുക വചസാ താപസവര്യ!

മേ - എനിക്ക്, തേ - അങ്ങയുടെ, ദർശനം സഫലം - ദർശനം ഫലപ്രദമായി, വിപുലസംശയം - വലിയ സംശയം, ശിഥിലമാക്കുക - ഇല്ലാതാക്കുക, വചസാ - വാക്കുകൊണ്ട്.

പദം 21 നാരദൻ

ചരണം 1

ഇനിക്കെന്റെ മനക്കാമ്പിലിരിക്കുന്നോ-
രഭിലാഷം
നിസ്തുല്യവരം നിനക്കെന്നോ ഫലിപ്പിപ്പാ-
നെളുപ്പവും?
അനർഗ്ഗളമൊരു സമരം കാണാഞ്ഞുള്ളിൽ
കനക്കെയുണ്ടഴൽ പ്രചുരം; അതു സാധിക്കിൽ
പ്രതിക്രിയയായ് പകരം, എന്തു ചെയ്‌വൂ ഞാ-
നനുഗ്രഹം തരുവൻ പരം, മഹേന്ദ്ര!
...ഹേ സകലലോകനാഥ

അഭിലാഷം - ആഗ്രഹം, അനർഗ്ഗളം - ഇടതടവില്ലാത്ത, അഴൽ പ്രചുരം - വലിയ ദുഃഖം, പ്രതിക്രിയ - പ്രത്യുപകാരം, മഹേന്ദ്രൻ - ദേവേന്ദ്രൻ.

[“അനുഗ്രഹം........മഹേന്ദ്ര” എന്നതിന് അനുഗ്രഹം തരുവൻ വരം” എന്ന പാഠഭേദം]

പദം 20. ഇന്ദ്രൻ

ചരണം 2

അനഘന്റെ സ്വർഗ്ഗണം മനുജരെ അമർക്കയാൽ
മുനിവര്യ! ഞാനും ദുർബലം
മനുജന്മാർ മിഥോ ജന്യം തുനിയുന്നോർ-
മരിച്ചോരും
ത്രിദിവത്തിൽ വന്നീടുമോ! എന്തതിൻമൂലം?
–പൂരിതപടസ്വബ

അനുജന്റെ സുദർശനം - വിഷ്ണുവിന്റെ സുദർശനചക്രം, വാമനനായിട്ട് വിഷ്ണു അവതരിച്ചതു് ഇന്ദ്രപിതാക്കളായ അദിതി കശ്യപന്മാരുടെ പുത്രനായിട്ടാണു്. അങ്ങനെ വിഷ്ണു ഇന്ദ്രാനുജനായി. ദനുജർ - രാക്ഷസർ, മിഥഃ - പരസ്പരം, ജന്യം - യുദ്ധം, മനുജന്മാർ - മനുഷ്യർ, ത്രിദിവം - സ്വർഗ്ഗം, മനുഷ്യരാരും പരസ്പരം യുദ്ധം ചെയ്തു മരിച്ചു് സ്വർഗ്ഗത്തിലെത്താത്തതിന്റെ കാരണം ഇന്ദ്രൻ നാരദനോടാരായുന്നു.

പാഠം 21. നാരദൻ

ചരണം 2

വീരർമ്മന്നവനെങ്ങുമനല്പ സൽഗുണകന്യാ
വികല്പമില്ലവർ തന്നോടെതിർപ്പാനി-
ല്ലാത്ത നാരീ
കേൾക്കുന്നു സ്വയംവരമുണ്ടെന്നു നീളെ-
പ്പാർക്കുന്നിതാരം വരവും രാജകന്മാർ
നോക്കുന്നു കോപ്പുതരവും, തത്പ്രാപ്തിക്കു
നോല്ക്കുന്നു പകലിരവും എല്ലാവരും.

വീരർമന്നവൻ - ധീരരാജാവ്, അനല്പസൽഗുണകന്യാ - അധികം സൽഗുണങ്ങളോടുകൂടിയ കന്യക, വികല്പം - സംശയം, നീളെ - എങ്ങും, പാർക്കുന്നിതാരം വരവും - ആളുകൾ വരുന്നതു കാണുന്നുണ്ടു്. രാജകന്മാർ, കന്യകയെപ്പോഴുള്ള ആരം വരവും കാത്തിരിക്കുന്നു; കോപ്പുതരം - ആഭരണാദികളുടെ തരങ്ങൾ, നോക്കുന്നു; കന്യകാപ്രാപ്തിക്കു വ്രതമാചരിക്കുന്നു. രാജാക്കന്മാരെല്ലാം ഇങ്ങനെ കന്യകാവിഷയത്തിൽ ഭ്രമചിത്തരായതുകൊണ്ടു് ഭൂമിയിൽ യുദ്ധമില്ല.

പാഠം 20. ഇന്ദ്രൻ

ചരണം 3

കേൾക്കണമെന്നവളെയിന്നാൾ വരിപ്പതാരോ ?
ഭാഗ്യവാനവൻ നലകിൽ

ഗ്രാഹ്യങ്ങൾ ചെവികൾക്കു ലേഹ്യങ്ങൾ
തദ്ഗുണങ്ങ-
ളൂഹ്യങ്ങളെങ്കിൽ വർണ്ണിക്കാം വാക്യങ്ങൾകൊണ്ടു
..... പൂരിതപരസുഖ!

ലഭിച്ചു ഞായം - ലഭിക്കും, അവളെയിന്നാർക്കു ലഭിക്കണം എന്നു കേൾക്കണം. അവനാണ് ലോകത്തിൽ ഭാഗ്യവാൻ, തദ്ഗുണങ്ങൾ - അവന്റെ ഗുണങ്ങൾ, ഗ്രാഹ്യങ്ങൾ ചെവികൾക്കു ലേഹ്യങ്ങൾ - അറിഞ്ഞിരിക്കേണ്ടവയും ചെവികൾക്ക് ആനന്ദകരവുമാണ്. ഊഹിക്കാൻ കഴിയുമെങ്കിൽ അവന്റെ ഗുണങ്ങൾ ഏതാനും വാക്യങ്ങൾകൊണ്ടു വർണ്ണിക്കാം.

പാഠം 21. നാരദൻ

ചരണം 3

ഉറപ്പുള്ളോരനുരാഗമവൾക്കിന്നൊരുത്തനിൽ
ധരിപ്പതിനശക്യമതിനിക്കെന്തോ വഴിക്കാവൂ?
ലഭിപ്പീടുമവനവളെ; ഇതെന്നെയവൻ
ജയിപ്പവൻ സുരസ്ത്രീകളെ-ആസ്താമിദം.
ഗമിക്കുന്നേനവനിതലേ തത് സ്വയംവരേ
മിളിതമാം നൃപതികലേ കലഹമുണ്ടാം.

—ഹേ സകല ലോകനാഥ

അശക്യം - കഴിയാത്തതു്, ഇതെന്ന - ഇതെന്നുള്ളാൽ, ഇദം ആസ്താം - ഇതു് ഇരിക്കട്ടെ, സുരസ്ത്രീകൾ - ദേവസ്ത്രീകൾ, അവനിതലേ - ഭൂമിയിൽ, തത്സ്വയംവരേ - അവളുടെ സ്വയംവരത്തിൽ, മിളിതമാം നൃപതികലേ - സമ്മേളിക്കുന്ന രാജസമൂഹത്തിൽ, കലഹമുണ്ടാം - യുദ്ധമുണ്ടാകും.

ശ്ലോകം 19

സ പർവതേ ഗതവതി നാരദേ ദിവം
സ്വപർവതാദപി - നിരഗാത് ത്രിവിഷ്ടപാൽ

ത്രിനാച്യുതശിഖി യമ പാശപാണയഃ
ക്രമാദമീ യയുരഥ കണ്ഡിനാട്ടികം.

സപക്ഷവതാം - പർവ്വതങ്ങളുടെ, നാകൗകസാം - നാരദർ, ധ്രുവം ഗതവതി - ശുചിയായിട്ടു പുറപ്പെട്ടപ്പോൾ, സ്വർഗ്ഗാത് അപി - ദേവേന്ദ്രനും, ത്രിദിവപതി - സ്വർഗ്ഗത്തിൽനിന്ന്, നിരഗാത് - നിർഗ്ഗമിച്ചു, അച്യുത - അച്യുതൻ, ശിഖി - അഗ്നി, യമൻ - കാലൻ, പാശപാണയഃ - വരുണൻ, അനുയയുഃ - പിന്തുടർന്നു, അഥ - അനന്തരം, അമീ - ഇവർ, ക്രമാത് - ക്രമേണ, കണ്ഡിനാട്ടികം - കണ്ഡിനത്തിന്റെ സമീപം, യയുഃ - എത്തിച്ചേർന്നു.

നാരദമഹർഷി പർവ്വതമഹാരാജാവിനോടുകൂടി ശുചിയായിട്ടു തിരിച്ചപ്പോൾ ഇന്ദ്രൻ സ്വർഗ്ഗത്തിൽനിന്ന് പുറപ്പെട്ടു. യമാദികളും ഇന്ദ്രനെ അനുഗമിച്ചു. അവർ ക്രമേണ കണ്ഡിനപുരത്തിന്റെ സമീപം എത്തി.

വൃത്തം: അതിരുചിര
"ചതുര്യതിർമ്മ്ജഭസജഗാഃ"
(നാലിൽ യതി, ജ ഭ സ ജ ഗ അം വന്നാൽ അതിരുചിരാ)

ഭാഗം 7

കണ്ഡിനത്തിനടുത്ത സ്ഥലം

ശ്ലോകം 20
(മധ്യമാവതി-ചെമ്പട)

ദിക്പാലരു മൂവരിലുമേ ഭൂപതി പ്രസ്ഥാന
[illegible]
നിശ്ചക്രാമ നളോപി നിശ്ചിത മനാ ദ്ദ്രതോ-
പഗ്ഗത സ്വയം
അശ്വഗന്ധ മദം ഭേദന മഹതാ ശ്രേഷാ-
വിശേഷോജ്ജ്വലം

ദോഷാന്മേഷഃ വൃഷാഃ ജഗാദ കഞ്ചുകീ തത്
പ്രേഷണേ താം പ്രതി.

ദിക്പാലരു - ദിക്പാലന്മാരും, നൃപതതി പ്രസ്ഥാനഭേരീ വൈഭൃതപതതിയുടെ (രാജസമൂഹത്തിന്റെ) പ്രസ്ഥാനത്തിലുള്ള (പുറപ്പാടിലുള്ള) ഭേരീരവം (പെരുമ്പറകളുടെ ശബ്ദത്താൽ) മുഖരീകൃത (സഭ) - മുഴങ്ങുമാറാം, ഒരു താപി - ഒരു ഭൂപൻ, ഉദ്യതാ പച്ഛന്നായി (മറഞ്ഞിരിക്കപ്പെട്ടവനായി) സ്വയം - തനിയെ, നിശ്ചിതമനാഃ - നിശ്ചയിക്കപ്പെട്ട മനസ്സോടുകൂടിയവനായിട്ട് (ദമയന്തിയെ വരിക്കണമെന്ന് ഉള്ളിലുറപ്പിച്ചുകൊണ്ട്) നിര്യാതഃ - പുറപ്പെട്ടു. മഹാന് - മഹാനായ, രഥേന - രഥത്തിലൂടെ, ആഗച്ഛന്തം - ആഗമിക്കുന്നവനും, ഭൂഷാതിരേകോജ്ജ്വലം - അലങ്കാരങ്ങളെക്കൊണ്ട് ഉജ്ജ്വലനും ആയ, തം - ആ (നളനെ) ദൃഷ്ട്വാ - കണ്ടിട്ട്, ഏഷഃ - ഈ, വൃഷാ - ഇന്ദ്രൻ, താം - ദമയന്തിയെ (ലക്ഷ്യമാക്കി) പ്രതി - ലക്ഷ്യമാക്കി, തത്പ്രേഷണേ - അവളെ (ദൂതാ) പ്രേഷണത്തിൽ (അയയ്ക്കുന്നതിൽ) കഞ്ചുകീ - സന്നദ്ധനായിട്ട്, ജഗാദ - പറഞ്ഞു.

ദമയന്തി സ്വയംവരത്തിന് തയ്യാറായി പുറപ്പെട്ടിരിക്കുന്ന രാജാക്കന്മാരുടെ പെരുമ്പറയടികൊണ്ട്, ദിങ്മണ്ഡലം മുഴങ്ങുമ്പോൾ, ദമയന്തിയെ തനിക്ക് വരിക്കണമെന്ന് നിശ്ചയിച്ച് നളനും അതിനായി പുറപ്പെട്ടു. വിശേഷഭൂഷാലംകൃതനായി, മഹത്തായ ഒരു തേരിലേറി വരുന്ന നളനെ കണ്ടിട്ട്, സന്തോഷം ആ ദമയന്തിയുടെ അനുരാഗമുള്ള് ഉറപ്പിക്കുവാൻ, വേണ്ടി മുൻപറഞ്ഞ നാലു ദിക്പാലകരിൽ പ്രധാനിയായ ദേവേന്ദ്രൻ, അദ്ദേഹത്തോട് ഇപ്രകാരം പറഞ്ഞു.

പദം 22 ഇന്ദ്രൻ

പല്ലവി

മിളിതം പദയുഗളേ നിഗളതയാ
മാർഗ്ഗിതയാ ലതയാ

അനുപല്ലവി

നളനികടം പ്രതി ചലിതാ വയം
ഉപഗതവാൻ നളനിഹ നികടേ
—മിളിതം

മാർഗ്ഗിതയാ ലതയാ - അന്വേഷിക്കപ്പെട്ട വള്ളിയാൽ, പദയുഗളേ - കാലുകളിൽ, നിഗളിതയാ - നിഗളം (ചങ്ങല) എന്ന വണ്ണം, മിളിതം - ചേർക്കപ്പെട്ടതായി "തേടിയ വള്ളി കാലിൽ ചുറ്റി" എന്ന പഴമൊഴിയുടെ സംസ്കൃത തർജ്ജമയാണിതു്.

വയം - നാം, നളനികടം പ്രതി - നളന്റെ സമീപത്തിലേയ്ക്കു്, ചലിതാഃ - തിരിച്ചവരാണു്, നളൻ, ഇഹ - ഇവിടെ, (ഈ വഴിയിൽ) നികടേ - അടുക്കൽ, ഉപഗതവാൻ - വന്നെത്തിയിരിക്കുന്നു.

ചരണം 1

വീരസേനൻ നിഷധാധീശൻ
വൈരിഘടാവന ദഹനൻ
അതിപരിചിതനതിനാൽ നിന്നെയു-
മറിവനഹം നളനല്ലയോ നീ
—മിളിതം പദയുഗളേ

വൈരിഘടാവന ദഹനൻ - വൈരിഘടകളാകുന്ന ശത്രുസമൂഹമാകുന്ന വനത്തിനു്, ദഹനൻ - കാട്ടുതീയായിട്ടുള്ളവൻ, അഹം - ഞാൻ, അറിവൻ - അറിയും.

പദം. 23 നളൻ

സാവേരി—ഏകതാളം

(പല്ലവി)

അടിയിണ പണിയുന്നേനടിയൻ, ഋതുപർണ്ണനൃപതേ!
അടിയിണ പണിയുന്നേനടിയൻ

അനുപല്ലവി

അറിഞ്ഞാലുമിതു നേ-
രഹം നളൻ ഭഗവാനേ-
അടിയിണ പണിയുന്നേൻ

അടിയിണ – കാലിണ, അറിഞ്ഞാലുമിതു, നേരു് – ഞാൻ നളനാണെന്നു പറഞ്ഞതു് നേരുതന്നെ, അഹം – ഞാൻ.

പദം 22 ഇന്ദ്രൻ

ചരണം 2

ശമനനിവൻ, ദഹനനിവൻ താൻ
വരുണനിവൻ, വലമഥനൻ ഞാൻ
അമരതരുക്കളെ വെടിഞ്ഞു നി-
ന്നരികിൽ വന്നു വയമൊന്നിരപ്പാൻ
-മിളിതം പദയുഗളേ

ശമനൻ – കാലൻ, ദഹനൻ – അഗ്നി, വലമഥനൻ – ഇന്ദ്രൻ, അമരതരുക്കൾ – കല്പവൃക്ഷങ്ങളെ (സർവ്വാഭീഷ്ടപ്രദങ്ങളായവയാണു് കല്പവൃക്ഷങ്ങൾ) അവയെപ്പോലും ഉപേക്ഷിച്ചിട്ടാണു് ഞങ്ങൾ നിന്നോടൊരു കാര്യം യാചിക്കാൻ വന്നിരിക്കുന്നതു്. ദാനകർമ്മത്തിൽ നളന്റെ പ്രശസ്തി സൂചിപ്പിക്കുന്നു.

പദം 23 നളൻ

ചരണം 1

ഉമ്പർ പരിവൃഢന്മാർ നിങ്ങളെന്നോ
സമ്പ്രതി പരീക്ഷിപ്പാനല്ലീ?
ഡിംഭനാമെന്നോടേവം
ഡംഭമരുതേ സ്വാമിൻ

ദംഭോളിധര! ചൊന്ന-
തൻപോടു ചെയ്യാം ഞാൻ.

അടിയിണ

ഉമ്പർ പരിവൃഢന്മാർ – ദേവശ്രേഷ്ഠന്മാർ, സമ്പ്രതി - ഇപ്പോൾ, ഡിംഭൻ - കുട്ടി, ദംഭം - ചതി, സൂത്രം, അഹങ്കാരം. ദംഭോളി - വജ്രായുധം, ദംഭോളിധരൻ - ഇന്ദ്രൻ, അൻപോട് - വേഗം, അല്ലീ - [illegible].

പദം 22 ഇന്ദ്രൻ

ചരണം. 3

പാൽപൊഴിയും മൊഴി ദമയന്തിയെ
കേൾപ്പതിനായി നാൾപ്പകൽ പോരാ;
താത്പര്യം വേൾപ്പതിനങ്ങു
ചേർപ്പതിനായ് നീ ഉതകേണം.

......മിളിതം

പാല് പൊഴിയും മൊഴി ദമയന്തിയെ – പാൽ പൊഴിയുന്ന മൊഴിയോടു കൂടിയ ദമയന്തിയെപ്പറ്റി, കേൾപ്പതിനായി- ചോദിക്കുവാൻ, കേൾക്കുവാൻ (സുന്ദരിയായ ദമയന്തിയുടെ ഗുണഗണങ്ങൾ വർണ്ണിച്ചു കേൾക്കുന്നതിന് ഇനി സമയമില്ല എന്നും, സുന്ദരിയായ ദമയന്തിയെ വിവാഹം കഴിച്ചു തരുവാൻ ചോദിക്കുന്നതിന് ഇനി സമയമില്ല എന്നും ഇരു ഭാഗം വ്യാഖ്യാനിക്കാം) വേൾക്കാൻ ; പരിഗ്രഹിക്കാൻ, ചേർപ്പതിനായ് - സഫലമാക്കുവാൻ.

[''പെണ്ണിനെ ചോദിക്കുവാനും വേൾക്കുവാനുമൊന്നും ഇനിയുള്ള നാൾപ്പകൽ സമയം കൊണ്ടു സാധ്യമല്ല. (നാൾപ്പകൽ - ഒരു രാവും ഒരു പകലും'')—ഇദ്ദേഹം.]

പദം 23 **നളൻ**

ചരണം 2

ഭൈമീകാമുകനല്ലോ ഞാനും, ദേവ-
സ്വാമികളേ കേണേൻ! വേണം;
മാമിഹ നിയോഗിക്കിലാകാ; എന്നാൽ
കാണ്മാനും കഴിവരാ പറവാനഭിമതം

— അടിയിണ പണിയുന്നേൻ

ഭൈമീകാമുകൻ - ദമയന്തിയുടെ കാമുകൻ, ദേവസ്വാമികൾ - ദേവശ്രേഷ്ഠന്മാർ, ഇഹ - ഇക്കാര്യത്തിൽ, മാം - എന്നെ, നിയോഗിക്കിൽ ആകാ - നിയോഗിക്കുന്ന പക്ഷം സാധ്യമല്ല. കഴിവരാ - കഴിവുണ്ടാകയില്ല. അഭിമതം - ആഗ്രഹം.

പദം 22 **ഇന്ദ്രൻ**

ചരണം 4

ചെയ്‌വനെന്നു മുന്നേ ചൊന്നതു
ചെയ്‌തീലെന്നാകിലധികമധർമ്മം
മാനശാലികളാകുലമതിയായ്
മാകുക നീ വംശകളങ്കം.

—മിളിതം

ചെയ്‌വനെന്നു - ഞാൻ ചെയ്യാമെന്നു, മാനശാലികളേ - [illegible], ആകുലമതിയായ് - ബുദ്ധികെട്ടവനായിട്ട് വംശകളങ്കം മാകുക - വംശത്തിനു കളങ്കം വരുത്തരുത്.

പദം: 23 **നളൻ**

ചരണം 3

നിറയുന്നു ബഹുജനം നഗരേ; ഒന്നു
പറവാനും കഴിവുണ്ടോ വിജനേ ?

ഞാനും ചെയ്യു കേട്ടില്ലെന്നാലതേ കോപം!
ആകുന്നതിനെന്തുചെയ്യാം! ആവതെന്തതിലേറെ?
—അടിയിണ

നഗരേ - നഗരത്തിൽ, പൌരജനം നിറയുന്നു - ദമയന്തീ സ്വയംവരം പ്രമാണിച്ചു് വന്ന പൌരജനങ്ങൾ ധാരാളം വന്നു നിറയുന്നു. അതിനാൽ വിജനേ (ഒറ്റയ്ക്കു്) ദമയന്തിയെ കണ്ടു് എന്തെങ്കിലും പറയാൻ പ്രയാസമാണു്. അനുസരിക്കുന്നില്ലെന്നു ചിന്തിച്ചു കോപിക്കരുതു്. കഴിയും വിധം ശ്രമിക്കാം.

പദം 22 ഇന്ദ്രൻ

ചരണം 5

“വരിക്കേണം നീ ഞങ്ങൾ നാലരി—
ലൊരുത്തനെ”യെന്നുരയ്ക്ക, ഭവാൻ പോയ്,
തിരസ്കരണി തവ തരുന്നു ഞങ്ങൾ,
ഇരിക്കുമതു നീ തിരിയെ വരുവോളം.
—മിളിതം

നാലരിലൊരുത്തനെ - നാലുപേരിൽ ഒരാളെ എന്നു - പറയുക, (“വരിക്കണം നീ ഞങ്ങളിൽ ......” എന്നു പാഠഭേദം.) തിരസ്കരണി: അന്യരുടെ ദൃഷ്ടിയിൽ പെടാതെ സഞ്ചരിക്കാനുള്ള ഒരു വിദ്യ. നീ ദമയന്തിയെ കണ്ടു തിരിയെ വരുന്നതു വരെ മാത്രം ഈ തിരസ്കരണി നിലനില്ക്കും.

ദണ്ഡകം. പദം 1

ദൈത്യാരി പൂർവ്വജനദൂത്യം സമേത്യ നിജ —
സാദ്ധ്യം വെടിഞ്ഞു നിഷധേന്ദ്രൻ
സേനയിലഥ നിർത്തി, താനഥ നടന്നു.
മന്ദം ദമഭഗിനിയുടെ കാന്തിനദിയതിൽ മുഴുകി
നിന്നുവതി നഗരി മിഴികളും.

ദൈത്യാരി പുത്രജന് - വിഷ്ണുവിന്റെ ജ്യേഷ്ഠന് (ഇന്ദ്രന്) ഭൃത്യം സമേത്യ - ഭൃത്യന്റെ ഭാവം പ്രാപിച്ചിട്ട്, നിജ സാധ്യം - തന്റെ കാര്യം (ദേവയാനിയെ പരിഗ്രഹിക്കാമെന്ന വിചാരം) വെടിഞ്ഞ് - ഉപേക്ഷിച്ച്, നിഷ്ഠുരൻ - നല്ലവൻ, ഇഹ - ഇന്ദ്രാദികളെ കഷ്ടത്തിൽ നിന്നുള്ള മോചനമായ നിർത്തിയിട്ട്, അഥ - അനന്തരം, മന്ദ മന്ദഗതി - കാന്തന്റെയും മകന്റെയും സഹോദരിയുടെ (ദേവയാനിയുടെ) കാന്തിനദിയിൽ - സൗന്ദര്യമാകുന്ന നദിയിൽ, മുഴുകി നീന്തുകയായി, ഉഴറി - തിളങ്ങിക്കൂടി.

പാഠം 2

ബഹളജനേ പഥിഷു സബലേഷു നൃപതിഷു
ചപലേ മഹിസുര സമൂഹേ,
പലരെയു മുരുമ്മി പ്പുരികൊട്ട് നടന്ന
പെരിയ പരിചയ മുടയ പരിഷയുടെ നടുവിലൂട-
നവിദിതന കൗതുകമവനാസീത്;

പഥിഷു - വഴികളിൽ, ബഹളജനേ - കൂട്ടമായി നിൽക്കുന്ന ജനങ്ങളിലും, സബലേഷു നൃപതിഷു - സൈന്യസമേതരായ രാജാക്കന്മാരിലും, ചപലേ മഹിസുര സമൂഹേ - ചപലരായ ബ്രാഹ്മണ സമൂഹത്തിലും, അവിദിതഃ - ആരാലും അറിയപ്പെടാത്തവനായ്, പരിഷ - ആൾക്കൂട്ടം, കൗതുകം ആസീത് - കൗതുകം ഉണ്ടായി. അവിദിതൻ അവൻ എന്നന്വയം. ഇവിടെ സംസ്കൃതരീതിയനുസരിച്ച് വിഭക്തിപ്രയോഗം ചെയ്തിരിക്കുന്നു.

വഴികളിൽ ആളുകൾ തിങ്ങി നിൽക്കുന്നിടത്തും, രാജാക്കന്മാർ സൈന്യസമേതം സഞ്ചരിക്കുന്നിടത്തും, പലരെയും ഉരുമ്മിക്കൊണ്ട് നളൻ വേഗത്തിൽ നടന്നു. വളരെ പരിചയമുള്ള ആളുകളുടെ ഇടയിൽ കൂടി നടക്കുമ്പോൾ പോലും തന്നെ ആരും തിരിച്ചറിയാത്തതിനാൽ നളനു വളരെ അത്ഭുതം തോന്നി.

പാഠം 3

ധന്യഃ ഹരിണീജനകണ്ണാലലക്ഷ്യതനു-
കന്യാപുരത്തിനകത്തു
കണ്ണിണകൾ തീർന്നു, കണ്ടു മദയാനം
താംബൂലനഖനിരകൾ മുതൽ പൂർണ്ണികരതതി-
യവൃതി
വാഞ്ഛയൊടു നികടഭുവി കണ്ടു.

അഥ – അനന്തരം, ധന്യഃ – സുകൃതിയായ നളൻ, ഹരിണീജനകണ്ണാലലക്ഷ്യതനു – മാൻമിഴിമാരുടെ കണ്ണാൽ കാണാൻ കഴിയാത്ത ശരീരത്തോടു കൂടിയവൻ, കന്യാപുരം – അന്തഃപുരം, കണ്ണിണയിൽ തീർന്ന – അവരെ കണ്ണുകൊണ്ടു കണ്ടു കഴിഞ്ഞ് തിരഞ്ഞുകൊണ്ട് നടക്കുകയാണ്. താംബൂ – വെറ്റിലയും മറ്റും, നഖനിരകം മുതൽ പൂർണ്ണികരതതിയവൃതി – നഖങ്ങൾ മുതലായവ, പൂർണ്ണികരതതി യവൃതി – കൈയ്യിലുള്ളവർ, വാഞ്ഛ – ആഗ്രഹം, നികടഭുവി – അടുത്ത്.

പാഠം 4

അമരേന്ദ്രദൂതനിവ നപരാധമേറ്റു മന-
മുപരോധനേന വശമാക്കി
മറവകലുവാനായ് മനസി കൊതി പൂണ്ടു
അതിമധുരതരവപുഷമതികലിതരൂപനാം പുരുഷ-
മമൃതമൊഴി സഖികളൊടു കണ്ടു.

അമരേന്ദ്രദൂതൻ – ദേവേന്ദ്രന്റെ ദൂതൻ, നപരാധം ഏറ്റു – ദൂത്യധർമ്മം പിഴപ്പിച്ചുവെന്നുള്ള അപരാധത്തെ ഏറ്റ്, ഉപരോധനേന – സംയമം കൊണ്ട്, മനഃ – മനസ്സിനെ, വശമാക്കി – നിയന്ത്രിച്ചു. മറവ് – തിരസ്കരണി. അതിമധുരതരവപുഷം അതിസുന്ദരമായ ദേഹത്തോടു കൂടിയ പുരുഷം – പുരുഷനെ, അമൃതമൊഴി – അമൃതു പോലെ മൊഴിയോടു കൂടിയവൾ, (ദമയന്തി) സഖികളൊടു – സഖികളോടു കൂടി.

ഒരു പാദത്തിൽ ഇരുപത്താറക്ഷരത്തിൽ കൂടുതലുള്ള സമവൃത്തങ്ങളാണ് ദണ്ഡകങ്ങൾ എന്നു പറയുന്നത്. ആട്ടക്കഥയിൽ ദണ്ഡകത്തിനുള്ള സ്ഥാനത്തെക്കുറിച്ചറിയാൻ അവതാരികയിലെ സാഹിത്യ സ്വരൂപം എന്ന വിഭാഗം നോക്കുക).

വൃത്തം: ഇക്ഷുദണ്ഡിക.

തഭലങ്ങളാം മൂന്നതു, ഗഗാന്തമാദിമം
ജയ ചേർന്ന രണ്ടു കറിയാം ദ്വിതീയകം
നനനങ്ങളാം മൂന്നതു, ഗഗം തൃതീയവും
വിഷമത്തിൽ മൂന്നു ലഘുവിപ്രകാരമാം
സജലങ്ങൾ മൂന്നതു ഗഗാന്ത മാദിമം
നസഗങ്ങളാം രണ്ടു കറിയാം ദ്വിതീയകം
നനലങ്ങൾ മൂന്നതു, ഗഗം തൃതീയവും
സമ ഖണ്ഡമായ് വരികിലിക്ഷുദണ്ഡിക.

വിഷമപാദങ്ങളിൽ ഒന്നാം ഖണ്ഡം, തഭല, തഭല, തഭല ഗഗ; രണ്ടാം ഖണ്ഡം ജയ, ജയ എന്നും മൂന്നാം ഖണ്ഡം നനന, നനന, നനന ഗഗ എന്നും, സമപാദങ്ങളിൽ ഒന്നാം ഖണ്ഡം സജല, സജല, സജല, ഗഗ എന്നും, രണ്ടാം ഖണ്ഡം നസഗ നസഗ എന്നും, മൂന്നാം ഖണ്ഡം നനല, നനല, നനല ഗഗ എന്നും മാത്രമാണ് ഗണക്രമം.

രംഗം ൪. കന്യാത്യാഗം.

ശ്ലോകം 21

ഭൈരവി—ചെമ്പട

ചിരശ്രുതി ദ്രവീകൃത പ്രിയ നളാമനനാകിലും
തിരസ്കരണി കാൺകയാലിവ നമത്യനെ—
ണോർത്തിടൽ
ഭിരസ്സു വിപുലതപാ നിറയുമാരമാഭ്യ സം—
ഭ്രമങ്ങളാട്ട രസപാസാ തിളങ്ങ മേവ ഭൂമേ സാധ്യ്

പിത..............നന്ദനൻ - വളരെക്കാലത്തെ ശ്രുതി(കേൾവി) കൊണ്ട് ദൂരീകരിക്കപ്പെട്ട പ്രിയനായ നളനോടൊപ്പമുള്ളവൻ, (വളരെക്കാലത്തെ കേട്ടുകേൾവി കൊണ്ട് താൻ മനസ്സിൽ സങ്കല്പിച്ചുറപ്പിച്ചിട്ടുള്ള നളനോടൊപ്പമുള്ളവൻ) അമർത്ത്യൻ - അമാനുഷൻ, ദിവ്യൻ. തിരസ്കൃതവിപുലരൂപാ - തിരസ്കൃതയായ (ഉപേക്ഷിക്കപ്പെട്ട, ഇല്ലാതായ) വിപുലമായ - വലിയ, രൂപ(ശക്ത)യോടു കൂടിയവനും, മത്സോദരാ - എന്റെ സഹോദരി (ദമയന്തി) നിഭൃതം - വിനയത്തോടെ, ''നിഭൃതവിനീതപ്രശ്രിതാഃ സമാഃ'' എന്നമരം. സ്വയം ഏവം ഊചേ - താൻ തന്നെ(പരപ്രേരണയില്ലാതെയെന്നർത്ഥം) ഇപ്രകാരം പറഞ്ഞു.

ഇത്-വന്നിരിക്കുന്ന ആളും, താൻ കേട്ടറിഞ്ഞിട്ടുള്ളവനും, തന്റെ സങ്കല്പത്തിലുള്ളവനുമായ നളനെപ്പോലെയുള്ള ആളാണെങ്കിലും തിരസ്കരണി മൂലം ഏതോ ദിവ്യനായിരിക്കും എന്ന വിചാരിച്ച്, ലജ്ജകൂടാതെ തന്നെ അത്ഭുതാദരപരിഭ്രമങ്ങളോടെ ദമയന്തി ഇപ്രകാരം പറഞ്ഞു.

വൃത്തം: പൃഥ്വി

''ജസംജസയലങ്ങളും ഗുരുവുമെട്ടിനാൽ പൃഥ്വിയാം.''

പദം 24 ദമയന്തി

(പല്ലവി)

ഹേ മഹാനുഭാവ! തേ സ്വാഗതം! കിമധുനാ?

അനുപല്ലവി

കാമനോ സോമനോ നീ?
നിന്നാഗമനം കിംനിമിത്തം?

—ഹേ മഹാനുഭാവ!

മഹാനുഭാവൻ - മഹത്തായ പ്രഭാവത്തോടു കൂടിയവൻ, തേ സ്വാഗതം - അങ്ങേക്കു സ്വാഗതം, അധുനാ കിം - ഇപ്പോൾ എന്താണ്?

സോമൻ - ചന്ദ്രൻ, കിം നിമിത്തം - എന്തുകാരണം.

("'ഹേ മഹാനുഭാവ ! ഭവതു സ്വാഗതം കിമധുനാ'' എന്ന പാഠമാണു് ദേശമംഗലം സ്വീകരിച്ചിരിക്കുന്നതു്. ഭവതു – ഭവാനു്")

പാഠം 25 നളൻ

കല്യാണി—ചെമ്പട

(പല്ലവി)

ഭീമാവനീരമണ നന്ദനേ! എന്നെ
ദൈവതമെന്നു ധരിച്ചു കൊൾക!

അനുപല്ലവി

ശ്രീമാനമരപതി തന്റെ ചില
വാചികങ്ങളുണ്ടവകൾ
നീ ചെവിക്കൊള്ളേണമേ

—ഭീമാവനീരമണ

ഭീമാവനീരമണൻ – ഭീമൻ എന്ന അവനീരമണൻ, അവനീരമണൻ – രാജാവു്, ഭീമാ............നന്ദനേ – ദമയന്തീ, അമരപതി – ദേവേന്ദ്രൻ, വാചികം – സന്ദേശം, ചെവിക്കൊള്ളുക – കേൾക്കുക.

പാഠം 24 ദമയന്തി

ചരണം 1

ഏതൊരു കുലമലങ്കരിച്ചു ജനനാ
ഉരചെയ്തീടണം! എന്തു തവ നാമധേയമ-
തിതെന്നു കേട്ടതില്ല ബോധം വന്നീല, ജഗ—
ന്നാഥനെന്നെനിക്കു തോന്നി ചേതസി, നിന്നെ

–ഹേ മഹാനുഭാവ

അങ്ങു ജന്മം കൊണ്ടു് ഏതൊരു വംശത്തെയാണലങ്കരിച്ചു

ണ്ട്. അങ്ങയുടെ പ്രയോജനമെന്ത്? പറഞ്ഞാലും. ദൂതനെന്ന പറഞ്ഞതു് എനിക്ക വിശ്വസിക്കാൻ കഴിയുന്നില്ല. പ്രഥമ ദൃഷ്ടിയിൽ തന്നെ (അങ്ങയെ) ലോകനാഥനെന്നു് എനിക്കു തോന്നി. ചേതസി – മനസ്സിൽ

പാഠം 25 നളൻ

ഭാഗം 1

അപരകല നാമങ്ങൾ കേൾപ്പതോ യോഗ്യ-
മാർത്തിമാനി വാചസ്പതേ?
അഖില ഭുവനനാഥൻ വാസവൻ പറ—
ഞ്ഞങ്ങനെ മാമകപ്രീതി കേൾക്ക നീ
അമരാംഗനമാരെയും അമരാധിപൻ വെടിഞ്ഞു;
തവ ദാസനായെഴുന്നില്ലലർബാണ–
കോപശാന്തി
–മിഹാനിമേഷം .....

അപരകലനാമങ്ങൾ – മറ്റുള്ളവരുടെ കഥയും പേരും. വാചസ്പതി – ഇന്ദ്രൻ, ആർത്തിമാനി – ആർത്തിയെ ജനിപ്പിക്കുമ്പോൾ, (ദുഃഖിതനായിരിക്കുമ്പോൾ) അഖിലഭുവനനാഥൻ – എല്ലാ ലോകങ്ങളുടെയും നാഥൻ, വാസവൻ – ഇന്ദ്രൻ, അങ്ങനെ – പെട്ടെന്നു്, മാം – എന്നെ, അമരാംഗന – ദേവസ്ത്രീ, അമരാധിപൻ – ഇന്ദ്രൻ, അലർബാണ കോപം – കാമദേവന്റെ കോപം.

ഇന്ദ്രൻ നിന്നിൽ കാമാർത്തി പൂണ്ടിരിക്കുമ്പോൾ നിനക്കു് മറ്റൊരാളുടെ കഥയും പേരും കേൾക്കേണ്ട ആവശ്യമില്ല. സർവ ലോകനായകനായ ഇന്ദ്രനാണു് എന്നെ അയച്ചതു്. ഇന്ദ്രൻ ഇപ്പോൾ ദേവസ്ത്രീകളെയെല്ലാം ഉപേക്ഷിച്ചിരിക്കുന്നു. ഇനി നിന്റെ ദാസനായിത്തീർന്നാലല്ലാതെ അവന്റെ മനസ്സിലുള്ള കാമദേവന്റെ കോപം ശമിക്കയില്ല. കാമാർത്തി തീർക്കാൻ ഇന്ദ്രൻ നിന്റെ അടിയന്റെ ദാസനാകാൻ വരെ തയാറാണെന്ന ഭാവം.

പാഠം 25. നളൻ

ഖണ്ഡം 2

അനലനും നിൻഗുണങ്ങൾ കേൾക്കയാൽ
മനോധിയിലെ കാറ്റു നീറുന്നു;
അവനിലിന്ധന മെന്നപോലവേ, ഇപ്പോ—
ഴഭിമത വല്ലഭന സ്വാഹയും
സുമബാണ ബാണമേറ്റു, യമനും ക്ഷതിയടഞ്ഞു
വരുണനു താപമയം ബഡവാമുഖാധികം.

—ഭീമാവനീരമണ ....

അനലൻ - അഗ്നി, മനോധി - കാമാഗ്നി, അവനി - ഭൂമി ഇന്ധനം - വിറക്, അഭിമത - പ്രിയപ്പെട്ടവൾ, അവനിൽ - അഗ്നിയിൽ ('അവനിൽ' എന്നതിന് 'അവനിയിൽ' എന്ന പാഠം രസികരഞ്ജകകാരൻ സ്വീകരിച്ചിരിക്കുന്നു. "ഇന്ധനത്തിനും സ്വാഹയ്ക്കും, മയത്തിനും, ഉം സംബന്ധിത്വം കൊണ്ട് സദൃശത്വമുണ്ടെങ്കിലും, മയത്തിനുപ്പിന്നു സ്വാഹ അഗ്നിക്കു മുൻപ് പ്രീതിപാത്രമായിരുന്ന ഇന്ധനവും സ്വാഹയും രസിക്കാതായിത്തീർന്നു." എന്ന് ഈ ഭാഗം അദ്ദേഹം വ്യാഖ്യാനിക്കുന്നു) സ്വാഹ - അഗ്നിയുടെ ഭാര്യ. സുമബാണ ബാണം - കാമ ബാണം, താപമയം - കാമതാപം; ബഡവാമുഖാധികം - ബഡവാഗ്നിയെക്കാൾ കൂടുതൽ. ബഡവാ - പെൺകുതിര. ബഡവയുടെ മുഖത്തോടുകൂടിയ അഗ്നി സമുദ്രത്തിൽ മറഞ്ഞ് സദാ ജ്വലിച്ചുകൊണ്ടിരിക്കുന്നുവെന്ന് പുരാണ പ്രസിദ്ധം.

"നിന്റെ ഗുണഗണങ്ങൾ കേൾക്കുകയാൽ, അഗ്നിയിൽ വിറകെന്നപോലെ, അതുപോലെ അഗ്നി കാമാഗ്നിയിൽ വെന്തു നീറുന്നു. പതിയായ സ്വാഹയിൽ പോലും അവന് പ്രിയമില്ലാതായി. കാമബാണമേറ്റ് കാലനും പരവശനായി. വരുണൻ ബഡവാഗ്നിയെക്കാൾ അധികതരമായ കാമതാപം നിമിത്തം അനുഭവിക്കുന്നു.

കാമബാണമേറ്റ്, ശമനനും ഭ്രമിക്കുന്നു; അനലൻ വെന്തു നീറുന്നു, വരുണന്റെ ബോധാപഹരണത്തോടൊപ്പം 'ഓരോരോ പക്ഷം' എന്നീ പ്രസ്താവങ്ങളിൽ നിന്ന് ഇന്ദ്രാദികളുടെ കാമപാരവശ്യാതിശയം വ്യഞ്ജിക്കുന്നു.

പാഠം 24. ദമയന്തി

ചരണം 2

ഇതരന്മാരെന്തു വിചാരലേശം കൂടാതെ അതി-
നീചയോഗ്യമാരംഭിച്ചതാചാരമിപ്പോൾ ?
രാജപുത്രി ഞാനിന്നൊരു രാജവര്യനെ-
ന്നാശയെ ധരിപ്പതിനെന്തു ക്ലേശം ദേവാനാം

—[illegible]

ഇതരന്മാർ - ദേവന്മാർ, വിചാരലേശം കൂടാതെ - അല്പം പോലും ആലോചിക്കാതെ, അതിനീചയോഗ്യം ആചാരം - ഏറ്റവും അധമന്മാർക്കു യോജിച്ച പ്രവൃത്തി. ആശയെ - എന്റെ ആഗ്രഹത്തെ, ദേവാനാം - ദേവന്മാർക്ക്,

ഇന്ദ്രാദികളായ ദേവന്മാർ വിവേകശൂന്യരായി, നീചന്മാർക്ക് ചേർന്ന പ്രവൃത്തി തുടങ്ങിയതെന്തു ? രാജപുത്രിയായ ഞാൻ ഇന്ന് ഒരു രാജാവിനെ മനസാ വരിച്ചുകഴിഞ്ഞ കാര്യം മനസ്സിലാക്കുന്നതിന് ദേവന്മാർക്ക് എന്താണിത്ര പ്രയാസം!

പാഠം 25. നളൻ

ചരണം 3

അമൃത മതിമധുരം പീയതേ; കാല-
മനിശം കളികൾകൊണ്ടു നീയതേ
അനവധി ഉന്നമനമുദ്രിയതേ; ചിര-
മായുരനവധി ജായതേ
വൃന്ദാരകാധിപതി പൊന്നാട്ടിലൊരുവനെ

നന്നായ് വിചാരിച്ചുറച്ചിട്ടേ വരിച്ചു കൊൾക.

–ഭീമാവതി രമണ നമ്പരനെ

അതിമധുരം അമൃതം പറിയതെ – ഏറ്റവും മധുരമായ അമൃതം പാനം ചെയ്യപ്പെട്ടാൽ. ആനാശം – ഏറ്റവും പ്രിയം, നീയതെ – നയിക്കപ്പെട്ടത. അന്വേഷ്യതെ – അന്വേഷിക്കപ്പെട്ട ത. ചരിതമായ്ത്തന്നെയിരിക്കെ – ഭീമപുത്രിയുടെ കന്ന. വൃന്ദാരകാധിപതി – ദേവേന്ദ്രൻ ("വൃന്ദാരകാധിപരിച്ചെന്നതി ലൊരുവനെ" എന്ന പാഠഭേദം) ഇച്ഛിക്കുന്നതിൽ – ഇപ്പറഞ്ഞ ദേവശ്രേഷ്ഠന്മാരിൽ.

ദേവന്മാരിലൊരാളിനെ വരിച്ചാൽ അതിമധുരമായ അമൃതം ഭുജിക്കാം. സമാധാനവും ചിരകാലായുസ്സും ലഭിക്കും. അനവധി ശ്രേഷ്ഠഗുണങ്ങളുണ്ടാകും, ദീർഘായുസ്സും ലഭിക്കും, നളൻ അവന്റെ മാതൃത്വം തന്നെ സ്വന്തമാക്കുന്നു, തന്നെ നി ഗ്രഹിക്കുന്നു.

പാഠം 24 ദമയന്തി

ചരണം 3

വല്ലഭ നങ്ങളിൽ പുറത്തില്ല കാമമൊന്നും; പാര-
മില്ലലുണ്ടു, വരനെപ്പോലെ നല്ലവൻ നീയും
ചൊല്ലുമേ്മ ജീവിപ്പാൻ മമ, തെല്ലു നേരം നി
വാരണ
നല്ലവചനം ചൊല്ക്കിലില്ല വൈഷമ്യം.

–ഹേ മഹാരാജാവ

വല്ലഭൻ – ഭർത്താവ്. ഞാൻ മനസാ ഒരു ഭർത്താവിനെ വരിച്ചുകഴിഞ്ഞിട്ടുണ്ട്. അതു് മറ്റുള്ളവർക്ക് അറിയാൻ വയ്യ. ("വല്ലഭനങ്ങളിൽപ്പുറത്തില്ല കാമനൊന്നുമില്ലെനിക്ക്........" എന്ന പാഠഭേദം)

ഒരു വല്ലഭനെ ഞാൻ മനസാ വരിച്ചിട്ടുണ്ട്. ആർക്കും ഈ വിവരമറിയാൻ സാധ്യമല്ല. എന്റെ ഉള്ളിലെ ആശയം ദേവ

ന്മാർ മനസ്സിലാക്കാത്തതിൽ എനിക്ക ദുഃഖമുണ്ട്. എന്റെ വല്ലഭനെപ്പോലെ നല്ലവനാണ് നീ. ജീവിക്കാൻ തന്നെ എനിക്ക വിഷമം തോന്നുന്നു. നീ അല്പനേരംകൂടെ ഇവിടെ നിന്നു സംസാരിച്ചാൽ എനിക്ക് കുറച്ചാശ്വാസം ലഭിക്കും.

''പരമുള്ളിലുണ്ട്'' എന്ന ഭാഗത്തിന്റെ ഭിന്ന വ്യാഖ്യാനങ്ങൾ താഴെച്ചേർക്കുന്നു. ''ഞാൻ മനസാ നളനെ ഭർത്താവായി വരിച്ചു കഴിഞ്ഞിട്ടുണ്ട്. ആ പുരുഷനെ ഞാൻ പ്രത്യക്ഷത്തിൽ കാണുവാൻ ഇതുവരെയായിട്ടും കഴിഞ്ഞില്ല. അതിനാൽ എനിക്ക് അത്യധികം ദുഃഖമുണ്ട്'' (എം. എച്ച്. ശാസ്ത്രി) ''പുറത്തു കണ്ടതില്ലെങ്കിലും ഞാൻ വരിച്ചിട്ടുള്ള വല്ലഭൻ എന്റെ ഉള്ളിലുണ്ട്. അവന്റെ ഛായയുള്ള നീ ഇങ്ങനെയൊക്കെ സംസാരിക്കുന്നതുകൊണ്ട് എനിക്ക വളരെ വ്യസനം തോന്നുന്നു. (എ. ആർ.)

പാഠം 25. നളൻ

ചരണം 4

ഹന്ത! കേൾ ദമയന്തി! നിന്നുള്ളി-
ലന്ധ ഭാവ മനോഭവം;
വാനിയന്മാരെ വെടിയുന്നതിൻ മൂലം
മന്ദിരത്തിലേവം വന്നിരുന്നാലോ ?
വൃന്ദാരക വരരെ നിന്ദ ചെയ്യുന്ന നിന-
ക്കിന്നാരൊരുവൻ ബന്ധുവെന്നാലറിയണം
- ഭീമാവനീശമകളേ......

അന്ധഭാവം – അജ്ഞത, മൂഢത; മനോഭവം – മനസ്സിലുള്ളത്, വൃന്ദാരക വരർ – ദേവശ്രേഷ്ഠന്മാർ.

അല്ലയോ ദമയന്തി നീ അറിവില്ലാത്തവളാണ്. ദേവന്മാർ വന്ദ്യന്മാരല്ലയോ ? അവരെ നീ ഉപേക്ഷിക്കുന്നു! അവർ നിന്റെ ഗൃഹത്തിൽ വന്ന് നിന്നെ യാചിച്ചു കൊണ്ടാണോ ? ദേവശ്രേഷ്ഠന്മാരെ നിന്ദിക്കുന്ന നിനക്ക് ആരാണ് ബന്ധു

ഛായി വരാൻ പോകുന്നു. ദേവന്മാരുടെ അപ്രീതി സമ്പാദിച്ചുകൊണ്ടു് അവളെ ആരും പരിഗ്രഹിക്കാൻ മടിക്കയില്ലെന്നു ഭാവം.

പാഠം 25 നളൻ

ഖണ്ഡം 5

ഇന്ദ്ര യമ ശിഖി പാശികളിന്നു
ചൊന്ന വാക്കിനില്ലാദരം
എന്നു വന്നതിൽ കാരണം ചൊന്നാ-
ലെന്നിലുള്ള നിന്ദ നിർണ്ണയം
ഇന്ദ്രാദിയോടു ചൊൽവൂ—
“നാന്യംനിരയോഗിയല്ല,” എന്നു
സന്ദേഹമില്ലവർക്കും
നിന്നെയും കൊണ്ടു പോമേ

—[illegible]

ശിഖി – അഗ്നി, പാശി – വരുണൻ, അന്യം – മറ്റൊരാളിനെ.

ഇന്ദ്രൻ, യമൻ, വരുണൻ, അഗ്നി എന്നിവർ പറഞ്ഞ വാക്കിൽ നിനക്കു് ആദരമില്ലാത്തതു് എന്നെക്കുറിച്ചുള്ള നിന്ദ തന്നെയാണു്. വിവരം ഞാൻ പോയി ഇന്ദ്രാദികളോടു പറയാം. ഇങ്ങനെയാകിലും അവരെല്ലാവരും വന്നു് നിന്നെ കൂട്ടിക്കൊണ്ടു പോകുമെന്നതിനു സംശയമില്ല. [“വാക്കിനില്ലാദരം എന്നു വന്നുള്ള സ്വതേ, നന്നിതു, ഭിന്നമായ കാരണം ചൊന്നാലെന്നിൽ ഉള്ളൊരു നിന്ദയിതെന്നു നിർണ്ണയം.” എന്നും “സന്ദേഹമില്ലവർക്കും.” എന്നും പാഠഭേദം.]

പാഠം 24 ദമയന്തി

ഖണ്ഡം 4

പതിദേവതമാരെന്നധി ഭുവി കേ-
ളതിലൊന്നല്ലോ ഞാൻ;

പതി ദേവതകൾ ഇന്നിട്ടകിലോ
ഗതി, യാര, വനിതലേ ?
പതിസമനെന്നോർത്തിളകും
നിന്നോടുദിതം നേരെല്ലാ-
മിതരന്നോടില്ലുര മോർത്തവരോടു-
സദൃശം വദ നീ പോയ്

ഹേ! മഹാനുഭാവ.........

പതിദേവതമാർ - പതിയാകുന്ന ദേവതയോടുകൂടിയവർ (പതിവ്രതമാർ) ഭുവി - ഭൂമിയിൽ, അവനിതലേ - ഭൂമിയിൽ, പതിസമൻ - ഭർത്താവിനു തുല്യൻ, നേരെല്ലാം ഉദിതം - സത്യമെല്ലാം പറയപ്പെട്ടു. ഇതരന്നോടില്ല - മറ്റൊരാളോടാണെങ്കിൽ ഇക്കാര്യങ്ങളൊന്നും പറയുകയില്ല. സദൃശം വദ - യോജിച്ചപോലെ പറയുക. [ഭുവികളിലതിലൊന്നല്ലാ ഞാൻ, ഗതിയാക വനിതലേ'' എന്നു പാഠഭേദം.]

ലോകത്തിൽ പതിവ്രതകൾ അനവധിയാണ്. അതിലൊന്നു മാത്രമാണ ഞാൻ. ഈ സത്യമറിയാവുന്ന ദേവന്മാർ എന്നെ വഞ്ചിക്കാനാണ ഭാവമെങ്കിൽ എന്നെപ്പോലുള്ള അബലകൾക്ക് ആരാണ സഹായം ? നീ എന്റെ ഭർത്താവിനു തുല്യനാണെന്നു കരുതിയാണ് ഈ പരമാർത്ഥമൊക്കെ പറഞ്ഞത്. മറ്റൊരാളോടായിരുന്നെങ്കിൽ ഇതൊന്നും പറയുകയില്ല. ദേവന്മാരോട് യോജ്യമാം വണ്ണം വേണ്ടതു നീ പറയുക.

രംഗം. 9. ഇന്ദ്രാദികളെ കണ്ടെത്തിയ സ്ഥലം.

ശ്ലോകം 22

(മോഹനം—മുറിയടന്ത)

ഇത്ഥം ദമയന്തി തൻ മൊഴികൾ കേ—
ട്ടത്യന്തമാശ്ചര്യവും,

വാത്സല്യം ബഹുമാനവും പ്രണയവും
ചീർത്തു നളന്നാശയേ
ആത്താവേശ മിദാം പ്രീണിച്ചു തരസാ
പോന്നു തിരോഭൂതനായ്
വാർത്താ മാഹ സഹസ്രനേത്ര ഹുതഭുക്
കീനാശ പാശായുധാൻ

ഇത്ഥം – ഇപ്രകാരം, അത്യന്തം – വളരെ, ചീർത്തു – വർദ്ധിച്ചു. ആത്താവേശം – വികാരമുള്ളവനായി (ആത്താവേഗം എന്നു പാഠഭേദം – വളരെ വേഗത്തിൽ) ഇദാം – ഇവളെ, തരസാ – പെട്ടെന്ന്, തിരോഭൂതനായ് – തിരസ്കരണിയിൽ മറഞ്ഞ് സഹസ്രനേത്രൻ – ഇന്ദ്രൻ, ഹുതഭുക് – അഗ്നി, കീനാശൻ – കാലൻ, പാശായുധൻ – വരുണൻ.

ഇപ്രകാരം ദമയന്തിയുടെ വാക്കുകൾ കേട്ട് നളന് അവളെ കുറിച്ച് അതിരററ ആശ്ചര്യവും, വാത്സല്യവും, ബഹുമാനവും പ്രണയവും വർദ്ധിച്ചു. അനന്തരം വികാരപാരവശ്യത്തോടെ പെട്ടെന്ന് നളൻ തിരസ്കരണി മൂലം അപ്രത്യക്ഷനായിട്ട്, ഇന്ദ്രാദികളുടെ അടുക്കൽ ചെന്ന് വിവരം പറഞ്ഞു. ദമയന്തിയുടെ പാതിവ്രത്യംകൊണ്ട് ആശ്ചര്യവും. അവളുടെ ദൈന്യത്തിൽ വാത്സല്യവും, ഗംഭീരപ്രകൃതിയിൽ ബഹുമാനവും നളനുണ്ടായി.

വൃത്തം: ശാർദ്ദൂലവിക്രീഡിതം.

പദം 26 നളൻ

(പല്ലവി)

ശരണം ദേവേശാ! ഭവദീയ—
ചരണ യുഗളം മേ

അനുപല്ലവി

ഹരിണാക്ഷി തന്നുടെ അരികിലേ ഗമിച്ചേൻ ഞാ—
നൊരു ഫലമുളവായീലറിയിപ്പതിനിയെന്തു ?

— ശരണം ദേവേശാ.

ദേവശേഖരൻ – ദേവരാജൻ, പാദീയം – അങ്ങയുടെ, ചരണയുഗളം – കാലിണ, മേ – എനിക്ക്, ശരണം – ആശ്രയം, ഹരിണമിഴി – മാൻകണ്ണി.

ചരണം 1

ആരും കാണാതെ കടന്നു ചെന്നങ്ങു
നാരീമണിതന്നരികിൽ നിന്നേൻ
വേറെ വേറെ അഭിമതങ്ങൾ ചൊന്നേൻ, പിന്നെ
സാധു സരണിയിലെ ചിരമിരുന്നേൻ;
അതിനൊന്നുത്തരമോതീലൗത്സുക്യവു—
മവൾ തരാഞ്ഞതികുപിതനായഹം-
മകഥയം ചില ദോഷാക്ഷര-
ളറിക ചൊല്ലിയതനൃതമല്ലിതു

—ശരണം ദേവശേഖര.

നാരീമണി – സ്ത്രീരത്നം, അഭിമതം – അഭിലാഷം, സാധുസരണി – [illegible], ഔത്സുക്യം – താത്പര്യം, അഹം – ഞാൻ, ദോഷാക്ഷരങ്ങൾ – ദോഷാരോപണങ്ങൾ, അകഥയം – പറഞ്ഞു. അനൃതം – കള്ളം.

ചരണം 2

ആകുന്ന ദോഷമൊഴി കേട്ടിട്ടുമവൾ-
ക്കാകുലമുള്ളിലുണ്ടായില്ലൊട്ടും;
ലോകപാലനരേ! നാകസുഖമാർക്ക-
ഭാഗധേയമില്ലെന്നാകിൽ കിട്ടും ?
അവളൊത്തെന്നിൽ വച്ചു മനസ-
മിസ്സമയമാകെ ഞാനാ സാക്ഷിക-

അഖിലസാക്ഷികൾ നിങ്ങളോടിതു-
ന്നരിളമാർ മന്നിനാഹമാമപി

—ശ്രീരമണദേവശ്രേഷ്ഠ.

ദേവമൊഴി — ചതുരുപായങ്ങളിൽ രണ്ടാമത്തെ മാർഗ്ഗമനുസരിച്ചുള്ള വാക്കുകൾ (ശ്ലോകങ്ങൾ), ആകവം — ഇളക്കം, നാകസുഖം — സ്വർഗ്ഗസുഖം, ഭാഗധേയം — ഭാഗ്യം, അവസരദായക ബാണ സാക്ഷികം — കാമദേവന്റെ അമ്പുകളെ സാക്ഷിയാക്കി; അവസരദായകൻ — കാമദേവൻ, മഹിളമാർമണി — സ്ത്രീരത്നം, ന ആഹ — പറഞ്ഞില്ല, മാം അപി — എന്നെയും, ഇതു്. അവരം ആരെ കാമിക്കുന്നെന്നു്, അഖില സാക്ഷികൾ — എല്ലാം കാണുന്നവർ.

എന്റെ ദേവവാക്കുകൾ കേട്ടിട്ടും അവൾക്ക് അല്പം ഇളക്കം ഉണ്ടായില്ല. അല്ലയോ ലോകപാലകന്മാരേ! സ്വർഗ്ഗസുഖം, ഭാഗ്യമുള്ളവർക്കല്ലാതെ, മറ്റുള്ളവർക്ക് കിട്ടുന്നതല്ല. (ദമയന്തി ഭാഗ്യഹീനയാകയാൽ അവൾക്ക് സ്വർഗ്ഗസുഖം ലഭിക്കയില്ലെന്ന സാരം) അവൾ കാമദേവനെ സാക്ഷിയാക്കി, ഒരാളിൽ തന്റെ മനസ്സു സമർപ്പിച്ചു. അതാരാണെന്നു് സർവസാക്ഷികളായ നിങ്ങളോടു പറയാൻ പോലും ആ സ്ത്രീരത്നം പറഞ്ഞില്ല. ഒരു പക്ഷേ ലോകസാക്ഷികളായ നിങ്ങൾക്ക് അക്കാര്യം അറിയാമെന്നുള്ള കാരണം ആയിരിക്കാം. എന്നാലും അവൾ കാമിക്കുന്നതാരെയാണെന്ന് പറഞ്ഞില്ല.

ചരണം 3

അങ്ങളിച്ചെയ്തു പോലിതെല്ലാം കേട്ടുൻ;
അഗതിക്കിനി യാവതെന്തിപ്പോഴോ ?
അപരനെയങ്ങു നിയോഗിച്ചാലും ഉത-
മപാരമിച്ചാലുമവളെ പോലാൽ
"അബലമാരതി ചാപലമാഗി"തി-
പറവതിനു നഹി കുറവു കിഞ്ചന.

ലാളനതന്നെ വശീകരിച്ചു ര-
ക്ഷിച്ചു കൊള്ളുക നല്ല വേണ്ടുകിൽ.

—ശരണം ദൈവേശപാദ

അതുളിച്ചുള്ള ചൊല്ലിതെല്ലാം - നിങ്ങൾ പറഞ്ഞതു പോലെ, കേട്ടേൻ - ഞാൻ അനുസരിച്ചു. അഗതികൾക്കെനിക്ക് - അഗതിയായ എനിക്ക്, ആപത്തു് - കഴിയുന്നതു് എന്താണ്. അപരൻ - മറ്റൊരുവൻ, എന്നൊക്കെയും സമസ്തം ദ്രുതം - വേഗം, അബലമാർ അതിചപലമാർ - സ്ത്രീകൾ എല്ലാം ഏറ്റവും ചപലകളാണ്. ഇതി പറയുന്നതിന് - എന്ന ചൊല്ലിന്, കടവുമില്ലി - വ്യത്യാസമില്ല. കിഞ്ചന - ഒട്ടും, സ്ത്രീകൾ സ്ഥിരതയില്ലാത്തവരാണെന്നു പറയുന്നതിന് ഒട്ടും സംബന്ധിച്ചും വ്യത്യാസമൊന്നുമില്ല. ലാളനതന്നെ - ലാളനകൊണ്ട്, വശീകരിച്ച് - വശത്താക്കി.

പാഠം 27 ഇന്ദ്രൻ

പല്ലവി

സുമതേ! രാജേന്ദ്ര! നിന്നുടെ മനം
ദുരിതസരണി വിമുഖം

സുമതേ - നല്ല ബുദ്ധിയോടു കൂടിയവനേ, രാജേന്ദ്ര - രാജശ്രേഷ്ഠാ, ദുരിത സരണി വിമുഖം - പാപ വഴിയിൽ പ്രവൃത്തിക്കാത്തതു്.

ചരണം 1

ലോകമോഹനം സമ്പാദനത്തിന്; യത്നം
ചെയ്ക നിനക്കവളെ ലഭിപ്പാൻ.
സ്വർഗ്ഗം കൊണ്ടുവരുമൊന്നല്ലോ നാം നമ്മി-
ലേകനെ വേണമവൾക്ക വരൻ.
അപരനൊപ്പൂനാവൾ വരികി-
ലന്തർമോഹമവൾക്ക മുന്നതി-

നെഞ്ചുമേ വയമസ്തു സംശയം-
മന്ധലത്തിലൊരുത്തനെന്നിയേ

ഏകനെ - ഒരുത്തനൊഴികെ, വയം - ഞങ്ങൾ, അന്തരാ ഒന്നിയെ - കണ്ടിതും ക്ഷമാതാ, അസ്തു സംശയം - സംശയമില്ലാതെ (നിശ്ചയമായും)

''അന്യം സ്വയംവരത്തിന് പോകുക, അവളെ ലഭിക്കാൻ പ്രയത്നിച്ചാലും, ന്യായം കൊണ്ട്' ഇപ്പോഴും നാം അന്യോപായം ഒന്നാണല്ലോ. നമ്മളിൽ ഒരുവനായിരിക്കണം അവളുടെ ഭർത്താവ്. മറ്റൊരാളെയാണ് അവൾ സ്വീകരിക്കുന്നതെങ്കിൽ അവൾക്ക് അതിലേറെ ഉപേക്ഷം അനർത്ഥമുണ്ടാകും. അതിനാൽ സ്വയംവരത്തിനായി ആ സ്ഥലത്തു തീർച്ചയായും പോകേണ്ടതുതന്നെ.''

ദേവന്മാരുടെ ഈ വാക്കുകളിൽ മറ്റൊരർത്ഥവും ധ്വനിക്കുന്നുണ്ട്. ''ദമയന്തിയെ ലഭിക്കാനിടവരികിൽ നീയും സ്വയംവരമണ്ഡപത്തിലെത്തുക. ദമയന്തിയെ വരിക്കുന്ന കാര്യത്തിൽ നാം അന്യോപായം ഇല്ലാത്തവരാണ്. അതിനാൽ നിന്റെ വേഷത്തിൽ (അന്യോപായം കൊണ്ടുള്ള രൂപത്തിൽ) ഞങ്ങളും അവിടെയെത്തും. നളനിലാണവളെങ്കിലുമല്ലാതെ ആരാണ് മറ്റൊരാളെ അവൾ വരിക്കുകയാണെങ്കിൽ അവരിലാരെങ്കിലും അനാപത്താണ്'.''

രംഗം 10 അസുരലോകം.

ശ്ലോകം 23

നാട്ടക്കുറിഞ്ഞി - ചെമ്പട

ഇന്ദ്രാദ്യൈരേവം സുരപതിമുഖൈ-
രന്വേഷയന്ത്ര വിസൃഷ്ടേ
ഷ്ണഞ്ജ മഞ്ചാ ഗതവതി വിഭ-
ര്ഭേ ദ്രിഷ്ടും വിശിഷ്ടം

സപ്തദ്വീപാധിപന്മാരുമേ
സോപാനമേറി സ്വർഗ്ഗത്തോളം-
പൃഥ്വീവാർപ്പിൽ നിശിചരഗണാഃ
പ്രോച്യാഭ്യേത്യ ദൈത്യാൻ

ഏവം – ഇപ്രകാരം, ഇത്യുക്ത്വാ – സന്തുഷ്ടരായ, സ്വർണ്ണനിർമ്മിതൈഃ – മേഘശ്രേണികളാൽ, ചിത്രിതേഷു – ചിത്രപ്പെട്ടവ, ഏഷു – ഇങ്ങനെയുള്ളവയായ, ദൈത്യേന്ദ്രാഃ – ദൈത്യേന്ദ്രന്മാർ (നളൻ) വിമാനങ്ങളിൽ – വിമാനങ്ങളാൽ നിർമ്മിക്കപ്പെട്ട, വിശിഷ്ടം മന്ദം – വിശിഷ്ടമായ മണ്ഡപത്തിൽ, ഗത്വാ – പ്രാപിക്കുമ്പോൾ, സപ്തദ്വീപാധിപന്മാരെ – ഏഴു ദ്വീപുകളുടെയും അധിപതികളായ (പ്ലക്ഷം, ശാൽമലം, കുശം, ക്രൗഞ്ചം, ശാകലം, പുഷ്കരം, ജംബു എന്നിവയാണ് സപ്തദ്വീപങ്ങൾ) രാജാക്കന്മാരുടെ സൗഹൃദത്തെ സമ്പാദിച്ചു എന്നതാണ്, സ്വർഗ്ഗേ അപി – സ്വർഗ്ഗത്തിലും അത്ര ഉയർന്ന – ഉയർന്ന മാളികയിലിരിക്കുമ്പോൾ, നിശിചരഗണാഃ – രാക്ഷസ സമൂഹം, ദൈത്യാൻ – ദൈത്യന്മാരെ, അഭ്യേത്യ – പ്രാപിച്ചിട്ട്, പ്രോച്യ – (പ്ര + ഉച്) പറഞ്ഞു.

ഇപ്രകാരം മേഘങ്ങളാൽ ചിത്രപ്പെട്ട നളൻ കണ്ടിനത്തിലെ മണിമാളികയിൽ താമസിക്കയും, ഏഴുദ്വീപിലെ രാജാക്കന്മാരും അവിടെ വന്നെത്തുകയും ചെയ്യുമ്പോൾ രാക്ഷസസമൂഹം ദാനവന്മാരെ പ്രാപിച്ചിട്ട് ഇങ്ങനെ പറഞ്ഞു.

വൃത്തം: മന്ദാക്രാന്താ.

പദം 28 രാക്ഷസന്മാർ

(പല്ലവി)

സമർത്ഥരെന്തിവണ്ണം ദാനവന്മാരേ!
പ്രമത്തരായിരിപ്പതിപ്പോൾ?

അനുപല്ലവി

പൃത്ഥീസുരർ നീതി കളഞ്ഞു ലോകം ചോദിത്
ചതുർദ്ദിശാവാസികളെത്ര സങ്കടിക്കുന്നു.

— സമർത്ഥരെന്തിവണ്ണം

ദാനവന്മാർ - അസുരന്മാർ, പ്രമത്തർ - ശ്രദ്ധയില്ലാത്തവർ, അലസന്മാർ, പുമർത്ഥ സാധനനീതികളറിയാതെ പോയതെ - പുമർത്ഥങ്ങളിൽ വച്ച്, സാരമായ നീതികളുത്തങ്ങളിലെ ലാഭത്തിലുള്ള ലോഭം കൊണ്ട്; പുമർത്ഥം - ധർമ്മം, അർത്ഥം, കാമം, മോക്ഷം എന്നിവ, നീതികളുടും - നീതിയുക്തമായ കളുടും, നീതി - പ്രാപ്തി, പുമർത്ഥ സാരമായ ധർമ്മത്തിലുള്ളതും നീതിയുതവും കളുത്തത്തിന്റെയും ലാഭത്തിലുള്ള മോഹം എന്നും ഈ ഭാഗം വ്യാഖ്യാനിക്കാം. നീതി - യോഗ്യരായ ദാനവന്മാർക്ക് തക്കതായ സ്വതിയായ മര്യാദയിലെ പഠിക്കണം എന്ന നീതി. പാകം - ചെയ്തിട്ടൽ, ലോകം - കൊതി, ചതുർദ്ദിശാ വാസികരം - നാലുദിക്കിലുമുള്ളവർ("ചതുർ ദശ വാസികരം" പതിന്നാലു ലോകങ്ങളിലുള്ളവർ എന്ന പാഠാന്തരം പാഠം.) "ചതുർ ദേശവാസികരം" (നാലുദേശങ്ങളിലുള്ളവർ എന്ന രസികരതയുള്ള പാഠം.)

ചരണം 1

ധരിത്രിയിൽ വിടർന്ന മന്ദിരത്തിലുണ്ടായതിനി
പോൽ
തരത്തിലില്ലവർക്കരം സുരസ്ത്രീ നികരത്തിലും;
പ്രവൃത്തം തൽസ്വയംവരം നിമിത്തീകൃത്യ
കണ്ടിനാ—
പുരത്തിലെ സമസ്തരും നിരന്നിരുന്നിരിക്കുന്നു.
—സമർത്ഥരെന്തിവണ്ണം.

ധരിത്രിയിൽ - ഭൂമിയിൽ, അരത്തിൽ - ഇമ്പമായി, സുരസ്ത്രീ നികരത്തിൽ - ദേവസ്ത്രീ സമൂഹത്തിൽ, പ്രവൃത്തം - ആരംഭിച്ചിരിക്കുന്നു, തൽ സ്വയംവരം - അവളുടെ വിവാഹം, നിമിത്തീകൃത്യ - കാരണമായിട്ട്, സമസ്തരും - എല്ലാ ആളുകളും.

പാഠം 29. ദാനവന്മാർ

പല്ലവി

മതി മുഖ ചതുരംഗവും; രാക്ഷസരെന്ത്
ചതിയെ ചൊന്നതു നേരോ?

അനുപല്ലവി

ക്ഷിതിയിലുള്ളോരു നാരി അതിരൂപിണി-
യെന്നാലും
ത്രിദിവവാസികൾക്കേവം രതിവന്നതതികൗതുകം
—മതി ചൂള

ചരണം 1

മരിച്ചുപോയ് മഹാലക്ഷ്മി മനുഷ്യഭുവനേ
ചെന്നു
ജനിച്ചാളല്ലയോ എന്നു നിനച്ചാലുണ്ടവകാശം
തനിച്ചു നിദ്ര കണ്ടേറ്റമനിച്ചു വന്നിതു വിഷ്ണു
ഗുണജ്ഞരെങ്ങുമില്ലനർഗ്ഗളം ഇണക്കം നിർവികാരനിൽ
........മതിചൂള

ക്ഷിതി - ഭൂമി, അതിരൂപിണി - അതിസുന്ദരി, ത്രിദിവം - സ്വർഗ്ഗം (ത്രിദിവത്തിന് ''ത്രിദശ'' (സ്വർഗ്ഗം) എന്ന് പാഠാന്തരം) രതി - താല്പര്യം, അതികൗതുകം - വളരെ കൗതുകം തന്നെ, മനുഷ്യഭുവനേ - മനുഷ്യലോകത്തിൽ, നിനച്ചാലുണ്ടവകാശം - വിചാരിച്ചാൽ അവകാശമുണ്ട്. ('നിനച്ചാലുണ്ടവകാശം' എന്ന പാഠാന്തരം) തനിച്ചു നിദ്ര - കേവലമായ ഉറക്കം, കഠിന നിദ്ര(തനിച്ചു നിദ്ര എന്ന പാഠഭേദം.) അനിച്ചു - മടുപ്പ്, ആസക്തിയില്ലായ്മ, വിഷ്ണു - വിഷ്ണുവിൽ, ഗുണജ്ഞ - ഗുണങ്ങളെ അറിയുന്നവരും, അനർഗ്ഗളം ഇണക്കം ഇല്ല - സ്ഥിരമായ സ്നേഹം ഇല്ല. നിർവികാരൻ - വികാരമില്ലാത്തവൻ.

മഹാലക്ഷ്മി മരിച്ച് മനുഷ്യലോകത്തിൽ പെണ്ണ് ജനിച്ചതല്ലേ ഇവൾ, (ദമയന്തി) എന്ന് ആലോചിക്കാൻ അവകാശമുണ്ട്. വിഷ്ണുവിന്റെ എപ്പോഴുമുള്ള ഉറക്കത്തിൽ മഹാലക്ഷ്മിക്ക് മടുപ്പു തോന്നിയിരിക്കും, അതിനാൽ ഗുണം ഗ്രഹിക്കാൻ കഴിവുള്ള അവൾക്ക് നിർവികാരനായ വിഷ്ണുവിൽ സ്ഥിരമായ

സ്നേഹം തോന്നാനിടയില്ല. (ഗുണവാന്മാരിലേ ലക്ഷ്മിയ്ക്കു് സ്ഥിര സ്നേഹമുള്ളുവെന്ന സാരം.)

വിഷ്ണു സദാ യോഗനിദ്രാ ലീനനാണെന്ന പുരാണ പ്രസിദ്ധി.

മഹാലക്ഷ്മി തനിച്ചു് ശുക്തിയിൽ വന്നു ജനിച്ചവളാണോ എന്തിനെന്നു് ശങ്കിച്ചിരിക്കുന്നതിനാൽ അലങ്കാരം ഉത്പ്രേക്ഷ.

എപ്പോഴുമുള്ള നിദ്ര വിഷ്ണുവിൽ കണ്ടിട്ടു് മനസ്സുകെട്ടു് ഗുണജ്ഞയായ ലക്ഷ്മി വികാരഹീനനായ (കാമവിഹീനനായ) വിഷ്ണുവിൽ അനാസക്തയായി ശുക്തിയിൽ ജനിച്ചതാണെന്നു് സംശയിക്കുന്നു. വിഷ്ണുവിനോടുള്ള വൈമനസ്യത്തിനു കാരണം അദ്ദേഹത്തിന്റെ നിർവ്വികാരതയാണെന്നു്, കാരണം പറഞ്ഞു സമർത്ഥിച്ചിരിക്കയാൽ അലങ്കാരം കാവ്യലിംഗം.

പാഠം 28. രാക്ഷസന്മാർ

ഖണ്ഡം 2

വധിക്കേണം നൃപന്മാരെ; ചതിക്കേണം—
സുരന്മാരെ;
പിടിക്കേണമഹികളെ, ഹരിക്കേണമവളെ നാം
കൊതിക്കേണമശക്തന്മാർ; നടക്ക
നാമവിടേയ്ക്കു;
മിനക്കെട്ടിങ്ങിരുന്നാലോ കനക്കേടു വരും പാരം.
—സമർത്ഥരെന്നിവണ്ണം

നൃപന്മാർ - രാജാക്കന്മാർ, സുരന്മാർ - ദേവന്മാർ, അഹികളെ പിടിക്കേണം - സർപ്പങ്ങളെ ഭക്ഷിക്കണം, ഹരിക്ക - അപഹരിക്ക, അശക്തന്മാർ കൊതിക്കേണം - നാം അവളെ ബലം പ്രയോഗിച്ചു് അപഹരിച്ചു കൊണ്ടുപോരുമ്പോൾ ദുർബ്ബലന്മാർ കണ്ടു കൊതിക്കണം. കനക്കേടു് - ഗൗരവക്കുറവു്.

രംഗം 11 കണ്ഡിനപുരം

ശ്ലോകം 24

സാരംഗം-ചെമ്പട

രാക്ഷസ ദാനവ വീരാഃ
ശ്ലക്ഷ്ണതരാരവഘോഷ ഭീഷണം ഗത്വാ
കണ്ഡിനപുര പരിമിളിതാൻ
കിന്നര സുര പന്നഗാനവദൻ

രാക്ഷസദാനവ വീരാഃ – രാക്ഷസ ദാനവ വീരന്മാരും, ശ്ലക്ഷ്ണതരാരവഘോഷ ഭീഷണം – ശ്ലക്ഷ്ണതരാരവത്തിന്റെ (കഠിന ശബ്ദത്തിന്റെ) ഘോഷണം (ഘോഷം) കൊണ്ട്, ഭീഷണം (ഭയങ്കര) മാം വണ്ണം, ഗത്വാ – ഗമിച്ചിട്ട്, കണ്ഡിനപുര പരിമിളിതാൻ – കണ്ഡിനപുരത്തിൽ, പരിമിളിതന്മാരായ (ചേർന്നിരിക്കുന്ന) കിന്നരസുര പന്നഗാൻ – കിന്നരന്മാർ, ദേവന്മാർ, നാഗന്മാരും എന്നിവരോട്, അവദൻ – പറഞ്ഞു.

രാക്ഷസവീരന്മാരും അസുരവീരന്മാരും ഉഗ്രമായ അട്ടഹാസങ്ങളോടെ കണ്ഡിനപുരത്തിലെത്തിയിട്ട് അവിടെ രുഗ്മിണീ സ്വയംവരാർത്ഥം തിങ്ങിക്കൂടിയിരിക്കുന്ന കിന്നരന്മാർ, ദേവന്മാർ, പന്നഗന്മാർ എന്നിവരോട് ഇങ്ങനെ പറഞ്ഞു.

വൃത്തം: ആര്യ, (12, 18, 12, 15 എന്ന മാത്രാക്രമം)

എട്ട് ഗണം ഗുർവന്തം
ഓജം, ജഗണം വരാതെയോജകളിൽ
ഷഷ്ഠമിതാ ലഘു നലമോ
ദലമതിലായുള്ള പൂർവ്വാർദ്ധം
ശിഷ്ടം ലഘുമയമാം
ഇതിൽ ഒരു ലഘു പിക പിഴ തെറ്റി വരാതാം
ഉത്തരദലമതിൽപ്പി
ന്നാരംഭിക്കുന്നതാം ലഘുമാത്രം.

പാഠം 30 രാക്ഷസന്മാർ

പല്ലവി

ഹിതമല്ലഹിതന്മാരേ! യുഷ്മദീഹിതം
ഹിത മല്ലഹിതന്മാരേ!

അനുപല്ലവി

വിതതം ഗഗനം ക്ഷിതിതലമപിഹിത-
മഭിഹിതമപി ഹിത വചനം നശ്രൂയതേ
—ഹിതമല്ല

ഹിതമല്ല - യോഗ്യമല്ല, അഹിതന്മാർ - ശത്രുക്കളേ, യുഷ്മദീഹിതം - (യുഷ്മദ് + ഈഹിതം) നിങ്ങളുടെ ആഗ്രഹം.

ഗഗനം വിതതം - ആകാശം നിറഞ്ഞിരിക്കുന്നു; ക്ഷിതിതലം അപിഹിതം - ഭൂമി മറയ്ക്കപ്പെട്ടു. അഭിഹിതം അപി - പറയപ്പെട്ടിട്ടു പോലും, ഹിത വചനം - ഇഷ്ട വചനം, നശ്രൂയതേ - കേൾക്കുന്നില്ല.

നിങ്ങളാൽ ആകാശവും ഭൂമിയും നിറയപ്പെട്ടിരിക്കുന്നു, ഇവിടെ നിന്നു പോകാൻ നിങ്ങളോട് പറഞ്ഞാലും നിങ്ങൾ കേൾക്കുന്നില്ല.

[''ഗഗനം വിതതം - ആകാശം പരന്നു കിടക്കുന്നു, ക്ഷിതിതലം അപിഹിതം - ഭൂപൃഷ്ഠം തുറന്നു കിടക്കുന്നു. (ന + പിഹിതം = അപിഹിതം - തുറന്നു കിടക്കുന്നത്) പരന്ന ആകാശത്തിലോ തുറന്ന ഭൂതലത്തിലോ എവിടെയെങ്കിലും പോയി നിങ്ങൾ മാറി നില്പിൻ. അതാണ് നിങ്ങൾക്കു നല്ലത്. ഇവിടെനിന്നും നില്ക്കുന്നു. ഞാൻ പറഞ്ഞാലും നിങ്ങൾ കേൾക്കില്ലേ'' എന്ന് ഒരു ഭാഗം ലേഖകന്മാർ വ്യാഖ്യാനിക്കുന്നു]

ചരണം 1

സ്ഥാനങ്ങളിലൊട്ടും മാന്യസ്ഥാനം മതികളായ
മാനവരാകുന്നവനാൽ ഞാനും; ബ്രഹ്മനിർമ്മിതം

നമ്മുടെ നാടിപ്രപഞ്ചം; നിർമ്മര്യാദികളേ
നിങ്ങൾ
നമ്മുടെ മതമറിഞ്ഞു നമ്മെ സ്സേവിച്ചിരിക്കണം
.........ഹിതമല്ല

കാരണം 2

ഭാരസ്വത്വം പോരാ എന്നു ഞങ്ങൾ ലോകസാമ്രാജ്യ-
സാരത്തിലുണർന്നി; ഭസംഗ്ഗമതു കേട്ടപ്പോൾ
ധാതാവതും ചെയ്ത ബദ്ധപ്രീതിയിൽ ഞങ്ങൾക്ക
വേണ്ടി
പൂതശരമേവത്തെ ബ്രിട്ടീഷു സൃഷ്ടിപ്പതെന്ന
—ഹിതമല്ല

കാരണം 3

ഈശ്വര മതങ്ങളൂരറിഞ്ഞു? നിങ്ങളെന്തോത്തു
കഷ്ടകാണ്ഡമാനിക്കുന്ന തെളിഞ്ഞു? ദ്വൈതം നില്പിൻ
ഈ മൂപ്പചാതകം കണ്ടാലിർഹ്യയുണ്ടാം
ഞങ്ങൾക്കേറെ;
തീർച്ചയാവൂന്നാം നിങ്ങൾ കൊച്ചി വേഴ്ച വേണ്ടാ
കന്യകയിൽ .... ഹിതമല്ല

കാരണം 1

ബ്രഹ്മനിർമ്മിതം ഈ പ്രപഞ്ചം നമ്മുടെ നാട്' എന്ന ഭാഗം. മതം – അഭിപ്രായം, നിർമ്മര്യാദികൾ – മര്യാദയില്ലാത്തവർ. ഒരു രാജ്യത്തെ പ്രധാന വസ്തുക്കളെല്ലാം ''സ്ഥാന''ത്തിൽ ഉറപ്പെട്ടുമെന്ന് ഇതുകളും വ്യാഖ്യാനിച്ചിരിക്കുന്നു. മന്യസ്ഥാനത്തിന് ശ്രേഷ്ഠ വസ്തുവെന്നാണ് അദ്ദേഹം നൽകുന്ന അർത്ഥം. 'ബ്രഹ്മനിർമ്മിതമായ ഈ പ്രപഞ്ചം മാനവ തർക്കസന്ദർഭത്തെ

നാശമായതിനാൽ ഭയമെന്നിയെ ലഭിക്കും. തഞ്ചം മാത്രമാണ് ആളെന്നല്ലോ ഭാവപദാർത്ഥങ്ങളുടെ സ്വഭാവം.

ചരണം 2

മാതൃപദം - മാതൃസ്ഥാനം, ലോകസാമ്രാജ്യസ്ഥാനത്തിൽ - പ്രപഞ്ചസൃഷ്ടിയിൽ, തന്മഹാമം ഏല്പു - ആ മാതൃസ്ഥാനമേറ്റു, ധരിച്ചു - ഗ്രഹിച്ചു, പുരുഷദൈവം - കാളദേവത(സ്വതന്ത്രദേവത) പ്രപഞ്ചസൃഷ്ടാവായ ഇതിയിൽ ജനിച്ച കാളദേവതയാണ് ഭയന്തി എന്നാണ് ശങ്കരന്റെ അഭിപ്രായം. ഉതല - ലോകത്തിൽ.

[“പുരുഷദൈവത്തെ സൃഷ്ടിച്ച - തന്റെ കാളദേവനെ സ്ത്രീയായി സൃഷ്ടിക്കാം. ഈ വിധത്തിൽ ജനിച്ചവളാണ ഭയന്തി എന്ന പൈതൃകം. പ്രകൃതിയും പരിണാമങ്ങളെ സങ്കല്പത്തിന്റെ പുരുഷാവതാരമായി കല്പിക്കുന്നതുപോലെ, ഇവിടെ സ്ത്രീത്വമായ ദേവിയെ കാളദേവന്റെ പെൺപിറപ്പായി കല്പിച്ചിരിക്കുന്നു. കാളിദാസപദപോലും ദേവതകളെപ്പോലെ ആരാധിച്ചുവരുന്ന ഭരിപാലനും അതിനു പൂജയും” എന്നു മോഹം.]

ചരണം 3

തെളിഞ്ഞു - സന്തോഷത്തോടെ, ഇരിക്കു - അനുഭവിക്കുവിൻ) മേദൂ - സ്നേഹം.

രംഗം 11. ഭീമന്റെ കൊട്ടാരം.

ശ്ലോകം 25

(ഭൈരവി — ചെമ്പട)

“മദ് ഭാര്യേയം” മമ ഹി മഹിഷീ-
യം” “മമൈവ പ്രിയേയം”
“യൂയം മൂഢാ” ഇതി കൃത മിഥോ-
ഭോഷ ഘോഷൈർ സ ഗോപാലൈശ്ചൈ

ദൃഷ്ട്വാ ദേവസ്യ പത്നീ നന്ദക:
കണ്ഠീരവം, ശ്രീതി ഗാത്ര്യ്–
ശ്രീമാതാമം പ്രസ്ഥിതമതി–
പ്രേരിതാ വാഗ്ഭരണീയ"

ഇയം മന്മാതാ - ഇവൾ എന്റെ മാതാവ്. ഇയം മമ ഭഗിനീ പുനി - ഇവൾ എന്റെ സഹോദരിയത്രെ. ഇയം മമ പ്രിയാ വധു - ഇവൾ എന്റെ പ്രിയ ഭാര്യ, ഇയം പുത്രാ - നിങ്ങടെ പുത്രനാകുന്നു, ഇതി - ഇപ്രകാരം, ആനന്ദിതോ മേനകയോ ഒട്ടൊ - പരസ്പരം ഉണ്ടായ വലിയ സന്തോഷത്തോടുകൂടി, സംഘോ ഒട്ടൊ - [illegible], ദേവസ്യ പത്നീ ന ന്ദകാ - ദേവന്മാർ, അസുരന്മാർ, യക്ഷന്മാർ, നരന്മാർ എന്നി വരാൽ, കണ്ഠീരവം ദൃഷ്ട്വാ - [illegible] എന്നപ്പോലെ, ശീ തി ഗാത്ര്യ് ശീതന്മായ പ്രസ്ഥിതമതി പ്രേരിതാ - ശീതികൊ ണ്ടു രോമാഞ്ചപൂർണ്ണമായ ശരീരത്താൽ ആശ്ലേഷിക്കപ്പെട്ട്, പ്രസ്ഥിത നായ (സന്തോഷിച്ചവനായ) പതിയാൽ - ഭർത്താവിനാൽ, പ്രേ രിതയായ, വാണി - സരസ്വതി, അവരോട് - പറഞ്ഞു.

വൃത്തം: മന്ദാക്രാന്താ

പാഠം. 31 സരസ്വതി

(പല്ലവി)

ശ്രീകാശ്യപീരമണാ!മാ, മാ, ഭവാനരുളു ഖേദം.

അനുപല്ലവി

രാമപുത്രാ ഗുരുഭക്തി ഭഗവാനരുളി നിൻ
പുത്രിയാം മന്മഥനിതെ ബോധയിതു രു–
പേതാൻ പൃഥുഷോ ന്മമോഷാൻ സ്വയംഷാൻ
— ശ്രീ കാശ്യപീ രമണ!

കാശ്യപി - ഭൂമി, കാശ്യപീരമണൻ - രാജാവ്, ഭവാൻ മാ ഖേദം തരരുത് - ഭവാൻ ദുഃഖം പ്രാപിക്കരുത്. മാ - അരുത്.

ഉപേതാൻ — ഇവിടെ എത്തിയിരിക്കുന്ന — സുവേഷാൻ അശേഷാൻ പുരുഷാൻ — നല്ലവേഷങ്ങളോടുകൂടിയ എല്ലാ പുരുഷന്മാരെയും, കുറിച്ച്, നിന്റെ പുത്രിയായ ദമയന്തിയെ അറിയിക്കുന്നതിന്, അധുനാ — ഇപ്പോൾ, മധുരാപതിയായ ഭഗവാൻ — (വിഷ്ണു ഭം(എന്നർത്ഥം) അരുളിച്ചെയ്തു.

ചരണം 1

പൃതനാനായകരാം ലോകങ്ങളേഴും ദ്വീപങ്ങളേഴു-

മുള്ളതോ?

ഭൂതലത്തിലുള്ളവരെല്ലാരുമിവിടെയുപാഗമി-

തരായും—

പ്രീതിയോടു നാകത്തിൽ വസിപ്പവരൊക്കവെ

ഇവിടെ വന്നു

ആമോദാതിശയമോടുംകൊണ്ടനന്തനാദി

ഫണിവരന്മാരെല്ലാം

മോദമോടിന്നിവിടെ വന്നു ഭൂവലയിലു-

ള്ളവരെല്ലാവരും

ഭീമകന്യേ പാർക്ക നീ.........

പൃതനാനായകൻ — സേനാപതി, ലോകങ്ങൾ — സ്വർഗ്ഗം, ഭൂലോകം, പാതാളം എന്നിവ, ദ്വീപങ്ങൾ — ജംബുദ്വീപാദികൾ, ഉപാഗമിതർ — വന്നുചേർന്നവർ, നാകം — സ്വർഗ്ഗം, ഫണിവരർ — സർപ്പശ്രേഷ്ഠന്മാർ.

ചരണം. 2

ഇന്നു കേളിവിടെ വന്ന പരിഷയുടെ ആനന്ദം

ഇന്നവരെല്ലാ-

മെന്നുടെ മാനസി തോന്നുമെന്നിഹ മുകുന്ദ നേകി

വരവും മമ

നിങ്ങടെ തനയ തന്റെ സഖിയെ ഒന്നാമൻ
നീ അറിക രാജൻ
വർണ്ണന സദസിയതന്നോട്ടു മെലിട്ടു മന്യനെ-
ന്നതസ്തു ശങ്കാ
മായ കെട്ടുകില്ലെന്നിന്ന മിന്നിടോ മന്നവർ
തെളെ വ്യഥാ മാല്യം
—ഭീമ കാശ്യപീ രമണ

പങ്കിൽ — ആളുകൾ, അന്വയം — വംശം, മനസി — മനസ്സിൽ ഉണർൻ — പിറ്റു, തനയ — മകൾ, സദസി വർണ്ണന — സദസ്സിൽ വർണ്ണിക്കുന്നതിൽ, വ്യഥാ — വെറുതെ, മാല്യം — മാല, ശങ്കാ — പ്രയാസം, ... എന്നാൽ തെളിയുന്ന — എന്താണ് കിട നിശ്ചയം.

ചരണം 3

ഇംഗ ഭാഗ്യ വിളനിലമേ! മങ്ങ-
ന്തങ്ങു നിൻ കൾ ഉലാതോ?
മംഗലാംഗനകൾ യാത്രികർ ചേത്രികർ,
കിങ്കരാവലിയുമെങ്ങ് ?
മംഗലാ പ്ലവനാംഗ! ഞെവക്കു;
സംഗതം ചലു ഖല്ലത്തം,
കങ്കമേകിടം ഉലുഖാരതേ ണെ.
മിങ്ങസർവ ശുപതോം
ശംഖു മുട്ടു മൃദംഗമേകിലും ശിഖ-
മനാ യിനാരിബികയുമിചിടെ
—ഭീമകാശ്യപീ രമണ

ഭംഗ ഭാഗ്യ വിളനിലമേ — വലിയ ഭാഗ്യത്തിന്റെ വിളനിലമായുള്ളവനേ, മങ്ങത്തു — വിഷാദിക്കുന്നു. ഉദാരം — ഉദാരമായ, മംഗലാംഗനകൾ — സുമംഗലികളായ സ്ത്രീകൾ, യാത്രി

കരം - വളർത്തുന്നവർ, വേത്രികരം - വേത്രം (ചൂരൽ) ധരിക്കുന്നവർ (രാജ കൊട്ടാരങ്ങളുടെ ഏതെങ്കിലുമിടത്തിൽ ആളൊഴിപ്പിക്കുന്നതിന് നിയുക്തരായ ഭടന്മാർ, ഹരിക്കാർ) കീർത്താവലി - ഭക്ത്യ സ്തുതം. മംഗലാലാപനം - മംഗളഗാനം, അംഗ - ആനന്ദദ്യോതകമായ സംബോധി. മുഹൂർത്തം സംഗതം ഭവിച്ചു - മുഹൂർത്തം അടുത്തല്ലോ. ദുകൂലം - പട്ട്. ഉപദാനീയം - കൊണ്ടുവരേണ്ടതാണ് ('ഉപനീതം' എന്ന പാഠഭേദം.) ശീഘ്രം - വേഗം, ആനയിക്ക - കൊണ്ടുവരിക. ശിബിക - പല്ലക്ക്.

പാഠം 32 ഭീമൻ

(സാവേരി—ചെമ്പട)

പല്ലവി

തീർന്നു സങ്കടം; സാമ്പ്രതം ധന്യ-
ഭാഗ്യം പൂർണ്ണമായ്

അനുപല്ലവി

പുണ്യപുമാനിന്നു ഞാനെന്നു തെളിഞ്ഞു മന്യേ
—തീർന്നു സങ്കടം

ചരണം 1

ഏതൊരു കാര്യത്തിനും വേണം പൂമകൾകാന്തൻ
പാദകമലയുഗ ധ്യാനം; എന്നാലൊഴിയും
ബാധകങ്ങളാകിലും നൂനം; ചിന്തിതമെല്ലാം
സാധിക്കും; തീരുമവമാനം; വരുമഭിമാനം
—തീർന്നു സങ്കടം

സാമ്പ്രതം - ഇപ്പോൾ, പുണ്യപുമാൻ - പുണ്യവാൻ, മന്യേ - ഞാൻ വിചാരിക്കുന്നു.

ചരണം 1

പൂമകൾ കാന്തൻ - വിഷ്ണു, പാദകമലയുഗധ്യാനം - പാദമാകുന്ന താമരയുഗത്തിന്റെ ധ്യാനം. ബാധകം - ഉപദ്രവങ്ങൾ ചിന്തിതം - ആഗ്രഹം.

ചരണം 2
(സരസ്വതിയോട്)

താർമങ്കനീ രമണൻ തന്റെ ആത്മജാകാമിനി!
ആർത്തിഹാരിണി! ദേവി! നിന്റെ കരുണ ലേശം
കാവ്യങ്ങളിലിന്നു പണ്ടിയുന്നോൻ ! വർണ്ണ്യയ ജന-
സാർത്ഥ ഗുണഗണം! ഞാൻ നിന്നെ വിശ്വസിക്കു-
ന്നോൻ
—തീർന്നു സങ്കടം

താർമങ്കനി - ലക്ഷ്മി, രമണൻ - ഭർത്താവ്, താർമങ്കനീ രമണൻ - വിഷ്ണു, ആത്മജാകാമിനി - ആത്മജയായ കാമസുന്ദരി, ആർത്തിഹാരിണി - ദുഃഖനാശിനി, ദേവി - സരസ്വതി, കരുണലേശം - കരുണ ലേശമെങ്കിലും ചെയ്യുന്ന, ജനസാർത്ഥം - ജനസമൂഹം, വർണ്ണ്യ - വർണ്ണിച്ചാലും.

ചരണം 3
(ദമയന്തിയോട്)

ബാലേ! തനയേ! ദമയന്തി! ഹന്ത! നിനക്കതാ-
രാളിയിതല്ലോ വന്നു: കാൺക വന്നിരിക്കുന്ന
മാലോകരെ അറിഞ്ഞു കൊണ്ടാൽ വേണ്ടുന്ന—
വരെ
മാലയിട്ടു വരിക്ക നന്നായ്; മാൽ തീരുമെന്നാൽ
—തീർന്നു സങ്കടം ..

തനയ - മകൾ, ആളി - തോഴി, വേണ്ടുന്നവർ - വേണ്ടവർ, മാൽ - ദുഃഖം.

രംഗം 13 സ്വയംവര മണ്ഡപം

ശ്ലോകം 26

താത വാഗ്ഭിരിതി ജാത മോദമഥ
മാതൃ ചോദിത വധൂജനൈഃ ഃ

സ്ഫീത വാദ്യരവമേദുരാചിത
കൗതുകാപ്ലവമനോഹരാ
നൂതനാംശുക നിവീത മൂർത്തിരഥജാത
രൂപ ശിബികാസ്ഥിതാ
സാതിലോല യുവ യൂഥഗാ വചന
നാഥയാകഥി നൃപാത്മജാ

ഇതി - ഇപ്രകാരമുള്ള, താത വാഗ്ഭിഃ - പിതാവിന്റെ വാക്കുകളാൽ, ജാത മോദ ഭരാ - സന്തോഷഭാരത്തോടു കൂടിയവളായി, മാതൃ ചോദിത വധൂജനൈഃ - മാതാവിനാൽ പ്രേരിതരായ വധൂജനങ്ങളാൽ (സ്ത്രീകളാൽ), സ്ഫീത വാദ്യ രവത്താൽ - വലിയ വാദ്യ രവത്താൽ, മേദുരമായ - മനോഹരമായ വിധം, ആചിതമായ - നിർവ്വഹിക്കപ്പെട്ട, കൗതുകാപ്ലാവനം കൊണ്ടു് - മംഗലസ്നാനം കൊണ്ടു്; മനോഹരായിട്ടു്, അഥ - അനന്തരം, നൂതനാംശുക നിവീത മൂർത്തി - പുതിയ വസ്ത്രങ്ങൾ ചുററപ്പെട്ട ശരീരത്തോടു കൂടിയവളായും, ജാതരൂപ ശിബികാസ്ഥിതാ - സ്വർണ്ണപ്പല്ലക്കിൽ കയറിയവളും, (ജാതരൂപം - സ്വർണ്ണം) അതിലോല യുവ യൂഥഗാ - അതിലോലകളായ കൂടിയ യുവജന സമൂഹത്തിലേക്കു് ചെന്നവളായ, [illegible] - [illegible] ([illegible]), സാ നൃപാത്മജാ - ആ രാജകുമാരി, വചനനാഥയാ - വാഗീശ്വരിയാൽ (സരസ്വതിയാൽ). അകഥി - കഥിക്കപ്പെട്ടു.

ഇപ്രകാരമുള്ള പിതൃവചനങ്ങളാൽ സന്തുഷ്ടയായിട്ടു്, മാതാവിനാൽ നിയോഗിക്കപ്പെട്ട സ്ത്രീജനങ്ങളാൽ വാദ്യഘോഷം മുഴങ്ങവേ നിർവഹിക്കപ്പെട്ട മംഗലസ്നാനം കൊണ്ടു മനോഹരിയായി പുതിയ വസ്ത്രങ്ങൾ ചുററപ്പെട്ട ശരീരത്തോടു കൂടിയവളായി, സ്വർണ്ണപ്പല്ലക്കിലേറി ചെറുതിനാന്ത യുവാക്കളോടൊത്ത കൂട്ടത്തിലെത്തിയ ആ രാജകുമാരിയോടു് വാഗ്ദേവി ഇങ്ങനെ പറഞ്ഞു.

[സ്ഫീത വാദ്യരവ മേദുരാചിത മംഗളാപ്ലുതി വിഭൂഷണാ', 'നീത വാദ്യരവ' എന്നിങ്ങനെ പാഠാന്തരങ്ങളും, മംഗളാപ്ലുതി - മംഗളസ്നാനം]
വൃത്തം: കുസുമമഞ്ജരി

"തം തകം തക തകം തിരന വങ്ക-
ളെങ്കിലോ കസ്തൂരി മഞ്ജരീ''

പാഠം 33 സരസ്വതി

(പല്ലവി)

ബാലേ! സൽഗുണലോലേ! മംഗല-
ശീലശാലിനി! കേൾ നീ

അനുപല്ലവി

പ്രാലേയരശ്മി മുഖി! ദമയന്തി;
മാലകറ്റണമെങ്കിലവനെ വരിച്ചീടുക നീ
...... ബാലേ

സൽഗുണലോലേ - സൽഗുണങ്ങളിൽ തൃഷ്ണയുള്ളവളേ, പ്രാലേയരശ്മി മുഖി - പ്രാലേയ മയമായ(ഹിമ മയമായ) രശ്മി(രശ്മി) യോടു കൂടിയവനെ (ചന്ദ്രനെ)പ്പോലുള്ള മുഖത്തോടു കൂടിയവളേ.

ചര: 1 സമസ്തജനപൂജിത യശസ്സ്വയം ഏക-
മർത്ത്യ പരിഷയിൽ വരിക്ക നീ- അല്ലെ—
ന്നിരിക്കിലസ്സുരതരുണികൾ ലോക—
മെത്തു സുഖിക്കുന്നു സമർത്ഥരായ്
പുന്നാഗവരേ! തരല്ലെ, പാരെന്ന
ക്കിന്നരമിഴിതാം വധു
ഭവ ചൊന്നതിൽ നാഥി കളുകം
കാൺക നീ മന്നവർപരിഷകളെ
ഇവൻ കേൾ പുഷ്കര ദ്വീപാധിപൻ;
ഇവനല്ലോ ശാക ദ്വീപനായകൻ
ക്രൗഞ്ചദ്വീപശാസനോ വരെന്തിതൻ?
ഭജിക്ക നീ കുശദ്വീപനാഥനെ, കണ്ടാലുമഴകേ!
ശാല്മല ദ്വീപാധിപരാ നിത്യ സുപ്രകാശം

വീക്ഷിതനായോ നിന്നാൽ പുഷ്കരദ്വീപ-

മഹീപേന്ദ്രൻ?

കൺമുനയാലയച്ചു, നീ കരുമുഖി മേയതി

—ബാലേ .....

സമസ്തജനകൃതയശസ്യം - എല്ലാ ജനങ്ങളാലും പ്രശംസിക്കപ്പെടുന്ന, ഏകം - ഒരുവനെ അമർത്ത്യപരിഷയിൽ - ദേവസമൂഹത്തിൽ പരമാവധി - താരാപതിമാർ, തവ - നിനക്ക് ലോകം അഖിലം സുഖിക്കുന്ന സമർത്ഥൻ - ലോകത്തെ മുഴുവൻ കീഴടക്കി സുഖിക്കുന്ന സമർത്ഥൻ, ഈ ചൊന്നതിൽ കൂടുതൽ മഹിമ - ഇപ്പറഞ്ഞതിൽ സന്തോഷം തോന്നുന്നില്ലെങ്കിൽ ഇന്നവർ പതിനാ - ജനസമൂഹം.

ജംബു, പ്ലക്ഷ, കുശ, ക്രൗഞ്ച, ശാക, ശാല്മല, പുഷ്കര എന്നീ ഏഴു ദ്വീപുകളിൽ നിന്നു വന്ന രാജാക്കന്മാരെ ദമയന്തിക്ക് സരസ്വതി പരിചയപ്പെടുത്തിക്കൊടുക്കുന്നു

ശ്രീപാദപീഠം - ദ്വീപനായകൻ, നിഖില സുപ്രകാശം - പരിപൂർണ്ണ പ്രകാശത്തോടു കൂടിയ, പ്രേക്ഷിതൻ - കാണപ്പെട്ടവൻ വാഞ്ഛിതൻ - ആഗ്രഹിക്കപ്പെട്ടവൻ, ബാലേ, വരിച്ചാലും, കരുമുഖി - മനോഹരമായ മുഖത്തോടു കൂടിയവളേ.

ചരണം 2

അനന്തഗുണനിധി പാന്ഥപ നിവ—
നവന്തി ജനപദ പുരന്ദരൻ; നിന—
ക്കിവനു ലഭിച്ചിടും ലഭം നഹിയത് പുന-
രിമം കലിംഗനെ വരിക്ക നീ
കാശീനൃപ മഥവാ സുമശര മേദുരം കടിലസ്യ-
കേശീകലകലികേ! ശാരദ രാജീവാഭമുഖി!
ഇവനല്ലോ ദിനകര കുലോൽഭവൻ
ഉജ്ജ്വലനെന്ന ലോക വിശ്രുതൻ
അയോദ്ധ്യാപതി യിവൻ വിദ്വാൻ; ഇവനല്ലോ

ലാടധരണീശ്വരൻ കന്ദർപ്പ നിഭൻ;
പാണ്ഡ്യക്ഷിതിപൻ വീരൻ; ചോളവിനേതാ,
ശൂരൻ;
ദീക്ഷിത കൈവതിസാരൻ തൈജസധനശ്ലോ
സാ f യം!
ഇന്ദ്രനഗരീയരൻ പാലിക്കുന്ന നാലമിതാ നളൻ
അന്നരികിൽ മരുവുന്ന സുന്ദരി! അസദൃശരൂപന്മാർ
......ബാലേ .....

അനന്തഗുണനിധി - അനന്തമില്ലാത്ത ഗുണങ്ങളോടുകൂടി ഇരിപ്പിടമായിട്ടുള്ളവൻ, പാന്ഥപൻ - വഴിപോക്കരെ രക്ഷിക്കുന്നവൻ, അമരാവതി ജനപദപുരന്ദരൻ - അമരാവതീരാജ്യത്തിലെ ഇന്ദ്രൻ; അവനി അധിപതി - താൽപര്യം. ചോളനാട്ടിലെ - ഭൂമിപന്മാർ ഇവരിൽ ഇക - ഈ, വപുഷം - ശരീരംകൊണ്ടു, ശൂരൻ കേവലം - കാമദേവതുല്യൻ, കലിലസ്വാധീനകലികെ - കടിലസുകേശി കലാപത്തിന്ന് (ചുരുണ്ട തലമുടിയുള്ള സുന്ദരി വർഗ്ഗത്തിനു) കവിക - പൂർണ്ണമായിട്ടുള്ളവളേ, ശരച്ചന്ദ്രമുഖി - ശരത് കാലത്തെ രാജീവ (താമര) പോലെ ആ (ശോഭ) യോടു കൂടിയ മുഖമുള്ളവളേ, ദിനകരകുലോത്ഭവനർ - സൂര്യവംശത്തിലെ നായകൻ, ദിനകരൻ - സൂര്യൻ, ലോക വിശ്രുതൻ - ലോകപ്രസിദ്ധൻ, ഗന്ധർവ്വപതി - ഗന്ധർവ്വരാജാവ്, ലാടധരണീശ്വരൻ - ലാടരാജാവ്, കന്ദർപ്പനിഭൻ - കാമദേവതുല്യൻ, ചോളവിനേതാ - ചോളരാജാവ്, വിനേതാ - അധിപൻ, ദീക്ഷിതകൈവതിസാരൻ - ശ്രേഷ്ഠപുരുഷൻ, സാരൻ—ശ്രേഷ്ഠൻ, സാമർത്ഥ്യം - ആർജ്ജവം, നാലമിതാ - ഇതാ നാലു പേർ പാലരി - വരുന്നവർ, അസദൃശരൂപന്മാർ - നളന്റെ രൂപം ധരിച്ചവർ,

പാഠം ൩൪ ഭൈരവി

പല്ലവി

ഇന്ദ്രാണി ഹൃദി സന്താപമുളവ-
ാക്കുന്ന ചെയ്‌വു ഞാനധുനാ

അധുനാ - ഇപ്പോൾ, ഹൃദി - മനസ്സിൽ, സന്താപേ - ദുഃഖം ദുഃഖം - ഏറാവു-, ഇന്ധാനേ - വർദ്ധിക്കുമ്പോൾ,

ചരണം 1

ഹരിത് പ്രഭുക്കളെയൊക്കെയുമവജ്ഞ—
കരിച്ചതില്ലഹം കിനാവിലും; എന്നാ-
ലിതിനൊരുവേ പുനരിതാർക്കുമോ നമ്മെ-
ച്ചതിപ്പതിനു നഹി നിമിത്തവും.
എങ്കലൊരപരാധം വരികിലു-
മിങ്ങനെ ഇടരാമോ ത്രിഭുവന-
സങ്കട ഹര രിവർ പോറ്റീ? ഹര—
ഹര ശങ്കര കിം കരവൈ?
ചെറിയ നാളിൽത്തന്നെ തുടങ്ങി തൊ—
ന്നറിവൻ കണവൻ മമ നളനെന്ന
മറവില്ലതിനിങ്ങനെ വരികിലോ അറിയായ്-
വരിക മമ രമണനെ — ഒരുനാളും ഞാൻ
മനസാ വപുഷാ വാചാ ന നളാദിതരം ജാനേ
അതിനാൽ ദേവാ മുദിതാ ഭവതാം ദമയന്തി മനം!

ഇരുന്നാഴിൽ വെടിഞ്ഞെന്നെയടയാളമൊഴിച്ചതല്ലെന്നോ
മകന്ദനപിതാ മൂന്നോ അപ്പുമാക്കമാറിയോനാർ?

ഹരിത് പ്രഭുക്കൾ - ദിക്പാലകർ; കിഴക്ക്, തെക്കുകിഴക്ക്, തെക്ക്, പടിഞ്ഞാറ് എന്നീ ദിക്കുകളുടെ നാഥന്മാരാണ് യഥാക്രമം, ഇന്ദ്രൻ, വഹ്നി, യമൻ, വരുണൻ എന്നിവർ, അവജ്ഞകരിക്ക - അവജ്ഞിക്ക, അഹം - ഞാൻ, നഹി നിമിത്തം - കാരണമില്ല. ത്രിഭുവനസങ്കടഹാരികൾ പോറ്റീ - ഇവരാണല്ലോ മൂന്നുലോകത്തിലെയും ആളുകളുടെ സങ്കടം തീർക്കുന്നവർ, കിം കരവൈ - ഞാനെന്തു ചെയ്യട്ടെ, ചെറിയ നാളിൽത്തന്നെ തുടങ്ങി. ബാല്യകാലത്തിലേ തുടങ്ങി, കണവൻ - ഭർത്താവ്, മറവില്ല - വ്യാജം ഇല്ല ("മറിവില്ല - വ്യത്യാസമില്ല, മാറ്റമില്ല" എന്ന പാഠഭേദം) മമ രമണൻ - എന്റെ ഭർത്താവ്.

മനസാ - മനസ്സുകൊണ്ട്, വപുഷാ - ശരീരംകൊണ്ട്, വാചാ - വാക്കുകൊണ്ട്, നളാത് - നളനിൽനിന്നു, ഇതരം - മ

ന്യതെ, ന ജാനേ – അറിയുന്നില്ല. ദേവാ – ദേവന്മാർ, മുദിതാഃ സന്തുഷ്ടരായി. മേ – എനിക്ക്, തം – ആ. ശരണം – രക്ഷാവചനം – തരട്ടെ; ഭൂതലത്തിൽ – ഈ ഭയപ്രയാസം, അപ്പോൾ ക്ഷേമം. കൂട്ടു പിടിപ്പിക്കുക.

വഞ്ചിക്കുക എന്ന ഈ പ്രവൃത്തി ഉപേക്ഷിച്ച് എന്റെ ദുഃഖത്തെ വേഗത്തിൽ തീർക്കണം. ദേവന്മാർ ഭക്തന്മാരെ ഒന്നുമി ങ്ങനെ കാണുകയും ദുഃഖത്തിന് പാത്രമാക്കാറില്ലല്ലോ. എന്റെ ദുഃഖത്തെ വിശേഷമായ എല്ലാ ദേവന്മാരും ഭക്തന്മാരുടെ ദുഃഖത്തെ പരമാത്മാവായ സാമാന്യംകൊണ്ട് സമർത്ഥിച്ചിരിക്കയാൽ അലങ്കാരം അർത്ഥാന്തരന്യാസം.

ശ്ലോകം 27

പുറനീര – ചെമ്പട

അഥ ബത ദമയന്തീചിന്തയാ ദൈവഗത്യാ
സപദി ഹരിദധീശാ ഭേജിരേ സ്വം സ്വചിഹ്നം;
തദനു നളഗളാന്തേ ബാലയാ ന്യാസി മാലാ;
പ്രമുദിതമനസസ്തേ വാചമാചക്ഷതൈവം

അഥ – അനന്തരം, സപദി – വേഗം, ഹരിദധീശാ – ദിക്ക് പതികൾ, ദൈവഗത്യാ – ഭാഗ്യംകൊണ്ട്, ദമയന്തീചിന്തയാ – ദമയന്തീചിന്തയാൽ, സ്വം സ്വചിഹ്നം – താന്താങ്ങളുടെ അടയാളം ഭേജിരേ – പ്രാപിച്ചു, ബത – ആശ്ചര്യം, തദനു – അനന്തരം, ബാലയാ – ബാലയാൽ, നളഗളാന്തേ – നളന്റെ കഴുത്തിൽ, മാലാ ന്യാസി – മാല അർപ്പിക്കപ്പെട്ടു, പ്രമുദിതമനസഃ – സന്തുഷ്ടഹൃദയരായ, തേ – അവർ, ഏവം – ഇപ്രകാരം, വാചം – വാക്കിനെ, ആചക്ഷത – പറഞ്ഞു.

അനന്തരം ദമയന്തിയുടെ ഭക്തിപൂർണ്ണമായ ചിന്തകൊണ്ട്, ഇന്ദ്രാദി ദേവന്മാർ അവരുടെ അടയാളങ്ങളെ സ്വീകരിച്ചു. ഉടനെ അവൾ നളനെ മാലയിട്ടു. അതിൽ സന്തുഷ്ടരായ ഇന്ദ്രാദികൾ അപ്പോൾ ഇങ്ങനെ പറഞ്ഞു.

വൃത്തം: മാലിനി

"നനമയ യുഗമെട്ടിൽ തട്ടണം മാലിനിക്ക്"

പദം 35 ഇന്ദ്രാദികൾ

(പല്ലവി)

ശില്പം വാ മന്നു ഭവ്യം മമ പ്രസാദേന

(അനുപല്ലവി)

വീരസേന നൈഷധ വംശ തിലകൗ യുവാനൗ
—അനല്പം

ചരണം 1 ഇന്ദ്രൻ

ബുദ്ധിക്കളവില്ലയതും ബോധിക്ക! ശുദ്ധചിത്ത-
ശുദ്ധി ക്ഷപിതദോഷ! ശൂര! നൈഷധ! ഭൂമി-
സ്സാധ്യക്ഷ! നീ ചെയ്യുന്ന യജ്ഞങ്ങളിൽ ഹവിർഭാഗം
പ്രത്യക്ഷം ഭുജിപ്പൻ ഞാൻ; പ്രഥതാം തേ
ശിവസായൂജ്യം
...... അനല്പം ......

പദം – നിങ്ങളും ഇരുവർക്കും, മമ പ്രസാദേന – എന്റെ പ്രസാദംകൊണ്ട്, – അനല്പം ഭവ്യം അല്പമല്ലാത്ത മംഗളം, ഭവതു – ഭവിക്കട്ടെ, വീരസേനനൈഷധവംശതിലകൗ വീരസേനനൈഷധവംശങ്ങൾക്ക് തിലകങ്ങളായ, യുവാനൗ–യുവാക്കളായ, (അനല്പം ഭവ്യം ഭവിക്കട്ടെ എന്നന്വയം)

ശുദ്ധചിത്തശുദ്ധിക്ഷപിതദോഷൻ – ശുദ്ധമായ ചിത്തശുദ്ധി കൊണ്ട്, ക്ഷപിതമായ (ഇല്ലാതായ) ദോഷങ്ങളോടുകൂടിയവൻ, നൈഷധഭൂമിസ്സാധ്യക്ഷൻ – നിഷധരാജാവ്, യജ്ഞേഷു – യജ്ഞങ്ങളിൽ, ഹവിർഭാഗം – ഹവിസ്സിന്റെ അംശം, പ്രത്യക്ഷം – പ്രത്യക്ഷമായി, ഭുജിപ്പൻ – ഭുജിക്കും, തേ – നിനക്ക്, ശിവസായൂജ്യം – ശിവനിൽ ആത്യന്തിക ലയം, പ്രഥതാം – ലഭിക്കട്ടെ.

ചരണം 2

അഗ്നി

പാരിൽ ഞാനാഗ്രഹിച്ച ഭൈമി നിന്നെ വരിച്ചു
പാരുഷമില്ലിനിക്കെങ്ങും, പ്രത്യുത മുദിതോ ƒസ്മി

പചന ദഹനങ്ങളിൽ വേതഃ സ്വാധീനൻ

ഞാനെ-

ന്നറിക, നീ വല്ലുണ്ടാക്കും കറികളുതിനൊക്കെ

......അനല്പം......

ഭൈമി – ദമയന്തി, പരിണയം – പാണിഗ്രഹം, പ്രത്യുത – നേരെ മറിച്ച്, മുദിതഃ അസ്മി – ഞാൻ സന്തുഷ്ടനായി, പചന ദഹനങ്ങളിൽ – പാകംചെയ്യുന്നതിൽ ദഹിപ്പിക്കൽ ഇവയിൽ, വേതഃ – നിനക്ക്, സ്വാധീനൻ – ഇഷ്ടമനുസരിക്കുന്നവൻ.

ചരണം 3

യമൻ

ദമയന്തിയെ ഞാൻ നിന്റെ ദയിതയാക്കുവാൻ-

വന്നു;

മമ ചിന്തിതം സാധിച്ചു; തരുവൻ-

വരങ്ങളെ ഞാൻ;

ആപത്തിലും നിൻ ബുദ്ധി അധർമ്മ-

വിമുഖിയാകും;

ആയത്തമാകും നിനക്കായുധവിദ്യയെല്ലാം.

ദയിത – ഭാര്യ, ചിന്തിതം – ആഗ്രഹം, അധർമ്മ വിമുഖി – അധർമ്മത്തിൽ താല്പര്യമില്ലാത്തതു്, ആയത്തമാകും – അധീനയാകും.

ചരണം 4

വരുണൻ

മതിമുഖി ഭൈമിയോടും മണകേളികൾ പൂണ്ടു

മരുവുക നൈഷധ! നീ തരുവൻ വരയുഗളം

തരുവല്ലീസൂനം കല്പതരുസൂനമാം നീ തൊട്ടാൽ
മരുഭൂമിയിങ്കലും തവ ജല മുണ്ടാം വേണ്ടുവോളം
......അനല്പം......

മതിമുഖി - ചന്ദ്രമുഖി, മനോജകേളി - കാമകേളി, വരയുഗളം, രണ്ടു വരം, തരുവല്ലീസൂനം - മരങ്ങളുടെയും വള്ളികളുടെയും പൂക്കൾ, കല്പതരുസൂനം - കല്പവൃക്ഷത്തിന്റെ പൂവ്, തവ - നിനക്ക്.

ചരണം 5

സരസ്വതി

കനകമർത്ഥവും സുധകണങ്ങളെ പ്പണിതയു-
മനർഗ്ഗളം യമകവു മനുപ്രാസമുപമാദി
ഇണക്കം കലർന്നു രമ്യം ജനിക്കും നല്ല
സാരസ്വതം
നിനക്കും നിൻ ദയിതനും, നിനച്ചീടുന്നവർക്കും
പിന്നെ ......അനല്പം......

കനകമർത്ഥം - പ്രൗഢമായ അർത്ഥം, സുധ കണങ്ങളെ, പദനിര - അമൃതതുല്യമായ പദസമൂഹം, അനർഗ്ഗളം, യമകം - തരവാറ യമകം, ഇണക്കം കലർന്ന് - പരസ്പരമിണങ്ങി, സാരസ്വതം - സാഹിത്യവിദ്യ; നിനച്ചീടുന്നവർക്കും - നിന്നെ വിചാരിക്കുന്നവർക്കും (നിനച്ചീടുന്നവർക്കും നിന്നെ എന്ന പാഠഭേദം)

സരസ്വതി നളനു കൊടുക്കുന്ന വരം ഉണ്ണായിവാര്യരുടെ പ്രബന്ധ കടാക്ഷമായി നിരൂപകർ കരുതുന്നു. അർത്ഥഗാംഭീര്യത്തിനും, പദമാധുര്യത്തിനും യമകപരിപൂർത്തിക്കും തുല്യപ്രാധാന്യം കാവ്യത്തിൽ ഉണ്ടായിരിക്കണമെന്നാണ് ഉണ്ണായി വാര്യരുടെ മതം. പ്രൗഢമായ അർത്ഥത്തെ പ്രതിപാദിക്കുന്നതിനുവേണ്ടി നല്ല മധുരമുള്ള പദങ്ങളെ യോജിപ്പിച്ച് യമകത്തെ ദീപനമാക്കി കാവ്യ സൃഷ്ടി നിർവഹിക്കണമെന്നാണ് ആ കലാമർമ്മജ്ഞന്റെ ഉപദേ

ശിക്കുന്നത്. യമകത്തെ ശബ്ദാലങ്കാരങ്ങളിലൊന്നായിമാത്രം സ്വീകരിക്കാതെ അതിന് അനർഗ്ഗളത്വം പ്രകല്പനം ചെയ്തിരിക്കുന്നു എന്നതും ശ്രദ്ധേയമാകുന്നു.'' (എം. എച്ച്. ശാസ്ത്രി)

ശ്ലോകം 28

ഇത്യുക്ത്വാ ത്രിദശവരാ സ്തിരോബഭൂവു—
സ്ത്യക്ത്വാ ത്രിദിവ മിയായ സാപി വാണീ
വൈദർഭോ നിജതനയാം നളേനസാർദ്ധം
വാദിത്ര ധ്വനി മുഖരം നിനായ ഗേഹം

ഇതി - ഇപ്രകാരം, ഉക്ത്വാ - പറഞ്ഞിട്ട്, ത്രിദശവരാഃ - ദേവപ്രമുഖന്മാർ, തിരോബഭൂവുഃ - തിരോഭവിച്ചു. സാ - ആ, വാണീ അപി - സരസ്വതീദേവിയും, ത്യക്ത്വാ - അവരോടുകൂടി ത്രിദിവം-സ്വർഗ്ഗത്തിലേയ്ക്ക്, ഇയായ - ഗമിച്ചു. വൈദർഭഃ - വിദർഭരാജാവ്, നിജതനയാം - സ്വപുത്രിയെ, നളേന - നളനോട് സാർദ്ധം - കൂടി, വാദിത്രധ്വനിമുഖരം - നാലുവിധ വാദ്യഘോഷങ്ങളോടുകൂടി, (തതം, ആനദ്ധം, സുഷിരം, ഘനം എന്നീ വിഭാഗങ്ങളിൽപെടുന്നവയാണ് നാലുതരം വാദ്യങ്ങൾ) ഗേഹം നിനായ - ഗൃഹത്തിലേയ്ക്ക് നയിച്ചു.

വൃത്തം: പ്രഹർഷിണി

''ത്രിച്ഛിന്നം മ ന ജ ര ഗം പ്രഹർഷിണിക്ക്''

കേരളസാഹിത്യ
അക്കാദമി